വാല്യം 127

കുന്നുമ്മൽബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കുന്നുമ്മൽ
2. നാദാപുരം
3. കായക്കൊടി
4. കാവിലുമ്പാറ
5. കുറ്റ്യാടി
6. മരുതോങ്കര
7. വേളം
8. നരിപ്പറ്റ



# വികസന രേഖ

# കുന്നുമ്മൽ ഗ്രാമപഞ്ചായത്ത്


KUNNUMMAL PANCHAYAT
Scope-1
Scope-2
Scope-3
Scope-4
Panchayat Boundary
Ward Boundary
Road
Polling Station
N
W
E
S
WARD I
WARD II
WARD III
WARD IV
WARD V
WARD VI
WARD VII
WARD VIII
WARD IX
Kayakkodi Panchayat
Kuttiadi Panchayat
Purameri Panchayat
Narippatta Panchayat

127-1



# കുന്നുമ്മൽ ഗ്രാമ പഞ്ചായത്ത്
# ജനകീയാസൂത്രണ വികസന സെമിനാർ

നനംബർ 14

വട്ടോളി നാഷണൽ ഹൈസ്കൂൾ



"ഭാരതമെന്ന് പേർ കേട്ടാലഭിമാന

പൂരിതമാകണമന്തരംഗം

കേരളമെന്നുകേട്ടാലോ തിളക്കണം

നമുക്ക് ചോര ഞരമ്പുകളിൽ"

വള്ളത്തോൾ



വൈസ് പ്രസി.

**കിഴക്കയിൽ പര്യയി**



പ്രസിഡന്റ്

**കെ.കെ.ലതിക**



സ്റ്റാന്റിംഗ് കമ്മറ്റി
ചെയർമാൻ

**ടി.കണാരൻ മാസ്റ്റർ**

**ഭരണസമിതി അംഗങ്ങൾ:**

കെ.കെ.ജാനു

വി.പി. ബാലകൃഷ്ണൻ

വി.എം. ചന്ദ്രൻ

പ്രമോദ് കക്കട്ടിൽ

എം.സി. കൃഷ്ണൻ

വി.പി. റംലടീച്ചർ

**ആസൂത്രണ സമിതി**
**അംഗങ്ങൾ:**

ചെയർമാൻ : കെ.കെ.ലതിക

കൺവീനർ : കെ.ജയരാജൻ

അംഗങ്ങൾ : ടി.കണാരൻ മാസ്റ്റർ

വി.എം.ചന്ദ്രൻ

വി.രാജൻ മാസ്റ്റർ

സി.പി.ശശി

സി.കെ.സുമോഹൻ

വി.പി.റംല ടീച്ചർ

രാംമനോഹർ

## കേരളം



ചിഫ് എഡിറ്റർ
**പി.പി.വാസുദേവൻ**

എഡിറ്റർ
**സജീവൻ മൊകേരി**

സ്റ്റാഫ്

കെ. കണ്ണൻ
കെ. കുഞ്ഞിരാമൻ
വി.കെ ഗോപാലൻ
കെ.കെ. വിനോദൻ
നടേമ്മൽ കൃഷ്ണൻ
ടി.പി സുരേന്ദ്രൻ
ടി. ഉഷ
കെ.പി ദിനേശൻ
പി.കെ.പത്മനാഭൻ
കെ.അനന്തൻ

കവർ
മദനൻ
പോൾ കല്ലാനോട്

മുഖചിത്രം ഡിസൈൻ
ഗാന്ധി രേഖാചിത്രം

ടൈപ്പ് സെറ്റിംഗ് & പ്രിന്റിംഗ്
ലേസർ ലൈൻസ് കോഴിക്കോട്-2

# പൊതുവിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | കുന്നുമ്മൽ |
| പഞ്ചായത്തിൽ ഉൾപ്പെടുന്ന റവന്യൂ വില്ലേജ് | : | കുന്നുമ്മൽ |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | കുന്നുമ്മൽ, നരിപ്പറ്റ, ചേലക്കാട് |
| ബ്ലോക്ക് പഞ്ചായത്ത് | : | കുന്നുമ്മൽ |
| താലൂക്ക് | : | വടകര |
| ജില്ല | : | കോഴിക്കോട് |
| അസംബ്ലി മണ്ഡലം | : | മേപ്പയൂർ |
| വിസ്തീർണം | : | 10.58 KM2 |
| ജനസംഖ്യ | : | 16538 |
| വാർഡുകളുടെ എണ്ണം | : | 9 |
| പഞ്ചായത്ത് പ്രസിഡന്റ് | : | കെ.കെ.ലതിക |
| വൈ. പ്രസിഡന്റ് | : | കിഴക്കയിൽ പര്യയി |
| ബ്ലോക്ക് പഞ്ചായത്ത് മമ്പർമാർ | : | എൻ.പി.കമല, എൻ.പി. പ്രഭാസിനി, ഗൗരി ടീച്ചർ |
| ജില്ലാ പഞ്ചായത്ത് മെമ്പർമാർ | : | കെ.പി.വസന്തകുമാരി, കടമേരി ബാലകൃഷ്ണൻ |
| അസംബ്ലിയംഗം | : | എ.കണാരൻ |
| പാർലിമെന്റ് അംഗം | : | ഒ.ഭരതൻ |

നാദാപുരം എം.എൽ.എ. സത്യൻ മൊകേരി പഞ്ചായത്തിലെ സ്ഥിര താമസക്കാരനാണ്

## താളുകൾ മറിക്കുമ്പോൾ.......


1. ആമുഖം
2. ചരിത്രപശ്ചാത്തലം
3. ഭൂപ്രകൃതി
4. വിദ്യാഭ്യാസം
5. സംസ്കാരം
6. പൊതുജനാരോഗ്യം
7. പരിസര ശുചിത്വം
8. ഗതാഗതം
9. വാർത്താ വിനിമയം
10. പാർപ്പിടം
11. കുടിവെള്ളം
12. വിഭവ സമാഹരണം
13. സാമൂഹ്യ ക്ഷേമം
14. വനിത
15. പട്ടികജാതി പട്ടികവർഗ്ഗം
16. മൃഗസംരക്ഷണവും മത്സ്യം വളർത്തലും
17. ഊർജ്ജം
18. വ്യവസായം
19. കൃഷിയും ജലസേചനവും
20. സഹകരണം
21. വികസന രേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്

ഇന്ത്യൻ ഗ്രാമീണന്റെ കാര്യത്തിൽ
അതി പ്രാചീനമായ സംസ്കാരം
അസംസ്കൃതിയാൽ
മൂടപ്പെട്ട് ഒളിഞ്ഞ് കിടക്കുന്നു.
ആ മൂടൽ മാറ്റി അവന്റെ ദാരിദ്ര്യവും
നിരക്ഷരത്വവും ഇല്ലാതാക്കിയാൽ
ഒരു സ്വതന്ത്ര പൗരന്റെ ഏറ്റവും നല്ല മാതൃക
നിങ്ങൾക്ക് കാണാൻ കഴിയും

മഹാത്മ

# ആമുഖം

സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ അധിപരായിരുന്ന ബ്രിട്ടീഷുകാരുടെ പതാകയായ `യൂനിയൻ ജാക്ക്' ഇന്ത്യയിൽ താണിറങ്ങിയിട്ട് സ്വാതന്ത്ര്യത്തിന്റെ 49 വർഷങ്ങൾ കടന്നുപോയി. 1951ൽ ആരംഭിച്ച പഞ്ചവത്സരപദ്ധതികൾ ഇന്ത്യൻ ജനതയുടെ മുമ്പിലൂടെ എട്ടെണ്ണം കടന്നുപോയി. കൃഷിക്കും വ്യവസായത്തിനും ഊർജ്ജസ്രോതസ്സുകൾക്കും വേണ്ടിയുള്ള ആദ്യകാല പദ്ധതികൾ ഏറക്കുറെ വിജയം കണ്ടു. എന്നാൽ 4ാം പദ്ധതിയുയർത്തുന്ന ദാരിദ്ര്യ നിർമ്മാർജ്ജനം ഇന്നും ഒരു മരീചികയായി തുടരുന്നു. സമ്പത്ത് ഏതാനും വ്യക്തികളിൽ മാത്രം കേന്ദ്രീകരിച്ചു. ബഹുഭൂരിപക്ഷവും ദാരിദ്ര്യരേഖയ്ക്ക് കീഴിൽ തന്നെയായിരുന്നു. ഈ പാഠങ്ങളുടെ പാശ്ചാത്തലത്തിലാണ് ഭരണരംഗത്തും വികസന രംഗത്തും ജനകീയ പുനഃസംവിധാനങ്ങൾ പ്രയോഗിക്കണമെന്നും കേന്ദ്രീകൃതമായ പദ്ധതികൾ വികേന്ദ്രീകരിക്കപ്പെടണമെന്നുള്ള ആശയങ്ങൾ ശക്തിപ്പെട്ടത്. ജനാധിപത്യത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ നിന്നുകൊണ്ട് ഈ തിരിച്ചറിവിനുവേണ്ടി ദശാബ്ദങ്ങൾ തന്നെ നമുക്ക് കാത്തിരിക്കേണ്ടിവന്നു. നാളിതുവരെയും പാരസ്പര്യമില്ലാത്ത ഡിപ്പാർട്ടുമെൻലിസത്തിന്റെ ചിഹ്നങ്ങളായിരുന്നു ഇന്ത്യൻ ആസൂത്രണം. അതുകൊണ്ടാണ് ഒമ്പതാം പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി ജനകീയ ആസൂത്രണം നടപ്പിലാക്കിക്കൊണ്ട് കേരളം വീണ്ടും ലോകത്തിന് മാതൃകയാവുന്നത്.

ആസൂത്രണപ്രക്രിയയിൽ തീരുമാനങ്ങളെടുക്കാനും അത് നടപ്പിലാക്കാനുള്ള പങ്ക് വഹിക്കാനും ഏതൊരു കേരളീയനും സാധ്യമാവുകയാണ്. ഇത് ഇന്ത്യയെ ഹൃദയത്തിൽ സൂക്ഷിച്ച ഒരു മഹാത്മാവിന്റെ സ്വപ്നമായിരുന്നു. ഒരു ജനതയുടെ സ്വപ്നമായിരുന്നു. ധനിക,ദരിദ്ര, ജാതി, മത ഭേദങ്ങൾ മറന്നുകൊണ്ട് അടിയിൽ നിന്ന് മുടിയിലേയ്ക്ക് ദിശമാറ്റപ്പെട്ട ആസൂത്രണ തന്ത്രമാണിത്. ഇത് വികസന ചരിത്രത്തിലെ മുമ്പ് എഴുതപ്പെടാത്ത ഒരു അധ്യായമാണ്. ഇതുവരെയുള്ള പദ്ധതികളിൽ കേരളത്തിന്റെ വിഹിതം സാമൂഹ്യസേവനം, ജലസേചനം, കൃഷി, വ്യവസായം തുടങ്ങിയ രംഗങ്ങളിലെല്ലാം അപചയമായി. ഭൂപരിഷ്ക്കരണം നടപ്പിലാക്കിയിട്ടും കേരളം സാമ്പത്തികമായി തളർന്നു. വൈദ്യുതി ക്ഷാമം കേരളത്തിന്റെ വ്യാവസായിക മേഖലയെ നിശ്ചലമാക്കി. സേവനരംഗത്തും നിലവാരത്തകർച്ച വെല്ലുവിളികൾ ഉണർത്തുന്നു. ഈ പ്രശ്നങ്ങൾക്കുള്ള പരിഹാരം തന്നെയാണ് ജനകീയ ആസൂത്രണം. അധികാരം മാത്രം പോര പദ്ധതിവിഹിതത്തിന്റെ 40 ശതമാനമെങ്കിലും സമ്പത്തും പഞ്ചായത്തുകൾക്ക് ലഭിക്കണം അപ്പോൾ വികസനരംഗത്ത് പുതിയ പ്രഭാതങ്ങൾ പൊട്ടിവിരിയുകതന്നെ ചെയ്യും. ശ്രോതസ്സുകൾ പലതാണ്. കേരള സർക്കാറിന്റെ 60 ശതമാനത്തിൽപെട്ട ചില സ്കീമുകൾ കേന്ദ്രസർക്കാർ ഫണ്ട്, ബാഹ്യവികസന ഏജൻസികളിൽ നിന്ന് സന്നദ്ധസംഘങ്ങൾ വഴി ലഭിക്കുന്ന വികസന ഫണ്ടുകൾ, നികുതി വരുമാനം എല്ലാറ്റിനും പുറമെ പണമായും വിഭവങ്ങളായും അധ്വാനമായും ജനങ്ങളിൽ നിന്നുള്ള സംഭാവനകൾ ഇവയെല്ലാം തന്നെ സമഗ്രമായി ഉപയോഗപ്പെടുത്താൻ കഴിയണം. ജനങ്ങളുടെ ആത്മാർത്ഥവും ഭാവനാപൂർണ്ണവുമായ പ്രവർത്തനങ്ങൾ നിലവിലുള്ള സ്കീമുകളുടെയും ചെയ്യാൻ പോകുന്ന പ്രവൃത്തികളുടെയും നടത്തിപ്പിന് വേഗത്തിലും കാര്യക്ഷമവും തൃപ്തികരവുമാക്കിമാറ്റുമെന്നുള്ളതിന് സംശയമില്ല.

കുന്നുമ്മൽ ഗ്രാമപഞ്ചായത്തിന്റെ ജനകീയാസൂത്രണ പ്രവർത്തനം സംസ്ഥാനത്തോടൊപ്പം 1996 ആഗസ്റ്റ് 17 (ചിങ്ങം 1ന്) ഔപചാരികമായി ഉദ്ഘാടനം ചെയ്യപ്പെട്ടു. കർഷക ദിനമായ അന്ന് പാതിരിപ്പറ്റയിൽ കൃഷിക്കാരുടെ യോഗത്തിൽ വെച്ച് ടി.വിയിൽ സംസ്ഥാന തല പരിപാടികളുടെ തൽ സമയ സംപ്രേക്ഷണം കാണിച്ചുകൊടുത്തു. തുടർന്ന് ജില്ലാ തലപരിശീലനത്തിന് പഞ്ചായത്തിൽ നിന്ന് 8 പേരെ പങ്കെടുപ്പിച്ചു. ഇവരുടെ നേതൃത്വത്തിൽ പഞ്ചായത്ത് തലത്തിൽ 8 വനിതകൾ ഉൾപ്പെടെ 58 പേർക്ക് കക്കട്ടിൽ വെച്ച് പരിശീലനം നൽകി. സംസ്ഥാനതല പരിശീലനത്തിൽ പങ്കെടുത്ത ജോർജ്ജ് മാസ്റ്റർ ജില്ലാ പരിശീലനം ലഭിച്ചകെ.ജയരാജൻ, സി.പി.ശശി, സി.കെ. സുമോഹൻ, വി.എം.ചന്ദ്രൻ

എന്നിവർ ക്ലാസെടുത്തു. ലോക സാക്ഷരത ദിനമായ സപ്തംബർ 8ന് വികസന സാക്ഷരതാ ദിനമായി ആചരിച്ചു. സംസ്ഥാന പരിശീലനം ലഭിച്ച ബി. സുരേഷ് ബാബു പരിപാടി ഉൽഘാടനം ചെയ്തു. സപ്തംബർ 10ന് രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ വിപുലമായ യോഗം വിളിച്ചു ചേർത്തു. ജന കീയ ആസൂത്രണ സമിതി രൂപീകരിച്ചു കെ.ജയരാജനെ കൺവീനറായി തെരഞ്ഞെടുത്തു. സപ്തം ബർ 15ാം തിയ്യതി ആദ്യത്തെ ഗ്രാമസഭചേർന്നു IXാം വാർഡിലെ ഈ ഗ്രാമസഭ കർഷക കാരണവരായ കുനിയിൽ കണ്ണൻ ഉൽഘാടനം ചെയ്തു. ഗ്രാമസഭകൾ ആരംഭിക്കുന്നതിന് മുമ്പ് വിപുലമായ സ്വാഗത സംഘം ചേർന്നിരുന്നു. സപ്തംബർ 22ന് 2,3 വാർഡുകളിലെയും 29ന് 4,5 വാർഡുകളിലെയും ഒക്ടോ ബർ 2ന് 1,6 വാർഡുകളിലെയും 6-ാം തിയ്യതി 7,8 വാർഡുകളിലെയും ഗ്രാമസഭകൾ ചേർന്നു. മൊത്തം 1754 പേർ പങ്കെടുത്തു. 405 പേർ സ്ത്രീകളായിരുന്നു. പട്ടിക1 കാണുക.

കുന്നുമ്മൽ ഗ്രമപഞ്ചായത്തിൽ വിപുലമായ പഠനപര്യടനം നടത്തി. പ്രധാനമായും ആറ് സ്ക്വാഡുക ളായി തിരിച്ചായിരുന്നു പര്യടനം ഇതോടൊപ്പം നാട്ടറിവ് ആധാരമാക്കിയുള്ള ചരിത്ര പഠനവും നടത്തുക യുണ്ടായി. വികസന റിപ്പോർട്ട് തയ്യാറാക്കാനുള്ള ജില്ലാ പരിശീലനത്തിൽ 8 പേർ പങ്കെടുത്തു. തുടർന്ന് വട്ടോളി സംസ്കൃത ഹൈസ്കൂൾ വെച്ച് പഞ്ചായത്ത് തല പരിശീലനം നടന്നു. 51 പേർ പങ്കെടുത്തു. എല്ലാ വാർഡുകളിലും സാമൂഹ്യ സാമ്പത്തികസർവ്വെ നടന്നുവരുന്നു. ജനകീയാസൂത്രണ പ്രവർത്തന ങ്ങളുടെ പ്രഥമ ഘട്ടത്തിന്റെ ഉൽപന്നമായാണ് ഈ വികസന റിപ്പോർട്ട് അവതരിപ്പിക്കപ്പെടുന്നത്. ഈ പഞ്ചായത്തിന്റെ കഴിഞ്ഞ കാല ചരിത്രവും സംസ്ക്കാരവും ആവേശോജ്ജ്വലമാണ് അതിശക്തമായ പാര മ്പര്യങ്ങളിൽ അടിയുറപ്പിച്ചു നിന്നുകൊണ്ട് വരും കാലഘട്ടത്തിന്റെ വെല്ലുവിളികൾ ഏറ്റെടുത്തു കൊണ്ട് നെഞ്ചുറപ്പോടെ മുന്നേറാമെന്ന ശുഭപ്രതീക്ഷയോടെ ഈ റിപ്പോർട്ട് അവതരിപ്പിക്കുകയാണ്...

## ഗ്രാമസഭ പങ്കാളിത്ത റിപ്പോർട്ട്

| | കൃഷി അനുബന്ധം | | | വിദ്യാഭ്യാസം ആരോഗ്യം വ്യവസായം | | | പശ്ചാത്തലം | | | വിഭവ സമാഹരണം | | | ആകെ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| വാർഡ് | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | 92 | 1 | 93 | 31 | 6 | 37 | 26 | 5 | 31 | 40 | 14 | 54 | 189 | 26 | 215 |
| 2 | 64 | 5 | 69 | 27 | 15 | 42 | 46 | 14 | 60 | 3 | – | 3 | 140 | 34 | 174 |
| 3 | 93 | 7 | 100 | 77 | 31 | 108 | 29 | 4 | 33 | 14 | 2 | 16 | 213 | 44 | 257 |
| 4 | 60 | 6 | 66 | 25 | 25 | 50 | 15 | 15 | 30 | 20 | 22 | 42 | 120 | 68 | 188 |
| 5 | 61 | 13 | 74 | 40 | 12 | 52 | 36 | 24 | 60 | 25 | 13 | 38 | 162 | 62 | 224 |
| 6 | 61 | 9 | 70 | 26 | 6 | 32 | 30 | 2 | 32 | 13 | 26 | 39 | 130 | 43 | 173 |
| 7 | 34 | 8 | 42 | 28 | 13 | 41 | 33 | 5 | 38 | 26 | 28 | 54 | 121 | 54 | 175 |
| 8 | 55 | 10 | 65 | 11 | 4 | 15 | 22 | 8 | 30 | 33 | 11 | 44 | 122 | 33 | 155 |
| 9 | 77 | 20 | 97 | 23 | 9 | 32 | 44 | 12 | 56 | 8 | – | 8 | 152 | 41 | 193 |
| **ആകെ** | **597** | **79** | **676** | **288** | **121** | **309** | **281** | **89** | **370** | **142** | **116** | **258** | **1349** | **405** | **1754** |

# ചരിത്ര പശ്ചാത്തലം

അങ്കത്തട്ടുകളിൽ കുടിപ്പകകളും, കളരി മുറകളിൽ കൈയ്യൂക്കിന്റെ നീതിശാസ്ത്രങ്ങളും മാറ്റുരച്ച കടത്തനാടിന്റെയും, ജീവന്റെ അവസാന നിമിഷങ്ങളിലും ദേശാഭിമാനത്തിന്റെ ഇടനെഞ്ചുയർത്തിപ്പിടിച്ച വീരകേരള പഴശ്ശിയുടെ കോട്ടയത്തിന്റെയും ഭാഗങ്ങൾ ഉൾപ്പെട്ടതാണ് ഇന്നത്തെ കുന്നുമ്മൽ പഞ്ചായത്ത്. മൊകേരിയുടെയും വട്ടോളിയുടെയും ഇടയ്ക്കുള്ള കടത്തനാടൻ കല്ല് കോട്ടയത്തിന്റെയും കടത്തനാടിന്റെയും അതിർത്തിയായിരുന്നുവത്രെ. കേരള പഴമയിലേയ്ക്ക് തിരിഞ്ഞു നോക്കുമ്പോൾ ചരിത്രം കാണിച്ചുതരുന്ന നാടുവാഴിത്ത വ്യവസ്ഥിതിയുടെ ജനന മരണങ്ങളും, ജന്മിത്തത്തിന്റെ വേലിയേറ്റവും വേലിയിറക്കവും, സ്വാതന്ത്ര്യ സമര പോരാട്ടങ്ങളുടെ വീരസ്മൃതികളും. അയിത്തത്തിനും അന്ധവിശ്വാസങ്ങൾക്കുമെതിരായ മുന്നേറ്റങ്ങളും, കർഷകസംഘങ്ങളുടെ രൂപീകരണവും പട പുറപ്പാടുകളും, സ്വന്തം മണ്ണിനു വേണ്ടിയുള്ള പോരാട്ടങ്ങളുമെല്ലാം തന്നെ അതാത് കാലഘട്ടങ്ങളിൽ ശക്തമായ നേതൃത്വത്തിൻ കീഴിൽ ഈ പ്രദേശങ്ങളിലും അതിന്റേതായ ആർജ്ജവത്തോടെ സംഭവിക്കുകയുണ്ടായി. ഈയൊരു ചരിത്ര പശ്ചാത്തലത്തിൽ നിന്നുകൊണ്ടുവേണം ഈ പ്രദേശത്തിന്റെ ആത്മീയവും ഭൗതികവുമായ വികസനത്തിന്റെ പൊരുളുകളിലേക്കിറങ്ങാൻ. ഇന്നു നാം തിരിഞ്ഞു നോക്കുമ്പോൾ നമ്മുടെ പ്രദേശത്തെ ധീരരായ ഒട്ടനവധി ദേശാഭിമാനികളുടെയും, സാമൂഹിക പരിഷ്ക്കർത്താക്കളുടെയും വിശ്രാന്തിയില്ലാത്ത ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങളുടെ ഫലമാണ് ഇന്നത്തെ പുരോഗതി എന്ന് തിരിച്ചറിയേണ്ടതുണ്ട്. അതിനാൽ നമ്മുടെ പ്രദേശത്തിന്റെ ചരിത്രമെന്നത് സ്വാർത്ഥലേശമില്ലാതെ സമൂലമായ പരിവർത്തനത്തിനുവേണ്ടി ജീവിതം ഉഴിഞ്ഞുവെക്കപ്പെട്ട ചിലരുടെ ജീവചരിത്രം കൂടിയാണെന്ന ഉൾക്കാഴ്ചയും നമുക്ക് ഉണ്ടാവേണ്ടതുണ്ട്.

കേരളത്തിലെവിടെയുമെന്നപോലെ നിരന്തരം പരസ്പരം കലഹിച്ചുകൊണ്ടിരുന്ന നാട്ടുരാജ്യങ്ങളിൽ പെട്ടതായിരുന്നു നമ്മുടെ പ്രദേശവും. കുറ്റിപുറം കോവിലകത്തിന്റെയും, നിടുമണ്ണൂർ കോവിലകത്തിന്റെയും കീഴിൽ പ്രധാനമായും ആറ് തറവാടുകളിലെ നാടുവാഴികളായിരുന്നു ഈ പ്രദേശത്തിന്റെ അധികാരം കയ്യാളിയിരുന്നത്. 1. ആക്കലിടം 2. കുറുങ്ങാട്ടിടം 3. കുഴിക്കിലിടം 4. കുനിയിലിടം 5. കോമത്തിടം 6. വടക്കമ്പിലാവിടം എന്നിവയായിരുന്നു അത്. ഇവർക്ക് ഭൂമികളിലെ മൊത്തം ആധിപത്യത്തിനു പുറമെ കൊല്ലിനും കൊലക്കുമുള്ള അവകാശം കൂടിയുണ്ടായിരുന്നുവെന്ന് പറയപ്പെടുന്നു. ഈ ജന്മിമാർ അവരുടെ ഭൂമി വാരം, പാട്ടം, പുറപ്പാട് എന്നിവ നിശ്ചയിച്ച് ചാർത്തികൊടുക്കുകയാണ് ഉണ്ടായത്. ജന്മിയെ ഏതെങ്കിലും അർത്ഥത്തിൽ പ്രീതിപ്പെടുത്തുന്ന ആശ്രിതൻമാർക്കാണ് ഇങ്ങനെ ഭൂമി ചാർത്തികൊടുക്കപ്പെട്ടത്. നാടുവാഴിത്തത്തിന്റെ തകർച്ചയോടെ ഈ ഭൂമികൾ പൂർണ്ണമായും ക്രമേണ ഇത്തരം കുടിയാൻമാരുടെ കൈകളിലാവുകയും അവർ തങ്ങളുടെ കീഴ്കുടിയാന്മാരായ ദരിദ്രകർഷകർക്ക് കൃഷി ചെയ്യാൻ പാട്ടത്തിന് കൊടുക്കുകയും ചെയ്തു പോന്നു. ഈ ആശ്രിതൻമാരാണ് ഈ പ്രദേശത്തെ

ജന്മിവർഗ്ഗമായി പരിണമിച്ചത്. ഭൂമികളിലദ്ധ്വാനിക്കുന്ന ദരിദ്രകൃഷിക്കാർ കുടിയാൻമാരായും മാറി. കേരളത്തിന്റെ മറ്റു ഭാഗങ്ങളിലെന്നപോലെ ജന്മിത്ത്വത്തിന്റെ എല്ലാ ദുഷ്പ്രവണതകളും നമ്മുടെ പ്രദേശത്തും ഉണ്ടായിരുന്നു. കുടിയാൻമാർ വെളുത്ത മുണ്ടുടുക്കാൻ പാടില്ല, സ്വർണ്ണാഭരണങ്ങൾ അണിയരുത്. ഉയർന്ന ജാതിക്കാരെയോ ജന്മിയെയോ കണ്ടാൽ തലയിലെ മുണ്ടെടുത്ത് തോളത്ത് വെച്ച് കുനിഞ്ഞു നൽക്കണം. വിശേഷ ദിവസങ്ങളിൽ `കാഴ്ച' കൊടുക്കണം, സ്ത്രീകൾ മാറുമറയ്ക്കാൻ പാടില്ല, മുലകൊടുക്കുന്ന അമ്മമാർ `മുലക്കരം' എന്ന നികുതി കൊടുക്കുക തുടങ്ങിയവ അവയിൽ ചിലതുമത്രമാണ്. ഇതിന് ഒരു ശാശ്വതപരിഹാരം ഉണ്ടാവുന്നത് ഈ മണ്ണിൽ പിന്നീടുയർന്നുവന്ന രാഷ്ട്രീയബോധത്തിന്റെയും വർഗ്ഗബോധത്തിന്റെയും ഫലമായുണ്ടായ കഷർഷകമുന്നേറ്റങ്ങളോടുകൂടിയാണ്.

ഭാരതത്തിലെങ്ങും അലയടിച്ചുയർന്ന സ്വാതന്ത്ര്യസമര പ്രസ്ഥാനം ഒട്ടും വൈകാതെ തന്നെ കുന്നുമ്മൽ പ്രദേശത്തും അതിന്റേതായ ശക്തിയോടെ രൂപം പ്രാപിച്ചിരുന്നു. എന്നാൽ ഈ പ്രസ്ഥാനം കുന്നുമ്മൽ ഭാഗങ്ങളിലേക്ക് കടന്നു വരുന്നതിന് മുമ്പ് ശ്രീനാരായണഗുരുവിന്റെയും, വടകര കേന്ദ്രീകരിച്ച് പ്രവർത്തിച്ച ശിവാനന്ദ സ്വാമികളുടെയും കേരളത്തിലെ സാമൂഹ്യ പരിഷ്ക്കരണ പ്രസ്ഥാനത്തിന്റെ മറ്റൊരു വക്താവായ വാഗ്ഭടാനന്ദന്റെയും ചിന്തകൾ ഈ പ്രദേശത്ത് എത്തിയിരുന്നു. ഇവരിൽ വാഗ്ഭടാനന്ദൻ എന്നറിയപ്പെട്ട കൂത്തുപറമ്പിനടുത്തുള്ള കുഞ്ഞിക്കണ്ണൻ ഗുരുക്കൾ കുന്നുമ്മൽ പ്രദേശങ്ങളിലെത്തി തന്റെ വിപ്ലവകരമായ പുരോഗമന ചിന്തയുടെ വിത്തുകൾ വിതക്കുകയുണ്ടായി. നരിപ്പറ്റയിലെ `പുത്തലത്ത്' തറവാട്ടിൽ വന്ന് താമസിച്ച വാഗ്ഭടാനന്ദൻ ഏതാണ്ട് നാലു വർഷക്കാലം ഈ പ്രദേശത്ത് പ്രവർത്തിച്ചു വന്നു. കുന്നമ്മൽ പ്രദേശത്ത് അദ്ദേഹത്തിന്റെ ആദർശങ്ങൾ പ്രചരിപ്പിച്ചു വന്നത് ശ്രീ. ഒ.കെ. അനന്തൻ വൈദ്യരായിരുന്നു. അദ്ദേഹത്തോടൊപ്പം കേളുവൈദ്യർ, തയ്യിൽപൊയിൽ ചാത്തു. തുണ്ടിയിൽ കുടുങ്ങോൻ പറാട്ടി അച്ചുതൻ വൈദ്യരും മണ്ണാറണ്ടി കണാരൻ എന്നിവരും പ്രധാന പങ്കുവഹിക്കുകയുണ്ടായി. വാഗ്ഭടാനന്ദന്റെ പ്രവർത്തനങ്ങൾ പ്രധാനമായും കേന്ദ്രീകരിക്കപ്പെട്ടത് ഈ പ്രദേശത്തിലെ ഭൂരിപക്ഷ ജനവിഭാഗമായ തീയ്യരുടെ ആചാരാനുഷ്ഠാനങ്ങൾ പരിഷ്ക്കരിക്കുന്നതിലായിരുന്നു. ശ്രീനാരായണ ഗുരുവിന്റെ പാതിരിപ്പറ്റയിലേക്കുള്ള വരവും നേരത്തെ ഉൽപ്പതിഷ്ണുക്കളെ ഏറെ ആകർഷിച്ചിരുന്നു. വാഗ്ഭടാനന്ദന്റെ ചിന്തകൾ എണ്ണമന്ത്രം, പുലകുളി, തീണ്ടൽ, തോലുഴിക, തിരട്ടു കല്ല്യാണം തുടങ്ങിയ ആചാരങ്ങൾക്കെതിരായിരുന്നു. അദ്ദേഹത്തിന്റെ രൂക്ഷമായ വിമർശനങ്ങൾകൊണ്ട് ഇവ സാമൂഹ്യജീവിതത്തിൽ നിന്നും ക്രമേണ അപ്രത്യക്ഷമാവാൻ തുടങ്ങി. വാഗ്ഭടാനന്ദന്റെ ദർശനങ്ങൾ പ്രധാനമായും ഏകദൈവ വിശ്വാസത്തിലധിഷ്ഠിതമായിരുന്നു. അദ്ദേഹത്തിന്റെ അനുയായികളായി ആചാര ലംഘനം നടത്തിയവരെ യഥാസ്ഥിതികൾ ബഹിഷ്കരിച്ചിരുന്നു. കല്ല്യാണം പറയാതിരിക്കുക, മുടിവെട്ടി കൊടുക്കാതിരിക്കുക, തുടങ്ങിയവയായിരുന്നു ബഹിഷ്കരണത്തിന്റെ രീതി. എന്നാൽ വൃത്തിയിൽ നടക്കാനും, സംഘടിക്കാനും വാഗഭടാനന്ദൻ ആഹ്വാനം ചെയ്തു. അദ്ദേഹത്തിന്റെ അനുയായികൾ തലശ്ശേരിയിൽ നിന്നും കത്രികകൊണ്ടുവന്ന് മുടിവെട്ടി ആളുകളെ വൃത്തിയായി നടക്കാൻ പഠിപ്പിച്ചു. ചങ്ങരംകുളത്തിനടുത്ത് ഇത്തരത്തിലുള്ള ഒരു മുടി വെട്ടു കേന്ദ്രം തന്നെ സ്ഥാപിക്കപ്പെടുകയുണ്ടായി.

അക്കാലത്ത് ഭൂരിപക്ഷം കുടുംബങ്ങളിൽ നിന്നും കൊട്ടിയൂർ ഉത്സവത്തിന് പോവുക പതിവായിരുന്നു. ഇതിനുവേണ്ടി കടത്തനാടിനപ്പുറമുള്ള കോട്ടയത്തിൽപ്പെടുന്ന മൊകേരിയിലും പാതിരിപ്പറ്റയിലും ധാരാളം `കഞ്ഞിപുര'കൾ ഉണ്ടായിരുന്നു. എന്നാൽ 1920കളിൽ മൊകേരിയിൽ നിന്ന് ഏതാനും ഉൽപ്പതിഷ്ണുക്കൾ കൊട്ടിയൂർ പെരുമാളിന്റെ പ്രതിമയുണ്ടാക്കി ഷർട്ടും മുണ്ടും അണിയിച്ച് അത് കത്തിച്ച് വെണ്ണീറാക്കി കൊട്ടിയൂർ ഭക്തൻമാർ പോകുന്ന രീതിയിൽ എം.സി. കൃഷ്ണന്റെ നേതൃത്വത്തിൽ മൂയ്യോട്ടുചാലിലെ തോട്ടിൽ ഒഴുകിയിരുന്നു. ഇങ്ങനെ അന്നുവരെയുണ്ടായിരുന്ന സാമൂഹ്യ ആചാരങ്ങളെയും മറ്റും ഒരു പുതിയ വീക്ഷണത്തിൽ കാണുന്ന രീതി വാഗ്ഭടാന്ദന്റെ പ്രവർത്തനങ്ങൾ ഈ പ്രദേശങ്ങളിൽ ഉണ്ടാക്കി. 1920കളിൽ തന്നെ വിപ്ലവകാരികളും ചിന്തകനുമായ ശ്രീ. മൊയാരത്ത് ശങ്കരൻ ഈ പ്രദേശങ്ങളിലെത്തി

ദേശീയ പ്രസ്ഥാനത്തിന്റെ സന്ദേശങ്ങൾ ജനങ്ങളിലേക്കെത്തിച്ചിരുന്നു. കെ.പി.സി.സി.യുടെ നിർദ്ദേശപ്രകാരം മൊയാരത്ത്, കോഴിപ്പുറത്ത് മാധവ മേനോനോടൊപ്പം ഈ പ്രദേശത്ത് ജനങ്ങളെ നിർഭയരാക്കാൻ ഒട്ടേറെ പ്രസംഗങ്ങൾ നടത്തി. പലപ്പോഴും പോലീസും, അധികാരികളും തടഞ്ഞിരുന്നു എങ്കിലും മൊയാരത്തിന്റെ ശക്തമായ പ്രവർത്തനങ്ങൾ ജനങ്ങളിൽ പതിയ രാഷ്ട്രീയ ദിശാബോധം ഉണർത്തിവിട്ടു.

ഈ പ്രവർത്തനങ്ങളിലെല്ലാം പങ്കാളികളായി ആവേശഭരിതരായിത്തീർന്ന ആളുകളാണ് ഈ പ്രദേശത്തെ ആദ്യകാല രാഷ്ട്രീയ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. ശ്രീ. ഒ.കെ. അനന്തൻ വൈദ്യരുടെ നേതൃത്ത്വത്തിൽ 1926-ൽ മതുകുന്നിൽ ദേശീയപതാക ഉയർത്തിയതാണ് ഈ പ്രദേശത്തെ അറിയപ്പെടുന്ന ആദ്യത്തെ പ്രത്യക്ഷ രാഷ്ട്രീയ പ്രവർത്തനം. ശ്രീ. ഉണിയാറണ്ടി കണാരൻ വൈദ്യരും എം.സി. കൃഷ്ണനും, പറാട്ടി അച്ചുതൻ വൈദ്യരും മണ്ണോളി അച്ചുതൻ വൈദ്യരും, മണലിൽ കോരൻ വൈദ്യരും ഇതിന്റെ പിന്നിൽ ഉണ്ടായിരുന്നു. വട്ടോളി കേന്ദ്രീകരിച്ച് ഈ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കത്തന്നെ മൊകേരി–ചങ്ങരംകുളം കേന്ദ്രീകരിച്ച് വേറെ ചിലരും ദേശീയ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞിരുന്നു. മതുകുന്നിലെ പോലെ തന്നെ കുറ്റ്യാടി കൊരണയിലും വിലയ ഒരു ദേശീയ പതാക നാട്ടുകയുണ്ടായി. ഈ പതാക വളരെ ദൂരത്തുനിന്നു തന്നെ കാണാൻ കഴിഞ്ഞിരുന്നതുകൊണ്ട് അന്ന് ജനങ്ങളിൽ ഒരു വലിയ ചർച്ചാവിഷയമായിരുന്നു. ചങ്ങരംകുളം കേന്ദ്രീകരിച്ചുണ്ടായ പ്രവർത്തനങ്ങളുടെ പിന്നിൽ പ്രധാനമായും ചങ്ങരംകുളം സ്കൂൾ അദ്ധ്യാപകനായിരുന്ന ശ്രീ. ഏ.വി. കുഞ്ഞിരാമൻ നായരും, മാനേജരായിരുന്ന ചീക്കോന്നുമ്മൽ കൃഷ്ണൻ നായരും ആയിരുന്നു.

1927-ൽ ഏ.കെ.ജിയുടെ നേതൃത്ത്വത്തിലുണ്ടായ ചരിത്രപ്രസിദ്ധമായ അയിത്തോച്ചാടന ജാഥയ്ക്ക് പങ്ങരം കുളത്ത് സ്വീകരണം ഏർപ്പെടുത്തുകയുണ്ടായി. സ്വീകരണത്തോടനുബന്ധിച്ച് ഒരു സമൂഹ സദ്യയും ഉണ്ടായി. ഏ.കെ.ജി അന്ന് ഒരു ഹരിജൻ കുട്ടിയെ മടിയിലിരുത്തി ചോറുകൊടുത്തത് ജനങ്ങളിൽ വളരെയധികം അമ്പരപ്പും പുതിയ ചിന്താധാരകളും വളർത്തുകയുണ്ടായി. അതുവരെ അകന്നുനിന്നിരുന്ന അധ:സ്ഥിതർക്ക് മുഖ്യധാരയോടടുക്കാനും മറ്റുള്ളവർക്ക് പുതിയ ഉൾക്കാഴ്ചകൾ പകരാനും ഈ ജാഥ സഹായിച്ചു. ചങ്ങരം കുളത്തുനിന്ന് വട്ടക്കണ്ടിപാറയിലെ സ്വീകരണം കഴിഞ്ഞ് തീക്കുനി ആയഞ്ചേരി വഴിയാണ് ജാഥ വടകര എത്തിച്ചേർന്നത്. ഈ ജാഥയുടെ സന്ദേശമുൾക്കൊണ്ടുകൊണ്ട് പിന്നീട് കുന്നുമ്മൽ ഭഗവതിക്ഷേത്രത്തിൽ കുറുങ്ങോട്ടു ഗോപാലൻ നമ്പ്യാർ, പടിഞ്ഞാറക്കണ്ടി ഗോപാലൻ നമ്പ്യാർ, മൂപ്പർ കണ്ണൻ, പി.കെ.കുഞ്ഞികൃഷ്ണൻ നമ്പ്യാർ തുടങ്ങിയവരുടെ നേതൃത്വത്തിൽ ഹരിജനങ്ങളെ ക്ഷേത്രകുളത്തിലിറക്കി കുളിപ്പിച്ചു. ക്ഷേത്രമുറ്റത്തിറക്കി. 1928-ൽ മൊകേരി കേന്ദ്രീകരിച്ചുകൊണ്ട് ആദ്യത്തെ കോൺഗ്രസ്സ് മണ്ഡലം കമ്മിറ്റി രൂപീകരിച്ചു. ചീക്കോന്നുമ്മൽ കൃഷ്ണൻ നായർ പ്രസിഡണ്ടും, എം. ഗോപാലക്കുറുപ്പ് സിക്രട്ടറിയുമായിരുന്നു.

ഈ പ്രദേശത്തെ ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് കൃത്യമായ രൂപം വരുന്നത് 1930കളിലെ ഉപ്പുസത്യാഗ്രഹത്തോടുകൂടിയാണ്. ശ്രീ.കെ. കേളപ്പന്റെ നേതൃത്വത്തിലുള്ള പയ്യന്നൂർ ഉപ്പു സത്യാഗ്രഹജാഥ കോഴിക്കോട്ടുനിന്ന് കുറ്റ്യാടി വഴിയാണ് പയ്യന്നൂർക്ക് പോയത്. പി. കൃഷ്ണപ്പിള്ള, രാമർ കുറുപ്പ് മൊയാരത്ത് ശങ്കരൻ, കെ.പി. ഗോപാലൻ, ടി.എസ്. തിരുമുമ്പ്, കെ.എ. കേരളീയൻ, കെ.ടി. കുഞ്ഞിരാമൻ നമ്പ്യാർ തുടങ്ങി മുപ്പതിലേറെ പേർ ജാഥാംഗങ്ങളായിരുന്നു. ഈ ജാഥയ്ക്ക് ചങ്ങരം കുളത്തും വട്ടോളിയിലും ഗംഭീരമായ സ്വീകരണമാണ് നൽകപ്പെട്ടത്. വട്ടോളിയിലെ സ്വീകരണത്തിന് ഒട്ടേറെ പ്രത്യേകതകളുണ്ടായിരുന്നു. അന്ന് വാഗ്ഭടാനന്ദന്റെ ആത്മവിദ്യാസംഘത്തിന്റെ പ്രവർത്തകർ ധാരാളം പേർ സ്വീകരണത്തിനു വന്നു. മലബാറിൽ ഈഴവ സമുദായം സ്വാതന്ത്ര്യസമരത്തിൽ നിന്ന് മാറി നിൽക്കുകയാണെന്ന ഒരു പ്രചരണം അക്കാലത്തുണ്ടായിരുന്നത് വട്ടോളി സ്വീകരണം നിഷ്പ്രഭമാക്കി. സ്വീകരണങ്ങൾക്ക് എ.വി. കുഞ്ഞിരാമൻ നായർ, ഓ.കെ. അനന്തൻ വൈദ്യർ, എം.സി. കൃഷ്ണൻ, ഉണിയാർകണ്ടി കണാരൻ വൈദ്യർ, ഗോവിന്ദൻ വൈദ്യർ, ചീക്കോന്നുമ്മൽ കൃഷ്ണൻ നായര്, എം. ഗോപാലക്കുറുപ്പ്, എ.പി. കൃഷ്ണൻ എന്നിവർ നേതൃത്വം നൽകുകയു

ണ്ടായി. തുടർന്ന് കോൺഗ്രസ്സിന്റെ സംഘടനാ രൂപത്തിലുള്ള പ്രവർത്തനങ്ങളും നടന്നുവന്നു.

1930-ൽ ഉപ്പ് സത്യാഗ്രഹ പ്രചരണാർത്ഥം തളീക്കരയിൽ പ്രസംഗിച്ച എ.പി. കൃഷ്ണൻ അറസ്റ്റു ചെയ്യപ്പെട്ടു. 4 മാസം ജയിലിലടച്ചു. 1931-ൽ നരിക്കൂട്ടുംചാലിൽ വടയം കള്ളുഷാപ്പ് പിക്കറ്റു ചെയ്തു. ഇതിന് കൊടുവങ്ങൽ അമ്പുക്കുറുപ്പ്, പന്നിക്കുഴി കൃഷ്ണൻ എന്നിവർ നേതൃത്വം നൽകി. കള്ള് ഉപയോഗിച്ചു ഉണ്ടാക്കുന്നതുകൊണ്ട് വെള്ളാപ്പം പോലും കോൺഗ്രസ്സുകാർ ഇക്കാലത്ത് ഉപേക്ഷിച്ചിരുന്നു. 1931 മെയ് 22-ാം തിയ്യതി കോഴിക്കോട് കോൺഗ്രസ്സ് സമ്മേളനത്തിൻരെ ഭാഗമായി കോവുക്കുന്നുമ്മൽ നിന്നും പുറപ്പെട്ട ജാഥയെ മൊകേരിയിൽ പോലീസ് തടഞ്ഞു. എ.പി. കൃഷ്ണൻ, എം. ഗോപാലക്കുറുപ്പ് അമ്പുക്കുറുപ്പ് തുടങ്ങിയവരെ അറസ്റ്റു ചെയ്തു ജയിലിലടച്ചു. 1934-ൽ ബാബു രാജേന്ദ്രപ്രസാദിന്റെ മലബാർ പര്യടന വേളയിൽ മൊകേരിയിലും തളീക്കരയിലും ഗംഭീരമായ സ്വീകരണം നൽകി. എ.വി.യായിരുന്നു നേതൃത്വം കൊടുത്തത്.

1935-ലെ ചിറക്കൽ താലൂക്ക് കർഷകസംഘത്തിന്റെ രൂപീകരണത്തെ തുടർന്ന് കേരളത്തിലെങ്ങും കർഷകസംഘങ്ങൾ ഉടലെടുത്തു. 1939-ൽ വട്ടോളിയിൽ വെച്ചു കുറുമ്പനാട് താലൂക്ക് കർഷക സംഘം രൂപീകരിക്കപ്പെട്ടു. കേരള ചരിത്രത്തിൽ തന്നെ ശ്രദ്ധിക്കപ്പെട്ട സംഭവമായിരുന്നു അത്. സമ്മേളനത്തിൽ കോൺഗ്രസ്സിന്റെ ത്രിവർണ്ണപതാകയും കമ്യൂണിസ്റ്റുകാരുടെ ചുവന്ന പതാകയും ഒന്നിച്ചുയർത്തി കെട്ടി. ടി.സി. നാരായണക്കുറുപ്പ് പ്രസിഡണ്ടും എം. ഗോപാലക്കുറുപ്പ് സിക്രട്ടറിയായും തെരഞ്ഞെടുത്തു. പി. കൃഷ്ണപ്പിള്ള, മഞ്ചുനാഥറാവു, കെ. കേളപ്പൻ, ടി.എസ്സ്. തിരുമുമ്പ്, കേരളീയൻ, വിഷ്ണുഭാരതീയൻ തുടങ്ങിയവർ പങ്കെടുത്ത സമ്മേളനത്തിൽ ഇ.എം.എസ്സ് അധ്യക്ഷനായിരുന്നു.

വട്ടോളി സമ്മേളനത്തിനു ശേഷം കോൺഗ്രസ്സിലെ ഒരു വിഭാഗം കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടി രൂപീകരിച്ച് കോൺഗ്രസ്സിനുള്ളിൽ തന്നെ പ്രവർത്തിച്ചുവന്നു. എം. ഗോപാലക്കുറുപ്പ്, എ.പി. കൃഷ്ണൻ, സി.എച്ച്. അനന്തൻ, എന്നിവരുമായിരുന്നു പ്രധാന പ്രവർത്തകർ. 1938-ൽ നവരാത്രിക്ക് ചങ്ങരംകുളം സ്കൂളിൽ വിദ്യാർത്ഥികളിൽ നിന്ന് മാനേജർ പണം പിരിക്കുന്നതിനെതിരെ വിദ്യാർത്ഥി സമരം നടന്നു. ടി.കെ. നാരായണൻ, വി.പി. ബാലകൃഷ്ണൻ, ടി.കെ. കൃഷ്ണക്കുറുപ്പ്, ഒ.പി. ഗോവിന്ദൻ നായര് എന്നിവർ നേതൃത്വം നൽകി. ഇവരെ സ്കൂളിൽ നിന്നും പുറത്താക്കിയെങ്കിലും പിന്നീട് തിരിച്ചെടുത്തു. ഈ പ്രദേശത്തു നടന്ന ആദ്യത്തെ വിദ്യാർത്ഥി സമരമായിരുന്നു അത്.

1938-39 കാലത്തുതന്നെ പ്രഭാതം ദിനപത്രത്തിന്റെ കോപ്പികൾ മൊകേരിയിലും പരിസരത്തും വ്യാപിച്ചു. അത് അന്നത്തെ രാഷ്ട്രീയ പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകർന്നിരുന്നു. 1938 സപ്തംബറിൽ ചരിത്രപ്രസിദ്ധമായ പുനംകൃഷി സമരം ആരംഭിച്ചു. എം.കെ. കേളു നേതൃത്വം നൽകി. പുനംകൃഷിയിലെ `വാരം' കൊടുക്കുന്നതിലും നിലം തീർച്ചപ്പെടുത്തുന്നതിലും ഉള്ള അപാകതകൾ പരിഹരിക്കാനായിരുന്നു സമരം. സമരം ശക്തിപ്പെട്ടപ്പോൾ സി.എച്ച്. കണാരന്റെ നേതൃത്വത്തിൽ തലശ്ശേരിയിൽ നിന്നും സമര ഭടന്മാർ കരിങ്ങാട്ടേക്ക് മാർച്ചു ചെയ്തു. ഒത്തുതീർപ്പിന്റെ അടിസ്ഥാനത്തിൽ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടു. നമ്മുടെ പ്രദേശത്തെ ആദ്യത്തെ സംഘടിത കർഷക സമരമായിരുന്നു അത്. 1939- ൽ തന്നെ കോമത്തുതാഴെ വയലിൽ വെച്ചു ഫ്യൂഡൽ വിരുദ്ധസമരത്തിൽ ഒരധ്യായം കുറിച്ച കെ.ദാമോദരന്റെ `പാട്ടബാക്കി' എന്ന നാടകം അരങ്ങേറി. ഒരുപക്ഷേ നമ്മുടെ പ്രദേശത്തെ ആദ്യത്തെ സ്റ്റേജ് നാടകം ഇതായിരിക്കാം. എം. ഗോപാലക്കുറുപ്പായിരുന്നു സംവിധായകൻ. 1939-40 കാലത്ത് കമ്യൂണിസ്റ്റ് പാർട്ടിയുടെ ഒരു രഹസ്യ ക്യാമ്പ് മൊകേരി നടന്നു. ഇ.എം.എസ്സ്, പി. കൃഷ്ണപിള്ള, കെ. ദാമോദരൻ, കെ.പി.ജി, പി.ആർ. നമ്പ്യാർ, തുടങ്ങിയവർ പങ്കെടുത്തു. ഈ കാലഘട്ടത്തിൽ എം. ഗോപാലക്കുറുപ്പിന്റെ നിർദ്ദേശത്തെ തുടർന്ന് എൻ. പി. മൊയ്തു, ഇ.കെ. പൊക്കൻ, കൃഷ്ണൻ, വട്ടക്കണ്ടി കുങ്കർ, എന്നിവർ നാദാപുരം മുതൽ തൊട്ടിൽപ്പാലം വരെ താറുകൊണ്ടു ചുമരെഴുത്തു നടത്തി. നാദാപുരം പോലീസ് സ്റ്റേഷന്റെ ചുമരിലാണ് ആദ്യം എഴുതിയത്. 1939-ൽ കമ്മ്യൂണിസ്റ്റുകാരുടെ കോവുക്കുന്ന് സെൽ പ്രവർത്തനമാരംഭിച്ചു. 1939-ലെ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് ജാഥക്ക്

എ.വി. നാരായണക്കുറുപ്പ് നേതൃത്വം നൽകി. നമ്മുടെ പ്രദേശത്തിന്റെ ചരിത്രത്തിൽ പോലീസിന്റെ ഭീകരമർദ്ദനം ഏറ്റുവാങ്ങി. ടി.ബി. രോഗിയായി രക്തസാക്ഷിത്വം വഹിച്ച ഒരു നേതാവായിരുന്നു എ.വി. നാരായണക്കുറുപ്പ്. 1951-ലാണ്. അദ്ദേഹം മരണപ്പെട്ടത്.

1940 ആകുമ്പോഴേക്കും സ്വാതന്ത്ര്യസമരത്തിന് ശക്തമായ ജനകീയ പ്രക്ഷോഭങ്ങൾ വേണമെന്ന ആശയം സോഷ്യലിസ്റ്റുകാർ ഉയർത്തിപ്പിടിച്ചിരുന്നു. ഇവരുടെ ജനകീയ സമരങ്ങൾക്ക് പകരം അന്ന് ഗാന്ധിജി കണ്ടെത്തിയ പുതിയ സമരമുറയായിരുന്നു വ്യക്തിസത്യാഗ്രഹം. ഇത് അതിശക്തമായി തന്നെ ഈ പ്രദേശത്ത് നടപ്പിലാക്കി. 1941-ൽ എ.വി. കുഞ്ഞിരാമൻ നായർ കുറ്റ്യാടിയിൽ നിന്നും കോൺഗ്രസ്സ് പതാകയുമായി ബോംബെയിലേക്ക് കാൽനടയായി പുറപ്പെട്ടു. ഒട്ടേറെ പ്രതിസന്ധികൾ തരണം ചെയ്ത് നീങ്ങിയ അദ്ദേഹത്തെ ബോംബെ അതിർത്തിയിൽ വെച്ച് അറസ്റ്റു ചെയ്തു. 1941-ൽ തന്നെ വ്യക്തി സത്യാഗ്രഹത്തിനിറങ്ങിയ മറ്റൊരാൾ ശ്രീ.കുട്ടികൃഷ്ണമാരാറായിരുന്നു. അദ്ദേഹം തെക്കു ഭാഗത്തേക്കാണ് പുറപ്പെട്ടത്. ഫെബ്രുവരി 3-ാം തീയതി അദ്ദേഹത്തോടൊപ്പം കക്കട്ടിൽ നിന്ന് തിരിക്കോത്ത് ശങ്കരക്കുറുപ്പ് കൂടി ഇതിൽ ചേരുകയുണ്ടായി. കൊയിലാണ്ടിയിൽ വെച്ച് ചാത്തുക്കുറുപ്പ് മാസ്റ്ററും ഇതിൽ ചേർന്നു. എന്നാൽ ഒറ്റപ്പാലത്തു വെച്ച് അറസ്റ്റ് ചെയ്യപ്പെട്ടു അവരെ കോഴിക്കോട് കൊണ്ടുവന്നു വിട്ടപ്പോൾ കുട്ടികൃഷ്ണമാരാർ, കൃഷ്ണൻ എന്നിവർ ചേർന്ന് കോയമ്പത്തൂർ വഴി മദ്രാസിൽ എത്തി. വഴി നീളെ ഉജ്ജ്വല സ്വീകരണങ്ങൾ ലഭിച്ചു. മദ്രാസിൽ വെച്ച് ഇവരെ അറസ്റ്റു ചെയ്ത് ജയിലിലടച്ചു. ആയിരത്തി തൊള്ളായിരത്തി നാൽപ്പതുകളിലെ തലശ്ശേരി സംഭവത്തിലെ പ്രതിയായ കുഞ്ഞാപ്പു മാസ്റ്ററും മൊകേരിയിലും പരിസരത്തും ഒളിവിൽ വന്ന് താമസിച്ചിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വപരമായ പങ്ക് ഈ പ്രദേശത്തെ രാഷ്ട്രീയ ചരിത്രത്തിൽ പുതിയ മാനങ്ങൾ ഉണ്ടാക്കി. കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ കുഞ്ഞാപ്പു മാസ്റ്റർ അണ്ടർ ഗ്രൗണ്ട് സെക്രട്ടറിയും (യു.ജി) സി. കുമാരൻ പുറത്തുള്ള സെക്രട്ടറിയുമായിരുന്നു. ഇന്ത്യ ബ്രിട്ടീഷുകാരുടെ കൂടെ യുദ്ധത്തിൽ പങ്കെടുക്കുന്നതിനെതിരെ 1940 സെപ്തംബർ 5-ന് സമര പ്രഖ്യാപന ജാഥയുണ്ടായി. ഇത് ചങ്ങരംകുളത്തു നിന്നാരംഭിച്ച് മൊകേരി വഴി കുറ്റ്യാടി അവസാനിച്ചു. 1940-ൽ തന്നെ കമ്മ്യൂണിസ്റ്റ് പാർട്ടി പിലാച്ചേരിയിൽ യോഗം ചേർന്നു. പി.പി. കൃഷ്ണനെ സെക്രട്ടറിയായി തെരെഞ്ഞെടുത്തു.

1940-41 കാലത്താണ് ബാലസംഘം ഈ പ്രദേശത്ത് രൂപീകരിക്കപ്പെട്ടത്. ടി. കുഞ്ഞികൃഷ്ണൻ നമ്പ്യാർ. വി.പി. ബാലകൃഷ്ണൻ, പി.പി. ഭാസ്കരൻ എന്നിവരാണ് നേതൃത്വം നൽകിയത്. പ്രസംഗ പരിശീലനവും, രാഷ്ട്രീയ പഠനവുമായിരുന്നു പ്രധാന പരിപാടി. മണ്ണെണ്ണയ്ക്ക് ക്ഷാമമായിരുന്ന അക്കാലത്ത് ബാലസംഘം അധികാരിയുടെ വീട്ടിലേക്ക് ജാഥ നടത്തി. അഞ്ച് ലിറ്റർ മണ്ണെണ്ണ അനുവദിപ്പിച്ചു. എം.സി. കൃഷ്ണന്റെ നേതൃത്വത്തിൽ അവർണ്ണർ അമ്പലത്തിൽ കയറാൻ തുടങ്ങിയതും ഈ കാലഘട്ടത്തിലാണ്. നാൽപ്പതുകളിൽ മൊകേരി ``മോസ്കോ'' എന്നാണറിയപ്പെട്ടത്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിലെ നേതാക്കൾ മൊകേരി വന്ന് ഒളിഞ്ഞും തെളിഞ്ഞും താമസിച്ചു. പി. കൃഷ്ണപിള്ള, എം.കെ. കേളു, കെ.എസ്. ബെൻ, കുഞ്ഞാപ്പു മാഷ്, ഒ.ജെ. ജോസഫ്, പി.പി. ശങ്കരൻ, കെ.പി. ഗോപാലൻ, സി.കുമാരൻ എന്നിവർ അവരിൽ ചിലരായിരുന്നു. 1942-ൽ കോൺഗ്രസ്സിന്റെ ബോംബെ സമ്മേളനം ക്വിറ്റ് ഇന്ത്യാ പ്രക്ഷോഭം പ്രഖ്യാപിച്ചു. ഇതിന്റെ ഭാഗമായി കേരളത്തിലെ സുപ്രധാന നേതാക്കളെല്ലാം അറസ്റ്റ് ചെയ്യപ്പെട്ടു. തുടർന്ന് കോൺഗ്രസ്സിന്റെ മലബാർ സംസ്ഥാനത്തിലെ ചുമതല വഹിക്കാൻ ബോംബെയിൽ നിന്ന് ഡോ. കെ.ബി. മേനോൻ വന്നു. ജയപ്രകാശ് നാരായണന്റെ ആദർശങ്ങളിലൂടെ നീങ്ങിയ അദ്ദേഹത്തിന്റെ നേതൃത്വം കോൺഗ്രസ്സിനെ അക്രമാസക്തമായ സമരങ്ങളിലേക്ക് നയിച്ചു. ഈ അർത്ഥത്തിലാണ് 1942-കളിൽ പല സ്ഥലങ്ങളിലും അട്ടിമറികളും, പാലം തകർക്കലും, ഡയനാമിറ്റ് സ്ഫോടനങ്ങളും അരങ്ങേറിയത്. ഇതിന്റെ ഭാഗമായി കുറ്റ്യാടിയിൽ നിന്ന് എ.വി. കുഞ്ഞിരാമൻ നായരുടെ നേതൃത്വത്തിൽ നൂറോളം പേർ കക്കട്ടിൽ റജിസ്റ്റർ ഓഫീസ് പിക്കറ്റ് ചെയ്തു. എ.വി.യെ അറസ്റ്റു ചെയ്തു. തുടർന്ന് എസ്.ഐ. രയരപ്പൻ നായരുടെ നേതൃത്വത്തിൽ ഭീകരമായ മർദ്ദനം നടന്നു. ജനങ്ങൾ പോലീസിന്റെ തൊപ്പിയും ലാത്തിയും വലി

ച്ചെറിഞ്ഞു. മണലിൽ കുഞ്ഞികോരൻ പെരച്ചൻമാഷ് പടിഞ്ഞാറകണ്ടി ഗോപാലൻ നമ്പ്യാർ, കോഴിഅറോൽ ചോയി മാസ്റ്റർ, കണാരപണിക്കർ, ഉണിയാറണ്ടി ഗോവിന്ദൻ വൈദ്യർ, കൃഷ്ണൻ നായർ, ടി. കുഞ്ഞികൃഷ്ണൻ നമ്പ്യാർ ഉണ്ടൻ ചാലിൽ ശങ്കരൻ തുടങ്ങിയ ഇരുന്നൂറോളം പേർ പങ്കെടുത്തു. ക്വിറ്റ് ഇന്ത്യാ പ്രക്ഷോഭത്തോടനുബന്ധിച്ച് 1943-ൽ കുട്ടികൃഷ്ണ മാരാർ, വളപ്പിൽ ഗോപി, ചാത്തോത്ത് ശങ്കരൻ എന്നിവരുടെ നേതൃത്വത്തിൽ നാദാപുരം കോടതി കെട്ടിടത്തിന് ഡയനാമിറ്റ് വെച്ചു. കീഴരിയൂരിൽ നിന്ന് ബോംബു കൊണ്ടുവന്ന് നാദാപുരം പോലീസ് സ്റ്റേഷൻ തകർക്കാനായിരുന്നു പരിപാടി. അതിന് എം.സി. കൃഷ്ണൻ കീഴരിയൂരിൽ പോയെങ്കിലും ഡയനാമിറ്റ് മാത്രമേ ലഭിച്ചുള്ളൂ. എടവനകണ്ടി കുഞ്ഞിക്കേളുക്കുറുപ്പ്, എം.കെ. മൊയ്തു, കുഞ്ഞികൃഷ്ണൻ നമ്പ്യാർ, എടവനക്കണ്ടി ശങ്കരൻ എന്നിവർ രാത്രി കുന്നുമ്മൽ വയലിൽ കേന്ദ്രീകരിച്ചുകൊണ്ട് പരിപാടി ആസൂത്രണം ചെയ്തു. പുലർച്ചെ 4 മണിയോടടുത്ത് ഡൈനാമിറ്റ് ഭീകര ശബ്ദത്തോടെ പൊട്ടി. എന്നാൽ കുറച്ചു ഭാഗം പുറത്തേക്ക് തള്ളിപ്പോയതിനാൽ കെട്ടിടത്തിന്റെ ചുമരിനു മാത്രമേ കേടുപാടുകൾ ഉണ്ടായിരുന്നുള്ളൂ. യുദ്ധകാലമായതിനാൽ ജപ്പാൻ ബോംബ് ആണെന്ന പ്രചരണമാണ് നാട്ടിലുണ്ടായത്. പ്രതികളെ അറസ്റ്റ് ചെയ്തിരുന്നുവെങ്കിലും തെളിവില്ലാത്തതിനാൽ വെറുതെ വിട്ടു. 1942-ൽ കോൺഗ്രസ് പ്രവർത്തകനായിരുന്ന തെക്കെപറമ്പത്ത് കൃഷ്ണൻ നായർ പോലീസിന്റെ ഭീകര മർദ്ദനത്തെ തുടർന്ന് 36-ാം വയസ്സിൽ മരണപ്പെട്ടു. ദേശീയപ്രസ്ഥാനവുമായി ബന്ധപ്പെട്ട നമ്മുടെ നാട്ടിലെ ആദ്യത്തെ രക്തസാക്ഷി കൃഷ്ണൻ നായരായിരുന്നു. ഈ കാലത്ത് ഒരു പഞ്ചായത്ത് കോടതിയും നിലനിന്നിരുന്നു. ശ്രീ. കണ്ണൻ കുന്നുമ്മൽ കോരൻ മാസ്റ്റർ ആയിരുന്നു വിധികർത്താവ്.

1942-ൽ കോൺഗ്രസ് കമ്മ്യൂണിസ്റ്റ് ചേരിതിരിവ് പ്രകടമായിരുന്നു. ചോമ്പാലിലുണ്ടായ ഏറ്റുമുട്ടലിനെ തുടർന്ന് കമ്മ്യൂണിസ്റ്റുകാർ മൊകേരിയിൽ നിന്നും ജാഥയായി ചെന്നിരുന്നു. സി.കെ. ഗോവിന്ദൻ നായരുടെ കുറ്റ്യാടി പ്രസംഗം അലങ്കോലപ്പെട്ടതും ഇക്കാലത്താണ്. കുന്നുമ്മൽ രൂപീകരിക്കപ്പെട്ട കലാസമിതി സ്വതന്ത്ര ഭാരതം പത്രത്തിന്റെ വിതരണം നടത്തിയിരുന്നു. 1942-ൽ എ.വി. കുഞ്ഞിരാമൻ നായരുടെ നേതൃത്വത്തിൽ നികുതി നിഷേധ പ്രചരണ ജാഥ പാതിരിപ്പറ്റയിൽ പൊതുയോഗം കഴിഞ്ഞ് നരിപ്പറ്റ അധികാരിയുടെ വീട്ടിലേക്ക് പോകുമ്പോൾ M.S.P.ക്കാർ ഭീകരമായി മർദ്ദനം നടത്തി. ചാത്തോത്ത് ശങ്കരൻ, പി.വി. കൃഷ്ണൻ മാസ്റ്റർ, വളപ്പിൽ ഗോപി, കുറുങ്ങോട്ട് ഗോവിന്ദൻ, അപ്പുക്കുട്ടി വൈദ്യർ, മാടന്നൂർ ചോയി കുനിയിൽ എടത്തിൽ കൃഷ്ണൻ നമ്പ്യാർ എന്നിവർക്കെല്ലാം ഭീകരമായ മർദ്ദനം ഏറ്റു. 39 പേരെ അറസ്റ്റ് ചെയ്ത് നാദാപുരം പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി വൈകുന്നേരം സ്റ്റേഷനിലേക്ക് ജനങ്ങൾ ജാഥയായി ചെന്നു. എല്ലാവരെയും വിട്ടയച്ചുവെങ്കിലും പടിഞ്ഞാറകണ്ടി ഗോപാലൻ നമ്പ്യാർ, ചാത്തോത്ത് ശങ്കരൻ എന്നിവർ മുദ്രാവാക്യം വിളിച്ച് സ്റ്റേഷനിൽ തന്നെയായിരുന്നു. ഇവർക്ക് $2^1/_2$ കൊല്ലം ജയിൽ ശിക്ഷ ലഭിച്ചു. കക്കട്ടിൽ ഭാഗത്ത് എം.സി. കൃഷ്ണൻ, വി.പി.കൃഷ്ണൻ മാസ്റ്റർ, ഗോപാലൻ നമ്പ്യാർ, ചേലക്കാടൻ പൊക്കൻ, പി. പര്യായി (മുസ്ലിം മജിലിസ്റ്റ്), മൂപ്പർ കണ്ണൻ കുപ്പാണ്ടി അമ്മത്, കണ്ണൻ മാസ്റ്റർ എന്നിവരായിരുന്നു കോൺഗ്രസ്സിന്റെ നേതാക്കൾ. വിദേശവസ്ത്ര ബഹിഷ്ക്കരണത്തിന്റെ ഭാഗമായി നേരത്തെ മണ്ണോളി കുനിയിൽ എം.സി. കൃഷ്ണന്റെ നേതൃത്വത്തിൽ വിദേശ വസ്ത്രം കത്തിച്ചു. കുനിയിൽ അടിയോടിയുടെ വീട്ടിൽ ഖദർ വസ്ത്രം നെയ്ത്ത് തുടങ്ങിയിരുന്നു. പാതിരിപ്പറ്റയിൽ പോലീസ് കോൺഗ്രസ്സുകാരെ, ഖദർ വേഷ്ടി കൂടി കെട്ടിയാണ് അറസ്റ്റ് ചെയ്തത്.

1943-രൂക്ഷമായ ഭക്ഷ്യക്ഷാമം നടമാടി. അമ്പലക്കുളങ്ങരയിൽ പടിഞ്ഞാറെ പറമ്പത്ത് ശങ്കരന്റെ നേതൃത്വത്തിൽ ഭക്ഷണ കമ്മറ്റി രൂപീകരിച്ച് ഭക്ഷണം വിതരണം ചെയ്തു. ഭക്ഷണമില്ലായ്മയും പഴയ ഭക്ഷ്യവസ്തുക്കളുടെ ഉപയോഗവും കോളറ വ്യാപിക്കുന്നതിന് കാരണമായി. കോളറ പ്രതിരോധ സേനകൾ രൂപീകരിച്ചുകൊണ്ടാണ് കമ്യൂണിസ്റ്റുകാർ ഈ പ്രദേശത്ത് പരസ്യമായ പ്രവർത്തനം ആരംഭിച്ചത്. പട്ടിണി കിടക്കുന്നവർക്ക് ഭക്ഷണമെത്തിക്കുക, ഡോക്ടർമാരെ പങ്കെടുപ്പിച്ച് ക്യാമ്പുകൾ നടത്തുക രോഗികളുടെ വീടുകളിൽ ചെന്ന് ശുശ്രൂഷിക്കുക തുടങ്ങിയ പ്രവർത്തനങ്ങളായിരുന്നു പ്രധാനമായും ഉണ്ടായിരുന്നത്. ധനിക ദരിദ്ര ഭേദമന്യേ കമ്യൂണി

സ്റ്റുകാർ നടത്തിയ സേവനങ്ങൾ ഈ പ്രദേശത്ത് പല കുടുംബങ്ങളെയും കമ്മ്യൂണിസ്റ്റ് അനുഭാവിക ളാക്കി മാറുകയായിരുന്നു. ഒഞ്ചിയത്ത് രൂക്ഷമായ കോളറയുടെ ആക്രമണം ഉണ്ടായപ്പോൾ പ്രിരോധ ത്തിന് നേതൃത്വം നൽകിയത് മൊകേരിയിലെ പി. കുഞ്ഞിരാമൻ നമ്പ്യാർ ആയിരുന്നു. അദ്ദേഹ ത്തിന്റെ പ്രവർത്തനങ്ങളാണ് ഒഞ്ചിയത്ത് കമ്യൂ ണിസ്റ്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയത്. 1943-ൽ വട്ടോളി- പിലാച്ചേരിയിൽ വെച്ച് കർഷക സമ്മേ ളനം നടന്നു. കെ.പി. ശങ്കരൻ വൈദ്യർ, കേളു വൈദ്യർ, പിലാച്ചേരി കോരൻ വൈദ്യർ, കുഞ്ഞിക്ക ണ്ണൻ വൈദ്യർ എന്നിവർ പ്രത്യക്ഷത്തിലും ഒ.ജെ. ജോസഫ്, കുഞ്ഞാപ്പു മാഷ് എന്നിവർ പിന്നണി യിലും പരിപാടികൾക്ക് നേതൃത്വം നൽകി. ഭക്ഷ്യ ക്ഷാമം കൊടുമ്പിരികൊള്ളുമ്പോൾ കരിഞ്ചന്ത യ്ക്കെതിരായ ചില സമരങ്ങളും ഇവിടെ നടന്നു. കെ.പി. കുട്ട്യാലി വാണിമേലിലേക്ക് അരികടത്തു മ്പോൾ കടത്തനാടൻ കല്ലിനരികെ വെച്ച് എൻ.പി. മൊയ്തു, ചന്തു മാസ്റ്റർ, കെ.കെ. കൃഷ്ണൻ, കെ.പി. കുഞ്ഞിരാമൻ മാസ്റ്റർ, ഇ. പൊക്കണ്ണൻ, വി.പി. ബാല കൃഷ്ണൻ എന്നിവർ ചെർന്ന് പിടിച്ച് റവന്യൂ ഇൻസ്പെക്ടറെ ഏൽപിക്കുകയുണ്ടായി. ഭക്ഷ്യ ക്ഷാമത്തിനെതിരെ വടകരയിലേക്ക് മൊകേരിയിൽ നിന്ന് പട്ടിണി ജാഥ പുറപ്പെട്ടു. കോരിച്ചൊരിയുന്ന മഴയത്ത് സി. കുമാരന്റെ നേതൃത്വത്തിൽ തഹ സിൽദാർക്ക് നിവേദനം നൽകി. 1944- ൽ മൊകേരി എൽ.പി. സ്കൂളിൽ വയോജന സ്കൂൾ ആരംഭിച്ചു. കോൺഗ്രസ് രാമകുറുപ്പ് ഉൽഘാടനം ചെയ്തു. വി.പി. ചന്തു മാസ്റ്റർ, കെ.പി. കുഞ്ഞിരാമൻ മാസ്റ്റർ എന്നിവർ ക്ലാസെടുത്തു. പതിനഞ്ചോളം ആളു കൾക്ക് അന്നവിടെ ശിക്ഷണം നൽകപ്പെട്ടു. ഇതു പോലെയുള്ള ക്ലാസുകൾ പിന്നീട് പി.പി. കൃഷ്ണൻ മാസ്റ്ററുടെ നേതൃത്വത്തിൽ വട്ടോളിയിലും പരിസ രത്തും നടന്നു.

1946-ൽ ശങ്കരനാരായണൻ തമ്പിയെ അറസ്റ്റു ചെയ്തതിൽ പ്രതിഷേധിച്ച് മലബാർ വിദ്യാർത്ഥി ഫെഡറേഷൻ പ്രതിഷേധ ജാഥ നടത്താൻ തീരുമാ നിച്ചു. കുറുമ്പ്രനാട് താലൂക്ക് പ്രതിനിധിയായി പുറ മേരി ഹൈസ്കൂളിൽ പഠിക്കുന്ന ടി.കെ. കൃഷ്ണകു റുപ്പും ഉണ്ടായിരുന്നു. ജാഥ പാലക്കാട് ജില്ലയിൽ നിരോധനാജ്ഞ ലംഘിച്ചു കടന്നു. രാത്രി തൃശൂ രിൽ യോഗം ചേർന്നു. ഇ.എം.എസ് പങ്കെടുത്തി രുന്നു. തിരുവിതാംകൂറിൽ ജാഥ കടന്നാൽ വെടിവെ യ്ക്കാൻ ഉത്തരവുണ്ടായിരുന്നു. തുടർന്ന് രണ്ടായിര ത്തിലധികം പേർ കൊച്ചിയിൽ പ്രകടനം നടത്തി. പോലീസ് ലാത്തിചാർജിൽ കൃഷ്ണകുറുപ്പിന് പരി ക്കേറ്റു. നവംമ്പർ 6-ാം തീയ്യതി കൃഷ്ണ കുറുപ്പിനെ അറസ്റ്റ് ചെയ്തു. ഇതിൽ പ്രതിഷേധിച്ചായിരുന്നു പുറമേരി ഹൈസ്കൂളിലെ ആദ്യത്തെ പഠിപ്പുമുടക്ക്. 1946-ൽ കോഴിക്കോട് പാലിയം റോഡ് സത്യാഗ്രഹ ത്തിലും കൃഷ്ണ കുറുപ്പ് പങ്കെടുത്തു. 1946-ൽ കമ്യൂണിസ്റ്റ് പാർട്ടി നിരോധിച്ചു. ബ്രിട്ടീഷുകാർക്കെ തിരെയും അയിത്തത്തിനെതിരെയും പ്രവൃത്തി ക്കാൻ കമ്യൂണിസ്റ്റ് പാർട്ടി ആഹ്വാനം ചെയ്തു. ഇതിന്റെ ഭാഗമായി നരികൂട്ടുംചാൽ പുള്ളിയനോട്ട് ക്ഷേത്രകുളത്തിൽ ജാതിഭേദമന്യേ കുളിച്ചു. എ.പി. കൃഷ്ണൻ, പി. കേളപ്പൻ നായര്, കെ.ടി. കുഞ്ഞിരാ മൻ, കുഞ്ഞാപ്പ മാസ്റ്റർ, ഇ.കെ. പൊക്കൻ വി.പി. ബാലകൃഷ്ണൻ, ഒ.പി. ഗോവിന്ദൻ നായര് തുടങ്ങി യവർ ഇതിന് നേതൃത്വപരമായ പങ്ക് വഹിച്ചു.

ഇതിന്നെതിരെ നാറാണത്ത് കരുണാകരൻ നമ്പ്യാർ കേസ് കൊടുത്തു. കേസ് ശിക്ഷിക്കുകയു ണ്ടായി. ഈ കേസിൽ വി.പി. ബാലകൃഷ്ണൻ പിടി കൊടുത്തില്ല. ഇദ്ദേഹത്തിനെതിരെ കോൺഗ്രസിന്റെ ശാന്തി സേനയുമായി ഏറ്റുമുട്ടിയ മറ്റൊരു കേസും ഉണ്ടായിരുന്നു. കൂടാതെ പ്രകാശം സർക്കാറിനെതി രായി പ്രസംഗിച്ചതിന്റെ പേരിൽ വി.പി. ബാലകൃ ഷ്ണന്റെയും, പി. കുഞ്ഞിരാമൻ നമ്പ്യാരുടെയും പേരിൽ കേസുണ്ടായിരുന്നു. എന്നാൽ വി.പി. ബാല കൃഷ്ണൻ 47 ഫിബ്രവരി 10- ന് വടകര വെച്ച് അറസ്റ്റ് ചെയ്യപ്പെട്ടു. പി. കുഞ്ഞിരാമൻ നമ്പ്യാരുടെ പേരിൽ വാറണ്ട് നിലവിലുണ്ടായിരുന്നു. എങ്കിലും അദ്ദേഹം മൊകേരിയിൽ പ്രവർത്തിച്ചുകൊണ്ടി രുന്നു. ഈ പശ്ചാത്തലത്തിലാണ് മൊകേരി വെടി വെയ്പ് നടന്നത്.

1947-ൽ മെയ് - 18-ാം തീയതിയാണ് വെടി വെയ്പ് നടന്നത്. അന്ന് എ.ഐ.ടി.യു.സി. ദിനമായി കൊണ്ടാടാൻ സർക്കുലർ ഉണ്ടായിരുന്നു. എം. ഗോപാലകുറുപ്പിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം കക്കട്ടിലേക്ക് പ്രകടനം നടത്താനും മൊകേരി ടൗണിൽ ഉണ്ടായിരുന്ന `ബാസൽ

മിഷൻകാരുടെ സ്കൂളിന്റെ പരിസരത്ത് പൊതുയോഗം നടത്താനും തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രകടനം കക്കട്ടിൽ പോയി തിരിച്ചു വന്നു. മൊകേരിയിൽ പൊതുയോഗം കെ.കെ. കൃഷ്ണന്റെ ഗാനാലാപനത്തോടെ ആരംഭിച്ചു. എ.പി. കൃഷ്ണൻ അദ്ധ്യക്ഷം വഹിച്ചു. തുടർന്ന് അറസ്റ്റ് വാറണ്ടുള്ള പി. കുഞ്ഞിരാമൻ നമ്പ്യാർ പ്രസംഗം ആരംഭിച്ചു. കുറച്ചു പോലീസുകാർ നേരത്തെ തന്നെ മഫ്ടിയിൽ സ്ഥലത്തുണ്ടായിരുന്നു. കുഞ്ഞിരാമൻ നമ്പ്യാർ പ്രസംഗം നീട്ടുന്നില്ലെന്ന് പറഞ്ഞു. എന്നാൽ ജനങ്ങൾ ഒറ്റക്കെട്ടായി പ്രസംഗം നീട്ടാനാവശ്യപ്പെട്ടു. അന്നത്തെ കാടാച്ചിറ മോട്ടോർ സർവ്വീസ് ബസ്സിൽ പോലീസ് വന്നു. ജനങ്ങൾ ശക്തമായി മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു. പോലീസുകാർ മദ്യപിച്ചിരുന്നു. ഒരു സബ് ഇൻസ്പെക്ടറും ഹെഡ്കോൺസ്റ്റബിളും 3 പോലീസുകാരും അടങ്ങുന്ന സംഘമാണ് വന്നത്. എസ്.ഐ. വലത്തെ കീശയിൽ കയ്യിട്ട് തന്റെ പിസ്റ്റളിൽ നിന്ന് വെടി ഉതിർത്തുകൊണ്ടാമ് കടന്നുവന്നത്. ചിന്നൻ കണാരന് വെടിയേറ്റു. കിട്ടിയ ആയുധങ്ങളുമായി ജനങ്ങൾ പോലീസുമായി ഏറ്റുമുട്ടി. ഹെഡ്കോൺസ്റ്റബിളിന്റെ തലയ്ക്ക് മുറിവേറ്റു. ജനങ്ങൾ പരക്കം പായുകയായിരുന്നു. പോലീസിനെ നേരിടുന്നതിൽ പുന്നപ്ര സമരം കഴിഞ്ഞ് മൊകേരി എത്തിയ കെ.എസ്. ബെന്നും ഉണ്ടായിരുന്നു. കെ. അനന്ത കുറുപ്പിന്റെ കൈപ്പത്തിയിലും വെടിയേറ്റിരുന്നു. ഇതിനിടയിൽ പോലീസുകാർ കുഞ്ഞിരാമൻ നമ്പ്യാരെ അറസ്റ്റു ചെയ്തു. വെടിയേറ്റ ചിന്നൻ കണാരനെയും തോളിലേറ്റി. ബെൻ രക്ഷപ്പെട്ടു. പോലീസുകാർ കുഞ്ഞിരാമൻ നമ്പ്യാരെ കൊണ്ട് സ്ഥലം വിട്ടു. വീണ് കിടന്ന പോലീസിന്റെ തൊപ്പിക്ക് എൻ.പി. അബ്ദുള്ള തീ കൊടുത്തു.

വെടിയേറ്റ കണാരനെ മൂരിവണ്ടിയിൽ മുസ്ലീം സ്ത്രീകളെപോലെ പർദ്ദയിട്ട് വടകരയിലേക്കയക്കാൻ തീരുമാനിച്ചു. `മാർച്ച് - 18. മൊകേരി രക്തത്തിൽ കുളിക്കുന്നു'. എന്ന റിപ്പോർട്ട് എഴുതി ബെൻ കെ.ടി. ഗോപാലനെ `ദേശാഭിമാനി'യിലേക്കയച്ചു. എന്നാൽ കണാരനെയും കെ.ടി. ഗോപാലനെയും പോലീസ് പിടിച്ചു. തുടർന്ന് മൊകേരിയിലും പരിസരത്തും എം.എസ്.പിക്കാർ നരനായാട്ട് നടത്തി. കച്ചേരി പൊയിൽ കുഞ്ഞിരാമൻ വൈദ്യർ എന്ന ജന്മിയുടെ വീട്ടിൽ എം.എസ്.പിക്കാർ ക്യാമ്പ് ആരംഭിച്ചു. വീടു വീടാന്തരം കയറി പുരുഷന്മാരെ പിടിച്ചുകൊണ്ടുവന്ന് ക്യാമ്പിലിട്ട് അതി ക്രൂരമായി മർദ്ദിച്ചു. പി.പി. ചന്തുമാസ്റ്റർ, വാണിയംകണ്ടി കേളുകുറുപ്പ്, ഒ.പി. ഗോവിന്ദൻ നായർ, രാമൻ പണിക്കർ, മംഗലശ്ശേരി കണാരൻ, കെ.പി. മൊയ്തു മാസ്റ്റർ കുനിയിൽ കുഞ്ഞിക്കണ്ണൻ, നമ്പ്യാർ മൊട്ടപ്പറമ്പത്ത് കണ്ണൻ എന്നിവരെയും മർദ്ദനത്തിന് വിധേയരായി. മിക്ക വീടുകളിൽ നിന്നും പുരുഷന്മാർക്ക് ഒളിവിൽ താമസിക്കേണ്ടിവന്നു. വെടിവെപ്പു കേസിൽ കുഞ്ഞിരാമൻ നമ്പ്യാർ, എ.പി. കൃഷ്ണൻ, എൻ.പി. മൊയ്തു, ടി.കെ. കൃഷ്ണൻകുറുപ്പ്, തരിപ്പയിൽ കണ്ണൻ, കെ. അനന്തകുറുപ്പ്, കെ.കെ. കൃഷ്ണൻ, എൻ.പി. അബ്ദുള്ള, ചിന്നൻ കണാരൻ തുടങ്ങി 21 പേർ പ്രതികളായി. നാദാപുരത്തെയും വടകരയിലെയും അതിക്രൂരമായ മർദ്ദനങ്ങൾക്കു ശേഷം ഒടുവിൽ ഒന്നാം പ്രതിക്ക് ഒന്നരകൊല്ലവും 5 വരെ പ്രതികൾക്ക് ഒരു കൊല്ലവും ബാക്കി പേർക്ക് 6 മാസവും ശിക്ഷ വിധിച്ചു. സേലം, കണ്ണൂർ ജയിലുകളിൽ വെച്ച് ഈ പ്രവർത്തകർ കൂടുതൽ വായിക്കാനും പഠിക്കാനും മറ്റു രാഷ്ട്രീയ തടവുകാരുമായി ബന്ധപ്പെട്ടു പ്രവർത്തിക്കാനും തുടങ്ങി. 1948-ൽ മൊയാരത്ത് ശങ്കരൻ കണ്ണൂർ സെൻട്രൽ ജയിൽ മർദ്ദനമേറ്റ് പിടയുന്നതിന് ഇവരിൽ പലരും ദൃക്സാക്ഷികളായിരുന്നു.

1947-സ്വാതന്ത്ര്യ ദിനം കക്കട്ടിൽ സമുചിതമായി ആചരിച്ചു. സ്കൂൾ കുട്ടികളുടെ ഘോഷയാത്രകളും ലോറിയിൽ പ്രചരണങ്ങളും പായസദാനവും വൈകുന്നേരം പൊതുയോഗവും ഉണ്ടായിരുന്നു. മൊകേരിയിൽ ആഘോഷങ്ങൾ താരതമ്യേന കുറവായിരുന്നു. 47-ലെ പോലീസ് മർദ്ദനത്തിനെതിരായി മൊകേരിയിലെ സ്ത്രീകൾ പയ്യന്നൂരിലേക്ക് ജാഥ നടത്തി. മിസിസ്സ്. എം.ആർ.ബി, വി. യശോദ, തങ്കമ്മ കൃഷ്ണപിള്ള തുടങ്ങിയവർ നേരത്തെ തന്നെ മൊകേരിയിൽ വന്ന് മഹിളാ പ്രസ്ഥാനം രൂപീകരിച്ചിരുന്നു. ഈ പശ്ചാത്തലത്തിലാണ് കോമത്ത് പൊയിൽ മാണിക്കത്തിന്റെ നേതൃത്വത്തിൽ ജാഥ ആരംഭിച്ചത്. മിസിസ്സ്. ആമോൺ ജാഥ ഉൽഘാടനം ചെയ്തു. മലബാറിലെ സ്ത്രീകളുടെ ആദ്യത്തെ രാഷ്ട്രീയ ജാഥ ഇതായിരിക്കാം. പയ്യന്നൂരിൽ മാണിക്കത്തിന്റെ പ്രസംഗം ഒട്ടേറെ പേരെ ആകർഷിച്ചു.

ഇതേ തുടർന്ന് ഗവൺമെൻറ് അന്വേഷണ കമ്മീഷനെ നിയമിച്ചു. കമ്മീഷൻ തെളിവെടുത്തു. തുടർന്ന് എസ്.ഐ. കുഞ്ഞിരാമൻ നമ്പ്യാരെ ഹെഡ്കോൺസ്റ്റബിളായി തരം താഴ്ത്തി. എം.എസ്.പിയുടെ ഭീകര വാഴ്ചകൾക്കു നടുവിലും അനന്തകുറുപ്പ്, കെ.പി. കണ്ണൻ തുടങ്ങിയവർ പോലീസ് വണ്ടിയിൽ രാത്രിയിൽ പോസ്റ്റർ ഒട്ടിച്ചു. 1948-ൽ കൽക്കത്ത തീസിസിനെ തുടർന്ന് കമ്യൂണിസ്റ്റുകാർ പലയിടങ്ങളിലും പോലീസുമായി ഏറ്റുമുട്ടി. മൊകേരിയിലെ M.S.P. ക്യാമ്പിന് ആരോ തീ കൊടുത്തു. വി.പി. ബാലകൃഷ്ണൻ, ടി.കെ. കൃഷ്ണ കുറുപ്പ്, പി.കേളപ്പൻ നായർ എന്നിവർ പ്രതികളായി പോലീസ് കേസ് എടുത്തു. ഈ കാലഘട്ടത്തിലെ രാഷ്ട്രീയ പ്രവർത്തനങ്ങളുടെ മറ്റൊരു സുപ്രധാന കേന്ദ്രം മണലിൽ കോരൻ വൈദ്യരുടെ വീടായിരുന്നു. പി.ആർ. നമ്പ്യാർ, എം.കെ. കേളു, പി.പി. ശങ്കരൻ, കെ.എസ്. ബെൻ, എ.കെ.ജി തുടങ്ങിയ ഒട്ടേറെ പ്രമുഖർക്ക് ആതിഥ്യം അരുളുകയും സഹായങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്ത ഒരു കുടുംബമായിരുന്നു അത്. 1940- കളിൽ ഈ വീട് വഴിയാണ് രഹസ്യമായി ദേശാഭിമാനി പത്രം വിതരണം ചെയ്തത്.

നാൽപതുകളുടെ അവസാനവും അൻപതുകളുടെ ആരംഭവും കോൺഗ്രസ് പ്രവർത്തകരുടെ ഭാഗത്തു നിന്നും കാര്യമായ ജനകീയ ഇടപെടലുകൾ ഉണ്ടായിരുന്നില്ല. എന്നാൽ 1951-ഇലക്ഷനിൽ സജീവമായ പ്രവർത്തനം കോൺഗ്രസ് കാഴ്ച വെച്ചു. 47-ൽ സ്വാതന്ത്ര്യത്തെ തുടർന്ന് കമ്മ്യൂണിസ്റ്റ് തടവുകാർക്ക് ജാമ്യം അനുവദിച്ചു. മൊകേരിയിൽ ഗംഭീരമായ സ്വീകരണം നടന്നു. കുഞ്ഞാപ്പു മാസ്റ്ററും ഉണ്ടായിരുന്നു. ടി.കെ. കൃഷ്ണ കുറുപ്പ് രചിച്ച `മർദ്ദിതർ' എന്ന നാടകം ഈ കാലത്ത് ഏറെ ശ്രദ്ധിക്കപ്പെട്ടു. കെ.പി. കണ്ണൻ, പി. കേളപ്പൻ നായർ എന്നിവരെല്ലാം അഭിനയിച്ചു. പിരിഞ്ഞു കിട്ടിയ 600ഓളം രൂപ ഡിഫൻസ് ഫണ്ടായി ഉപയോഗിച്ചു. പ്രദേശത്തെ ഒട്ടേറെ സ്റ്റേജുകളിൽ ഈ നാടകം അരങ്ങേറി. ഇതേ കാലത്തു തന്നെ കക്കട്ടിൽ കേന്ദ്രീകരിച്ച് കെ.സി. കേശവപിള്ളയുടെ `സദാരാമ' നാടകം അരങ്ങേറി. തുടർന്ന് വിവിധ കാലങ്ങളിൽ `നളചരിതം', `രുഗ്മാംഗ ചരിതം' തുടങ്ങിയ നാടകങ്ങളും അവതരിപ്പിക്കപ്പെട്ടു. കക്കട്ടിലും പരിസരത്തുമുള്ള ഒട്ടേറെ സംസ്കാര സമ്പന്നരായ വ്യക്തികൾ ഈ കലാ പ്രവർത്തനങ്ങൾക്ക് പിന്നിൽ പ്രവർത്തിച്ചു. 1953-54 കാലഘട്ടം വസൂരിയുടേയും കോളറയുടേയും ആക്രമണ കാലമായിരുന്നു. വസൂരിയോടുള്ള ഭീതിയും അന്ധവിശ്വാസങ്ങളും ജനങ്ങൾക്കിടയിൽ പ്രചരിച്ചു. അടുത്ത ബന്ധുക്കൾ പോലും വസൂരി രോഗികളെ അകറ്റി നിർത്തി മരിച്ചിട്ടുണ്ടോ എന്ന് വ്യക്തമായി അറിയാതെ ആയിരുന്നു പലരേയും മറവു ചെയ്തിരുന്നത്. വെളിച്ചപ്പാടുകൾ ആണ് ഈ കർമ്മങ്ങൾ ചെയ്തത്. ഈ അന്തരീക്ഷത്തിലാണ് കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ കായക്കൊടി-മൊകേരി-വടയം സംയുക്ത ദുരിത നിവാരണ കമ്മിറ്റി രൂപീകരിക്കപ്പെട്ടത്. ചാത്തുവൈദ്യർ പ്രസിഡണ്ട്, പി. കേളപ്പൻ നായർ, പി. കുഞ്ഞിരാമൻ നമ്പ്യാർ എന്നിവർ സെക്രട്ടറിമാരും വി.പി. ബാലകൃഷ്ണൻ ഓഫീസ് സെക്രട്ടറിയുമായിരുന്നു. കമ്മറ്റിയിൽ ഡോ. പി.പി. പത്മനാഭൻ, ഏ.പി. കൃഷ്ണൻ, ടി.കെ. ബാലൻ, കെ.ജി. നമ്പ്യാർ, ഒ.പി. ഗോവിന്ദൻ നായർ, ടി. കണ്ണൻ, കെ.കെ. കണ്ണൻ നായർ എന്നിവർ സജീവമായി പ്രവർത്തിച്ചു. ജലപാനം പോലും ലഭിക്കാതെ ഇഞ്ചിഞ്ചായി മരിച്ചുകൊണ്ടിരുന്ന വസൂരി രോഗികളെ നേരിട്ട് ശുശ്രൂഷിച്ചു. വെളുത്ത ട്രൗസറും ബനിയനുമായിരുന്ന വളണ്ടിയർമാരുടെ വേഷം. ഡോ. പി.പി. പത്മനാഭൻ ഇവരെ ചികിത്സിച്ചു. സ്വന്തം ശരീരത്തെ തൃണവൽക്കരിച്ചുകൊണ്ടുള്ള തികഞ്ഞ ആത്മാർപ്പണമാണ് വസൂരിരോഗ നിവാരണ വളണ്ടിയർമാർ പ്രകടിപ്പിച്ചത്. 200 ലേറെ പേരെ അവർ ശുശ്രൂഷിച്ചു. 28 ശവങ്ങൾ നേരിട്ട് മറവ് ചെയ്തു. വസൂരി ബാധിച്ച് മരിച്ച് മണിക്കൂറുകൾ കഴിഞ്ഞ ഒരു സ്ത്രീയുടെ മുലകുടിച്ചുകൊണ്ടിരിക്കുകയായിരുന്ന ചോരക്കിടാവിനെയുൾപ്പെടെ ഒട്ടേറെ ആളുകളെ വസൂരി എന്ന വിപത്തിൽ നിന്ന് രക്ഷിക്കാൻ കമ്മിറ്റിക്ക് കഴിഞ്ഞു. നമ്മുടെ പ്രദേശത്ത് നടന്ന ഏറ്റവും മഹത്തായ ജീവ കാരുണ്യ പ്രസ്ഥാനം തന്നെയായിരുന്നു ഇത്.

അറുപതുകൾ വരെയുള്ള രാഷ്ട്രീയ പ്രവർത്തകർ സാംസ്കാരിക നായകർ കൂടിയായിരുന്നു. അതുകൊണ്ട് ഈ പ്രദേശത്ത് രാഷ്ട്രീയ സാംസ്കാരിക പ്രവർത്തനങ്ങൾ ഒന്നിച്ചാണ് നടന്നത്. കെ.പി.എ.സി.യുടെ നാടകങ്ങൾ നാട്ടിൻപുറ

ങ്ങളിലെല്ലാം അരങ്ങേറിയ അക്കാലത്ത് 1953-54ൽ മൊകേരിയിൽ എം.പി.എ.സി എന്ന സാംസ്കാരിക സംഘടന ഒട്ടേറെ നാടകങ്ങൾ അവതരിപ്പിച്ചു. ഇവ ജനജീവിതത്തിൽ പുതിയ രാഷ്ട്രീയദിശാബോധവും പുരോഗമന ചിന്തയും വളർത്തിയെടുത്തു.

1962-ൽ കുന്നുമ്മൽ പഞ്ചായത്ത് രൂപീകരിച്ചു. ആദ്യത്തെ പ്രസിഡണ്ട് ഡോ.പി.പി. പത്മനാഭൻ ആയിരുന്നു. ഒട്ടേറെ വികസന പ്രവർത്തനങ്ങൾക്ക് ഇക്കാലത്ത് തുടക്കം കുറിച്ചു. ഇ.കെ. ഗോപാലൻ മാസ്റ്റർ (വൈസ്. പ്രസിഡണ്ട്) എ.പി. കൃഷ്ണൻ, കെ.പി. പാർവ്വതി ടീച്ചർ, കെ.പി. കുഞ്ഞിക്കണ്ണൻ, പടഞ്ഞാറെ പറമ്പത്ത് കേളപ്പൻ, ചോയി മാസ്റ്റർ, കെ.എം. കണാരൻ മാസ്റ്റർ എന്നിവരായിരുന്നു അംഗങ്ങൾ. കണാരൻ മാസ്റ്റർ മാസങ്ങൾക്ക് ശേഷം രാജിവെച്ചു. മലയിൽ കേളപ്പൻ ആ സ്ഥാനത്തേക്ക് എതിരില്ലാതെ തെരഞ്ഞെടുത്തു. 1965-ൽ പ്രസിഡണ്ട് ഡോ. പത്മനാഭൻ രാജിവെയ്ക്കുകയും വൈസ്. പ്രസിഡണ്ട് വി.കെ. ഗോപാലൻ മാസ്റ്റർ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. 1979-ലെ തെരഞ്ഞെടുപ്പിൽ വി.കെ. ഗോപാലൻ മാസ്റ്റർ പ്രസിഡണ്ടും എം.എം. നാരായണൻ നമ്പ്യാർ വൈസ്. പ്രസിഡണ്ടായും തെരഞ്ഞെടുക്കപ്പെട്ടു. എൻ.പി. ലക്ഷ്മി, സി.എച്ച്. പൊക്കൻ, കെ.ജി. നമ്പ്യാർ, സി. ഗോപാലൻ, കെ.കെ. കുഞ്ഞിച്ചാത്തു എന്നിവരായിരുന്നു അംഗങ്ങൾ 1988-ലെ തെരഞ്ഞെടുപ്പിൽ കെ.കെ. കുഞ്ഞിച്ചാത്തു പ്രസിഡണ്ടും ടി. കുഞ്ഞികൃഷ്ണൻ നമ്പ്യാർ വൈസ്. പ്രസിഡണ്ടുമായി തെരഞ്ഞെടുക്കപ്പെട്ടു. കെ. കുഞ്ഞിക്കണാരൻ മാസ്റ്റർ, വി.പി. ലീല, എ.പി. അനന്തൻ, എൻ.പി. കമല, നീലിയോട്ട് രാജൻ, വി. അമ്മദ് മാസ്റ്റർ, വി.യം. ചന്ദ്രൻ എന്നിവരായിരുന്നു അംഗങ്ങൾ. 1995-ലെ തെരഞ്ഞെടുപ്പിൽ ശ്രീമതി. കെ.കെ. ലതിക (പ്രസിഡണ്ട്), കെ. പര്യായി (വൈസ്. പ്രസിഡണ്ട്), ടി. കണാരൻ മാസ്റ്റർ (സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ) ആയി തെരഞ്ഞെടുക്കപ്പെട്ടു. പി.എം. ചന്ദ്രൻ, പ്രമോദ് കക്കട്ടിൽ, എം.സി. കൃഷ്ണൻ, പി.പി. ബാലകൃഷ്ണൻ, റംല ടീച്ചർ, കെ.കെ. ജാനു എന്നിവരാണ് അംഗങ്ങൾ. ഇന്ന് പഞ്ചായത്തിൽ എ.ഇ.ഒ. ഓഫീസ്, കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്, ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസ്, ലാന്റ് ട്രിബ്യൂണൽ ടെലിഫോൺ എക്സ്ചേഞ്ച്, റജിസ്റ്റർ ഓഫീസ് എന്നീ സർക്കാർ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്നു.

1957-ലെ മന്ത്രിസഭയെ തുടർന്ന് ഉണ്ടായ വിമോചന സമരവും ഈ പ്രദേശത്ത് ശക്തമായിരുന്നു. വട്ടോളി ഹൈസ്കൂൾ, പാതിരിപ്പറ്റ യു.പി.സ്കൂൾ എന്നിവ കേന്ദ്രീകരിച്ച് നടന്ന സമരങ്ങൾ അധ്യാപക - വിദ്യാർത്ഥി ബന്ധങ്ങളിൽ ഉലച്ചിലുകൾ ഉണ്ടാക്കിയിരുന്നു. വിദ്യാഭ്യാസ സമരത്തിൽ എറ്റവും മൂല്യരഹിതമായ സംഭവങ്ങളാണ് അരങ്ങേറിയത്. 1959 ൽ നമ്മുടെ പഞ്ചായത്തിലെ പി.കേളപ്പൻ നായർ, എ.ഐ. വിശ്വനാഥൻ എന്നിവർ ഗോവ വിമോചന സമരത്തിൽ പങ്കെടുത്തു. 60-കളിൽ ഭൂദാന പ്രസ്ഥാനത്തിന്റെ ഭാഗമായി വിനോഭാജി വട്ടോളിയിൽ വന്നു അദ്ദേഹത്തിന് ഗംഭീരമായ വരവേൽപ് നൽകിയിരുന്നു. കാർഷിക ബന്ധബിൽ നിയമമാക്കിയതോടെ കർഷകത്തൊഴിലാളികളുടെ പ്രക്ഷോഭങ്ങൾ ആരംഭിച്ചു. കൂലി കൂടുതലിനും കുടികിടപ്പിനും തൊഴിൽ സ്ഥിരതയ്ക്കും വേണ്ടിയുള്ള ഒട്ടനവധി സമരങ്ങൾ ഈ പ്രദേശത്ത് നടന്നു. ഇതോടെ കർഷകരും കർഷക തൊഴിലാളികളും രണ്ട് ചേരികളിലേക്ക് നീങ്ങാൻ തുടങ്ങി. ഭൂപരിഷ്ക്കരണ നടപടികൾ നടപ്പിലാക്കിയിട്ടും കാർഷിക രംഗത്തെ മൊത്തം വളർച്ചാ നിരക്കിലുണ്ടായ കുറവ് ഇനിയും പരിശോധിക്കപ്പെടേണ്ടതാണ്. തുടർന്ന് അടിയന്തരാവസ്ഥാ കാലത്ത് ഒട്ടേറെ നിരപരാധികൾ പീഢിപ്പിക്കപ്പെടുകയുണ്ടായി. എഴുപതുകളിൽ നിന്ന് എൺപതുകളിലേക്ക് വരുമ്പോൾ ജീവിതത്തിന്റെ സമസ്ത മേഖലകളിലും വ്യാപകമായ മൂല്യച്യുതി കാണാൻ കഴിയുന്നുണ്ട്. അതോടൊപ്പം മുമ്പൊരിക്കലും ഇല്ലാത്ത വിധം വർഗ്ഗീയ സംഘടനകൾ പരസ്യമായി രംഗത്ത് വരികയും വർഗ്ഗീയത ഒരു ഫാഷൻ പോലെ പ്രചരിക്കുകയും ചെയ്തു. മുൻപ് സാമൂഹ്യ പരിഷ്കർത്താക്കൾ നിർമ്മാർജ്ജനം ചെയ്ത അനാചാരങ്ങളും അന്ധവിശ്വാസങ്ങളും എല്ലാ വിഭാഗം ജനങ്ങളിലും പടർന്നിരിക്കുന്നു. കാർഷിക ജീവിത വ്യവസ്ഥയിലും സംസ്കാരത്തിലും ഉറച്ച് നിന്ന് നാടിന്റെ മോചന പോരാട്ടങ്ങളിൽ ആത്മാർപ്പണം ചെയ്ത, ഈ നാട്ടിലെ പഴയ നേതാക്കൾ ഏതൊരു യാഥാസ്ഥിതിക ജീവിതത്തേയും സംസ്കാരത്തേയും വലിച്ചെറിഞ്ഞുവോ അവ ഇന്ന് വീണ്ടും

പുതിയ കോലങ്ങളിൽ അരങ്ങേറുകയാണ്. ഒപ്പം വികസനത്തിന്റെ എല്ലാ രംഗങ്ങളിലുമുള്ള വളർച്ചാ നിരക്കിന്റെ കുറവ് തുടരുകയാണ്. ദേശീയ പ്രസ്ഥാനത്തിന്റേയും കർഷക മുന്നേറ്റങ്ങളുടേയും കരുത്തുറ്റ ഈ മണ്ണ് മുരടിപ്പിലേക്ക് നീങ്ങുന്നുണ്ടോ എന്ന ഉൽകണ്ഠ പങ്കുവെച്ചുകൊണ്ട്, ആ സാഹചര്യങ്ങൾ വിശകലനം ചെയ്തുകൊണ്ട് വേദനകൾ കുഴിവെട്ടി മൂടി പുതിയ ജനകീയാസൂത്രണ വികസന സംസ്കാരത്തിലേക്ക് കുതികൊള്ളാമെന്ന പ്രത്യാശയോടെ കുന്നുമ്മൽ പഞ്ചായത്തിന്റെ സമഗ്രവികസന രേഖ അവതരിപ്പിക്കുന്നു.

അധികാരം ജനങ്ങളിലേക്ക്

# ഭൂപ്രകൃതിയും വിഭവങ്ങളും

വടകര താലൂക്കിലെ മുട്ടുങ്ങൽ പക്രംതളം റോഡിൽ, മുട്ടുങ്ങലിൽ നിന്നും 15 കിലോമീറ്റർ കിഴക്കോട്ടുമാറിയാണ് കുന്നുമ്മൽ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്.

അതിരുകൾ:

വടക്ക് : നരിപ്പറ്റ പഞ്ചായത്ത്

കിഴക്ക് : കായക്കൊടി പഞ്ചായത്ത്

തെക്ക് : കുറ്റ്യാടി പുറമേരി പഞ്ചായത്തുകൾ

പടിഞ്ഞാറ് : നാദാപുരം പഞ്ചായത്ത്

ചെറുതും വലുതുമായ 17 കുന്നുകൾ അടങ്ങിയതാണ് കുന്നുമ്മൽ പഞ്ചായത്ത്. പഞ്ചായത്തിന് കുന്നുമ്മൽ എന്നു പേരുവരാൻ കാരണംതന്നെ കുന്നുകളുടെ ഒരു കൂട്ടം സ്ഥിതിചെയ്യുന്നതുകൊണ്ടാണെന്ന് പറയപ്പെടുന്നു. പഞ്ചായത്തിന്റെ ആകെ വിസ്തീർണം 10.58 ച.കി.മീറ്ററാണ്. ഇതിൽ ഏതാണ്ട് 2.4 ച.കി. മീറ്ററും കുന്നിൻ പ്രദേശങ്ങളും 0.13 ച.കി.മീറ്റർ വയൽ നിലങ്ങളുമാണ്. അവശേഷിക്കുന്ന താഴ്‌വരയും തെങ്ങ്, കവുങ്ങ്, കുരുമുളക്, നെല്ല്, മരച്ചീനി, വാഴ എന്നിവയാണ് പ്രധാനവിളകൾ. മതുകുന്ന്, മണ്ണൻകുന്ന് എന്നിവിടങ്ങളിൽ കശുമാവും കൃഷിചെയ്യുന്നു.

പഞ്ചായത്തിൽ കൂടുതലും കാണപ്പെടുന്നത് വെട്ടുകൽ മണ്ണാണ്. കൂടാതെ ചളിമണ്ണും ചരൽമണ്ണും ഉണ്ട്. 20 ഏക്രയോളം വ്യാപിച്ചുകിടക്കുന്ന ഒരു പാറക്കൂട്ടം പഞ്ചായത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് സ്ഥിതിചെയ്യുന്നു. വട്ടോളി ശിവക്ഷേത്രത്തിനോടനുബന്ധിച്ച് കാവും സ്ഥിതിചെയ്യുന്നു.

പഞ്ചായത്തിലെ ഏതാണ്ട് മുഴുവൻ പ്രദേശവും കൃഷിക്കനുയോജ്യമായ ഭൂമിയാണ്. വിശാലമായ നാല് മൈതാനങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥിതിചെയ്യുന്നു. പഞ്ചായത്തിലെ 86 ശതമാനം ഭൂമിയും പുരയിടമാണ്. എന്നാൽ 13 ശതമാനം മാത്രമേ നിലമായിട്ടുള്ളൂ. ബാക്കി പുറമ്പോക്ക് ഭൂമിയാണ്.

കൃഷിഭൂമി വിഭജിച്ചിരിക്കുന്നത് താഴെ പറയും പ്രകാരമാണ്.

തെങ്ങ് 91% നെല്ല് ഒന്നാം വിള 0.5% രണ്ടാംവിള 2.9% വാഴ 0.5% കവുങ്ങ് 0.1% കുരുമുളക് 4.2% പച്ചക്കറി 0.1% കശുമാവ് 0.6%

ഭൂരിഭാഗം പ്രദേശത്തും ജലലഭ്യത ധാരാളമാണെങ്കിലും ഏതാണ്ട് പഞ്ചായത്ത് വിസ്തീർണത്തിന്റെ 1/4 ഭാഗത്തോളമുള്ള ഉയർന്ന പ്രദേശങ്ങളിൽ ജലലഭ്യത ദരിദ്രമാണ്. താഴ്‌വരകളിൽ മിതമായതോതിൽ ജലം ലഭിക്കുന്നു. 37 ഓളം ചെറുതും വലുതുമായ കുളങ്ങളുമുള്ള ഈ പഞ്ചായത്തിലൂടെ കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഭാഗമായുള്ള കനാൽ 6 കിലോമീറ്ററോളം കടന്നുപോകുന്നു. എന്നാൽ സംസ്ഥാന ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കുന്ന പഞ്ചായത്താണ് കുന്നുമ്മൽ.

പഞ്ചായത്തിലെ ജനസംഖ്യ താഴെ പട്ടികപ്പെടുത്തുന്നു.

| ആകെ ജനസംഖ്യ | പുരുഷന്മാർ | സ്ത്രീകൾ |
|---|---|---|
| 16538 | 8898 | 8340 |
| പട്ടികജാതി 505 | 229 | 276 |
| പട്ടികവർഗം 2 | 2 | ഇല്ല |

സ്ത്രീ പുരുഷ അനുപാതം സംസ്ഥാനത്ത് 1000 പുരുഷന്മാർക്ക് 1036 സ്ത്രീകളാണ്. പഞ്ചായത്തിൽ ഇത് 1000 പുരുഷന്മാർക്ക് 1017 സ്ത്രീകളാണ്. എന്നാൽ 6 വയസ്സിന് താഴെയുള്ള കുട്ടികളുടെ എണ്ണം പരിശോധിക്കുമ്പോൾ ഈ അനുപാതം 1000 ആൺകുട്ടികൾക്ക് 956 പെൺകുട്ടികളേയുള്ളൂ. സാക്ഷരരായ 6844 പുരുഷന്മാർ 6287 സ്ത്രീകളുമാണുള്ളത്. പഞ്ചായത്തിൽ 3014 പുരുഷശ തൊഴിലാളികളും 620 സ്ത്രീ തൊഴിലാളികളുമുണ്ട്.

പൊതുവെ പഞ്ചായത്തിൽ ഭൂപ്രകൃതിയും വിഭവങ്ങളും സമ്പന്നമാണ്. എന്നാൽ അതിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഈ കാര്യത്തിൽ സമഗ്രമായ അന്വേഷണങ്ങളും പഠനങ്ങളും ആവശ്യമാണ്.

# വിദ്യാഭ്യാസം

ദേശീയ, കാർഷിക പ്രസ്ഥാനങ്ങളുടെ പ്രവർത്തനഫലമായി സാമൂഹിക പരിഷ്കരണ രംഗത്ത് വന്ന മാറ്റത്തിന്റെ ഫലമായാണ് നമ്മുടെ നാട്ടിൽ വിദ്യാഭ്യാ പുരോഗതി കൈവന്നത്. കുടിപ്പള്ളിക്കൂടങ്ങളിൽ ആരംഭിച്ച് ആധുനിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രയാണത്തിൽ പുരോഗതിയുടെ ദീപശിഖയേന്തിയവരിൽ നിരവധി രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക, വിദ്യാഭ്യാസ പ്രവർത്തകർ ഉൾപ്പെടുന്നുണ്ട്. വട്ടോളിയിൽ ആരംഭിച്ച ദേശീയ ഗ്രന്ഥശാലയും പാതിരിപ്പറ്റയിൽ സ്ഥാപിച്ച സാമൂഹ്യ വിഹാര കേന്ദ്രവും ഈ രംഗത്ത് ഗണ്യമായ സംഭാവന നൽകിയിട്ടുണ്ട്. വൈദ്യം, ജ്യോത്സ്യം മുതലായവയുമായി ബന്ധപ്പെടുത്തി സംസ്കൃത ഭാഷാ പഠനത്തിന് മുൻഗണന നൽകി വന്നതിനാൽ സംസ്കൃത ഹൈസ്കൂളിന്റെ ചരിത്രപരമായ പ്രാധാന്യം സ്മരണീയമാണ്. കാർഷിക വൃത്തിക്ക് പ്രാമുഖ്യം നൽകിവന്നിരുന്ന ഒരു ജനതയെ വയോജന വിദ്യാഭ്യാസം അടക്കമുള്ള പ്രവർത്തനങ്ങൾ വഴി അക്ഷരജ്ഞാനമുള്ളവരാക്കാൻ കഴിഞ്ഞത് ദേശീയ പ്രസ്ഥാനത്തിന്റേയും കർഷക പ്രക്ഷോഭങ്ങളുടേയും ഭാഗമായി തന്നെയാണ്. ഇക്കാലത്ത് തന്നെ ഹിന്ദിഭാഷാ പ്രചരണവും നടന്നിരുന്നു. ഈ പ്രദേശത്തെ വിദ്യാലയങ്ങളിൽ ഭൂരിപക്ഷവും സ്വാതന്ത്ര്യലബ്ധിക്കു മുമ്പ് തന്നെ സ്ഥാപിക്കപ്പെട്ടവയാണ്. 1864-ൽ കണാരൻ ഗുരിക്കൾ സ്ഥാപിച്ച പാതിരിപ്പറ്റ സ്കൂളാണ് ആദ്യ വിദ്യാലയം. 1885-ലാണ് മൊകേരി എൽ.പി.സ്കൂൾ സ്ഥാപിച്ചത്. ശ്രീ. പൊക്കായി ഗുരിക്കളാണ് ഇതിന്റെ സ്ഥാപകൻ. 1898-ൽ സ്ഥാപിച്ച പാറയിൽ സ്കൂൾ മണ്ണോളി എന്ന സ്ഥലത്ത് തൂണേരി വീട്ടിർ ഗുരിക്കളാണ് സ്ഥാപിച്ചത്. മറ്റു സ്കൂളുകൾ സ്ഥാപിക്കപ്പെട്ടത് 1930കൾക്ക് ശേഷമാണ്. 1932-ൽ ബാസൽ ഇവാഞ്ചലിക്കൽ മിഷന്റെ ഒരു സ്കൂൾ മൊകേരി അങ്ങാടിയിൽ ആരംഭിച്ചിരുന്നു. ഈ സ്കൂൾ ചാത്തു ഗുരിക്കൾ രണ്ടു മൂന്ന് വർഷം സംസ്കൃതം വിദ്യാലയമായി പ്രവർത്തിപ്പിക്കുകയുണ്ടായി. പിന്നീട് ഇതിന്റെ പ്രവർത്തനം നിലച്ചുപോയെങ്കിലും അതിന്റെ തകർന്ന കെട്ടിടം കുറേ കാലം നിലനിന്നിരുന്നു. നമ്മുടെ പ്രദേശത്തുകാർ ഉന്നത പഠനത്തിനുവേണ്ടി ആദ്യകാലങ്ങളിൽ പ്രധാനമായും സെക്കണ്ടറി തലത്തിൽ പുറമേരി ഹൈസ്കൂളിനേയും വടകര ബി.ഇ.എം. ഹൈസ്കൂളിനേയും ആശ്രയിച്ചിരുന്നു. കോളേജ് തലത്തിൽ മടപ്പള്ളി ഗവൺമെൻറ് കോളേജിനെയുംയും സംസ്ഥാനത്തിലെ മറ്റ് കോളേജുകളേയുമാണ് ആശ്രയിച്ചത്. 1982-ലാണ് നമ്മുടെ പഞ്ചായത്തിൽ ഉപരിപഠന കേന്ദ്രമായി മൊകേരി ഗവൺമെൻറ് കോളേജ് പ്രവർത്തനം തുടങ്ങി. എന്നാൽ പ്രീ പ്രൈമറി തലത്തിൽ ഗവർമെണ്ട് സഹായത്തോടെയും അല്ലാതെയും ധാരാളം ബാലവാടികൾ പ്രവർത്തിച്ചുവരുന്നുണ്ട്. എന്നാൽ ഇവയൊന്നും രക്ഷിതാക്കളെ ആർഷിക്കുന്നില്ല. കൂടുതൽ പണംചെലവിട്ടാൽ മാത്രമെ നല്ല വിദ്യാഭ്യാസം ലഭിക്കുകയുള്ളൂ എന്ന തെറ്റായ ധാരണ പടർന്നു പിടിച്ചിരിക്കുന്നു. ഇത് ചൂഷണം ചെയ്ത് ഇന്ന്

| ക്രമ നമ്പർ | വാർഡ് നമ്പർ | സ്കൂളിന്റെ പേര് | സ്ഥാപിച്ച വർഷം | കുട്ടികളുടെ എണ്ണം | | | മാനേജ് മെൻറ് | അധ്യാപക രുടെഎണ്ണം. |
|---|---|---|---|---|---|---|---|---|
| | | | | ആൺ | പെൺ | ആകെ | | |
| 1 | IX | പാതിരിപ്പറ്റ യു.പി. | 1864 | 447 | 389 | 836 | എയ്ഡഡ് | 31 |
| 2 | III | മൊകേരി എൽ.പി. | 1885 | 87 | 70 | 157 | എയ്ഡഡ് | 6 |
| 3 | VI | പാറയിൽ എൽ.പി. | 1898 | 79 | 86 | 165 | എയ്ഡഡ് | 7 |
| 4 | IX | കുന്നുമ്മൽ എം.എൽ.പി. | 1902 | 27 | 20 | 47 | എയ്ഡഡ് | 5 |
| 5 | VIII | കുന്നുമ്മൽ സൗത്ത് എം.എൽ.പി. | 1920 | 63 | 69 | 132 | എയ്ഡഡ് | 6 |
| 6 | I | ചീക്കോന്ന് സൗത്ത് എം.എൽ.പി. | 1929 | 148 | 148 | 296 | എയ്ഡഡ് | 12 |
| 7 | VII | എൽ.വി. എൽ.പി. കുളങ്ങരത്ത് | 1931 | 87 | 70 | 157 | എയ്ഡഡ് | 6 |
| 8 | IX | വട്ടോളി എൽ.പി. | 1945 | 114 | 104 | 218 | എയ്ഡഡ് | 8 |
| 9 | IV | വട്ടോളി ഗവൺമെൻറ് യു.പി | 1951 | 161 | 173 | 334 | സർക്കാർ | 16 |
| 10 | IX | വട്ടോളി സംസ്കൃതം എച്ച്. എസ്. | 1935 | 113 | 95 | 208 | എയ്ഡഡ് | 12 |
| 11 | IV | വട്ടോളി നാഷനൽ എച്ച്. എസ്. | 1951 | 764 | 799 | 1563 | എയ്ഡഡ് | 57 |

പ്രീപ്രൈമറി തലത്തിലുള്ള പ്രധാന പ്രവർത്തനങ്ങൾ സ്വകാര്യ വ്യക്തികളുടെ വിദ്യാഭ്യാസം കച്ചവടമായി മാറിയിരിക്കുന്നു. നിലവിലുള്ള വിദ്യാലയങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടികയിൽ കാണുന്ന പ്രകാരം നമ്മുടെ പഞ്ചായത്തിൽ രണ്ട് ഹൈസ്കൂളുകളും രണ്ട് യു.പി. സ്കൂളുകളും ഏഴ് എൽ.പി. സ്കൂളുകളുമാണുള്ളത്. സർക്കാർ സ്ഥാപനമായി ഒരു യു.പി. സ്കൂൾ മാത്രമാണുള്ളത്. 4091 വിദ്യാർത്ഥികളിൽ 1415 വിദ്യാർത്ഥികൾ എൽ.പി.യിലും 1312 വിദ്യാർത്ഥികൾ യു.പി.യിലും 1364 വിദ്യാർത്ഥികൾ ഹൈസ്കൂൾ വിഭാഗത്തിലുമാണ് പഠിക്കുന്നത്. ഇതിൽ 87 വിദ്യാർത്ഥികൾ പട്ടികജാതിയിൽ പെട്ടവരാണ്. അതിൽ 54 പേർ പെൺ കുട്ടികളാണ്. ഈ വർഷം വിവിധ ക്ലാസുകളിലായി 326 വിദ്യാർത്ഥികൾ തോറ്റു പഠിക്കുന്നവരാണ്. ഇതിൽ 156 പേർ പെൺകുട്ടികളും 170 പേർ ആൺകുട്ടികളും പട്ടികജാതിയിൽ പെട്ട രണ്ട് ആൺകുട്ടികളും ഉണ്ട്. എന്നാൽ ഈ വർഷം പഠനം നിർത്തിയവർ 357 പേരാണ്. അതായത് 8.73%. ഇതിൽ 155 പേർ പെൺകുട്ടികളാണ് . പട്ടികജാതിയിൽ പെട്ട 12 പേർ ഇത് കൂടാതെയുണ്ട്. ഇവരിൽ 3 പേർ പെൺകുട്ടികളാണ്. ഈ വസ്തുത തോറ്റ് പഠിക്കുന്നവരിലും പഠനം നിർത്തിയവരിലും, ആൺകുട്ടികളാണ് മുന്നിലെന്ന് എന്ന് കാണിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ ഈ വർഷം 881 വിദ്യാർത്ഥികൾക്ക് 29047 രൂപ വിവിധ ഇനങ്ങളിലായി ലഭിച്ചിട്ടുണ്ട്. ഇതിൽ മെറിറ്റ് സ്കോളർഷിപ്പ് കിട്ടുന്ന മൂന്ന് വിദ്യാർത്ഥികൾക്ക് 180 രൂപയും 95 വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാൻറ് ഇനത്തിൽ 9812 രൂപയും മുസ്ലിം പെൺകുട്ടികളുടെ സ്കോളർഷിപ്പ് ഇനത്തിൽ 166 പെൺകുട്ടികൾക്കായി 11175 രൂപയും വികലാംഗ സ്കോളർഷിപ്പ് ഇനത്തിൽ 15 കുട്ടികൾക്കായി 7800 രൂപയും മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് ഇനത്തിൽ ഒരു കുട്ടിക്ക് എൺപത് രൂപയുമാണ് ലഭിക്കുന്നത്.

കുട്ടികളുടെ അക്കാദമിക് നിലവാരം പരിശോധിച്ചാൽ വിവിധ ക്ലാസുകളിലായി 60%-ത്തിൽ കൂടുതൽ മാർക്ക് നേടുന്ന വിദ്യാർത്ഥികൾ 11.92%മാണ്. 40നും 50നും ഇടയ്ക്ക് മാർക്ക് നേടുന്നവർ 17.1%വുമാണ്. 30-ന്റെ താഴെ മാർക്ക് നേടുന്നവരുടെ ശതമാനം 48.47 ,

### അക്കാദമിക് നിലവാരം

| ആകെ വിദ്യാർത്ഥികൾ | 30നു താഴെ മാർക്കു നേടിയവർ | 30-40- നിടയിൽ മാർക്കു നേടിയവർ | 40-50നിടയിൽ മാർക്കു നേടിയവർ | 50-60നിടയിൽ മാർക്കു നേടിയവർ | 60നുമേൽ മാർക്കു നേടിയവർ |
|---|---|---|---|---|---|
| 3388 | 1642 (48.47%) | 576 (17.1%) | 441 (13.92%) | 325 (9.59%) | 404 (11.92%) |

പഞ്ചായത്തിലെ രണ്ട് ഹൈസ്കൂളിലെ എസ്.എസ്.എൽ.സി വിജയശതമാനം (കഴിഞ്ഞ നാലു വർഷത്തേത്) താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | എസ്.എസ്.എൽസി. വിജയശതമാനം. പരീക്ഷ എഴുതിയ കുട്ടികളുടെ എണ്ണം ബ്രാക്കറ്റിൽ | | | |
|---|---|---|---|---|---|
| | | 1992-93 | 93-94 | 94-95 | 95-96 |
| 1. | വട്ടോളി നാഷണൽ ഹൈസ്കൂൾ | 24% (392) | 30% (375) | 28% (362) | 27% (324) |
| 2. | വട്ടോളി സംസ്കൃത ഹൈസ്കൂൾ | 54.15% (40) | 51.85% (52) | 50% (49) | 85.7% (33) |

ആണ്. ഇതിൽ നിന്നും പകുതിയോളം വിദ്യാർത്ഥികൾ പഠന നിലവാരത്തിൽ വളരെ പിന്നിലാണെന്ന് മനസ്സിലാക്കാം.

വട്ടോളി സംസ്കൃതം ഹൈസ്കൂളിൽ വിജയശതമാനം കൂടുതലാണെങ്കിലും പരീക്ഷയ്ക്ക് ഇരുന്ന വിദ്യാർത്ഥികളുടെ എണ്ണം നൂറിൽ താഴെയാണ്. എന്നാൽ കൂടുതൽ വിദ്യാർത്ഥികൾ പരീക്ഷയ്ക്ക് ഇരുന്ന വട്ടോളി നാഷണൽ ഹൈസ്കൂളിൽ വിജയശതമാനം 30ന് മുകളിലായിട്ടില്ല. പ്രൈമറി, അപ്പർ പ്രൈമറി തലത്തിലെ വിജയശതമാനത്തിന്റെ കണക്കുകൾ സ്കൂൾ തലത്തിൽ പരീക്ഷ നടത്തി പലപ്പോഴും അധ്യാപകർ മാർക്ക് നൽകി വിജയിപ്പിച്ചതിന്റേതാണ്. ഇത് വെച്ച് നോക്കുമ്പോൾ പ്രൈമറി വിജയശതമാനം ഉയർന്നതാണ്. അപ്പർ പ്രൈമറിയിൽ നിലവാരം താഴുകയാണ്. എന്നാൽ ഈ രേഖകൾ വെച്ച് മൊത്തം ഈ രംഗത്തെ വിദ്യാഭ്യാസ നിലവാരത്തെ സത്യസന്ധമായി വിലയിരുത്താൻ കഴിയില്ല. എങ്കിലും പൊതുവെ പ്രൈമറിയിലേക്ക് എത്തുന്ന കുട്ടികൾ പഠനത്തിൽ കൂടുതൽ ആവേശം കാണിക്കുന്നുണ്ട്. എന്നാൽ ഇന്നത്തെ പരീക്ഷാ സമ്പ്രദായവും ഓർമ്മകൾ മാത്രം പരിശോധിക്കുന്ന പരീക്ഷാ രീതിയും കുട്ടികളിൽ മടുപ്പും വിരക്തിയും ഉണ്ടാക്കുന്നതായി ബോധ്യപ്പെടുന്നു. ഈ താൽപര്യമില്ലായ്മ അവർ സെക്കണ്ടറിയിലും തുടരുകയാണ്.

പഞ്ചായത്തിലുള്ള സ്കൂളുകളെ കേന്ദ്രീകരിച്ച് നടക്കുന്ന പാഠ്യേതര പ്രവർത്തനങ്ങൾ ആശാവഹമല്ല. ഒറ്റപ്പെട്ട നേട്ടങ്ങൾ ഉണ്ടെങ്കിലും എല്ലാം വിദ്യാർത്ഥികൾക്കും പാഠ്യേതര പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനോ, അവരുടെ വ്യക്തിത്വം വികസപ്പിക്കുന്നതിനോ കഴിയുന്നില്ല പര്യാപ്തമല്ല. കോംപ്ലക്സ് അടിസ്ഥാനത്തിൽ നടക്കുന്ന മേളകളോട് അനുബന്ധിച്ച് ചില പരിശീലന പരിപാടികൾ നടത്തുന്നതാണ് ഈ രംഗത്തെ എടുത്തു പറയത്തക്ക പ്രവർത്തനം. ചില താൽപര്യമുള്ള രക്ഷാകർത്താക്കളുടെ അമിതമായ ഇടപെടലുകൾ ഈ രംഗത്തും പ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ട്. ആഗസ്റ്റ്-15 മാത്രമേ ദേശീയ ദിനാചരണങ്ങളുടെ കൂട്ടത്തിൽ പരിഗണിക്കപ്പെടുന്നുള്ളൂ. കഴിവും താൽപര്യവുമുള്ള കുട്ടികൾക്ക് മത്സരത്തിനപ്പുറം വേദിയൊരുക്കുന്ന സാഹിത്യസമാജങ്ങൾ പോലെയുള്ളവ സജീവമല്ല. പൊതുവെ പാഠ്യേതര പ്രവർത്തനങ്ങൾ മത്സരാധിഷ്ഠിതമായി മാറിയിട്ടുണ്ട്.

വടകര വിദ്യാഭ്യാസ ജില്ലയിലെ കുന്നുമ്മൽ ഉപജില്ലയിലാണ് പഞ്ചായത്തിലെ സ്കൂളുകൾ. വർഷംതോറും സ്റ്റാഫ് ഫിക്സേഷൻ വിസിറ്റ് നടക്കാറുണ്ടെങ്കിലും ഇൻസ്പെക്ഷൻ വിസിറ്റിന്റെ അഭാവം അനുഭവപ്പെടുന്നുണ്ട്. രക്ഷാകർതൃസമിതികൾ മിക്ക സ്കൂളുകളിലും സജീവമല്ല. അധ്യാപകർക്ക് നാമമാത്രമായി ലഭിക്കുന്ന പരിശീലനം ഫലപ്രദമല്ല. മിക്ക സ്കൂളുകളിലും സർക്കാർ നിർദ്ദേശിച്ച തരത്തിലുള്ള ഭൗതിക സാഹചര്യങ്ങൾ ഇല്ല. ഇന്ന് നിലവിലുള്ള മൂല്യനിർണ്ണയ സമ്പ്രദായം വിദ്യാർത്ഥികളുടെ കഴിവിനെ അപഗ്രഥിക്കുന്നതിന് പര്യാപ്തമല്ല. എന്നാൽ ജില്ലാ പഞ്ചായത്ത് ഈ

വർഷം ജനകീയ വിദ്യാഭ്യാസ സമിതികളുടെ നേതൃത്വത്തിൽ നടപ്പിലാക്കാനായി നിരവധി നിർദ്ദേശങ്ങൾ മുന്നോട്ട് വെച്ചിട്ടുണ്ട്. നിലവിലുള്ള സംവിധാനത്തിന് ഒട്ടേറെ മാറ്റങ്ങൾ ഉണ്ടാക്കി പുരോഗതി കൈവരുത്താൻ ഈ പദ്ധതികൊണ്ട് കഴിയുമെന്നാണ് കരുതുന്നത്. അധ്യാപകർക്ക് പുനഃപരിശീലനം, ശാസ്ത്രീയമായ മൂല്യനിർണ്ണയം, സ്കൂൾ വിദ്യാഭ്യാസ സമിതികളുടെ പ്രവർത്തനം, പാഠ്യേതര പ്രവർത്തനങ്ങൾ എന്നിവ പ്രധാനപ്പെട്ട പരിപാടികളാണ്.

## പ്രീപ്രൈമറി വിദ്യാഭ്യാസം

കുന്നുമ്മൽ ഗ്രാമപഞ്ചായത്തിൽ നാല് ബാലവാടികളിൽ നിന്നും പ്രീപ്രൈമറി വിദ്യാഭ്യാസം ലഭിക്കുന്ന കുട്ടികളുടെ എണ്ണം പരിമിതമാണ്. ഭൂരിപക്ഷം സ്ഥാപനങ്ങളിലും പഠനോപകരണങ്ങൾ വേണ്ടത്രയില്ല. ജീവനക്കാർക്ക് ലഭിക്കുന്ന പരിശീലനത്തിന്റെ അപര്യാപ്തത പ്രശ്നങ്ങൾക്ക് ഹേതുവായിട്ടുണ്ട്. ശമ്പളക്കുറവും മറ്റൊരു കാരണമാണ്. എല്ലാ സ്ഥാപനങ്ങളും മഹിളാ സമാജങ്ങളുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. സമാജങ്ങളുടെ താൽപര്യക്കുറവും നടത്തിപ്പിലുള്ള അപാകതയും ബാലവാടികളുടെ നിർജ്ജീവതയ്ക്ക് കാരണമായിട്ടുണ്ട്. ബ്ലോക്ക് മുഖേന എല്ലാ ബാലവാടികളിലും കുട്ടികൾക്ക് ഭക്ഷണം വിതരണം ചെയ്യപ്പെടുന്നുണ്ട്.

പഞ്ചായത്തിൽ ആറ് വയസ്സിന് താഴെയുള്ള കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി വേണ്ടത്ര പ്രീപ്രൈമറി സ്ഥാപനങ്ങൾ ഇവിടെ ഇല്ല. ഉള്ളത് തന്നെ സ്വകാര്യമേഖലയിലാണ്. ഇവർ ഈ മേഖലയിൽ ലാഭം കൊയ്യുകയാണ്. സമ്പന്നരായ കുടുംബങ്ങളിലെ കൊച്ചു കുട്ടികളെ ജീപ്പുകളിലും വാനുകളിലും ഇംഗ്ലീഷ് മലയാളം മീഡിയം നഴ്സറികളിലേക്ക് കൊണ്ട് പോകുന്നത് സ്ഥിരം കാഴ്ചയാണ്.

### ബാലവാടികളുടെ വിവരം.

| ക്രമ നമ്പർ | വാർഡ് നമ്പർ | സ്ഥാപനത്തിന്റെ പേര് | സ്ഥാപിച്ച വർഷം | ജീവനക്കാരുടെ എണ്ണം | കുട്ടികളുടെ എണ്ണം | | ആകെ |
|---|---|---|---|---|---|---|---|
| | | | | | ആൺ | പെൺ | |
| 1. | IX | ദേശീയ ഗ്രന്ഥശാല | 1975 | 2 | 14 | 18 | 32 |
| 2. | IX | കസ്തൂർഭാ മെമ്മോറിയിൽ ബാലവാടി | 1976 | 2 | 12 | 15 | 27 |
| 3. | I | സാമൂഹ്യ വഹാരകേന്ദ്രം പാതിരിപ്പറ്റ | 1975 | 2 | 20 | 10 | 30 |
| 4. | VII | ദുർഗ്ഗാ ബാലവാടി | 1975 | 2 | 10 | 8 | 18 |

### പ്രൈമറി വിദ്യാഭ്യാസം

പഞ്ചായത്തിൽ ആകെ ഒൻപത് പ്രൈമറി സ്കൂളുകളാണുള്ളത്. ഇതിൽ രണ്ടെണ്ണം അപ്പർ പ്രൈമറി വിഭാഗത്തിലും ഏഴെണ്ണം ലോവർ പ്രൈമറി വിഭാഗത്തിലുമാണ്. രണ്ട് ഹൈസ്കൂളുകളോട് ചേർത്ത് അപ്പർ പ്രൈമറി വിഭാഗങ്ങളും ഉണ്ട്. പ്രൈമറി സ്കൂളുകളിലെ പഠന നിലവാരം പൊതുവെ മെച്ചപ്പെട്ടതല്ല. നിലവിലുള്ള അശാസ്ത്രീയമായ ബോധനരീതിയും, മൂല്ല്യ നിർണ്ണയവും പ്രശ്നങ്ങല്ൾ സൃഷ്ടിക്കുന്നുണ്ട്. ആൾപ്രമോഷൻ സമ്പ്രദായത്തിന്റെ മറവിൽ കുട്ടികളുടെ നിലവാരം മെച്ചപ്പെടുത്തിയിട്ടല്ല ക്ലാസ് കയറ്റം നല്കുന്നത്. എന്നാൽ കുട്ടികളിൽ ഒരു വിഭാഗം തോറ്റ് പഠിക്കുകയും ചെറിയൊരു വിഭാഗം പഠനം നിർത്തുകയും ചെയ്യുന്നുണ്ട്.

കുട്ടികളുടെ അക്കാദമിക്ക് നിലവാരം ഭൗതിക സാഹചര്യങ്ങളും മനസ്സിലാക്കാൻ കഴിയുന്ന പട്ടിക താഴെ കൊടുക്കുന്നു.

### അക്കാദമിക് നിലവാരം

| ക്ലാസ് | ആകെ കുട്ടികൾ | 30 ശതമാനത്തിന് താഴെ | | 30നും 40നും ഇടയിൽ | | 40നും 50നും ഇടയിൽ | | 50-നും 60നും ഇടയൽ | | 60നുമേൽ | |
|---|---|---|---|---|---|---|---|---|---|---|---|
| | | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം |
| III | 338 | 112 | 36.6 | 72 | 21.6 | 57 | 17.1 | 30 | 9.0 | 62 | 18.6 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| IV | 385 | 11 | 29.6 | 60 | 15.6 | 69 | 17.9 | 52 | 13.5 | 90 | 23.4 |
| V | 408 | 130 | 31.7 | 79 | 19.4 | 77 | 18.9 | 50 | 12.3 | 72 | 17.6 |
| VI | 399 | 169 | 42 | 85 | 21.3 | 68 | 17.0 | 39 | 9.8 | 38 | 9.5 |
| VII | 513 | 250 | 48.7 | 103 | 20.0 | 70 | 13.6 | 46 | 9.0 | 44 | 9.0 |
| ആകെ | 2038 | 775 | 38.0 | 399 | 19.6 | 341 | 16.7 | 217 | 10.6 | 306 | 15.0 |

## സെക്കണ്ടറി വിദ്യാഭ്യാസം

വട്ടോളി നാഷണൽ ഹൈസ്കൂളും വട്ടോളി സംസ്കൃത ഹൈസ്കൂളുമാണ് പഞ്ചായത്തിലെ സെക്കണ്ടറി തലത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ. വട്ടോളി നാഷണൽ ഹൈസ്കൂളിൽ വേണ്ടത്ര ഭൗതിക സാഹചര്യങ്ങളുണ്ടെങ്കിലും അക്കാദമിക് നിലവാരം ഉയർത്തുന്നതിൽ ഇവ ഫലപ്രദമായി ഉപയോഗിക്കപ്പെടുന്നില്ല. നിരന്തരമായുള്ള പഠിപ്പ് മുടക്ക് അദ്ധ്യയന ദിവസങ്ങൾ നഷ്ടപ്പെടുത്തുന്നുമുണ്ട്. വട്ടോളി സംസ്കൃതം ഹൈസ്കൂളിൽ മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളുണ്ട്. പഠിപ്പ് മുടക്ക് ദിനങ്ങൾ കുറവാണ്. പാഠ്യേതല പ്രവർത്തനങ്ങൾ സജീവമല്ല. മേളകൾ കേന്ദ്രീകരിച്ചു പ്രവർത്തനങ്ങളെ നടക്കാറുള്ളൂ. കായിക രംഗത്ത് വട്ടോളി നാഷണൽ ഹൈസ്കൂൾ പ്രവർത്തനങ്ങൾ സജീവമാണെങ്കിലും സംസ്കൃ ഹൈസ്കൂളിൽ തുലോം കുറവാണ്.

സ്കൂൾ വിദ്യാഭ്യാസ മേഖലയിലെ സാധ്യതകൾ:-

എല്ലാ വാർഡുകളിലും ബാലവാടി സ്ഥാപിക്കാനുള്ള സാഹചര്യങ്ങളുണ്ട്. പഞ്ചായത്തിലെ മൂന്നും നാലും വയസ്സുള്ള എല്ലാ കുട്ടികൾക്കും പ്രീപ്രൈമറി വിദ്യാഭ്യാസം ലഭിക്കുന്ന തരത്തിൽ ഇവ ആരംഭിക്കേണ്ടിയിരിക്കുന്നു. 1, 4, 7, 9 വാർഡുകളിൽ മാത്രമേ ബാലവാടികൾ ഇപ്പോഴുള്ളൂ. 2, 3, 5, 6, 8 വാർഡുകളിൽ ബാലവാടികൾ സ്ഥാപിക്കണം. മൂന്നാം വാർഡിൽ താൽക്കാലികമായി പ്രവർത്തിക്കുന്ന നഴ്സറി സ്കൂൾ ഒരു നല്ല സ്ഥാപനമായി ഉയർത്താം അഞ്ചാം വാർഡിൽ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ തരിശായി കിടക്കുന്ന സ്ഥലത്ത് ബാലവാടി സ്ഥാപിക്കാം. മിക്ക വാർഡുകളിലും നിലവിലുള്ള സ്കൂളുകളോടനുബന്ധിച്ച് ഇവ സ്ഥാപിക്കുന്നതാണ് അഭികാമ്യം. നിലവിലുള്ള ബാലവാടികളിൽ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കണം. അധ്യാപകർക്ക് മെച്ചപ്പെട്ട പരിശീലനം കൊടുക്കണം. സമൂഹത്തിന്റെ ഭാവി പൗരന്മാരെ വളർത്തിയെടുക്കുന്ന പ്രക്രിയയിലെ അടിസ്ഥാന ഘടകമാണ് ഇത്തരം സ്ഥാപനങ്ങളിലൂടെ രൂപപ്പെടേണ്ടത്. ഇതിനടിസ്ഥാനപ്പെടുത്തിയുള്ള ആസൂത്രണം ഈ മേഖലയിൽ അത്യാവശ്യമാണ്. ജനകീയ കമ്മറ്റികളുടെ ആഭിമുഖ്യത്തിൽ ചിട്ടയായ നടത്തിപ്പും മോണിറ്ററിംഗും കൂടി നടത്തണം. അധ്യാപകർക്ക് മെച്ചപ്പെട്ട വേതനം ലഭ്യമാക്കേണ്ടതാണ്. മാതാപിതാക്കൾക്ക് പ്രീപ്രൈമറി രംഗത്തുള്ള പങ്കാളിത്തം ഉറപ്പു വരുത്താനാവശ്യമായ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കണം.

രണ്ട്, അഞ്ച്, വാർഡുകളിലൊഴികെ മറ്റെല്ലാ വാർഡുകളിലും പ്രൈമറി സ്കൂളുകളുണ്ട്. പാറയിൽ എൽ.പി.സ്കൂൾ ഭൗതിക സാഹചര്യങ്ങൾ വളരെ പരിതാപകരമാണ്. മൂത്രപ്പുരയും കക്കൂസും ഇല്ലാത്ത ഏക സ്കൂളാണിത്. ഇവിടെ മൂത്രപ്പുര നിർമ്മിക്കുന്നതിന് പഞ്ചായത്ത് വകയായുള്ള സ്ഥലം അനുവദിക്കണം. പാചകമുറി ഉണ്ടാക്കണം.

കുന്നുമ്മൽ സൗത്ത് എം.എൽ.പി. സ്കൂളും ഭൗതിക സാഹചര്യത്തിന്റെ കാര്യത്തിൽ പിന്നോക്കം തന്നെയാണ്. സ്കൂളിന്റെ മുന്നിലൂടെ മെയിൻ റോഡ് കടന്നു പോകുന്നതിനാൽ സ്കൂളിനു ചുറ്റും മതിൽ കെട്ടേണ്ടത് അത്യാവശ്യമാണ്. കളിസ്ഥലത്തിന് സൗകര്യം ഏർപ്പെടുത്തണം. കുന്നുമ്മൽ എൽ.പി.സ്കൂളും പരിമിതകളുള്ള വിദ്യാലയത്തിൽ പെടും. കുട്ടികളുടെ കൊഴിഞ്ഞുപോക്ക് അനുഭവപ്പെടുന്ന വിദ്യാലയമാണിത്. ഇവിടെയുള്ള ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. മൊകേരി എൽ.പി., ലക്ഷ്മി വിലാസം എൽ.പി., ചീക്കോത്ത് ഈസ്റ്റ് എം.എൽ.പി. എന്നിവയുടെയും ഭൗതിക സാഹചര്യങ്ങൾ ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ട്. മിക്ക സ്കൂളുകളിലും ക്ലാസ് മുറികൾ വേർതിരിക്കുവാനുള്ള പദ്ധതികൾ നടപ്പിലാക്കണം. കുട്ടികൾ ഇടക്ക് പഠനം നിർത്തുന്നത് സാമ്പത്തിക ബുദ്ധിമുട്ട് മൂലമാണെങ്കിൽ അവരെ സഹായിക്കണം. ഉച്ചക്കഞ്ഞി വിതരണം കാര്യക്ഷമമാക്കണം. ഇതിന് ജനകീയ കമ്മറ്റികളെ സജീവമാക്കണം.

പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി പുതിയ

# സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | വിസ്തീർണ്ണം | ഓഫീസ് മുറി | സ്റ്റാഫ് മുറി | ലബോറട്ടറി | മൂത്രപുര | കക്കൂസ് | പാചകമുറി | കളിസ്ഥലം | കിണർ | മോട്ടർ പൈപ് | ലൈബ്രറി | സയൻസ്ക്കോർണർ | പഠനോപകരണങ്ങൾ | റേഡിയോ | ടേപ്പ് റിക്കോർഡർ | ബ്ലേക്ക് ബോർഡ് | 96–96 ലെ അദ്ധ്യയന ദിവസം | സമരം കാരണം നഷ്ടപ്പെട്ടവ | പൊതു അവധിയിലൂടെ നഷ്ടപ്പെട്ടത് | മാതൃസംഗമം സജീവമാണോ അല്ലയോ | ക്ലാസ് റൂം പി.ടി.ഐ. പ്രവർത്തനം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1. | വട്ടോളി ഗവൺമെൻറ് യു.പി. | 75 സെൻറ് | ✓ | ✓ | + | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | + | + | + | + | 10<br>10 | 189.5 | 4 | 16 | ✓ | + |
| 392. | പാതിരിപ്പറ്റ യു.പി. | 75 സെൻറ് | ✓ | ✓ | + | ✓ | ✓ | + | ✓ | ✓ | ✓ | ✓ | + | ✓ | ✓ | ✓ | 24<br>23 | 190.5 | 4 | 16 | ✓ | + |
| 3. | ചീക്കോന്ന് ഈസ്റ്റ് എം.എൽ.പി. | 120 സെൻറ് | ✓ | + | + | ✓ | ✓ | + | ✓ | ✓ | ✓ | ✓ | + | + | ✓ | ✓ | 10<br>10 | 189.5 | | 13 | ✓ | ✓ |
| 4. | വട്ടോളി എൽ.പി. | 50 സെൻറ് | ✓ | + | + | ✓ | ✓ | ✓ | + | ✓ | + | ✓ | ✓ | + | ✓ | ✓ | 8<br>8 | 187.5 | 4.5 | 16 | ✓ | ✓ |
| 5. | പാറയിൽ എൽ.പി. | 25 സെൻറ് | ✓ | + | + | + | + | + | + | ✓ | + | ✓ | + | + | ✓ | + | 6<br>4 | 189.5 | 6<br>4 | 16 | ✓ | + |
| 6. | മൊകേരി എൽ.പി. | 40 സെൻറ് | ✓ | + | + | ✓ | ✓ | ✓ | + | ✓ | + | ✓ | ✓ | + | ✓ | + | 4<br>3 | 186 | 4.5 | 13 | ✓ | + |
| 7. | ലക്ഷ്മി വിലാസം എൽ.പി കുളങ്ങരത്ത് | 15 സെൻറ് | ✓ | + | + | ✓ | + | + | + | ✓ | ✓ | ✓ | ✓ | + | ✓ | + | 5<br>4 | 189 | 3 | 12 | ✓ | + |
| 8. | കുന്നുമ്മൽ സൗത്ത് എം.എൽ.പി | .25 സെൻറ് | ✓ | + | + | ✓ | + | + | + | + | ✓ | ✓ | + | + | + | + | 5<br>5 | 189.5 | 4 | 16 | ✓ | + |
| 9. | കുന്നുമ്മൽ എം.എൽ.പി. | 30 സെൻറ് | ✓ | | | ✓ | + | + | + | + | + | ✓ | ✓ | + | + | + | 4<br>4 | 185.5 | 4 | 18 | ✓ | + |
| 10. | വട്ടോളി സംസ്കൃതം ഹൈസ്കൂൾ | 75 സെൻറ് | ✓ | ✓ | ഭാഗികം | ✓ | ✓ | ✓ | ✓ | ✓ | + | ✓ | ✓ | ഭാഗികം | ✓ | ✓ | 6<br>15 | 176.5 | 4 | 15 | ✓ | + |
| 11. | വട്ടോളി നാഷണൽ ഹൈസ്കൂൾ | 5.5 ഏക്കർ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | + | ✓ | 39<br>40 | 160.5 | 15 | 20 | ✓ | ✓ |

ഇതിൽ സ്ലൈഡ് പ്രൊജക്ടർ വട്ടോളി നാഷണൽ ഹൈസ്കൂളിൽ ഉണ്ട്. ഓവർ ഹെഡ് പ്രൊജക്ടർ, കമ്പ്യൂട്ടർ, ടി.വി.സെറ്റ് എന്നിവ എവിടെയും ഇല്ല

ബോധന രീതികളും മൂല്യനിർണ്ണയ രീതികളും നടപ്പിലാക്കണം. ഇതിന് അധ്യാപകർക്ക് പുന:പരിശീലന ക്ലാസുകൾ തുടർച്ചയായി കൊടുക്കണം. പഠനോപകരണങ്ങൾ നിർമ്മിക്കുവാനുള്ള വർക് ഷോപ്പുകൾ ഒരു ടേമിൽ ഒന്നെങ്കിലും വേണം. ശാസ്ത്ര വിഷയങ്ങൾ പഠിപ്പിക്കുന്നത് പ്രവൃത്തിയിൽ അധിഷ്ടിതമായിരിക്കണം. ഇതിന്ന് ആവശ്യമായ രീതിയിൽ പ്രവർത്തിക്കുന്ന അക്കാദമിക് കമ്മറ്റി ഉണ്ടാക്കണം. പഠനപ്രവർത്തനങ്ങളോടൊപ്പം തന്നെ പാഠ്യേതര പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകണം. സ്കൂളുകളും ക്ലാസ് മുറികളും ആകർഷകമാക്കണം. ദേശീയ ദിനാഘോഷങ്ങൾ വിപുലമായ പരിപാടികളോടെ നടത്തണം. കുട്ടികളുടെ പഠനയാത്രകൾ പ്രാദേശിക തലത്തിലുള്ള കാര്യങ്ങൾ മനസ്സിലാക്കാനുതകുന്നവയാകണം. ദീർഘദൂര വിനോദയാത്രകൾ കുട്ടികളിൽ ധനിക-ദരിദ്ര്യ വ്യത്യാസങ്ങൾ ഉണ്ടാക്കുന്നുണ്ട്. അത് ഭാഗികമായതിനാൽ ഒരു പാഠ്യേതര പ്രവർത്തനമായി മാറുന്നില്ല. സാഹിത്യസമാജങ്ങൾ സ്കൂൾ ക്ലാസ് അടിസ്ഥാനത്തിൽ എല്ലാ മാസങ്ങളിലും സംഘടിപ്പിക്കണം. കുട്ടികളുടെ സന്നദ്ധ പ്രവർത്തനം സജീവമാക്കുന്ന തരത്തിൽ ഗ്രൂപ്പ് പ്രവർത്തനങ്ങൾക്ക് അവസരം നൽകണം.

സെക്കണ്ടറി സ്കൂളുകളിൽ രക്ഷാകർതൃസമിതികളുടെ പ്രവർത്തനം വളരെയധികം സജീവമാക്കേണ്ടതുണ്ട്. മുഴുവൻ രക്ഷാകർത്താക്കളേയും പങ്കെടുപ്പിച്ച് ക്ലാസുകൾ കേന്ദ്രീകരിച്ച് കുട്ടികളെ കുറിച്ച് വിലയിരുത്തൽ നടത്തണം. ഇതിനാവശ്യമായ പരിശീലനം അധ്യാപകർക്ക് നൽകണം. ലബോറട്ടറി സൗകര്യങ്ങൾ ഉപയോഗപ്പെടുത്തണം. എല്ലാ വിദ്യാർത്ഥികളേയും പങ്കെടുപ്പിച്ചുകൊണ്ടുള്ള പാഠ്യേതര പ്രവർത്തനങ്ങൾ സജീവമാക്കണം. വിദ്യാർത്ഥികളുടെ അനാവശ്യ പഠിപ്പ്മുടക്കുകൾ ഒഴിവാക്കണം. വിദ്യാർത്ഥികളിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഉത്തരവാദിത്വബോധം തിരിച്ചു കൊണ്ടുവരാൻ സാമൂഹ്യസമ്മർദ്ദം ആവശ്യമാണ്. ഇതിനായി ജനകീയവിദ്യാഭ്യാസ സമിതികളുടെ പ്രവർത്തനം ശക്തമാക്കണം. മെച്ചപ്പെട്ട ഭൗതികസാഹചര്യങ്ങൾ ഉണ്ടായിട്ടുപോലും വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുവാൻ വട്ടോളി നാഷണൽ ഹൈസ്കൂളിന് കഴിഞ്ഞിട്ടില്ലെന്നത് ഗൗരവമായി ചിന്തിക്കേണ്ടതുണ്ട്. പാഠ്യേതര പ്രവർത്തനങ്ങൾ മെച്ചപ്പെട്ട നേതൃത്വം നൽകുന്നതിന് ഈ സ്ഥാപനത്തിന് ഇനിയും സാധിക്കും. ജനകീയ വിദ്യാഭ്യാസ സമിതിയുടെ ആഭിമുഖ്യത്തിൽ വാർഡുകൾ കേന്ദ്രീകരിച്ച് സമ്പർക്ക സമിതിയുടെ പ്രവർത്തനങ്ങൾ പ്രായോഗികമാക്കുകയാണ് വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള മറ്റൊരു നിർദ്ദേശം. പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് സിലബസ്സിൽ കാര്യമായ മാറ്റം ആവശ്യമാണ്. കുട്ടികളുടെ സാഹചര്യങ്ങൾ ഉൾക്കൊള്ളുന്ന തരത്തിൽ സിലബസ്സിൽ മാറ്റം വരുത്തണം. നമ്മുടെ ഗ്രാമത്തിന്റെ പരിസ്ഥിതി, ഭൂപ്രകൃതി, ചരിത്രം, സംസ്കാരം എന്നിവയ്ക് പ്രധാന്യം കൊടുക്കുന്നതരത്തിലും മറ്റുമാണ് വേണ്ടത്. വിദ്യാലയങ്ങളിലെ നിയമനങ്ങൾ പി.എസ്.സിക്ക് വിടണമെന്ന നിർദ്ദേശവുമുണ്ട്. അധ്യാപകരുടെ ജോലിസ്ഥിരത ഉറപ്പ് വരുത്തണം. തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകണം. ഗ്രാമതലത്തിൽ ഒരു വിദ്യാഭ്യാസ കമ്മീഷൻ രൂപീകരിച്ച് വിദ്യാലയങ്ങളുടെ പ്രവർത്തനങ്ങൾ പഠിക്കുന്നതിനും പ്രായോഗികമായ നിർദ്ദേശങ്ങൾ മുന്നോട്ട് വെയ്ക്കുന്നതിനുമുള്ള അവസരങ്ങൾ സൃഷ്ടിക്കണം.

## ഉന്നതവിദ്യാഭ്യാസ രംഗം

ഈ രംഗത്ത് വളരെ കാലത്തെ മുറവിളിക്ക് ശേഷം സ്ഥാപിപ്പിക്കപ്പെട്ട (വടകര താലൂക്കിലെ കിഴക്കൻ ഭാഗത്ത്) കോളേജ് ആണ് മൊകേരിയിലുള്ള സർക്കാർ കോളേജ് 1981-ലാണ് ഇതിന്റെ പ്രവർത്തനം വട്ടോളി നാഷണൽ ഹൈസ്കൂളിനോടനുബന്ധിച്ച് ആരംഭിച്ചത്. 15 ഏക്കർ ഭൂമിയും 5 ലക്ഷം രൂപയും അര ലക്ഷ ലക്ഷം രൂപയുടെ ഫർണിച്ചറും സ്പോൺസറിംഗ് കമ്മറ്റി നൽകാമെന്ന വ്യവസ്ഥയിലാണ് കോളേജ് അനുവദിച്ചു കിട്ടിയത്. എന്നാൽ സ്പോൺസറിംഗ് കമ്മിറ്റിക്ക് അര ലക്ഷം രൂപയും മൂന്നര ഏക്കർ സ്ഥലവും മാത്രമേ സംഭരിക്കാൻ കഴിഞ്ഞുള്ളൂ. 1988 മാർച്ച് 20 വരെ ഉദ്ദേശ ലക്ഷ്യത്തിലെത്തിച്ചേരാൻ കഴിയാത്തതിനാൽ മേപ്പയ്യൂർ എം.എൽ.എ ശ്രീ. എ. കണാരന്റെ നേതൃത്വത്തിൽ ബഹുജനയോഗം വിളിച്ച് ചേർത്ത് സ്പോൺസറിംഗ് കമ്മറ്റി പുന:സംഘടിപ്പിക്കുകയുണ്ടായി. ഡോ. പി.വി. മാധവൻ, പി. ശാദുലി, കെ.പി. കുഞ്ഞമ്മത് കുട്ടി, വി.കെ. ഗോപാലൻ മാസ്റ്റർ, കെ.കെ. കുഞ്ഞിച്ചാത്തു, കെ.യം. കണാരൻ മാസ്റ്റർ, ഇ.വി. കുമാരൻ എന്നിവരായിരുന്നു ഈ കമ്മറ്റിയുടെ ഭാരവാഹികൾ. ഇവരുടെ നേതൃത്വത്തിൽ വ്യാപകമായ ഫണ്ട് ശേഖരണവും ഉൽപന്ന പിരിവും വിവിധ ഘടകങ്ങളിലായി നടത്തി. ശ്രീ. എ. കണാരന്റെ ശ്രമഫലമായി വ്യവസ്ഥയിൽ മാറ്റം വരു

ത്തികൊണ്ട് അഞ്ച് ഏക്കർ സ്ഥലവും അഞ്ച് ലക്ഷം രൂപയും കൊടുക്കാൻ കോളേജ് കെട്ടിടം നിർമ്മിക്കാമെന്ന് സംസ്ഥാന സർക്കാറിൽ നിന്നും ഉറപ്പ് ലഭിച്ചു. 1988-ൽ മൊകേരിയിൽ കോളേജ് കെട്ടിടത്തിന്റെ ശിലാസ്ഥാപന കർമ്മം ശ്രീ. ഇ.കെ. നായനാർ നിർവ്വഹിച്ചു. 1992-ലാണ് വട്ടോളി നാഷണൽ സ്കൂളിൽ നിന്നും കോളേജ് മൊകേരിയിലുള്ള പുതിയ കെട്ടിടത്തിലേക്ക് മാറ്റിയത്. അഞ്ഞൂറിൽപ്പരം കുട്ടികൾ പഠിക്കുന്ന കോളേജിന് മനോഹരവും സൗകര്യപ്രദവുമായ കെട്ടിടമുണ്ട്. എന്നാൽ കോഴ്സുകൾ ഇവിടെ പരിമിതമാണ്. IIIഉം IVഉം ഗ്രൂപ്പുകളുള്ള പ്രീഡിഗ്രി കോഴ്സും, ബി.എ. ചരിത്രം, ബി.എസ്.സി ഗണിതം തുടങ്ങിയ ഡിഗ്രി കോഴ്സുകളുമാണ് ഇന്നുള്ളത്. കോളേജിൽ ശാസ്ത്ര വിഷയങ്ങൾ പഠിപ്പിക്കാനുള്ള നടപടികൾ എടുക്കണം. പുതിയ കോഴ്സുകൾ അനുവദിക്കണം. ശാസ്ത്ര-സാങ്കേതിക കോഴ്സുകൾക്ക് മുൻതൂക്കം നൽകണം. നാമമാത്രമായ ഒരു ലൈബ്രറി ഉണ്ട് കായിക രംഗം സജീവമാക്കുവാൻ കളിസ്ഥലം ഇല്ലാത്ത അവസ്ഥയാണ് ഇപ്പോഴുള്ളത്. പാഠ്യേതര വിഷയങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങളും തൃപ്തികരമല്ല. ഉയർന്ന വിജയശതമാനം നിലനിർത്തുവാൻ കഴിയുന്നുണ്ട്. പ്രൊഫ. എ.പി. അബ്ദുൾഖാദറാണ് ആദ്യ പ്രിൻസിപ്പാൾ. ഇപ്പോൾ പ്രൊഫ. പി.കെ. ബാലകൃഷ്ണനാണ് പ്രിൻസിപ്പാൾ. കോളേജിന്റെ പ്രവർത്തനങ്ങളിൽ ജനകീയ കമ്മറ്റികളെക്കൂടി ബന്ധപ്പെടുത്തണമെന്ന നിർദ്ദശമുണ്ട്. ക്ലബ്ബുളുടെ പ്രവർത്തത്തനം സജീവമാക്കേണ്ടതാണ്. പഞ്ചായത്തിലെ മൊത്തം പഠനകാര്യങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന തരത്തിൽ പരിപാടികൾ ആസൂത്രണം ചെയ്യണം. ഉന്നതവിദ്യാഭ്യാസ രംഗത്ത് വളരെക്കാലമായി പ്രവർത്തിച്ചുവരുന്ന പാരലൽ കോളേജുകളും ഒട്ടേറെ സംഭാവനകൾ നൽകിയിട്ടുണ്ട്. മൊകേരിയിലെ രണ്ട് പാരലൽ കോളേജുകളിലും പ്രീഡിഗ്രി, ഡിഗ്രി കോഴ്സുകളുണ്ട്. ശാസ്ത്ര-സാങ്കേതിക കോഴ്സുകൾക്ക് മുൻതൂക്കം നൽകണം കൂടാതെ കലാകായിക പ്രവർത്തനങ്ങൾക്കും പ്രോത്സാഹനം നൽകണം. വിപുലമായ കോഴ്സുകൾ ഉൾപ്പെടുത്തി സഹകരണാടിസ്ഥാനത്തിൽ ഒരു സമാന്തര വിദ്യാഭ്യാസ സ്ഥാപനം നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

## അനൗപചാരിക വിദ്യാഭ്യാസം

കുന്നുമ്മൽ ഗ്രാമപഞ്ചായത്ത് സ്വാതന്ത്ര്യത്തിനുമുമ്പുതന്നെ ദേശീയ പ്രസ്ഥാനത്തിന്റേയും കർഷക പ്രസ്ഥാനങ്ങളുടേയും നേതൃത്വത്തിൽ വയോജന വിദ്യാഭ്യാസ ക്ലാസുകൾ നടത്തിയിരുന്നു. ദേശീയ പ്രസ്ഥാനത്തിനോടൊപ്പവും അതിനുശേഷവും ഉണ്ടായ മറ്റ് സാംസ്കാരിക പ്രവർത്തനങ്ങളോടൊപ്പം നിരവധി ലൈബ്രറികളും വായനശാലകളും ഉണ്ടായിരുന്നു. ലൈബ്രറികളുടെ നേതൃത്വത്തിൽ നടക്കുന്ന അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ശക്തിപകരണം. കേരളത്തിലെ സമ്പൂർണ്ണ സാക്ഷരതാ പ്രവർത്തനത്തിൽ നല്ല നിലയിലുള്ള പങ്കാളിത്തമാണ് നമ്മുടെ പഞ്ചായത്തിന് ഉണ്ടായിരുന്നത്. എന്നാൽ 1991-ൽ നടന്ന ആ പ്രവർത്തനങ്ങളിലൂടെ സാക്ഷരരായവർ ഇന്ന് നിരക്ഷരരായിക്കൊണ്ടിരിക്കുകയാണ്. സാക്ഷരത നിലനിർത്താനുള്ള ജനവിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനം പരിമിതമാണ്. ജനകീയ വിദ്യാഭ്യാസ സമിതികളുടെ ആഭിമുഖ്യത്തിൽ സാക്ഷരതാ പ്രവർത്തനം പുനഃരുജ്ജീവിപ്പിക്കണമെന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. അഭ്യസ്തവിദ്യരായ യുവാക്കളിൽ വായനാശീലം വളർത്താനുള്ള പദ്ധതികൾ ആവിഷ്കരിക്കണം. ലൈബ്രറികളും വായനശാലകളും നിലവിലുള്ളത് മെച്ചപ്പെടുത്തുകയും പുതിയവ ആരംഭിക്കുകയും വേണം. വിദ്യാഭ്യാസം മേഖലയിൽ നമ്മുടെ പൈതൃകമായുള്ള നേട്ടങ്ങൾ കാത്തുസൂക്ഷിക്കുന്നതോടൊപ്പം കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസൃതമായി ഇത് മെച്ചപ്പെട്ടുത്തുകയും വേണം.

# സംസ്കാരം

സംസ്കാരം എന്നത് ഒരു ജനതയുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും നേടിയെടുത്ത അറിവുകളുടെ ആകെത്തുകതന്നെയാണ്. എങ്കിലും ഇവിടെ പരാമർശിക്കപ്പെടുന്നത് ഒരു ജനതയുടെ ബോധതലത്തിലുണ്ടായ ഉണർവും മൊത്തം ജീവിതരീതിയുമാണ്. വിതയ്ക്കുകയും കൊയ്യുകയും ചെയ്ത കാർഷികജീവിത സംസ്കൃതിയുടെ രജതരേഖകൾ തന്നെയാണ് ഈ പഞ്ചായത്തിലെ പ്രാചീനകാലഘട്ടം മുതൽ ഇങ്ങോട്ട് കാണാൻ കഴിയുന്നത്. നാട്ടുമ്പുറങ്ങളിലെ മുഖ്യ കൃഷിക്കുപുറമെ മലയോരങ്ങളിലെ പുനംകൃഷിയായിരുന്നു ഉണ്ടായിരുന്നത്. ഭൂമികൾ മിക്കതും ജന്മിമാരുടെ കൈവശമായിരുന്നു. ഭൂരിപക്ഷം പേരും ഭൂരഹിതകർഷകരായിരുന്നു. ഇവർ പാടങ്ങളിലും മലയോരങ്ങളിലും പ്രകൃതിയോടും വന്യജീവികളോടുംപോരടിച്ചു കൊണ്ട് മണ്ണിൽ വിളകൾ ഉണ്ടാക്കിയത് ജന്മിമാരുടെ എല്ലാ അർത്ഥത്തിലുമുള്ള ചൂഷണങ്ങൾക്ക് ഇവർ വിധേയരായിരുന്നു. ഇവർക്ക് കൂലിയായി കിട്ടിയിരുന്നത് `വല്ലി', `പതം' എന്നെല്ലാം ഉള്ള പേരുകളിൽ അറിയപ്പെട്ട തുച്ഛമായ അളവിലുള്ള നെല്ല് മാത്രമാണ്. അതുകൊണ്ടുതന്നെ ഭൂരിപക്ഷത്തിനും മുഴുപ്പട്ടിണിയും അർദ്ധപട്ടിണിയുമായിരുന്നു അനുഭവം. എങ്കിലും പരസ്പര സഹകരണങ്ങളിലൂടെ ഇവർ തങ്ങളുടെ ജീവിതാവശ്യങ്ങൾ നിർവഹിച്ചു പോന്നു. പുരകെട്ട്, വിവാഹങ്ങൾ, ജനനമരണ ചടങ്ങുകൾ ഇവയെല്ലാം കൂട്ടായ്മകളിലൂടെ നിർവഹിക്കപ്പെട്ടു. `പരിഷ' എന്നും `പണപ്പയറ്റ്' എന്നും അറിയപ്പെട്ട സമ്പ്രദായങ്ങൾ ഇത്തരത്തിലുള്ള സഹകരണ രീതികൾ ആയിരുന്നു.

ഒരു ഭാഗത്ത് ഭൂരിപക്ഷം വരുന്ന ദരിദ്രകർഷകരുടെ ജീവിതാവസ്ഥ ഇതായിരുന്നുവെങ്കിൽ മറുഭാഗത്ത് ന്യൂനപക്ഷമായിരുന്ന ജന്മിവർഗ്ഗം സുഖലോലുപന്മാരായിരുന്നു. വലിയ പത്തായപുരകളും നെൽക്കളങ്ങളും ഉണ്ടായിരുന്ന ഇവർക്ക് ആഹാരം ഒരു പ്രശ്നമായിരുന്നില്ല. കൂടാതെ, വിശേഷദിവസങ്ങളിൽ ലഭിക്കന്ന കാഴ്ചവസ്തുക്കളും ഇവർ സ്വീകരിച്ചു വന്നു. ചില തറവാടുകൾ നാലുകെട്ടുകളായിരുന്നു. ആഡംബരപൂർണമായ വസ്തുക്കളും, ആഭരണങ്ങളും ഈ ജന്മിവർഗ്ഗങ്ങൾക്ക് ധാരാളമുണ്ടായിരുന്നു. ഈ ജന്മിമാർ മിക്കവരും നായന്മാരോ, തീയ്യരിൽ തന്നെയുള്ള വൈശ്യന്മാരോ ആയിരുന്നു. ഭൂരിപക്ഷം വരുന്ന ദരിദ്രകർഷകർ ആകട്ടെ തീയ്യരായിരുന്നു. ദരിദ്രരായ നായന്മാരും അവരുടെ കൂട്ടരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നനു. മുസ്ലിങ്ങൾ കച്ചവടവുമായി ബന്ധപ്പെട്ടുകൊണ്ടാണ് ഈ ഭാഗങ്ങളിൽ വന്നത്. ദരിദ്രരായ തീയ്യർക്കും മറ്റ് അധഃസ്ഥിത വിഭാഗങ്ങൾക്കും തീണ്ടൽ ഉണ്ടായിരുന്നപ്പോൾ മുസ്ലിങ്ങൾക്ക് അത് ഉണ്ടായിരുന്നില്ല. അതിനാൽ അവർ നേരിട്ട് നായർ, വൈശ്യർ തറവാടുകളുമായി ബന്ധപ്പെട്ട് ഇടപാടുകൾ നടത്തി. ആ രീതിയിലുള്ള സാമ്പത്തികവും സാമൂഹികവുമായ മുൻതൂക്കം അവർക്ക് ലഭിക്കുകയും ചെയ്തു.

ദരിദ്രകർഷകർ ഒറ്റമുണ്ടിൽ മാത്രം നഗ്നത മറച്ച വരായിരുന്നു. സ്ത്രീകൾ വളരെയധികം ചൂഷണ ങ്ങൾക്ക് വിധേയരായി. പുരുഷന്മാർ കാൽമുട്ടോളം എത്തുന്ന തോർത്ത് മാത്രം ഉടുത്തു. മേൽക്കുടുമ, മുടിവെട്ട്, വശകുടുമ, മുൻകുടുമ, പിൻകുടുമ എന്നി ങ്ങനെയുള്ള കേശാലങ്കാരങ്ങളുണ്ടായിരുന്നു. തെര ട്ടുകല്യാണം, കെട്ടുകല്യാണം, പുളികുടി, മാറ്റൽ, എണ്ണാന്തിരം, പ്രാക്കൽ, തീർക്കൽ, ബാലവായന, തോലുഴിക, പെരിക്കള തുടങ്ങിയ ആചാരങ്ങളും കാലൻ പേടൻ, തുലാപ്പത്ത്, നായാട്ട്, പയംകുറ്റി, കൊടുക്ക പുത്തരി, ഗുരുസി തുടങ്ങിയ കാർഷിക ജീവിതവുമായി ബന്ധപ്പെട്ട സമ്പ്രദായങ്ങളും ഇവർക്കിടയിൽ പ്രചാരത്തിലുണ്ടായിരുന്നു. കാർഷി കജീവിതവുമായി ബന്ധപ്പെട്ട് ഒട്ടേറെ കലാരൂപ ങ്ങളും അക്കാലത്ത് നിലവിലുണ്ടായിരുന്നു. പൂര ക്കളി, രാജസൂയം, നാട്ടുകളി, ചുമടുകളി, താളകളി, ഒറ്റയും ചുഴിച്ചലും, തച്ചോളിക്കളി, കളരിപ്പയറ്റ്, തെയ്യാട്ടം, തിറ, വടക്കൻപാട്ടുകൾ, നാടോടിപാട്ടു കൾ, മാരൻ പാട്ടുകൾ തോറ്റംപാട്ട്, അരവ്പാട്ട്, ഞാട്ടിപ്പാട്ട് എന്നിവയെല്ലാം ഇക്കാലത്തെ ജനങ്ങ ളുടെ മുഖ്യവിനോദ ഉപാധികൾ ആയിരുന്നു. ജന ങ്ങൾക്കിടയിൽ ജാതിപരമായ ഉച്ചനീചത്വങ്ങൾ ഉണ്ടായിരുന്നുവെങ്കിലും മതപരമായ സ്പർദ്ധകൾ ഉണ്ടായിരുന്നില്ല.

കാലക്രമേണ ജന്മിമാരുടെ ചൂഷണങ്ങൾക്കെതി രെയുള്ള ശബ്ദങ്ങൾ ഒറ്റയും തെറ്റുമായി ഉയർന്നു വന്നു. ശ്രീനാരായണഗുരുവിന്റെയും, ശിവാനന്ദ സ്വാമികളുടെയും വാഗ്ഭടാനന്ദന്റെയും ചിന്തകൾ ഈ പ്രദേശത്തെ ജനങ്ങളെ ആഴത്തിൽ സ്വാധീ നിച്ചു. പിന്നീട് ഉണ്ടായ ദേശീയപ്രസ്ഥാനത്തിന്റെ വളർച്ച ജനങ്ങളിൽ പുതിയ രാഷ്ട്രീയബോധം ഉണ്ടാക്കി. പൊതുവെ ഇക്കാലത്ത് ഒരു രാഷ്ട്രീയ സാംസ്കാരിക മുന്നേറ്റം ഈ പ്രദേശത്ത് ഉണ്ടായി. അയിത്തത്തിനെതിരായും അന്ധവിശ്വാസങ്ങൾക്കെ തിരായും ഒട്ടനവധി മുന്നേറ്റങ്ങൾ ഉടലെടുത്തു. സോഷ്യലിസ്റ്റ് ചിന്താഗതിയിലേക്ക് ബഹുഭൂരിപക്ഷം ജനങ്ങളും ആകർഷിക്കപ്പെട്ടു. ഈ പശ്ചാത്തലത്തി ലാണ് കർഷകസംഘം രൂപീകരിക്കപ്പെട്ടത്. സാമ്രാ ജ്യത്വത്തിനും, ജന്മിത്വത്തിനും എതിരായി കർഷക സംഘം അതിശക്തമായി നടത്തിയ പോരാട്ടങ്ങ ളുടെ ഫലമായി ഈ പ്രദേശത്ത്, സ്വന്തമായി ഭൂമി ഇല്ലാത്തവർക്ക് ദരിദ്രമായും കർഷകർക്കും ഒട്ട നവധി നേട്ടങ്ങളും ഉണ്ടാക്കിക്കൊടുത്തു. ഇതിന്റെ ഫലമായി ഇവർ സാമൂഹ്യജീവിതത്തിന്റെ മുൻപന്തി യിലേക്ക് കടന്നുവന്നു. വിദ്യാഭ്യാസം, സംസ്കാരം തുടങ്ങിയ രംഗങ്ങളിലെല്ലാം ദൂരവ്യാപകമായ പ്രതി ഫലനങ്ങൾ ഉണ്ടായി.

## കുന്നുമ്മൽ പഞ്ചായത്തിലെ പ്രധാന ക്ഷേത്രങ്ങൾ:-

വട്ടോളി ശിവക്ഷേത്രം, കുന്നുമ്മൽ ഭഗവതി ക്ഷേത്രം. വട്ടോളി വിശ്വമൂർത്തി ക്ഷേത്രം (മിനി). പാതിരപ്പറ്റ ശ്രീകൃഷ്ണ ഭജനമഠം കുളങ്ങരത്ത് ക്ഷേത്രം, കുഴിക്കലിടത്തിൽ ക്ഷേത്രം എന്നിവ യാണ്. ഇവയിൽ വട്ടോളി ശിവക്ഷേത്രത്തിൽ ശിവ രാത്രി ആഘോഷങ്ങളും കുന്നുമ്മൽ ഭഗവതി ക്ഷേത്രത്തിൽ ഉത്സവവും, ചന്തയും വട്ടോളി വിശ്വ മൂർത്തി ക്ഷേത്രത്തിൽ ഉത്സവങ്ങളും, പാതിരപ്പറ്റ ശ്രീകൃഷ്ണ ഭജനമഠത്തിൽ രാമായണമാസാചര ണവും നടന്നുവരുന്നു. ഈ രണ്ട് ക്ഷേത്രത്തിലും കഴിക്കിടക്കിലും വർഷം തോറും നിറഘട്ടം നടന്നു വരുന്നു. കുഴിക്കിലിടത്തിൽ പണ്ട് തിറയാട്ടത്തിന് വടക്കൻപാട്ടുകളിലെ, വീരനായകൻ കുറുള്ളി ചെക്വാൻ വന്നതായി രാമർശമുണ്ട്. വട്ടോളി ശിവ ക്ഷേത്രവും, കുന്നുമ്മൽ ഭഗവതി ക്ഷേത്രവും ബ്രാഹ്മണ സമുദായത്തിൽപ്പെട്ടവരാരംഭിച്ചവയായി രുന്നു. ക്ഷേത്രത്തിന്റെ പരിസരങ്ങളിലെ പറമ്പു കളും വീടുകളും, പട്ടർ മഠ, മഠത്തിൽ, ഇല്ലത്ത് എന്നിങ്ങനെയാണ്. സവർണ്ണ മേധാവിത്വം ഇവിടെ ങ്ങളിൽ നിലനിന്നിരുന്നു. കടത്തനാട്ട് പോർള്ളാ തിരി രാജവംശത്തിലെ ഇടപ്രഭുക്കന്മാരുടെ അധീന തയിലായിരുന്ന വട്ടോളി ക്ഷേത്രം പിന്നീട് അമ്പല വാസികളായ വാര്യർ സമുദായത്തിന്റെ നിയന്ത്രണ ത്തിലായി. ഇവർക്കിടയിൽ അയിത്താചരണമുണ്ടാ യിരുന്നു. ഈ രണ്ട് ക്ഷേത്രങ്ങളും ഇന്ന് ഹിന്ദുമത ധർമ്മ സ്ഥാപന ഭരണ വകുപ്പിന്റെ നിയന്ത്രണത്തി ലാണ്. കുന്നുമ്മൽ ഭഗവതി ക്ഷേത്രത്തിന്റെ ഭാഗ മായി അക്ഷരശ്ലോക സദസ്സുകളും, ചാക്യാർകൂത്ത്, ഹരികഥ, ഓട്ടൻതുള്ളൽ എന്നിങ്ങനെയുള്ള കലാപ രിപാടികളും നടന്നുവരുന്നു. ഈ പഞ്ചായത്തിൽ പൗരാണിക ഇസ്ലാം ദേവാലയങ്ങൾ ഉണ്ടായിരു ന്നില്ല. എങ്കിലും ഇന്ന് കുന്നുമ്മൽ പള്ളി, മൊകേരി പള്ളി, കക്കട്ട് പള്ളി പാതിരി പറ്റപള്ളി എന്നിവിടങ്ങ

ളിൽ ആരാധനകൾ നടന്നുവരുന്നു.

കുന്നുമ്മൽ പഞ്ചായത്തിൽ മുമ്പുതന്നെ ഒട്ടനവധി കലാസാംസ്കാരിക സ്ഥാപനങ്ങൾ നിലവിലുണ്ടായിരുന്നു എന്നാൽ ഇവയുടെ പ്രസക്തിയെകുറിച്ച് ഗൗരവത്തോടെയുള്ള ഒരു കാഴ്ചപ്പാട് ഇല്ലാതിരുന്നതുകൊണ്ട് പലതും കാലക്രമേണ അപ്രത്യക്ഷമായി. കുന്നുമ്മൽ പ്രദേശത്തുണ്ടായ ആട്ട്സ് ക്ലബ്ബ്, മൊകേരി പീപ്പ്ൾസ് ആർട്ട്സ് ക്ലബ് എന്നിവ നാട്ടിന്റെ പുരോഗതിയിൽ അവിസ്മരണീയമായ അധ്യായങ്ങൾ എഴുതിചേർത്തിട്ടുണ്ട്. ജനമുന്നേറ്റത്തിന് സഹായകമായ ഒട്ടനവധി നാടകങ്ങളും കലാപരിപാടികളും ഈ സമിതികൾ അവതരിപ്പിച്ചു. പിന്നീട് വന്ന നവശക്തി, മേഘതിയേറ്റേഴസ്, യുവത, ചെന്താര, സംസ്കൃതി, കലാകേന്ദ്രം, എന്നിവയും കലാസാംസ്കാരിക രംഗത്ത് സജീവമായിരുന്നു. കക്കട്ടിലെ `ഫിൽമാസ്' ഫിലിംസൊറ്റിയും, മൊകേരിയിലെ 'മനഫി' ഫിലി സൊസൈറ്റിയും നല്ല സിനിമകൾ ജനങ്ങളുടെ ഇടയിൽ എത്തിക്കാൻ സുപ്രധാന പങ്കുവഹിച്ചു. ഫിൽമാസിന്റെ പ്രവർത്തനങ്ങൾ ഈ രംഗത്ത് അതിശക്തമായ ഒരുമുന്നേറ്റം നടത്തുകയുണ്ടായി ഫിൽമാസിന്റെ `സ്മരണിക'യും ശ്രദ്ധേയമായ ഒര് സാംസ്കാരിക സംഭവമായിരുന്നു. മൊകേരിയിലെ ``സാഹിതി സഖ്യം'', ദേശാഭിമാനി സ്റ്റഡിസർക്കിൾ, വട്ടോളി ദേശീയ ഗ്രന്ഥശാല എന്നിവ സാഹിത്യ സാംസ്കാരിക രാഷ്ട്രീയ പ്രശ്നങ്ങളെ കുറിച്ച് വിവിധ കാലങ്ങളിൽ നടത്തിയ ചർച്ചകൾ അക്കാലത്തെ പുതിയ തലമുറകളിൽ വളരെയേറെ മാറ്റങ്ങൾ വരുത്തിയിരുന്നു.

ഇന്ന് ഇവിടെ ചേതന വട്ടോളി, പ്രണവം പാതിരപ്പറ്റ, ചൈതന്യ അമ്പലക്കുളങ്ങര, അനശ്വര കക്കട്ടിൽ, ഗീതാജ്ഞലി വട്ടോളി സഹൃദയ, വട്ടോളി, സംസ്കൃതി മൊകേരി, ശ്രുതി മൊകേരി, വർണ്ണം മൊകേരി, സർഗ്ഗ കക്കട്ടിൽ, നീലാംബരി കക്കട്ടിൽ മൈത്രിയുറപ്രതിഭ പാതിരിപ്പറ്റ തുടങ്ങി ഒട്ടേറെ കലാസാംസ്കാരിക വേദികൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ പലതും തൃപ്തികരമായ രീതിയിൽ പ്രവർത്തിക്കുന്നില്ല. സ്വന്തമായി കെട്ടിടമില്ലാത്തവയും, സാമ്പത്തിക ഭദ്രതയില്ലാത്തതും ഇവയുടെ പ്രവർത്തനങ്ങളിൽ തടസ്സമാണ്. ഈ കലാസാംസ്കാരിക സമിതികൾ സജീവമായി പ്രവർത്തനത്തിൽ വന്നാൽ ജാതിമത കക്ഷി രാഷ്ട്രീയ ചിന്താഗതികൾക്ക് അതീതമായി ജനങ്ങളിൽ അഭിപ്രായ സമന്വയം വളർത്തിയെടുക്കുവാൻ സഹായിക്കും. ഇന്ന് പഞ്ചായത്തിൽ നടക്കുന്ന രണ്ട് പ്രധാന സാംസ്കാരിക പരിപാടകൾ ഒന്ന് മുറുവശ്ശേരി വിജയൻ മാസ്റ്റർ ദിനവും, മറ്റൊന്ന് ദേശീയ ഗ്രന്ഥശാലാ വാർഷികവുമാണ്. മുറുവശ്ശേരി ദിനത്തിൽ പ്രഗത്ഭൻമാരുടെ പ്രഭാഷണങ്ങളും, കവിയരങ്ങുകളും വിവിധ സാഹിത്യ മത്സരങ്ങളും നടക്കുന്നു. ദേശീയ ഗ്രന്ഥശാല ചർച്ചകളും പ്രഭാഷണങ്ങളും, ചില വർഷങ്ങളിൽ സാംസ്കാരിക കലാപരിപാടികളും നടത്തുന്നുണ്ട്. കഴിഞ്ഞ മൂന്ന് വർഷങ്ങളായി ചൈത്രം ബാലചിത്രരചന മത്സരങ്ങൾ നടത്തിവരുന്നു. വട്ടോളിയിലെ ലയം ചിത്രരചന സ്കൂൾ കുട്ടികൾക്ക് രചനയിൽ പരിശീലനം നൽകിവരുന്നു.

വട്ടോളി സംസ്കൃത ഹൈസ്കൂൾ, നാഷണൽ ഹൈസ്കൂൾ എന്നിവയും സാംസ്കാരിക രംഗത്ത് മഹത്തായ സേവനങ്ങൾ നൽകിവരുന്നു. ആര്യവൈദ്യം പഠിപ്പിക്കുന്നതിനും, സംസ്കൃത അധ്യാപക പരിശീലനം നൽകുന്നതിനും സംസ്കൃത ഹൈസ്കൂൾ വളരെയധികം സംഭാവന നൽകി. നാഷണൽ ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരായ മൂർക്കോത്ത് ശ്രീനിവാസൻ മാസ്റ്റർ, പി.പി. കൃഷ്ണൻ മാസ്റ്റർ തുടങ്ങിയവർ സാംസ്കാരിക രംഗത്ത് പ്രവർത്തിച്ചിരുന്നു. 1960-കളിൽ യുക്തിവാദി സംഘടനകളുടെ പ്രവർത്തനങ്ങൾ അന്ധവിശ്വാസങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിൽ സുപ്രധാന പങ്കുവഹിക്കുകയുണ്ടായി. അതുപോലെ വിവിധ സ്കൂളുകളുടെ വാർഷികങ്ങൾ, കലാസാംസ്കാരിക രംഗത്ത് പുത്തൻ ഉണർവുകൾ ഉണ്ടാക്കിയിരുന്നു. ഇത്തരത്തിലുള്ള വമ്പിച്ച മുന്നേറ്റങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ടാക്കിയിരുന്നു. എന്നാൽ ഇന്ന് വിവിധ കാരണങ്ങളാൽ ഇവയുടെ പ്രവർത്തനങ്ങൾ മന്ദീഭവിച്ചതിന്റെ ഫലമായി സാമൂഹ്യവിരുദ്ധ ശക്തികളും, മതസൗഹാർദ്ധം തകർക്കുന്ന ശക്തികളും തലയുയർത്താൻ തുടങ്ങിയിട്ടുണ്ട്. അയിത്തം തുടങ്ങിയ അനാചാരങ്ങളും, അന്ധവിശ്വാസങ്ങളും അഭ്യസ്തവിദ്യരുടെ ഇടയിലാണ് ഇന്ന് കൂടുതലും കണ്ടുവരുന്നത്. ഇതിനെതിരായ ബോധവൽക്കരണങ്ങളും ബഹുജനമുന്നേറ്റങ്ങളും

ആവശ്യമുണ്ട്.

## വായനശാലകളും ഗ്രന്ഥശാലകളും

പഞ്ചായത്തിലെ രാഷ്ട്രീയ സാംസ്കാരിക മുന്നേറ്റങ്ങളിൽ മുമ്പ് തന്നെ വായനശാലകളുടെയും ഗ്രന്ഥാലയങ്ങളും പങ്ക് വളരെയേറെയായിരുന്നു. മൊകേരിയിലെ പണ്ടത്തെ ഗാന്ധിസ്മാരക വായനശാല, കാർഷിക മുന്നേറ്റങ്ങൾക്ക് പശ്ചാത്തലതമൊരുക്കിയിരുന്നു. വി.കെ. ഗോപാലൻ മാസ്റ്റർ നടുക്കുനി കുമാരൻ മാസ്റ്റർ, തയ്യിൽ കൃഷ്ണൻ മാസ്റ്റർ, പുളിയുള്ളതിൽ ഗോപാലൻ എന്നിവരുടെ നേതൃത്വത്തിൽ കക്കട്ടിലുണ്ടായിരുന്ന കൈരളി ബുക്സ് സ്റ്റാൾ അന്നത്തെ സാംസ്കാരിക മുന്നേറ്റത്തിൽ ഉജ്ജ്വലമായ പങ്കു വഹിച്ചിട്ടുണ്ട്. ഇന്ന് ഈ പഞ്ചായത്തിൽ ആകെ അഞ്ച് വായനശാലകളും നാല് ഗ്രന്ഥശാലകളും പ്രവർത്തിക്കുന്നുണ്ട്. ഇതിൽ വളരെ നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒന്നാണ് വട്ടോളി ദേശീയ ഗ്രന്ഥശാല. ഇത് 1953-ൽ ശ്രീ. കുഞ്ഞികേളു അടിയോടി ഉത്ഘാടനം ചെയ്തു. കുന്നുമ്മൽ കലാസമിതി എന്നായിരുന്നു അതിന്റെ പേര്. 1954-ൽ മഠത്തിൽ ശങ്കരവാര്യർ സൗജന്യമായി നൽകിയ സ്ഥലത്താണ് ഇന്ന് ഗ്രന്ഥശാല സ്ഥിതിചെയ്യുന്നത്. 1956-ൽ കേരള ഗ്രന്ഥശാലാപ്രവർത്തനം മലബാറിലേക്ക് വ്യാപിച്ചതോടെ ഗ്രന്ഥശാലകൾക്ക് അടുക്കും ചിട്ടയും കൈവന്നു. ഇതിന്റെ ഭാഗമായി 1958 സപ്തംബർ 28-ന് പ്രസ്തുത ഗ്രന്ഥാലയം ഗ്രന്ഥശാലാസംഘത്തിൽ രജിസ്റ്റർ ചെയ്തു. ഇവിടെനിന്ന് 8500-ൽ പരം പുസ്തകങ്ങളും 2538 മെമ്പർമാരുംഉണ്ട്. ഇതിന് രാജാറാം ഫൗണ്ടേഷൻ സഹായവും പഞ്ചായത്ത് വക ഫൗണ്ടേഷൻ ധനസഹായവും ലഭിക്കുന്നുണ്ട്. പത്രങ്ങളും മാസികകളും അടങ്ങിയ ഒരു വായനശാലയും അതിന്റെകൂടെ പ്രവർത്തിക്കുന്നുണ്ട്. കുന്നുമ്മൽ പഞ്ചായത്തിലെ 1-ാം വാർഡിൽ പ്രവർത്തിപ്പിക്കുന്ന മറ്റൊരു ഗ്രന്ഥാലയമാണ് പാതിരിപ്പറ്റയിലെ സാമൂഹ്യ വിഹാര കേന്ദ്രം. ഗാന്ധിജയന്തി ദിനത്തിൽ ഇവിടെ കുട്ടികൾക്ക് വേണ്ടി പലവിധ മത്സരങ്ങൾ നടത്തുകയും അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. പാതിരിപ്പറ്റയിലെ ജനങ്ങൾക്ക് വലിയൊരു ആശ്രയമായി നിലകൊള്ളുന്നത് ഈ ഗ്രന്ഥാലയമാണ്. പഞ്ചായത്തിലെ 1-ാം വാർഡിൽ മറ്റ് രണ്ട് വായനശാലകൾ കൂടി ഉണ്ടെങ്കിലും തൃപ്തികരമായ രീതിയിൽ പോകുന്നില്ല. അതുപോലെ മൂന്നാം വാർഡിലും ഒരു വായനശാല ഉണ്ടെങ്കിലും പ്രവർത്തനം മെച്ചമല്ല. ഇന്ന് പഞ്ചായത്ത് സാംസ്കാരിക നിലയത്തിൽ ഒര് ലൈബ്രറിയും ഒരു വായനശാലയും പ്രവർത്തിക്കുന്നുണ്ട്. അതുപോലെ പഞ്ചായത്ത് പത്രം, മാസിക തുടങ്ങിയവ വിതരണം നടത്തുന്നുണ്ട്. എന്നാൽ ഇന്ന് 2, 4, 5, 8 വാർഡുകളിൽ വായനശാലകളോ ഗ്രന്ഥശാലകളോ പ്രവർത്തിക്കുന്നില്ല.

## പ്രസിദ്ധീകരണങ്ങൾ, കലാരൂപങ്ങൾ

1920-കളിലേ പുസ്തക പ്രസിദ്ധീകരണ രംഗത്തും ആനുകാലികങ്ങൾ വായിക്കുന്നതിലും ഈ പഞ്ചായത്ത് മുൻപന്തിയിലായിരുന്നു. പ്രഭാതം, സ്വതന്ത്രഭാരതം, നവയുഗം വാരിക, പൗരധർമ്മം ദേശാഭിമാനി മാതൃഭൂമി തുടങ്ങിയ പ്രസിദ്ധീകരണങ്ങൾ അതിന്റെ പ്രാരംഭകാലത്ത് തന്നെ ഇവിടെ പ്രചരിച്ചിരുന്നു. എം. ഗോപാല കുറുപ്പിന്റെ `മഹാനായ ലെനിൻ, ആർ. എൻ. നമ്പ്യാരുടെ `ഇൻസ്പെക്ടർ' തുടങ്ങിയ പുസ്തകങ്ങൾ മുമ്പ് തന്നെ പ്രസിദ്ധീകരിക്കപ്പെട്ടു. ഇന്ന് അക്ബർ കക്കട്ടിൽ പി.പി. സരോജിനി, ആണ്ടി പുന്നത്തോട്ടം, സി.കെ. മോഹനൻ, ചന്ദ്രഹാസൻ മാസ്റ്റർ, എം.കെ. ബാലകൃഷ്ണ പണിക്കർ, കെ.സി. കണ്ണൻ മാസ്റ്റർ, വി.പി. ബാലകൃഷ്ണൻ, നന്ദൻ കക്കട്ടിൽ തുടങ്ങിയവരുടെ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ഇന്ന് മംഗളം മനോരമ തുടങ്ങിയ വാരികകൾ ഭൂരിപക്ഷം വരുന്ന ജനങ്ങൾ വായിക്കുന്നു. മാതൃഭൂമി, മനോരമ, ദേശാഭിമാനി, മാധ്യമം, കേരള കൗമുദി, ചന്ദ്രിക തുടങ്ങിയ പത്രങ്ങളും വായിക്കപ്പെടുന്നുണ്ട്. ഇന്ത്യ ടുഡേ, ചിന്ത, കേസരി, കേരളശബ്ദം, ദേശാഭിമാനി വാരിക, കലാകൗമുദി, മാതൃഭൂമി വാരിക, ഭാഷാപോഷിണി, ബാലരമ, യുറീക്ക, പൂമ്പാറ്റ, വനിത, നാന, വെള്ളിനക്ഷത്രം, ചിത്രഭൂമി എന്നിവയ്ക്ക് ധാരാളം വായനക്കാരുണ്ട്. കൂടാതെ രണ്ട് കൈയ്യെഴുത്ത് മാസികകളും പ്രസിദ്ധീകരിക്കുന്നുണ്ട്.

നാടൻ കലാരൂപങ്ങളിൽ തെയ്യം, കളരിപയറ്റ് കോൽക്കളി, തച്ചോളിക്കളി, പൂരക്കളി, ദഫ്മുട്ട് മുതലായവ സജീവമായി നിലനിൽക്കുന്നുണ്ട്. കുഞ്ഞിരാമൻ മൊകേരിയുടെ നേതൃത്വത്തിലുള്ള `ജ്ഞാനോദ്ധാരണസംഘം' തായമ്പക, തെയ്യം തുട

ങ്ങിയ പരിപാടികൾ ഇന്ത്യയ്ക്കകത്തും പുറത്തും അവതരിപ്പിച്ചിട്ടുണ്ട്. കളരിപ്പയറ്റിൽ ഗുരുക്കൻമാരായ ശ്രീ. തങ്കച്ചൻ, തങ്കപ്പൻ, കുഞ്ഞബ്ദുള്ള, വളപ്പിൽ കരുണൻ തുടങ്ങിയവരുടെ സേവനങ്ങൾ പ്രശംസനീയമാണ്. വളപ്പിൽ കരുണൻ ഗുരുക്കൾ 1966-ൽ സ്ഥാപിച്ചതാണ് `കടത്തനാട് കളരി സംഘം'. ഇതിന് ഇന്ന് ഒട്ടേറെ ശാഖകൾ ഉണ്ട്. ഈ സംഘം ഇന്ത്യയ്ക്ക് അകത്തും പുറത്തും കേൽക്കളി, കളരിപയറ്റ് പ്രദർശനപരിപാടികൾ നടത്തിയിട്ടുണ്ട്. ശ്രീ. കോളി പുതിയോട്ടിൽ സുരേഷിന്റെ നേതൃത്വത്തിലുള്ള സ്കൂൾ ഓഫ് ഫോക്ക് ആൻറ് മാർഷൽ ആർട്ട്സ്, കളരിയിലും, കുങ്ഫുവിലും ശ്രദ്ധേയമായ പരിപാടികൾ അവതരിപ്പിച്ചുവരുന്നുണ്ട്. പഞ്ചായത്തിലെ രണ്ട് കരകൗശല വിദഗ്ധരും സജീവമായി രംഗത്തുണ്ട്. ശ്രീ. കെ.കെ. രവീന്ദ്രനാഥ് കരകൗശലപ്രദർശനം നടത്തുകയം ഉൽപന്നങ്ങൾ വിൽക്കുകയും ചെയ്തിട്ടുണ്ട്. പൊതുവെ കലാസാംസ്കാരിക രംഗത്ത് സ്ത്രീകളുടെ പങ്കാളിത്വകുറവാണ്. എങ്കിലും ശാസ്ത്രീയമായി നൃത്തം അഭ്യസിച്ച അമൃത, ധന്യ എന്നിവരും കഥാപ്രസംകോഴ്സ് പൂർത്തിയായ ഷീനയും എടുത്ത്പറയത്തക്ക പേരുകൾ തന്നെയാണ്.

പഞ്ചായത്തിൽ മൂന്ന് സിനിമാശാലകൾ ഉണ്ട്. ഇരുന്നൂറിലേറെ വീടുകളിൽ ടി.വി. ഉണ്ട്. സിനിമയും, ടി.വിയും ജനസമാന്യത്തെ വളരെയേറെ ആകർഷിക്കുന്നുണ്ട്. ഇവ അവരുടെ വായന ശീലത്തെയും, പഠനത്തെയും, സംസ്കാരത്തെയും സാരമായി ബാധിക്കുന്നുണ്ട്. നിലവാരം കുറഞ്ഞ സിനിമകളും, അശ്ലീല സിനിമാ പോസ്റ്ററുകളും, പ്രസിദ്ധീകരണങ്ങളും, സാംസ്കാരിക പൈതൃകത്തെ ചോദ്യം ചെയ്യുന്ന രൂപത്തിൽ വളർന്നിട്ടുണ്ട്. അതുപോലെ മദ്യപാനശീലം നിരവധി കുടുംബങ്ങളിൽ പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. പഞ്ചായത്തിലെ പ്രധാന ടൗണുകൾ ഉൾപ്പെടെ നിരവധി സ്ഥലങ്ങളിൽ മദ്യവും, വ്യാജമദ്യവും, മറ്റ് ലഹരി മരുന്നുകളും സുലഭമാണ്. ഹൈസ്കൂൾ കുട്ടികൾ വരെ ഇത്തരം ലഹരി പാനീയങ്ങളും മറ്റ് വസ്തുക്കളും ഉപയോഗിക്കുന്നുണ്ട്. ഇതിനെതിരെ അതിശക്തമായ ബോധവൽക്കരണം ഉണ്ടാവേണ്ടതുണ്ട്. ആചാരങ്ങളുടെ ബാഹുല്യം ഇന്നും അവസാനിച്ചിട്ടില്ല. വിവാഹം, സൽക്കാരം, ചാവ് തുടങ്ങിയവയുമായി ബന്ധപ്പെട്ട് വൻതുകകൾ ധൂർത്തടിക്കപ്പെടുന്നുണ്ട്. ഇതിനെതിരെ ചില കമ്മിറ്റികളൊക്കെ രൂപീകൃതമായിട്ടുണ്ടെങ്കിലും പ്രവർത്തനങ്ങൾ വേണ്ടത്ര ഫലവത്തായിട്ടില്ല. ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ കുന്നുമ്മൽ പഞ്ചായത്തിലെ സാംസ്കാരിക പുരോഗതിക്കായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ മുന്നോട്ട് വെക്കുന്നുണ്ട്.

### നിർദ്ദേശങ്ങൾ

a) പഞ്ചായത്ത് അടിസ്ഥാനത്തിൽ കേന്ദ്രകലാസമിതി രൂപീകരിച്ച് രജിസ്ട്രർ ചെയ്യുക. നിലവിലുള്ള കലാസമിതികളെ അതുമായി അഫിലിയേറ്റ് ചെയ്യുക.

b) കേന്ദ്ര കലാസമിതിക്ക് ഒര് രൂപരേഖയും ഭരണഘടനയും സൗകര്യങ്ങളുള്ള ഒരു കെട്ടിടവും ഉണ്ടായിരിക്കണം.

c) ഓരോ സമിതികളും വർഷത്തിൽ നിശ്ചിതമായ കലാപരിപാടികളും സാംസ്കാരിക പരിപാടികളും സംഘടിപ്പിക്കുക.

d) പഞ്ചായത്തിൽ കലാപ്രതിഭകളെയും തിലകങ്ങളെയും കണ്ടെത്തി പരിശീലനവും പ്രോത്സാഹനവും നൽകുക.

e) പഞ്ചായത്തിന്റേയും പരിസരത്തിന്റേയും നാടൻ പാട്ടുകളും കലാരൂപങ്ങളും ശേഖരിച്ച് ഒരു മിനി മ്യൂസിയം സ്ഥാപിക്കുക.

f) പ്രൊഫഷണൽ നാടകങ്ങൾ അടക്കമുള്ള നടകങ്ങളും കുട്ടികളുടെ കലാപരിപാടികളും റിഹേഴ്സൽ ചെയ്യാൻ ആവശ്യമായ സൗകര്യപ്രദമായ കെട്ടിടം നിർമ്മിക്കുക.

g) നാടൻ പാട്ടുകൾ, തെയ്യം, കളരിപ്പയറ്റ്, പൂരക്കളി, കോൽക്കളി തുടങ്ങിയ നാടൻ കലകളെ കേന്ദ്ര സാംസ്കാരിക സമിതികളുടെ കീഴിൽ നടത്തുവാനുള്ള സംവിധാനം ഉണ്ടാക്കുക.

h) പഞ്ചായത്തിലെ പ്രധാനപ്പെട്ട ടൗണായ മൊകേരിയിൽ കലാപരിപാടികൾ കൂടി നടത്തുവാൻ ആവശ്യമായ ടൗൺഹാൾ നിർമ്മിക്കുക.

i) മൊകേരിയിലെ ഫിലിം സൊസൈറ്റിക്ക് സാമ്പത്തിക സഹായം നൽകി നല്ല സിനിമകൾ ജനങ്ങളിലേക്ക് എത്തിക്കുക. കുട്ടികൾക്കായുള്ള ഫിലിമുകൾക്ക് ടിക്കറ്റ് കുറഞ്ഞ നിരക്കിൽ ടാക്കീസുകളിൽ

ലഭ്യമാക്കുക. ഫിലിം സൊസൈറ്റികൾക്ക് ടാക്കുകൾകുറഞ്ഞ വാടക ഈടാക്കുക.

j) വിവാഹധൂർത്ത് അവസാനിപ്പിക്കുവാൻ പഞ്ചായത്തു തലത്തിൽ ബോധവൽക്കരണ ക്ലാസുകളും സെമിനാറുകളും നടത്തുക.

k) മൊകേരിയിൽ ഒരു സാംസ്കാരിക നിലയം സ്ഥാപിക്കുക. ഇത് പഴയ മാർക്കിന്റെ മുകളിൽ ആയിരിക്കണം.

l) വട്ടോളി ടൗണിൽ ഒരു വായനശാല സ്ഥാപിക്കുക. ഇതിന് ആവശ്യമായ സ്ഥലം കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയിൽ വരുന്ന പുറംപോക്കിലോ, മൃഗാശുപത്രിയുടെ ഒഴിഞ്ഞ ഭാഗത്തോ കണ്ടെത്തണം.

m) മൊകേരിയിലെ ലോക്കൽ ലൈബ്രറി വിപുലീകരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുക. സ്ത്രീകൾക്ക് വായിക്കുവാൻ പ്രത്യേക സൗകര്യം ഏർപ്പെടുത്തുക.

n) സംഗീത ഉപകരണങ്ങളായ ഓടക്കുഴൽ, ചെണ്ട, ഹാർമോണിയം, മദ്ദളം തുടങ്ങിയവ പഠിക്കാനുള്ള കേന്ദ്രങ്ങൾ പഞ്ചായത്തിൽ ആരംഭിക്കുക.

o) ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

p) അമ്പലക്കുളങ്ങരയിൽ കനാൽ പുറമ്പോക്ക് സ്ഥലം ഉപയോഗപ്പെടുത്തി വായനശാല സ്ഥാപിക്കുക.

q) പഞ്ചായത്ത് സാംസ്കാരിക നിലയത്തിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുക. സ്റ്റേജിനു മേൽക്കൂര പണിയുക, കോമ്പൗണ്ടിന് ചുറ്റുമതിൽ കെട്ടുക.

r) ആവശ്യമായ നല്ല പുസ്തകങ്ങൾ വാങ്ങുക, ടി.വി.യും, ഫർണിച്ചറുകളും അനുവദിക്കുക.

s) ഏഴാം വാർഡിൽ നിലവിലുള്ള വായനശാല വിപുലീകരിക്കുക.

t) പഞ്ചായത്തിൽ സൗകര്യപ്രദമായ സ്ഥലത്ത് ``ചിൽഡ്രൻസ് കോർണർ'' സ്ഥാപിക്കുക. ഈ സ്ഥലത്ത് കുട്ടികൾക്ക് തീയറ്റർ, ഡാൻസ്, മ്യൂസിക് തുടങ്ങിയ പരിശീലനങ്ങൾ കൊടുക്കുവാനുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കണം.

u) എട്ടാം വാർഡിൽ ഒരു ഗ്രന്ഥശാല സ്ഥാപിക്കണം. അത് വീടുകളിൽ പുസ്തകങ്ങൾ എത്തിക്കുന്ന രീതിയിൽ `ബോക്ക്സ്' ലൈബ്രറിയായി പ്രവർത്തിക്കേണ്ടതാണ്.

v) ദേശീയ ഗ്രന്ഥശാലയിലെ ചർച്ചാ ക്ലാസുകൾ തുടർന്ന് സജീവമാക്കുവാൻ സഹായങ്ങൾ ചെയ്യുക.

w) ഗ്രാമസഭകളുടെ മേൽനോട്ടത്തിൽ വാർഡിലെ മുഴുവൻ സാംസ്കാരിക സ്ഥാപനങ്ങളുടെയും കോർഡിനേഷൻ ഉണ്ടാക്കുക. ഈ കമ്മറ്റിയുടെ നേതൃത്വത്തിൽ വാർഡിലെ മുഴുവൻ ജനവിഭാഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്ന സാംസ്കാരിക പ്രവർത്തനം സംഘടിപ്പിക്കുക.

x) അന്ധവിശ്വാസങ്ങളെ കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുകയും ശാസ്ത്രീയ ചിന്താഗതി വളർത്തുകയും ചെയ്യാൻ ഉതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

y) പഞ്ചായത്തിൽ ഏതെങ്കിലും ഒരു കേന്ദ്രത്തിൽ പുസ്തകശാല തുടങ്ങുവാൻ ആവശ്യമായ സഹായങ്ങൾ ചെയ്യുക.

z) സ്വാതന്ത്ര്യസമരം, കർഷക മുന്നേറ്റങ്ങൾ എന്നിവയ്ക്ക് ഉചിതമായ ഒരു സ്മാരകം പണിയുക. ജീവിച്ചിരിക്കുന്ന പ്രവർത്തകരെ ആദരിക്കുകയും മൊത്തം പ്രവർത്തനങ്ങളെ കുറിച്ച് പ്രഭാഷണങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുക.

*) പഞ്ചായത്തിലെ ഗ്രന്ഥകാരന്മാർക്ക് പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുവാൻ ആവശ്യമായ സഹായങ്ങൾ ചെയ്യുക.

*) ചിത്രശിൽപ കലകൾ പരിശീലിപ്പിക്കുന്നതിനുള്ള കേന്ദ്രം പഞ്ചായത്തിന്റെ വകയിൽ ആരംഭിക്കുക.

*) ഗ്രന്ഥശാലകളിൽ കാർഷിക, വനിത, ബാല കോർണറുകൾ ആരംഭിക്കുവാനുള്ള നിർദ്ദേശങ്ങൾ നൽകുക.

*) ഉപഭോഗ സംസ്കാരത്തിനെതിരെ ശക്തമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

*) പാഠ്യപദ്ധതിയിൽ ശാസ്ത്രീയമായ ലൈംഗിക വിദ്യാഭ്യാസം ഉൾപ്പെടുത്തുക.

## കായികം

കായിക രംഗത്ത് നിരവധി സംഭാവനകൾ

നൽകിക്കൊണ്ടിരിക്കുന്ന ഒരു പഞ്ചായത്താണ് കുന്നുമ്മൽ. ആദ്യകാലങ്ങളിൽ കളരി അഭ്യാസങ്ങൾ പരിശീലിപ്പിക്കുന്ന കേന്ദ്രങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടായിരുന്നു. പിൽക്കാലത്ത് ഇവിടെ കളരി അഭ്യാസത്തിന് പുറമെ നാടൻ കല കളും പരിശീലിപ്പിച്ചിരുന്നു. ഇപ്പോൾ വട്ടോളിയിലും കക്കക്കിലും മാത്രമേ കളരികളുള്ളൂ. കക്കട്ടിൽ കേന്ദ്രത്തിൽ കകങ്ഫുഷും പരിശീലിപ്പിക്കുന്നുണ്ട്.

വട്ടോളി ഹൈസ്കൂൾ ഗ്രൗണ്ട് കേന്ദ്രീകരിച്ചു കൊണ്ട് 1940-തുകളിൽ തന്നെ വോളിബോൾ പരിശീലനം നടന്നിരുന്നു. മണലിൽ ചന്തുമാസ്റ്റർ, എം.എം. കുഞ്ഞികൃഷ്ണൻ നമ്പ്യാർ, കെ.പി. കണ്ണൻ മാസ്റ്റർ, കെ.വി. ചോയി വൈദ്യർ, ഇവർ നേതൃത്വം നൽകി. ഇവർ മറ്റു സ്ഥലങ്ങളിൽ ഉള്ള പരിശീലന ക്യാമ്പുകളിൽ പരിശീലകരായി പങ്കെടുക്കാറുണ്ടായിരുന്നു. വടകര കേന്ദ്രീകരിച്ച് അക്കാലത്ത് വോളിബോൾ രംഗത്തുണ്ടായ പ്രശസ്തിക്ക് വേണ്ടി പ്രവർത്തിച്ചവരിൽ ഇവരും ഉണ്ടായിരുന്നു. നമ്മുടെ പഞ്ചായത്തിലെ നാഷണൽ ഹൈസ്കൂൾ കേന്ദ്രീകരിച്ച് വിവിധ സ്പോർട്സ് ഗെയിംസ് ഇനങ്ങളിൽ പരിശീലനം കൊടുക്കുന്നുണ്ട്. സ്കൂൾ സ്ഥാപിച്ച വർഷം മുതൽ ആരംഭിച്ച പരിശീലനത്തിൽ സംസ്ഥാന ജില്ലാ തലങ്ങളിൽ മത്സരങ്ങളിൽ പങ്കെടുക്കാൻ പറ്റിയ താരങ്ങളെ വാർത്തെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ടി.പി. രാമചന്ദ്രൻ, കെ.പി. ബാലൻ, പി. രാജു, എം. നാണു, കെ. ദാമോദരൻ, വി.പി. പ്രദീപ് കുമാർ, ഒ. കൃഷ്ണൻ എന്നിവർ നമ്മുടെ പഞ്ചായത്തിൽ പെട്ടവരും ഒളിമ്പ്യൻ അബ്ദുറഹിമാൻ, ഇരിങ്ങൽ പപ്പൻ, കെ.വി. വാസു, കെ. മൊയ്തീൻ, അരൂർ പപ്പൻ, തുടങ്ങിയവർ മറ്റു പഞ്ചായത്തിൽ പെട്ടവരുമാണ് അക്കാലത്ത് ബ്ലോക്ക് ആപ്പീസിൽ ജോലി ചെയ്തിരുന്ന മലബാർ നാരായണൻ നായർ ഇവർക്ക് വേണ്ട പ്രോത്സാഹനം നൽകി. എൻപി രാഘവൻ, കെ വി വാസു എന്നിവർ ബാസ്ക്കറ്റ് ബോൾ രംഗത്തും എം. കുമാരൻ, അച്ചു പട്ടുവർദ്ദൻ, ഒ.പി. രാഘവൻ, കെ. ദാമോദരൻ തുടങ്ങിയവർ ബാൾ ബാന്റ്മെൻറ് രംഗത്തും തിളങ്ങിയ താരങ്ങളായിരുന്നു.

വട്ടോളി നാഷണൽ ഹൈസ്കൂൾ ഗ്രൗണ്ടിൽ നിന്നും പരിശീലിച്ചവരിൽ നൂറുകണക്കിന് ആളുകൾ പിന്നീട് കായികാധ്യാപകരായി മാറിയിട്ടുണ്ട്. എൻ.വി. അശോകൻ, പി.പി. ചന്ദ്രൻ മാസ്റ്റർ, പി.പി. സുകുമാരൻ, നന്ദൻ കക്കട്ടിൽ, കെ.പി. ബാലൻ എന്നിവർ അവരിൽ ചിലരാണ്.

1970-ന് ശേഷം രൂപീകരിച്ച റൂറൽ സ്പോർട് ക്ലബ്ബ് ഒട്ടേറെ പരിശീലനങ്ങൾ നടത്തിയിട്ടുണ്ട്. പതിനാറ് വയസ്സിനു താഴെയുള്ള ഗ്രാമീണരായ കുട്ടികളെ തിരഞ്ഞെടുത്ത് പരിശീലിപ്പിച്ചിരുന്നു. ഇവരിൽ പലരും ദേശീയ സംസ്ഥാന വേദികളിൽ പങ്കെടുത്തിട്ടുണ്ട്. അക്കാലത്ത് സ്പോർട്സ് ഉപകരണങ്ങളും മറ്റും സർക്കാറിൽ നിന്ന് അനുവദിച്ചിരുന്നു. എന്നാൽ 1981-ഓടുകൂടി ഇതിന്റെ പ്രവർത്തനം സർക്കാർ അവസാനിപ്പിച്ചു. പിന്നീട് സന്നദ്ധസംഘങ്ങൾ ചേർന്ന് ചിദംബരന്റെ നേതൃത്വത്തിൽ അത്ലറ്റിക് ക്യാമ്പും സേതുമാധവന്റെ നേതൃത്വത്തിൽ ബോളിബാൾ ക്യാമ്പും നടക്കുകയുണ്ടായി. നാൽപ്പത്തഞ്ച് ദിവസങ്ങളോളം നീണ്ടുനിന്ന ക്യാമ്പുകളിൽ നിരവധി കുട്ടികൾക്ക് പരിശീലനം കിട്ടി. ഇപ്പോൾ 12 വയസ്സിൽ താഴെയുള്ള 25 കുട്ടികൾക്ക് രാവിലെ ബാസ്കറ്റിൽ ബോളിൽ പരിശീലനം കൊടുക്കുന്ന ഒരു പരിപാടിയുണ്ട്. എൻ.വി. അശോകൻ, പി.പി. സുകുമാരൻ, സലീൽ രാജ് തുടങ്ങിയവർ കുറച്ചുകാലമായി പ്രവർത്തനവുമായി മുന്നോട്ട് പോവുകയാണ്. ഇപ്പോൾ ഫുഡ്ബോൾ, ഷട്ടിൽ ബാറ്റ്മെൻറ്, കബഡി, ക്രിക്കറ്റ് തുടങ്ങിയവയും പരിശീലിക്കുന്നു.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ബോളിബോൾ കളിക്കുന്നുണ്ട്. എന്നാൽ ഈ അടുത്ത കാലത്ത് ഇതിന്റെ പ്രവണത കുറഞ്ഞു വരുന്നുണ്ട്. എങ്കിലും കുളങ്ങരത്ത് അങ്ങാടിക്കടുത്ത് സ്ഥിരമായി ബോളിബോൾ കളിച്ചുവരുന്നുണ്ട്. മൊകേരി ഗവൺമെൻറ് കോളേജിൽ വോളിബോൾ പരിശീലിപ്പിക്കുന്നുണ്ട്. പഞ്ചായത്തിന്റെ മിനിസ്റ്റേഡിയം പൂർത്തിയായിട്ട് രണ്ട് വർഷമായെങ്കിലും പ്രത്യേക പരിശീലന പരിപാടിയൊന്നും ആസൂത്രണം ചെയ്തിട്ടില്ല. വട്ടോളി സംസ്കൃത ഹൈസ്കൂൾ മൈതാനത്തും വോളിബോൾ പരിശീലനം നടത്തുന്നുണ്ട്.

പരമ്പരാഗത ആയോധനമുറ എന്നത് കളരിയുടെ സാധ്യത പ്രയോജനപ്പെടുത്തേണ്ടതാണ്. സ്കൂൾ തലങ്ങളിൽ നിലവിലുള്ള പരിശീലന രീതി പരിഷ്കരിക്കേണ്ടതുണ്ട്. ഇതിനു മേൽനോട്ടം വഹി

ക്കേണ്ട രീതിയിൽ പഞ്ചായത്ത് സമിതികൾക്ക് രൂപം കൊടുക്കേണ്ടതാണ്. മുഴുവൻ സ്കൂളുകളും കായിക അധ്യാപകരെ നിയമിക്കുകയോ അല്ലെങ്കിൽ കായിക അധ്യാപകരല്ലാത്ത അധ്യാപകർക്ക് കായിക പരിശീലനം നൽകുകയോ ചെയ്യണം.

ഒഴിവ് കാലങ്ങളിൽ വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലന പരിപാടികൾ പഞ്ചായത്ത് തലത്തിൽ ആസൂത്രണം ചെയ്യേണ്ടതാണ്. പണ്ട് കാലത്ത് നിലനിന്നിരുന്ന നാടൻ കളികളായ തലപ്പന്ത് കളി, പന്ത് കളി തുടങ്ങിയവ പ്രോത്സാഹിപ്പിക്കേണ്ടതാണ്. മുഴുവൻ സ്കൂളുകളിലും ഒരു നിശ്ചിത സമയത്ത് മാസ് ഡ്രിൽ നൽകേണ്ടതാണ്. നിലവിലുള്ള മൈതാനങ്ങളെ ഉപയോഗപ്പെടുത്തി ജനകീയ കമ്മറ്റികൾ രൂപീകരിച്ച് വിവിധ ഇനങ്ങളിലായി പരിശീലനം കൊടുക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിക്കണം. ആവശ്യമായ കായിക പരിശീലന ഉപകരണങ്ങൾ ശേഖരിക്കേണ്ടതാണ്. ഇതിന്റെ കേന്ദ്രീകരിച്ച പ്രവർത്തനത്തിന് പഞ്ചായത്ത് കേന്ദ്രമാക്കി സ്പോർട്സ് കൗൺസിൽ രൂപീകരിക്കാം. വട്ടോളി നാഷണൽ ഹൈസ്കൂൾ ഗ്രൗണ്ട് ഒരു മിനിസ്റ്റേഡിയമാക്കി മാറ്റുന്ന പ്രവർത്തനത്തിലാണ്. അതിന്റെ പ്രവർത്തനം പെട്ടെന്ന് പൂർത്തീകരിക്കണം. മുകേരി ഗവൺമെൻറ് കോളേജിൽ ഗ്രൗണ്ട് വികസിപ്പിക്കേണ്ടതും എല്ലാ ഇനം കളികളിലും പരിശീലനം കൊടുക്കുവാനും വേണ്ട നടപടികൾ ത്വരിതഗതിയിൽ എടുക്കണം.

സാംസ്കാരിക നിലയത്തോട് അനുബന്ധിച്ച് മൈതാനം വിപുലീകരിച്ച് കളികൾ പരിശീലിപ്പിക്കാൻ ഏർപ്പാടുണ്ടാക്കണം. കരാട്ടെ, ജൂഡോ, തുടങ്ങിയവയും പരിശീലിപ്പിക്കേണ്ടതാണ്. നീന്തൽ പരിശീലിപ്പിക്കാനുള്ള സാധ്യതകൾ പ്രോത്സാഹിപ്പിക്കണം. ഓല മടയൽ, തേങ്ങ ഉരിക്കൽ, തെങ്ങ് കയറ്റം, തുടങ്ങിയ തൊഴിലുമായി ബന്ധപ്പെട്ട മത്സരങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

കായിക രംഗങ്ങളിൽ വനിതകളുടെ പങ്കാളിത്തം വർധിപ്പിക്കാനുള്ള പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.

നമ്മുടെ പഞ്ചായത്തിലെ കായിക മേഖലയിലുള്ള വികസന സാധ്യതകളാണ് ഇവിടെ പരാമർശിച്ചിട്ടുള്ളത്. ചിട്ടയുള്ള പ്രവർത്തനത്തോടുകൂടി മുന്നോട്ട് പോവുകയാണെങ്കിൽ കായിക മേഖലയ്ക്ക് ഒട്ടേറെ സംഭാവന നൽകാൻ നമ്മുടെ പഞ്ചായത്തിന് സാധിക്കും.

# പൊതുജനാരോഗ്യം

## ആമുഖം

ഏതൊരു ജനതയുടെയും മാനസികവും ശാരീരികവുമായ ആരോഗ്യം, അവർ ജീവിക്കുന്ന നാടിന്റെ വികസനത്തിന്റെ അടയാളങ്ങൾ തന്നെയാണ്. അരോഗദൃഢഗാത്രരായ ജനങ്ങൾക്കു മാത്രമേ തനിക്കും തന്റെ നാടിനും വേണ്ടി ഊർജ്ജസ്വലമായി പ്രവർത്തിക്കാൻ കഴിയുകയുള്ളൂ. പ്രാചീനകാലം മുതല്ക്കേ ഓരോ ഈ ജനവർഗ്ഗത്തിനും അവരുടേതായ ആരോഗ്യത്തെ സംബന്ധിച്ച കാഴ്ചപ്പാടുകൾ ഉണ്ടായിരുന്നു. പാരമ്പര്യത്തിൽ അധിഷ്ഠിതമായ ഒട്ടേറെ രീതികളും ഈ ജനവിഭാഗങ്ങൾക്ക് ഉണ്ടായിരുന്നു. എന്നാൽ ജീവിതരീതികളിൽ വന്ന സമൂലമായ പരിവർത്തനം ഏറെ നേട്ടങ്ങളുണ്ടാക്കിയെങ്കിലും നമ്മുടെ പ്രാചീനമായ പല അറിവുകളും പ്രയോഗവിശേഷങ്ങളും നഷ്ടപ്പെടുത്തുകയുണ്ടായി. ശരീരത്തിനുണ്ടായിരുന്ന പ്രതിരോധശേഷി തകർന്നു. ജീവിതോപായവുമായി ബന്ധപ്പെട്ടുതന്നെ ശരീരത്തിനു ലഭിച്ചിരുന്ന വ്യായാമവും ആയാസവും അന്യവൽക്കരിക്കപ്പെട്ടു. ചുരുക്കത്തിൽ മനുഷ്യനുപയോഗിക്കാത്ത യന്ത്രങ്ങൾ പോലെ സ്വയം തുരുമ്പെടുക്കാൻ തുടങ്ങി. ആധുനികകാലത്തെ രോഗങ്ങളെ ഈ അർത്ഥങ്ങളിൽ വേണം കാണാൻ. ഏതൊരു പ്രദേശത്തും എന്നപോലെ കുന്നുമ്മൽ പഞ്ചായത്തിലും രോഗങ്ങളുടെ പശ്ചാത്തലം പ്രകൃതിയിൽ നിന്ന് ഏറെ അകന്നുള്ള മനുഷ്യന്റെ ജീവിതരീതികൾ തന്നെയാണ്. ലഹരിവസ്തുക്കളുടെയും ആധുനിക രാസവളപ്രയോഗങ്ങളുടെയും മരുന്നുകളുടെയും അമിതമായ ഉപയോഗം മനുഷ്യനെ തികച്ചും നിർവീര്യനാക്കിയിരിക്കുകയാണ്. ഏത് രോഗാണുക്കൾക്കും സ്ഥിരവാസം നടത്താൻ കഴിയുന്ന രൂപത്തിൽ മനുഷ്യ ശരീരം മാറിയിരിക്കുന്നു. പഴയ കാലത്തെ അപേക്ഷിച്ച് ഇന്ന് രോഗങ്ങൾ കൂടാനുള്ള പശ്ചാത്തലം ഇതാണ്.

ഏതു പ്രദേശത്തിന്റെ ആരോഗ്യസ്ഥിതി വിലയിരുത്തുയാണെങ്കിൽ ചില ആരോഗ്യസൂചികകൾ അത്യാവശ്യമാണ്. മരണനിരക്ക്, ശരാശരി ആയുർദൈർഘ്യം, ശിശുമരണനിരക്ക് എന്നിവയാണ് അവ.

*പട്ടിക 1*

| സൂചികകൾ | കുന്നുമ്മൽ പഞ്ചായത്ത് | കേരളം |
|---|---|---|
| മരണനിരക്ക് | 3.5 | 5.9 |
| ജനനനിരക്ക് | 18.74 | 17 |
| ശിശുമരണനിരക്ക് (1995) | 0 | 19 |

1991-ലെ സെൻസസ് പ്രകാരം, പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 16538 ആണ്. അതിൽ 8340 സ്ത്രീകളും 8198 പുരുഷന്മാരും ആണ്. മുകളിൽ

കൊടുത്ത പട്ടികയിലെ സൂചികകൾ പരിശോധിച്ചാൽ പഞ്ചായത്തിലെ പൊതു ആരോഗ്യസ്ഥിതി സംസ്ഥാന ശരാശരിയേക്കാൾ മെച്ചമാണ്. 1995 കാലയളവിൽ മാതൃ മരണവും ശിശുമരണവും പഞ്ചായത്തിൽ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുമില്ല.

### സ്ത്രീപുരുഷാനുപാതം പട്ടിക 2

| കുന്നുമ്മൽ പഞ്ചായത്ത് പു സ്ത്രീ | കേരളം |
|---|---|
| 1000 : 1017 | 1000 : 1036 |

സ്ത്രീ-പുരുഷാനുപാതം പരിശോധിച്ചാൽ സംസ്ഥാന ശരാശരി 1000 പുരുഷന് 1036 സ്ത്രീ എന്ന കണക്കിലാണെങ്കിൽ പഞ്ചായത്തിൽ ഇത് 1000 പുരുഷന് 1017 സ്ത്രീകൾ എന്ന നിരക്കിലാണ്. പഞ്ചായത്തിലെ ജനങ്ങളുടെ പ്രായഘടന സൂചിപ്പിക്കുന്ന പട്ടിക താഴെ കൊടുത്തിരിക്കുന്നു.

| വയസ്സ് | എണ്ണം |
|---|---|
| 0-5 | 500 |
| 6-12 | 2100 |
| 13-39 | 12658 |
| 60+ | 1250 |
| ആകെ | 16538 |

നമ്മുടെ പ്രദേശത്ത് നിലവിലുള്ള ആരോഗ്യസ്ഥിതി വിലയിരുത്തുമ്പോൾ രോഗങ്ങളുടെയും അവയുടെ നിവാരണത്തെയും സംബന്ധിച്ച കഴിഞ്ഞ കാലത്തെ വിവരങ്ങൾ അറിയേണ്ടതാണ്. സാംക്രമിക രോഗങ്ങളായ വസൂരി, പൊട്ടി, കരുവൻ, മലമ്പനി, മഞ്ഞപിത്തം, ചൊറി, ചിരങ്ങ് മുതലായവും ക്യാൻസർ, കുഷ്ഠം, ക്ഷയം തുടങ്ങിയ മാരകരോഗങ്ങളും പണ്ടുകാലത്തു തന്നെ നിലനിന്നിരുന്നു. രോഗമശമത്തിനു വേണ്ടി നാട്ടു ചികിത്സാ സമ്പ്രദായത്തെയാണ് അന്ന് ജനങ്ങൾ ആശ്രയിച്ചിരുന്നത്. ഇത് ഒരു പരിധിവരെ പ്രയോജനപ്പെടുകയും ചെയ്തു. അലോപ്പതിയുടെ വരവോടെയാണ് പാരമ്പര്യ ചികിത്സാരീതികൾ ജനങ്ങളിൽ നിന്നും അകന്നുപോയത്. എന്നാൽ ആയുർവേദ ചികിത്സ ഇന്നും പ്രചാരത്തിലുണ്ട്.

വിഷചികിത്സ, ഉഴിച്ചിൽ എന്നീ ചികിത്സാ രീതികൾ പണ്ടുകാലത്തു തന്നെ ഏറെ പ്രയോജനവും പ്രചരണവും ലഭിച്ച സമ്പ്രദായങ്ങളാണ്. വിഷചികിത്സക്ക് പേരെടുത്ത വൈദ്യരാണ് കുറുങ്ങോട്ട കേളപ്പൻ വൈദ്യർ. ചൂഴികപ്പള്ളി കേളുവൈദ്യർ സന്നിപാത ചികിത്സക്കും അത്തിയോടി ശങ്കരൻ വൈദ്യർ കണ്ണു ചികിത്സക്കും ചുണ്ടക്കാത്ത് വാസു വൈദ്യർ ഉദരാശയ സംബന്ധമായ രോഗങ്ങൾക്കും ഫലപ്രദമായ ചികിത്സ നടത്തിയിരുന്നു. ബാലചികിത്സക്ക് പ്രസിദ്ധനായിരുന്നു ഒ.കെ. അനന്തൻ വൈദ്യർ. പാരമ്പര്യ രോഗചികിത്സാ രംഗത്ത് പ്രത്യേകം പ്രത്യേകം ചികിത്സാരീതികളിൽ പ്രാവിണ്യം നേടിയവർ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലുണ്ടായിരുന്നു. പണ്ടു കാലത്ത് നിലനിന്നിരുന്ന ഒട്ടനവധി അന്ധവിശ്വാസങ്ങൾ ചികിത്സാരീതികൾ തെറ്റായി പ്രവണതകൾ അവലംബിക്കാൻ കാരണമായിട്ടുണ്ട്. ദേവീകോപമാണ് വസൂരിക്ക് കാരണമെന്ന അന്ധവിശ്വാസം വസൂരിരോഗിയെ സമൂഹത്തിൽ നിന്ന് ഒറ്റപ്പെടുത്തുകയും ചികിത്സയോ ഭക്ഷണമോ ലഭിക്കാതെ മരണത്തിൽ കലാശിക്കുകയും ചെയ്തിട്ടുണ്ട്. രോഗിയടെ ശവസംസ്കാരം ചടങ്ങുകൾപോലും വളരെ ഭീകരാന്തരീക്ഷം സൃഷ്ടിക്കുന്ന രീതിയാണ് നടത്തിയിരുന്നത്. പിൽക്കാലത്ത് ഇതിനെതിരെ പ്രതികരിക്കുകയും രോഗപ്രതിരോധം സംബന്ധിച്ച ബോധവൽക്കരണവും ശവസംസ്കാരപ്രവർത്തനങ്ങൾ നടത്തുന്നതിനും സന്നദ്ധസംഘടനകൾ തന്ന രൂപീകരിക്കപ്പെട്ടിട്ടുണ്ട്. മാറ്റൽ മന്ത്രവാദങ്ങൾ മുതലായ ദുരാചാരങ്ങൾ അക്കാലത്ത് ജനങ്ങൾക്കിടയിൽ വ്യാപകമായി പ്രചരിച്ചിരുന്നു. അത്തരം ദുരാചാരങ്ങളെല്ലാം ഇന്നും ചുരുക്കം ചില സ്ഥലങ്ങളിൽ കണ്ടുവരുന്നുണ്ട്. ആയോധനകലാരംഗത്ത് പ്രഗത്ഭരായ ചില ഗുരുക്കന്മാർ പണ്ടുകാലത്തു തന്നെ ഇവിടങ്ങളിൽ കളരി അഭ്യാസം പരിശീലിപ്പിച്ചിരുന്നു. എന്നാൽ ആയോധനകലാരൂപങ്ങൾ ഇപ്പോൾ താരതമ്യേന കുറവാണ്. കേരളീയ സംസ്കാരവുമായി ബന്ധപ്പെട്ട ഇത്തരം കായികാഭ്യാസങ്ങളോടൊപ്പം കരാട്ടെ, കുങ്ഫൂ തുടങ്ങിയ വിദേശ കായികാഭ്യാസമുറകളും നാട്ടിൻപുറങ്ങളിൽ പ്രചരിച്ചുവരുന്നു. പഞ്ചായത്തിൽ ഇത്തരത്തിലുള്ള നാലോളം കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

അലോപ്പതി ചികിത്സാരീതിക്ക് കുന്നുമ്മൽ പഞ്ചായത്തിൽ അടിത്തറ പാകിയത് കരുണാകരൻ ഡോക്ടറാണ്. അലോപ്പതി ചികിത്സയുടെ ആഗമനത്തോടുകൂ

ടിയാണ് അപ്പോൾ നിലനിന്നിരുന്ന ചിരങ്ങ്, ചൊറി മുതലായ രോഗങ്ങൾ സമൂഹത്തിൽ നിന്നും നീക്കം ചെയ്യപ്പെട്ടു തുടങ്ങിയത്. ലൂയി ക്രീനെയുടെ പ്രകൃതിചികിത്സാ സമ്പ്രദായവും ഹോമിയോ ചികിത്സയും അന്ന് പ്രചാരത്തിലുണ്ടായിരുന്നു.

കുഷ്ഠം, ക്ഷയം, മലമ്പനി തുടങ്ങിയ രോഗങ്ങൾ അപൂർവ്വമായി ഇന്നും ഇവിടെ നിലനിൽക്കുന്നു. ഏകദേശം ഒമ്പതോളം കുഷ്ഠ രോഗികൾ ഇപ്പോൾ നിലവിലുണ്ട്. തിമിര രോഗമുള്ളവരെ കൂടാതെ ചങ്കണ്ണ് മുതലായ നേത്ര രോഗങ്ങൾ വ്യാപകമായി ഈ പ്രദേശത്ത് പടർന്നു പിടിക്കുന്നു. 35 വയസ്സിനു മുകളിൽ പ്രായമുള്ള നല്ല ഒരു ശതമാനത്തുനും ചെറിയൊരു ശതമാനം കുട്ടികൾക്കും, കാഴ്ച വൈകല്ല്യം അനുഭവപ്പെടുന്നു. ദന്ത

## സ്ഥാപനങ്ങളും ജീവനക്കാരും

P.H.C കുന്നുമ്മൽ.

| തസ്തികകൾ | അനുവദിക്കപ്പെട്ടത് | നിലവിലുള്ളത് | ഒഴിവ് |
|---|---|---|---|
| മെഡിക്കൽ ഓഫീസർ | 1 | 1 | |
| ഫാർമസിസ്റ്റ് | 1 | 1 | |
| സ്റ്റാഫ് നേഴ്സ് | 1 | 1 | |
| ക്ലർക്ക് | 1 | 1 | |
| പ്യൂൺ | 1 | 1 | |
| പാർട്ട് ടൈം | 1 | 1 | |
| ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് | 1 | 1 | |
| നേഴ്സിങ്ങ് അസിസ്റ്റന്റ് | 1 | 1 | |
| ഫീൽഡ് HIസൂപ്പർ വിഷൻ | 1 | 1 | |
| ലേഡി ഹെൽത്ത് ഇൻസ്പെക്ടർ | 1 | 1 | |
| JPHN | 3 | 3 | |
| JHI ഗ്രേഡ് | 1 | - | 1 |
| JHI ഗ്രേഡ് II | 2 | 1 | 1 |
| ലെപ്രസി വിസിറ്റർ | 1 | 1 | |
| ആകെ | 17 | 15 | 2 |

## ഹോമിയോ ഡിസ്പൻസറി പാതിരിപ്പറ്റ

| തസ്തികകൾ | എണ്ണം | നിലവിലുള്ളത് | ഒഴിവ് |
|---|---|---|---|
| മെഡിക്കൽ | 1 | 1 | - |
| ഫാർമസിസ്റ്റ് | 1 | 1 | - |
| അറ്റൻഡർ | 1 | 1 | - |
| സ്വീപ്പർ (പാർട്ട് ടൈം) | 1 | 1 | - |
| ആകെ | 4 | 4 | - |

രോഗങ്ങൾ വാതരോഗങ്ങൾ മുതലായവ പ്രായഭേദമന്യേ മിക്ക ആളുകളിലും കാണപ്പെടുന്നുണ്ട്. കാൻസർ പോലുള്ള മാരകരോഗങ്ങൾ ബാധിച്ചവരും നമ്മുടെ പഞ്ചായത്തിലുണ്ട്. ഓരോ വർഷം ചെല്ലും തോറും കാൻസർ രോഗികളിടെ എണ്ണം വർദ്ധിച്ചുവരികയാണ്. രോഗം തിരിച്ചറിയുന്നതിനുള്ള കാലതാമസം ഫലപ്രദമായ ചികിൽസാ രീതികളുടെ അഭാവം എന്നിവ നമ്മുട്ടെ മുമ്പിലുള്ള കടമ്പകളാണ്. കൂടാതെ വൃക്ക സംബന്ധമായ രോഗങ്ങൾ, ഉദര രോഗങ്ങൾ, മൂത്രക്കല്ല്, പ്രമേഹം, പ്രഷർ, അലർജി, ഹൃദ്രോഗം,ആസ്മ മുതലായ രോഗങ്ങളും പ്രായ ഭേദമന്യേ കാണുന്നുണ്ട്. അമിതമായ ലഹരി ഉപയോഗം, പ്രകൃതിയിൽനിന്ന് ഏറെ അകന്നുള്ള ജീവിതസംമ്പ്രദായങ്ങൾ എന്നിവ ഇത്തരം രോഗങ്ങളുടെ പൊതുകാരണങ്ങളായി പറയപ്പെടുന്നു.

1995ൽ 700 ചർമ്മ രോഗികളും 16 വാതരോഗികളും 68 പകർച്ചവ്യാധികൾ പിടിപെട്ടവരും 3833 മറ്റു രോഗികളും P.H.C മുഖാന്തിരം ചികിൽസ നേടിയിട്ടുണ്ട്.ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്ന നല്ല ഒരു ശതമ്നം ആളുകൾ പഞ്ചായത്തിലുണ്ട്. അന്യ സംസ്ഥാനങ്ങളിൽ നിന്നുവരുന്ന പാൻപരാഗ്, പാൻമസാല വിദേശ മദ്യങ്ങൾ മുതലായവ ഉപയോഗിക്കുന്നവരിൽ ഭൂരിഭാഗവും ചെറുപ്പക്കാരാണ് എന്നത് ഗൗരവമർഹിക്കുന്ന പ്രശ്നമാണ്.

ആതുര ശുശ്രൂഷാ രംഗത്ത് 20 ഓളം ഡോക്ടർമാർ ( ആയുർവ്വേദവും ഹോമിയോവും ഉൾപ്പെടെ) സേവന മനുഷ്ഠിക്കുന്ന മേഖലയാണ് കുന്നുമ്മൽ പഞ്ചായത്ത്. എന്നിരുന്നാലും രാത്രികാലങ്ങളിൽ ഡോക്ടർമാരുടെ സേവനം ലഭിക്കാത്ത അവസ്ഥയാണ് ഇന്നു നിലവിലുള്ളത്.

## സ്വകാര്യ സ്ഥാപനങ്ങൾ

| സ്ഥാപനം | എണ്ണം | ജീവനക്കാർ | പാരാമെഡിക്കൽ ജീവനക്കാർ |
|---|---|---|---|
| ആശുപത്രി ( അലോപ്പതി) | 1 | 8 ഡോക്ടർമാർ | 2 |
| ആശുപത്രി (ആയുർവ്വേദം) | 1 | 5 ഡോക്ടർമാർ | 2 |
| ക്ലിനിക്കുകൾ (അലോപ്പതി) | 5 | 10 ഡോക്ടർമാർ | 5 |
| ക്ലിനിക്കുകൾ (ആയുർവ്വേദം) | 6 | 12 ഡോക്ടർമാർ | 6 |
| ക്ലിനിക്കുകൾ (ഹോമിയോ) | 2 | 4ഡോക്ടർമാർ | 2 |
| ഡെന്റൽ ക്ലിനിക്ക് | 1 | 2 ഡോക്ടർമാർ | 1 |
| വിഷ ചികിത്സാ കേന്ദ്രം ( ആയുർവ്വേദം) | 1 | 1 വൈദ്യൻ | 1 |
| ലബോറട്ടറി | 4 | 8 | |
| ഫാർമസി (അലോപ്പതി) | 8 | 16 | |
| ഫാർമസി ( ആയുർവ്വേദം) | 3 | 3 | |
| ആകെ | 32 | 69* | |

** ആകെ കാണിച്ചിരിക്കുന്നത് ഡോക്ടർമാർ ഉൾപ്പെടെയുള്ള എണ്ണമാണ്*

## ആരോഗ്യ രക്ഷാ ചിലവ്

പൊതുജനാരോഗ്യ പ്രവർത്തനങ്ങൾക്കു വേണ്ടി ഒരു വർഷം ഈ പഞ്ചായത്തിൽ 718219രൂപ ചിലവഴിക്കുന്നുണ്ട്. അതിൽ 613872രൂപ സേവന വേതന ഇനത്തിലാണ് ചിലവിടുന്നത് 35000രൂപ മരുന്നു വിതരണത്തിനു വേണ്ടി ഗവൺമെന്റ് നേരിട്ട് ചിലവഴിക്കുന്നുണ്ട്. ഉദ്ദേശം 30000 രൂപക്കുള്ള ഔഷധ വിതരണ കിറ്റുകൾ UNICEF പഞ്ചായത്ത് ഹെൽത്ത് സെന്ററിനായി നൽകുന്നുണ്ട്. ആരോഗ്യ രക്ഷയുമായി ബന്ധപ്പെട്ട മറ്റു ചില വുകൾ ഗവൺമെന്റ് ചിലവഴിക്കുന്നുണ്ട്. പഞ്ചായത്ത് മുഖാന്തിരം 24347 രൂപ മരുന്നുകൾക്ക് മറ്റു രോഗപ്രതിരോധ ആവശ്യങ്ങൾക്കു വേണ്ടി ചിലവിടുന്ന സംഖ്യം മൊത്തം ചിലവിന്റെ 10.35% മാത്രമേ വരുന്നുള്ളൂ. ഓ.പി വിഭാഗം മാത്രമല്ല പാതിരപ്പറ്റയിലെ ഹോമിയോ ഡിസ്പെൻസറി മുഖാന്തിരം ചിലവിടുന്ന സംഖ്യ മേൽപ്പറഞ്ഞ കണക്കിൽ ഉൾക്കൊള്ളിച്ചിട്ടില്ല. ആരോഗ്യപ്രവർത്തനവുമനായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ചുരുക്കം ചില സന്നദ്ധ സംഘടനകൾ പഞ്ചായത്തിലുണ്ട്. ഇവയിലടെ ആരോഗ്യ രക്ഷാ പ്രവർത്തനങ്ങൾ പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ നടന്നു വരുന്നു.

## നടപ്പു പദ്ധതിയുടെ അവലോകനം

ആരോഗ്യ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ധാരാളം പദ്ധതികൾ ഇന്നു നിലവിലുണ്ട് അവയുടെ ഉപയുക്തത താരതമ്യേന കുറവാണ്. PHSC മുഖേന ORS വിതരണം ഇന്നു നിലവിലുണ്ട്. വയറിളക്കം പടർന്നു പിടിക്കാൻ സാദ്ധ്യതയുള്ള അവസരങ്ങളിൽ ഫീൽഡിൽ വെച്ചും ബാലവാടി, മഹിളാ സ്വസ്തിക് സംഘ് എന്നിവയിലൂടെയും JPH മാർ ഇതു വിതരണം ചെയ്യാറുണ്ട്. മലേറിയ നിവാരണത്തിനു വേണ്ടി ചികിത്സയും പ്രതിരോധ പ്രവർത്തനങ്ങളും നടത്താറുണ്ട്. മാസ് സർവ്വെയിലൂടെയും DDT സ്പ്രേ നടത്തിയും മലേറിയക്കെതിരെ പ്രവർത്തനം നടത്താറുണ്ട്. പഞ്ചായത്ത് PHC യുമായി ഇത്തരം പ്രവർത്തനങ്ങളിൽ സഹകരിക്കാറുണ്ട്. TB രോഗികളെ PHC യിൽ വെച്ച് നേരിട്ട് ചികിത്സ നടത്താറില്ല. രോഗികളെ കണ്ടുപിടിച്ച് കുറ്റ്യടിയിലേക്ക് അയക്കാറാണ് പതിവ്. കുഷ്ഠ രോഗ നിവാരണത്തിനു വേണ്ടി ലെപ്രസി കൺട്രോൾ സൊസൈറ്റിയിൽ നിന്ന് ഒരു ഉദ്യോഗസ്ഥൻ പഞ്ചായത്തിൽ സന്ദർശനം നടത്താറുണ്ട്. ഇത്തരം രോഗികളെ പരിശോധിക്കുന്നതിനു വേണ്ടി എല്ലാ മാസവും 21ന് ഡോക്ടർ

PHCയിൽ എത്താറുണ്ട്. ലൈംഗീക രോഗങ്ങൾക്ക് ചികിത്സ പ്രത്യേകമായി നടത്താറില്ല പരിശോധിച്ച് മറ്റ ആശുപത്രിയിലേക്ക് റഫർ ചെയ്യാറാണ് പതിവ്. അന്ധതാ നിവാരണ പ്രവർത്തനവുമായി ബന്ധപ്പെട്ട് വൈറ്റമിൻ A ഗുളികകൾ വിതരണം ചെയ്യുന്നുണ്ട്. പ്രമേഹം, മാനസിക രോഗങ്ങൾ, കാൻസർ, എയ്ഡ്സ് മുതലായ രോഗങ്ങൾക്ക് പ്രത്യേക ചികിത്സാ സമ്പ്രദായങ്ങൾ ഒന്നും തന്നെ PHC യിൽ ഇന്നില്ല. പൊതുവെ 17ജീവനക്കാർ ഉണ്ടെങ്കിലും അവരെ ഉപയോഗിക്കാൻ കഴിയുന്നില്ല എന്നതാണ് സത്യം.

നാഷണൽ പൾസ് പോളിയോ പരിപാടി പഞ്ചായത്തിൽ ഒന്നാം വട്ടം നടപ്പിലാക്കിയിട്ടുണ്ട്. ഡിസമ്പർ മാസത്തിലും ജനുവരിയിലും അടുത്ത ഘട്ടം (സ്പെഷൽ) നടപ്പിലാക്കാനുള്ള പരിപാടി ആസൂത്രണം ചെയ്തിട്ടുണ്ട്. അഞ്ചു വയസ്സു വരെയുള്ള കുട്ടികൾക്ക് ഇതുകൊണ്ടുള്ള പ്രയോജനം ലഭിക്കും.

## പ്രശ്നങ്ങൾ

1.PHCയുമായി ബന്ധപ്പെട്ട് രോഗികളെ കിടത്തി ചികിത്സിപ്പിക്കാൻ ആവശ്യമായ സൗകര്യം ഉണ്ടായിട്ടും തുറന്നു പ്രവർത്തിക്കുന്നില്ല.

2.മാതൃ-ശിശു പരിപാലനത്തിനുള്ള സൗകര്യം PHCയിൽ ഇല്ല.

3. സബ് സെന്ററുകളിൽ ഡോക്ടർമാർ സന്ദർശനം നടത്താറില്ല.

4. ആരോഗ്യ പ്രവർത്തകരുടെ സേവനം പഞ്ചായത്തിൽ ഉടനീളം ലഭ്യമാകുന്നില്ല

5. PHCയിൽ ജനസംഖ്യാനുപാതികമായി JHIമാരെ നിയമിക്കുന്നില്ല.

6. സ്കൂൾ കുട്ടികളുടെ ആരോഗ്യ പരിശോധന കൃത്യമായി നടക്കുന്നില്ല.

7. പഞ്ചായത്തിൽ സമ്പൂർണ്ണ രോഗ പ്രതിരോധ നടപടി ആരംഭിക്കണം.

8. കുടുംബാസൂത്രണ പരിപാടി കാര്യക്ഷമമല്ല.

9. കുഷ്ഠ രോഗികൾ ക്ഷയരോഗികൾ കാൻസർ രോഗികൾ എന്നിവരെ കണ്ടെത്തുന്നതിനുള്ള പ്രവർത്തനം ഊർജിതമാക്കണം.

10. പഞ്ചായത്തിൽ രക്തദാന സേനയില്ല.

11. കൊതുക്,എലി, മൂട്ട മുതലായവയെ നശിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പര്യാപ്തമല്ല

12. ഹോമിയോ ഡിസ്പെൻസറിയിൽ കിടത്തി ചികിത്സയില്ല

13. പഞ്ചായത്തിൽ പൊതു ആയുർവ്വേദ ആശുപത്രിയില്ല.

14. കുറഞ്ഞ വരുമാനക്കാർക്ക് ആരോഗ്യ പരിപാലനത്തിനു വേണ്ടി സാമ്പത്തിക സഹായമെത്തിക്കുന്നില്ല.

15. ശുചീകരണ പ്രവർത്തനങ്ങൾ കാര്യമായി നടത്താറില്ല.

16. പഞ്ചായത്തിലെ പ്രധാനപ്പെട്ട കക്കട്ട മൊകേരി അങ്ങാടിയിൽ പൊതുകക്കൂസും മൂത്രപ്പുരയും നിലവിലില്ല.

17. ഹെൽത്ത് സെന്ററിലെ മാലിന്യങ്ങൾ നീക്കം ചെയ്യാനുള്ള സംവിധാനങ്ങളില്ല.

18. പൊതു വഴികൾ മാലിന്യ വിമുക്തമാക്കണം.

19. ശുദ്ധ ജല കേന്ദ്രങ്ങൾ മലിനപ്പെടുത്തുന്ന രീതിയിൽ വാഹനങ്ങൾ കഴുകുന്നുതും കന്നുകാലികളെ കുളിപ്പിക്കുന്നതും കർശനമായും നിരോധിക്കണം.

20. പൈപ്പുവെള്ളം അണുവിമുക്തമാക്കണം.

21. സ്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടി തൃപ്തികരമല്ല.

22. ബാലവാടികളിലെ പോഷകാഹാര വിതരണ പരിപാടി കാര്യക്ഷമമല്ല.

23. മാർക്കറ്റിൽവെച്ച് കേടുവന്ന മത്സ്യമാംസാദികൾ വിൽക്കുന്നത് പരിശോധിക്കാൻ കർശന നടപടിയില്ല.

24. അന്യസംസ്ഥാനങ്ങിൽ നിന്നും വരുന്ന ജോലിക്കാരിലൂടെ രോഗങ്ങൾ സംക്രമിക്കുന്നുണ്ടോ എന്ന് പരിശോധിക്കാനുള്ള സംവിധാനമില്ല.

25. നിലവാരം കുറഞ്ഞ റേഷൻ സാധനങ്ങൾ വിതരണം ചെയ്യുന്നത് തടയുന്നില്ല.

26.സബ് സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല

27. കടകളിൽ നിന്നും വിൽക്കുന്ന ഗുണം കുറഞ്ഞ മിഠായികൾ പാക്കറ്റ് അച്ചാറുകൾ ഐസ്ഫ്രൂട്ട് എന്നിവ കുട്ടികളുടെ ആരോഗ്യത്തെ ബാധിക്കുന്നു.

28. വാണിജ്യ കേന്ദ്രങ്ങളുടെ ഗോഡൗണുകളിൽ ഭക്ഷ്യവസ്തുക്കൾ വൃത്തികെട്ട സാഹചര്യങ്ങളിൽ അശാസ്ത്രീയമായി സൂക്ഷിക്കുന്നത് തടയേണ്ടതാണ്.

29. ഹോട്ടലുകളിൽ ഭക്ഷ്യവസ്തുക്കൾ തുറന്നു വയ്ക്കുക, പഴക്കമുള്ള ഭക്ഷണം വിതരണം ചെയ്യുക, ശുചിത്വമില്ലാത്ത സാഹചര്യങ്ങളിൽ നിന്ന് ജലം സംഭരിക്കുന്നത് എന്നിവയെല്ലാം തടയേണ്ടതാണ്.

30. വാർഡുകൾതോറും സബ്സെന്ററുകൾ സ്ഥാപിക്കുക.

## സാധ്യതകൾ

1.PHCയിലുള്ള സൗകര്യങ്ങൾ പരിപൂർണ്ണമായും ഉപയോഗപ്പെടുത്തി കിടത്തി ചികിത്സിക്കാനുള്ള സൗകര്യത്തോട് കൂടി തുറന്നു പ്രവർത്തിക്കണം.

2.PHCയിൽ ആവശ്യത്തിനുള്ള ഡോക്ടർമാരെ നിയമിക്കുകയും അവർക്കു താമസിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുക, പ്രസവത്തിനും ശിശുപരിപാലനത്തിനും പ്രത്യേക സൗകര്യം ഏർപ്പെടുത്തണം.

3.സബ്സെന്റുകളിൽ ഡോക്ടർമാർ കൃത്യമായി നടത്തണം സബ്ബ് സെന്ററുകളുടെ എണ്ണം വർദ്ധിപ്പിക്കണം

4 . ആരോഗ്യപ്രവർത്തകരുടെ സേവനം പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും കിട്ടുന്ന രീതിയിൽ പ്രയോജനപ്പെടുത്തണം

5. ജനസംഖ്യാനുപാതികമായി ആരോഗ്യരക്ഷാ പ്രവർത്തകരെ PHCയിൽ നിയമിക്കണം.

6. സ്കൂൾ കുട്ടികൾക്ക് ആരോഗ്യ പരിശോധന നടത്തുന്നതിനുവേണ്ടി പഞ്ചായത്തിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തണം.

7. പഞ്ചായത്തിലെ കുഷ്ഠം,ക്ഷയം കാൻസർ തുടങ്ങിയ രോഗങ്ങളുള്ളവരെ കണ്ടെത്തുന്നതിനുവേണ്ടി വിപുലമായ ആരോഗ്യ ക്യാമ്പുകൾ സംഘടിപ്പിക്കണം.

8.സമ്പൂർണ്ണ രോഗ പ്രതിരോധ നടപടികളും കുടുംബാസൂത്രണ പരിപാടികളും കാര്യക്ഷമമായി നടപ്പിൽ വരുത്തണം.

9. പഞ്ചായത്തിലുള്ളവർക്ക് രക്ത ഗ്രൂപ്പ് പരിശോധന നടത്തുകയും ഒരു രക്തദാന സേന രൂപീകരിക്കുകയും വേണം.

10. കൊതുക്, എലി, മൂട്ട മുതലായവയെ നശിപ്പിക്കുവാനുള്ള പരിപാടികൾ ആസൂത്രണം ചെയ്യണം.

11. പഞ്ചായത്തിൽ പരമ്പരാഗതമായ ചികിത്സാ സമ്പ്രദായങ്ങൾ ഉൾപ്പെടുന്ന ആയുർവ്വേദ ആശുപത്രി സ്ഥാപിക്കുക.

12. കുറഞ്ഞ വരുമാനക്കാർക്ക് ചികിത്സാ ഫണ്ട് രൂപീകരിക്കണം

13.പഞ്ചായത്തിൽ ശുചീകരണ പ്രവർത്തകരെ നിയമിക്കുക. കച്ചവട സ്ഥാപനങ്ങളിൽ വെയിസ്റ്റ് ബക്കറ്റ് നിർബന്ധമാക്കണം. ആഴ്ചയിൽ ഒരു പ്രാവശ്യമെങ്കിലും ഓടകളിൽ കീടനാശിനി തളിക്കുവാനുള്ള നടപടി സ്വീകരിക്കണം. ഓടകൾ സ്ലാബിട്ട് മൂടണം ഹോട്ടലുകളിലെ മാലിന്യങ്ങൾ ഓടകളിൽ ഒഴുക്കുന്നത് തടയണം.

14. കക്കട്ട് അങ്ങാടിയുമായി ബന്ധപ്പെട്ട് പൊതു കക്കൂസും മൂത്രപ്പുരയും നിർമ്മിക്കണം.

15.റോഡരികിലെ മത്സ്യവിൽപ്പന നിരോധിക്കണം. ഇതിനു വേണ്ടി പ്രത്യേകസ്ഥലം കണ്ടെത്തേണ്ടതാണ്.

16. ഹെൽത്ത് സെന്ററിലെ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തണം.

17. അങ്ങാടിയിലെ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് ട്രഞ്ചിങ്ങ് ഗ്രൗണ്ട് സംവിധാനം വേണം.

18. പഴകിയ ഭക്ഷണ പദാർത്ഥങ്ങൾ വിൽപ്പന നടത്തുന്നത് തടയണം. ഭക്ഷണ പദാർത്ഥങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങളുടെ ശുചിത്വം ഉറപ്പു വരുത്തണം.

19. അറവു ശാലകൾ നടത്തുന്നതിന് ലൈസൻസ് ഏർപ്പെടുത്തുക.

20. അമ്മമാർക്കും കുട്ടികൾക്കുമുള്ള പോഷക വിതരണപരിപാടി വിപുലപ്പെടുത്തുക.

21. കോളനികളിലെ ആരോഗ്യ നിലവാരം മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്യണം.

22. വാർഡുകൾ തോറും PHC സബ് സെന്ററുകൾ സ്ഥാപിക്കണം

23.സ്കൂളുകളിൽ കളരി തുടങ്ങിയ പാരമ്പര്യ രീതികളിലുള്ള ഡ്രില്ലുകൾ നടത്തുക.

# പരിസരശുചിത്വം

ആരോഗ്യ പരമായ കാര്യങ്ങളിലെ മുഖ്യ ഘടകമായ പരിസര ശുചിത്വം പഞ്ചായത്തിൽ ഒരളവോളം പാലിക്കപ്പെടുന്നുണ്ടെന്നു പറയാം. പഞ്ചായത്തിലെ മലിനീകരണപ്രശ്നങ്ങൾ പരിശോധിക്കുമ്പോൾ അങ്ങാടികളുമായി ബന്ധപ്പെട്ടാണ്, പ്രശ്നങ്ങൾ കൂടുതലും ഉള്ളത്. കോളനി പ്രദേശങ്ങളിലും വീടുകൾ തിങ്ങി നിൽക്കുന്നിടങ്ങളിലും കൊതുകു ശല്യവും മലിനീകരണ സാദ്ധ്യതയും ഏറി വരികയാണ്. മാലിന്യങ്ങൾ ഒഴുകിപ്പോകാനുള്ള സാദ്ധ്യതകളും കുറഞ്ഞു വരികയാണി ജനസാന്ദ്രതയും ഇതിനു കാരണമാവുന്നു എന്നതിനാൽ, രോഗ സാദ്ധ്യതയും വർദ്ധിച്ചു വരികയാണ്.

പഞ്ചായത്തിലെ പ്രധാനപ്പെട്ട രണ്ട് അങ്ങാടികളാണ് കക്കട്ട്, മൊകേരി ഇവ. ഈ അങ്ങാടികളിൽ നിന്നുമുള്ള മാലിന്യങ്ങൾ വളരെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നവയാണ്. ഓവുചാലുകളിൽ കെട്ടിക്കിടക്കുന്ന മലിന്യങ്ങൾ, മലിന ജലം കൊതുകുപലൾക്ക് വളരാനുള്ള സങ്കേതമാണ്. ഇത് അസഹ്യമായ ദുർഗ്ഗന്ധത്തിനും വഴിവെക്കുന്നുണ്ട്.കച്ചവട സ്ഥാപനങ്ങളിൽ നിന്നും പുറന്തുള്ളുന്ന മാലിന്യങ്ങൾ ചീഞ്ഞളിയുന്നതാണ് മറ്റൊരു പ്രശ്നം. അങ്ങാടിയോട് തൊട്ടു കിടക്കുന്ന ഇടവഴികളിൽ മല മൂത്ര വിസർജനം ചെയ്യുന്നതു കൊണ്ടും മലിനീകരണം സംഭവിക്കുന്നുണ്ട്. കക്കട്ടങ്ങാടിയിൽ പ്രവർത്തിക്കുന്ന മത്സ്യമാർക്കറ്റും ഇറച്ചിക്കടകളും അങ്ങാടിക്ക് മുകൾ വശത്താണ് പ്രവർത്തിക്കുന്നത്. ഇവിടെ നിന്നും മഴക്കാലത്ത് ഒഴുകിവരുന്ന മലിനജലം മെയിൻ റോഡിലൂടെ താഴോട്ടൊഴുകുന്നു. വിവിധ തൊഴിൽ മേഖലയുമായി ബന്ധപ്പെട്ടും മലിനീകണം ഉണ്ടാകുന്നു. വർക്ക്ഷോപ്പുകളിൽ നിന്നും സർവ്വീസ് സ്റ്റേഷനുകളിൽ നിന്നും പുറത്തുവരുന്ന ഓയിലുകളും മറ്റ് മാലിന്യങ്ങളും നമ്മുടെ ജല സ്രോതസ്സുകളെ മലിനപ്പെടുത്തിക്കൊണ്ടിരിക്കുന്നു. സ്ഥിരമായും അശ്രദ്ധമായും വാഹനങ്ങൾ കഴുകുന്നതിനാലും റോഡുകൾ മലിനപ്പെടുന്നുണ്ട്.

വായു മലിനീകരണമാണ് മറ്റൊരു പ്രശ്നം നിരന്തരമായി വാഹനങ്ങൾ ഓടിക്കൊണ്ടിരിക്കുന്ന അങ്ങാടികളിൽ കനത്ത തോതിൽ പുക പുറത്തേക്ക് വിടുന്നതിനാൽ വായു മലിനീകരണത്തിന് ഇടയാക്കുന്നു.

വാഹനങ്ങളിൽ ഉപയോഗിക്കുന്ന ആധുനിക ഹോണുകളും എയർ ഹോണുകളും കടുത്ത ശബ്ദ മലിനീകരണത്തിന് ഇടയാക്കുന്നു. കൂടാതെ അശ്രദ്ധമായ ഉച്ചഭാഷിണി ഉപയോഗവും ഇതിനു കാരണമാകുന്നുണ്ട്.

വീടുകൾ വർദ്ധിച്ചു വരുന്നത്വഴി പരിസരശുചിത്വം അപകടപ്പെട്ടു വരികയാണ്. വീടുകളിലെല്ലാം കിണറുകളും കക്കൂസുകളും നിർമ്മിക്കപ്പെടുന്നുണ്ട്. ഇവ തമ്മിൽ പാലിക്കേണ്ട ദൂരം അറിഞ്ഞുകൊണ്ടു തന്നെ മറ്റ നിവൃത്തികളില്ലാത്തതിനാൽ ജനങ്ങൾ പാലിക്കുന്നില്ല. ഇതുകാരണം ഉടലെടുത്തുകൊണ്ടിരിക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ വളരെ ഗൗരവമുള്ളതാണ്. വീടുകളിൽ നിന്നും പുറത്തേക്കൊഴുകുന്ന മലിന ജലം ശരി

യായ രീതിയിൽ കൈകാര്യം ചെയ്യത്തതും വീടുകളിൽ കക്കൂസുകളില്ലാത്തതും കാരണം ഈച്ച കൊതുക് എന്നിവ പെരുകുന്നുണ്ട്. ഇവ പകർച്ച വ്യാധികൾക്കും ഇടയാക്കുന്നുണ്ട്.

## പ്രശ്നങ്ങൾ

1. കക്കട്ടങ്ങാടിയിൽ കക്കൂസുകളില്ല.

2. പഞ്ചായത്തിലെ എല്ലാ വാർഡുകളിൽ നിന്നും കക്കൂസുകളില്ലാത്ത വീടുകൾക്ക് കക്കൂസുകൾ വേണമെന്നുള്ള ആവശ്യങ്ങൾ ഗ്രാമസഭകളിൽ ഉയർന്നു വന്നു.

3.അങ്ങാടികളിലെ മലിന ജലം കെട്ടിക്കിടന്ന് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

4. അങ്ങാടികളിലെ മാലിന്യങ്ങൾ സംസ്കരിക്കാൻ സ്ഥിരം സംവിധാനമില്ല, മാലിന്യങ്ങൾ കടകളിൽ നിന്നും അശ്രദ്ധമായി പുറന്തള്ളുന്നതു തടയാൻ സംവിധാമില്ല.

5. കുന്നുമ്മൽ പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ നിന്നും തുറന്ന സ്ഥലത്ത് നിക്ഷേപിക്കുന്നു

6.കക്കട്ടങ്ങാടിയോട് തൊട്ടുള്ള വഴികൾ മാലിന്യ കേന്ദ്രങ്ങളാണ്.

7. അങ്ങാടികളിലെ ഓവുചാലുകൾ തുറന്നുകിടക്കുന്നു.

8.ഹോട്ടലുകളിലും ബേക്കറികളിലും ആവശ്യമായ ശുചിത്വ പരിശോധന നടക്കുന്നില്ല.

9.വർക്ക് ഷോപ്പുകളിൽ നിന്നും സർവ്വീസ് സ്റ്റേഷനുകളിൽ നിന്നും മാലിന്യങ്ങൾ പുറന്തള്ളുന്നതിനെക്കുറിച്ച് പരിശോധന നടക്കുന്നില്ല.

10. കടത്തിണ്ണകളിൽ കൂട്ടമായി താമസിക്കുന്ന പൊതുസ്ഥലത്ത് മലമൂത്ര വിസർജ്ജനം ചെയ്യുന്നതു വഴി അങ്ങാടി പരിസരം മാലിന്യപ്പെടുന്നു.

## സാധ്യതകൾ

a. പാതിരിപ്പറ്റ അങ്ങാടിയിൽ മത്സ്യമാർക്കറ്റ് സ്ഥാപിക്കുക

b. കക്കട്ടങ്ങാടിയിൽ ഉചിതമായ സ്ഥലത്ത് മത്സ്യ-മാംസ മാർക്കറ്റ് ആധുനിക സൗകര്യത്തോടെ സ്ഥാപിക്കുക

c. പഞ്ചായത്തിലെ കക്കൂസ് ഇല്ലാത്ത വീടുകൾക്ക് കക്കൂസ് നിർമ്മിക്കാൻ വേണ്ട സഹായം നൽകുക.

d. അങ്ങാടിയിലെ മലിനജലം സ്ഥിരമായി ഒഴുകാൻ സംവിധാനമുണ്ടാക്കുക. ഓവുചാലുകൾ സ്ലാബിട്ടു മൂടുക.

e. അങ്ങാടികളിലെ മാലിന്യങ്ങൾ സംസ്കരിക്കാൻ ട്രഞ്ചിങ്ങ് ഗ്രൗണ്ട് ഏർപ്പെടുത്തുക.

f. മാലിന്യങ്ങൾ അശ്രദ്ധമായി പുറന്തള്ളുന്നതു തടയാൻ സംവിധാനമുണ്ടാക്കുക.

g. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ മാലിന്യങ്ങൾ സംസ്കരിക്കാൻ സംവിധാനമുണ്ടാക്കുക.

h. ഹോട്ടലുകളിലും ബേക്കറികളിലും ആരോഗ്യപ്രവർത്തകർ കൃത്യ സമയത്ത് പരിശോധന നടത്തുക.നിരീക്ഷിക്കാൻ കമ്മിറ്റികളുണ്ടാക്കുക.

i. അങ്ങാടികളിലെ മാലിന്യ പ്രശ്നങ്ങൾ പരിശോധിക്കുന്നതിനും പരിഹരിക്കുന്നതിനും പൊതുജനങ്ങളുടെ `ജനകീയ കമ്മിറ്റി'ക്ക് രൂപം കൊടുക്കുക.

j. കക്കൂസും കിണറും തമ്മിലുള്ള ദൂരം പാലിക്കാൻ കർശനമായ നിർദ്ദേശം നടപ്പിലാക്കുക.

k. നിശ്ചിത വീടുകൾക്ക് ഒരു പൊതു കക്കൂസ് ടാങ്ക് നിർമ്മിക്കുക എന്നരീതി നടപ്പിൽ വരുത്താൻ സഹകരണ സ്വഭാവം വളർത്തുക.

l. പഞ്ചായത്ത് കേന്ദ്രീകരിച്ച് ആഴ്ച ചന്ത ആരംഭിക്കുക

□

# ഗതാഗതം

ജല ഗതാഗതമാർഗങ്ങളിൽ നിന്നും ആരംഭിച്ച് മനുഷ്യൻ കരയിലൂടെയും വായുവിലൂടെയും ഗതാഗത മാർഗ്ഗങ്ങൾ നേടിയെടുത്തു പുതിയ സാധ്യതകളിലേക്ക് അന്വേഷണം നടത്തുന്ന കാലഘട്ടമാണിത്. ഏതൊരു നാഗരികതയുടേയും സംസ്ഥാപനത്തിനു പിറകിൽ ഗതാഗതമാർഗങ്ങളുടെ സുലഭ്യത എന്നുമുണ്ടായിരുന്നെന്ന് ചരിത്രം പറയുന്നു. പ്രകൃതിയുടെ തടസ്സങ്ങൾ നീക്കി വേഗത്തിൽ എത്താനുള്ള ചിന്തയായിരിക്കണം ഗതാഗത മാർഗങ്ങളെക്കുറിച്ച് മനുഷ്യനെ അന്വേഷണ തൽപരനാക്കിയത്. യാത്ര ചെയ്യാനും കാർഷിക വ്യവസായ ഉൽപന്നങ്ങളും അസംസ്കൃത വസ്തുക്കളും കൈമാറ്റം ചെയ്യാനുമാണ് ഗതാഗതം ആരംഭിച്ചത്. പിന്നീട് വിപണനത്തിൽ ഗതാഗതം ഒരു ആവശ്യഘടകമായി മാറി. ഏതൊരു വ്യവസായവും ആരംഭിക്കുമ്പോൾ ഗതാഗതത്തിന്റെ തടസ്സം വ്യവസായിയുടെ മുമ്പിലെ പ്രധാനപ്രശ്നമാണ്. നമ്മുടെ പ്രദേശങ്ങളിലെ ആദ്യകാല ഗതാഗത സൗകര്യങ്ങൾ പരിശോധിച്ചാൽ ഇത് മനസ്സിലാക്കാം. വഴിച്ചാലുകൾ സൃഷ്ടിച്ചുകൊണ്ട് കാളവണ്ടി ചക്രങ്ങൾ നിരങ്ങി നീങ്ങിയ റോഡുകൾ നാം ഇന്നും ഓർമ്മിക്കുന്നു. വിപണനകേന്ദ്രങ്ങളും മോട്ടോർ വാഹനങ്ങളും സർവ്വസാധാരണമായതോടെ റോഡുകളുടെ നീളവും വീതിയും വർദ്ധിക്കുയുണ്ടായി. കാലഘട്ടത്തിന്റെ മാറ്റത്തിനനുസരിച്ച് ഗതാഗതത്തിൽ കാര്യമായ വ്യതിയാനം ഉണ്ടായി. എന്നാൽ പുതിയ സാഹചര്യങ്ങൾ ആവശ്യപ്പെടുന്ന രീതിയിൽ നമ്മുടെ റോഡുകൾ സൗകര്യപ്രദമായിട്ടുണ്ടോ എന്ന കാര്യം ചിന്തനീയമാണ് ഇന്നും രണ്ട് മഴപെയ്താൽ തകരുന്ന റോഡുകളാണ് നമുക്കുള്ളത്. നാട്ടിൻപുറങ്ങളിലെ മൺപാതകളുടെ സ്ഥിതി വളരെ ശോചനീയമാണ്. ഇവ വർഷത്തിൽ മൂന്നോ നാലോ മാസം മാത്രമേ യഥാർത്ഥത്തിൽ ഗതാഗതയോഗ്യമാകാറുള്ളൂ.

വളരെയേറെ തിരിക്കേറിയതും അനേകം ഗതാഗത ക്കുരുക്കുകൾ ഉള്ളതുമായ കുറ്റ്യാടി-വടകര മെയിൻ റോഡ് 6 കി.മീറ്ററോളം കുന്നുമ്മൽ പഞ്ചായത്തിലൂടെയാണ് കടന്നുപോകുന്നത്. കക്കട്ടിൽ-അമ്പലക്കുളങ്ങര, വട്ടോളി, മൊകേരി തുടങ്ങിയ സുപ്രധാന സ്റ്റോപ്പുകൾ ഇതിനിടയിലുണ്ട്. ഇതോടൊപ്പം പ്രധാനപ്പെട്ട ചില ലിങ്ക് റോഡുകളും ഈ ഭാഗങ്ങളിലുണ്ട്. കക്കട്ട്-കൈവേലി റോഡ്, കക്കട്ട്-കൊയ്യാൽ റോഡ്, കക്കട്ട്-തീക്കുനി റോഡ്, കക്കട്ട്-നിട്ടൂർ റോഡ്, വട്ടോളി-പാതിരിപ്പറ്റ റോഡ്, മൊകേരി- കായക്കൊടി റോഡ് മൊകേരി-പൂക്കോട്ടും പൊയിൽ റോഡ്, മൊകേരി പാതിരിപ്പറ്റ റഎന്നിവയാണ് അവ. ഈ റോഡുകളെല്ലാം മഴ തുടങ്ങിയാൽ കുണ്ടും കുഴിയും ചളിയും നിറഞ്ഞ് ഗതാഗതയോഗ്യമല്ലാതായി മാറുകയാണ് പതിവ്. ഒട്ടുവളരെ അപകടങ്ങൾ ഈ റോഡുകളിൽ വർഷം തോറും സംഭവിക്കാറുണ്ട്. ഫൂട്ട്പാത്തുകളുടെ അഭാവം, ശരിയായി ചാലുകൾ ഇല്ലാത്തത് റോഡിലേയ്ക്കുള്ള കച്ചവടക്കാരുടെ കടന്നു

കയറ്റം, ടാക്സി കാറുകളും ജീപ്പുകളും ഓട്ടോറിക്ഷകളും റോഡരികിൽ നിർത്തിയിടുന്നത് കെട്ടിടം പണിക്കുള്ള സാധനങ്ങൾ മാസങ്ങളോളം റോഡരികിൽ ഇറക്കിയിടുന്നത് കക്കട്ടിൽ മാർക്കറ്റിലേക്കുള്ള സാധനങ്ങൾ ഇറക്കുകയും കയറ്റുകയും ചെയ്യുന്ന വാഹനങ്ങൾ റോഡരികിൽ നിർത്തിയിടുന്നത്. വാഹനങ്ങളുടെ അമിതമായ വേഗത എന്നിവയെല്ലാം അപകടകാരണങ്ങളിൽ ചിലതാണ്. ഈ പഞ്ചയാത്തിലെ മെയിൻ റോഡിലൂടെ തന്നെയാണ് സ്റ്റേറ്റ് ഹൈവേ (SH-37)കടന്നുപോകുന്നത്. ഹൈവേ വരുമ്പോൾ റോഡിന്റെ ഗുണനിലവാരവും വീതിയും മെച്ചപ്പെടും. എന്നാൽ ഫുട്ടപാത്തില്ലാതെ അത് കടന്നുപോവുകയാണെങ്കിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടായേക്കാം. ഈ റോഡുകളെല്ലാം വർഷം തോറും റിപ്പയർ ചെയ്യുന്നുണ്ട്. എന്നാൽ മഴ പെയ്യുന്നതിനു തൊട്ടുമുമ്പ് മാർച്ച-ഏപ്രിൽ മാസങ്ങളിൽ റിപ്പയർ ചെയ്യുന്നതുമൂലം മഴ പെയ്ത ഉടനെ റോഡുകൾ താറുമാറാവുകയാണ് പതിവ്. മൺ റോഡുകളാണെങ്കിൽ നടക്കാൻ പോലും വയ്യാത്തവിധം തകരുന്നു.

ഗ്രാമീണറോഡുകൾ റിപ്പയർ ചെയ്യാൻ ഒന്നരലക്ഷത്തോളം രൂപ അനുവദിക്കുന്നുണ്ട്. എന്നാൽ ഇവ റോഡിന്റെ റിപ്പയറിനു മാത്രം ചിലവഴിക്കേണ്ടി വരുന്നു. മൺറോഡിന്റെ അറ്റകുറ്റപണികൾ മെറ്റീരിയലുകൾ നൽകി ശ്രമദനം വഴി നടത്താൻ കഴിഞ്ഞാൽ നന്നായിരിക്കും. ഇവിടെയുള്ള മൺ റോഡുകൾക്ക് പലതിനും വേണ്ടത്ര വീതിയില്ല. ഭൂമിക്ക് വില കൂടിയതിനാൽ വീതി കൂട്ടുക പ്രയാസമാണ്. അങ്ങിനെയാകുമ്പോൾ നാട്ടിൻപുറങ്ങളിലെ റോഡുകൾ നിർദ്ദേശിക്കപ്പെട്ട വീതി ഇല്ലെങ്കിലുംടാർ ചെയ്യാനുതകുന്ന വിധത്തിൽ നിയമങ്ങൾ ഉണ്ടാക്കണം. ഇന്ന് മിക്ക റോഡുകൾക്കും കൃത്യമായ ഓവ്ചാലുകൾ ഇല്ല. അതിനാൽ റോഡിൽക്കൂടെ തന്നെയാണ് വെള്ളം ഒഴുകുന്നത്. അതുകൊണ്ട് പുതിയ റോഡുകളെക്കാൾ നിലവിലുള്ള റോഡുകൾക്ക് സംരക്ഷണം അത്യാവശ്യമാണ്. വീടുകളിൽ നിന്നും, കടകളിൽ നിന്നും ജലം റോഡുകളിലേക്ക് ഒഴുകുന്നത് റോഡിന്റെ സുരക്ഷിതത്വത്തിന് ഭീഷണിയാണ്. റോഡ് നമ്മുടെതാണെന്ന വ്യാപകമായ ബോധവൽക്കരണം ജനങ്ങളിൽ ഉയർന്നുവരേണ്ടതാണ്. അതുപോലെ റോഡരികിലെ വൃക്ഷങ്ങൾ റോഡിന് വളരെയേറെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട് വൃക്ഷങ്ങൾ ഉള്ളിടത്താണ് മഴക്കാലത്ത് കൂടുതലും ടാർ പൊളിഞ്ഞു പോകുന്നത്. അതിനാൽ റോഡരികിലെ വനവൽക്കരണം ഉപേക്ഷിക്കേണ്ടതാണ്. റോഡരികിൽ മതിലുകൾ കെട്ടുന്നത് പലരും ഒന്നരഅടി ദൂരം അകലം എന്നത് പാലിക്കുന്നില്ല, റോഡിന് ഇതും പ്രതിസന്ധങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അതുപോലെ റോഡ് ടാർ ചെയ്ത ഉടനെ KWA യുടെയും ടെലിഫോൺസിന്റെയും കുഴികളുണ്ടാക്കുന്നത് ഗതാഗതത്തിന് വളരെയേറെ പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്നുണ്ട് ഡിപ്പാർട്ട്മെന്റുകൾ തമ്മിൽ കൃത്യമായ പ്ലാനിംഗിലൂടെ ഏകോപിച്ചുകൊണ്ട് മുന്നോട്ട് നീങ്ങേണ്ടതാണ്.

ബസ് സ്റ്റോപ്പുകളുടെ കാര്യത്തിൽ നമ്മുടെ പഞ്ചായത്ത് ഇനിയും സ്വയം പര്യാപ്തമല്ല. പ്രധാന പട്ടണമായ കക്കട്ടിൽ ആവശ്യങ്ങൾക്കനുസരിച്ചുള്ള ബസ്സ്റ്റോപ്പുകളില്ല. കുറ്റ്യാടിയിലേക്കുള്ള കക്കട്ടിലെ ഒന്നാമത്തെ ബസ്സറ്റോപ്പ് ഇന്നും പീടികത്തിണ്ണയിലാണ്. കൈവേലി- പാതിരിപ്പറ്റയ്ക്കുള്ള ബസ്സ്റ്റോപ്പ് മാത്രമാണ്. വട്ടോളിയിലാണെങ്കിൽ വളരെ പഴയ ഒരു ബസ്സ്റ്റോപ്പാണുള്ളത്, മേൽക്കൂര തകർന്നുതുടങ്ങിയിട്ടുണ്ട്. കക്കട്ട് ഭാഗത്തേക്കുള്ള മൊകേരിയിലെ ബസ്സ്റ്റോപ്പ് ആവശ്യങ്ങൾക്കനുസരിച്ചുള്ളതല്ല. നരിപ്പറ്റ റോഡിലെ ബസ്സ്റ്റോപ്പും ബസു നിർത്തുന്ന സ്ഥലവും വേറെവേറെയാണ്. കുളങ്ങരത്താണെങ്കിൽ ജനങ്ങൾ നിർമ്മിച്ച ശുഷ്കമായ ബസ് സ്റ്റോപ്പാണുള്ളത്.

ടാക്സി സ്റ്റാന്റിൻരെ കാര്യത്തിൽ പഞ്ചായത്ത് വളരെ പിന്നോക്കമാണ്. മൊകേരിയിൽ ടാക്സികൾ റോഡരികിൽ നിർത്തിയിടുന്നത് ഒട്ടേറെ അപകടങ്ങളും മറ്റുപ്രശ്നങ്ങളും ഉണ്ടാക്കിയിട്ടുണ്ട്. കക്കട്ടിലെത്തുമ്പോൾ ടാക്സി സ്റ്റാന്റ് പ്രശ്നം രൂക്ഷമാണ്. നൂറിലേറെ ടാക്സികൾ ഓടുന്ന കക്കട്ട് ടൗണിൽ അമ്പതിലേറെ ടാക്സികൾ മിക്കവാറും സ്ഥിരമായി റോഡരികിൽ നിർത്തിയിട്ടത് കാണാം. ഒട്ടനവധി അപകടങ്ങൾ ടൗണിൽ സംഭവിച്ചിട്ടുണ്ട്. അതുപോലെ അസൗകര്യങ്ങളുടെ ഒട്ടേറെ പ്രശ്നങ്ങളും നിലനിൽക്കുന്നത്. ബസുകൾ കൈവേലി റോഡ് ജംഗ്ഷനിൽ നിന്നും തിരിക്കുന്നതും റോഡരികിൽ മണിക്കൂറുകളോളം നിർത്തിയിടുന്നതും കക്കട്ടിൽ ടൗൺ അഭിമുഖീകരിക്കുന്ന നീറുന്ന പ്രശ്നങ്ങളാണ്. മൺറോഡുകളിലൂടെ ഭാരം വലിച്ചുകൊണ്ടുപോകുന്ന വാഹനങ്ങൾ റോഡ് തകർക്കുന്നുണ്ട്. ലോറികളും ട്രാക്റ്ററുകളും ഇത്തരം റോഡുകളിലൂടെ പോകുന്നത് നിരോധിക്കേണ്ടതാണ്. പൊതുവെ കുന്നുമ്മൽ പഞ്ചായത്തിലെ പാതകൾ മൂന്നുതരമാണ്. 1) ടാർ ചെയ്ത പാതകൾ 2) മൺപാതകൾ 3) നടപ്പാതകൾ

## ഗ്രാമീണ റോഡുകൾ സംബന്ധിച്ച വിവരങ്ങൾ (1995-96)

| റോഡിന്റെ സ്വഭാവം (നീളം) KMൽ | | | | | | | |
|---|---|---|---|---|---|---|---|
| കച്ച | പക്ക | മെറ്റൽ | ടാർ | | | മറ്റുള്ളവ | ആകെ |
| | | | പഞ്ചായത്ത് | PWD | SH | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 8.907 | 23.040 | 5.160 | 5.160 | 4.24.5 | 4. | - | 89.507 |

### കുന്നുമ്മൽ പഞ്ചായത്തിലെ നിലവിലുള്ള റോഡുകളുടെ പട്ടിക

| മൺറോഡ് | ടാർ |
|---|---|
| കക്കട്ടിൽ-എലിപ്പറമ്പത്ത് മുക്ക് റോഡ് 89-90 | 0.335 |
| റൂറൽ ബാങ്ക്- ആയിനികുന്ന് 89-90 | 0.210 |
| കല്ലുപുര ലക്ഷം വീട് കോളനി റോഡ് 90-91 | 0.265 |
| വെളുത്തപറമ്പത്ത്-കുറുങ്ങോട്ട താഴ 90-91 | 0.77 |
| പാറയിൽ എൽ.പി.സ്കൂൾ നീലിക്കണ്ടി പുതിയോട്ടിൽ 90-9 | 1 0.100 |
| നടേമ്മൽപീടിക-വാരിക്കുഴി 90-91 | 190 |
| കമ്പനിമുക്ക്-കിളിപ്പറ്റ റോഡ് 90-91 | 280 |
| കുമ്പളം കണ്ടി മലയനാണ്ടിമുക്ക് റോഡ് 90-91 | 0.316 |
| തുണ്ടിയിൽ മുക്ക് ഒതയോത്ത്മുക്ക് 90-91 | 0.115 |
| ചെട്ട്യാംകണ്ടി മുക്ക് തയ്യുള്ളതിൽ മുക്ക് 90-91 | 0.150 |
| തെങ്ങും തറേൽ-എഴുന്നോലക്കുനി 90–91 | 0.150 |
| ശവംവെയ്ക്കുന്ന പറമ്പ്-കോളനി റോഡ് 90-91 | 0.392 |
| ചെറിയ കൈവേലി പാതിരിപ്പറ്റ സ്കൂൾ റോഡ് 90-91 | 0.450 |
| മരുമ്പയോട് മുക്ക്-കുറുങ്ങോട്ട് മുക്ക് 90-91 | 0.300 |
| വടേക്കണ്ടി നാലുസെന്റ് കോളനി-കല്ലുമ്പുറം ലക്ഷം വീട് 90-9 | 2 260 |
| നിർമ്മലാ ടാക്കീസ്-പടിഞ്ഞാറെതാഴെറോഡ് 91-92 | 360 |
| പിലായിന്റവിട നെല്ലിയുള്ള പറമ്പത്ത് റോഡ് 91-92 | 156 |
| കാപ്പുമ്മൽ- കോളേജ് റോഡ് 94-95 | 0.4027 |
| വാരിയൻ കണ്ടി പള്ളിമുക്ക റോഡ് കരുവോത്ത് മുതൽ മെയിൻ റോഡ് 90-92 | 0.208 |
| ഓവുപറമ്പത്ത്-ചാരമ്പറമ്പ് 73-74 | 0.400 |
| പടിക്കലക്കണ്ടി-ഞേറക്കാട്ടിൽ 94-95 | 0.050 |
| മണ്ണൂർക്കണ്ടി-പുളിയനാട് 74-750 | 0.300 |
| മന്നികണ്ടിമുക്ക്-തട്ടാന്റവിട 75-76 | 0.650 |
| കാഞ്ഞിരത്താംപൊയിൽ-നരിക്കാട്ടേരി 75-76 | 0.400 |
| കക്കട്ടിൽ-അരൂര് 77-78 | 0.400 |
| അമ്പലക്കുളങ്ങര-ഒന്തമ്മൽ മുക്ക് 76-77 | 0.600 |
| കാപ്പുംചാലിൽ-വെങ്കല്ലുള്ള താഴ 76-77 | 0.800 |
| കിഴക്കയിൽ പീടിക-മുളീക്കരപീടിക 77-78 | 0.250 |
| കക്കട്ടിൽ പുത്തൻപുരയിൽ താഴെ-പിലാത്തോട്ടത്തിൽ 77-78 | 0.745 |

| | |
|---|---|
| മാപ്പിള എൽ.പി-വട്ടോളി 77-78 | 0.500 |
| കിണറുള്ള പറമ്പത്ത് മീത്തൽ-പറാട്ടിത്താഴെ 77-78 | 0.100 |
| മുറിച്ചാണ്ടിമുക്ക്-വടക്കേപറമ്പത്ത് 78-79 | 0.698 |
| പിലാച്ചേരിമുക്ക്-കൊന്നയുള്ള പറമ്പത്ത് 78-79 | 0.406 |
| കത്ത്യണപ്പൻ ചാലിൽ-അത്തിക്കോട്ട് 78-79 | 0.085 |
| ഒറവുപറമ്പ്-കാപ്പുംചാലിൽ 78-79 | 0.265 |
| കക്കട്ട് കൈതപ്പൊയിൽ-എള്ളിലപറമ്പ് 79-80 | 0.100 |
| മൂളീക്കരത്താഴ വക്കയിൽ താഴ 79-80 | 0.192 |
| നമ്പൂടിവയൽ-പുളിയുള്ളതിൽ പറമ്പ് 79-80 | 0.205 |
| അരൂർ റോഡ് ബാങ്ക് റോഡ് 79-80 | 0.327 |
| കുണ്ടുകടവിൽ-കമ്മൻവാതുക്കൽ 79-80 | 0.44 |
| താഴെതയ്യിൽ മലയിൽ പീടിക 79-80 | 0.391 |
| മൊകേരി ചേട്ടാണിക്കൽ താഴെ 79-80 | 0.888 |
| കിഴക്കയിൽ മുക്ക്-ആയനിക്കുന്ന് 79-80 | 0.72 |
| പുത്തൻപുരയിൽ താഴെ കൊല്ലനച്ച പറമ്പ് 79-80 | 0.810 |
| മീത്തലെ തറോൽ 79-80 | 0.350 |
| താളിക്കുനി-തെങ്ങും തറോൽ 79-80 | 0.550 |
| കൂടത്തിൽ മുക്ക്-കുറുന്തോക്കണ്ടിമുക്ക് 79-80 | 0.360 |
| ആയനിക്കുന്ന്-പറാട്ടി 79-80 | 0.220 |
| പനേന്റെകീഴിൽ തൂണേരി വീട്ടിൽ 79-80 | 0.850 |
| കൂരിക്കാട്ടിൽ -മണലിൽ താഴെ 79-80 | 0.458 |
| കുനിയിൽ -അമ്പലക്കുളങ്ങര 79-80 | 0.850 |
| പിലായിന്റവിട കുനിയിൽ എൽ.പി. 79-80 | 0.860 |
| ഒറ്റത്തെങ്ങുള്ളതിൽ മുക്ക് കരുവാണ്ടി 79-80 | 0.850 |
| പിലാച്ചേരി മുക്ക്-കൊന്നയുള്ള പറമ്പ് 79-80 | 0.850 |
| കുനിയിൽ എൽ.പി. പിലാച്ചേരിമുക്ക് 79-80 | 0.850 |
| മൊകേരി വടയം മഹിളാസമാജം റോഡ് 79-80 | 0.530 |
| പാറോള്ളതിൽ മുക്ക് മീത്തലപ്പാറ 82-83 | 0.400 |
| മുറിച്ചാണ്ടിമുക്ക് പാതിരിപ്പറ്റ 82-83 | 0.410 |
| കരുവാംകണ്ടി സ്രാമ്പി-കുന്നുമ്മൽ റോഡ് 83-84 | 0.82 |
| മാവുള്ളകാപ്പുംചാലിൽ കുളവട്ടപ്പറമ്പിൽ 83-84 | 0.214 |
| കുന്നുമ്മൽ തോട് മടത്തിക്കണ്ടിതാഴെ 84-85 | 0.805 |
| ദുർഗ്ഗാ ക്ലിനിക്-പടിഞ്ഞാറെകണ്ടിമുക്ക് 84-85 | 0.420 |
| മീത്തൽ വയൽ-കൈതപൊയിൽ റോഡ് (77-780 | 1.00 |

## ഫുട്പാത്ത്

പൂവ്വത്തിൻ തോട്ടത്തിൽമുക്ക് നാലുസെന്റ് കോളനി 93-94 1.85

| | |
|---|---|
| മാടന്നൂര് വടക്കയിൽ ഫുട്ട്പാത്ത് 93-94 | 0.98 |
| ആയനികുന്നന് പെരുവാണി 93-94 | 0.186 |
| ചാത്തോത്ത് പൊയിൽ 93-94 | 710 |
| കുന്നുമ്മൽ അമ്പലം -കിളിപ്പറമ്പത്ത് മുക്ക് 93-94 | 216 |
| ആനോറ-പടിഞ്ഞാറുഭാഗം 94-95 | 0.203 |
| നരിക്കാട്ടേരി പടിഞ്ഞാറേയിൽ താഴെ-കണിയാങ്കണ്ടി 94-95 | 0.210 |
| കൂറ്റോരിക്കണ്ടി-കുഞ്ഞറ്റിക്കാട്ടിൽ 94-95 | 0.19 |

| | |
|---|---|
| കുളങ്ങരത്ത് ചേണികണ്ടി 94-95 | 0.570 |
| വാര്യംകണ്ടി മുക്ക് -വലിയ പറമ്പത്ത് മുക്ക് 95-96 | 0.115 |
| അടുവാട്ട് കുന്ന്-തോട്ടുകുന്ന് 95-96 | 0.125 |
| പെരുമ്പാത്താഴ 0.160 | |
| മീത്തലെ പൂവുള്ളതിൽ 0.185 | |
| പിലായീന്റവിട-നെല്ലിയുള്ള പറമ്പത്ത് 90-91 | 0.110 |
| നെല്ലിയുള്ളതിൽമുക്ക്-താനിയുള്ളതിൽ കുന്ന് പഞ്ചായത്ത് കിണർ 91-92 | 0.165 |
| തയ്യിൽ മുക്ക്-തെക്കയിൽ മുക്ക് 91-92 | 0.152 |
| കത്ത്യണപ്പൻ ചാലിൽ-കോളനി ശ്മശാനം 91-92 | 0.140 |
| പാറപ്പൊയിൽ മുക്ക്-അത്തലാം വീട്ടിൽ 91-92 | 0.250 |
| പാറയിൽ സ്കൂൾ- പടിഞ്ഞാറെകണ്ടി മുക്ക് 91-92 | 0.186 |
| കല്ലുള്ള പറമ്പ് 91-92 | 0.125 |
| കായക്കുളങ്ങര 91-92 | 0.65 |
| ലീലാ ടാക്കീസ് 91-92 | 0.100 |
| പടിഞ്ഞാറെക്കണ്ടി എലിപ്പറമ്പത്ത് 91-92 | 0.147 |
| കേളം കണ്ടി 91-92 | 0.168 |
| മൊകേരി-കുളത്താം കുഴി 91-92 | 0.212 |
| കുണ്ടുകടവിൽ കല്ലുള്ള പറമ്പത്ത് 91-92 | 0.90 |
| പിലാച്ചേരിമുക്ക്-പാറയുള്ള പറമ്പത്ത് 91-92 | 0.186 |
| എലിപ്പറമ്പ് മുക്ക് ഒതയോത്ത് മുക്ക് 91-92 | 0.152 |
| നമ്പൂടിവയൽ-പുളിയുള്ളതിൽ 91-92 | 0.250 |
| കുറ്റിയിൽ മുക്ക് കൊടിയാറമുക്ക് 91-92 | 0.184 |
| കുറുങ്ങോട്ടുതാഴ-തെക്കെ വയനങ്ങോട്ട് 91-92 | 0.275 |
| കലാനഗർ-ചാലുപറമ്പത്ത് 91-92 | 0.236 |
| ഹെൽത്ത് സെന്റ്ർ-കല്ലുമ്പുറത്ത് 91-92 | 0.296 |
| ചിറയിൽമുക്ക് മലയിൽ മുക്ക് കത്ത്യണപ്പൻ ചാൽ 91-92 | 0.242 |
| പടിഞ്ഞാറയിൽ താഴെ 91-92 | 0.124 |
| ലക്ഷ്മി വിലാസം 91-92 | 0.40 |
| മൊകേരി-കുണ്ടുകുളങ്ങര 91-92 | 395 |
| വാരിയാകണ്ടി പള്ളിമുക്ക് റോഡിൽ കരുവോത്ത് മുക്ക്-മെയിൻ റോഡ് 91-92 | 0.208 |
| കോളേജ് റോഡ് - പിലാവുള്ള പറമ്പത്ത് | 0.195 |
| ഹോമിയോഡിസ്പൻസറി- ചിറയിൽ മുക്ക് | 0.145 |
| മൊകേരിപള്ളി - പനിച്ചിത്തറ | 190 |
| പനിച്ചിത്തറ- കായക്കൊടി റോഡ് | 145 |
| മുറുവച്ചേരി മുക്ക് -വാണിയംകണ്ടി താഴെ | 0.276 |
| ചെട്ടിയാംകണ്ടി | 0.093 |
| തവിടോറ | 0.132 |
| പൊട്ടൻകുളങ്ങര-ശവംവെയ്ക്കുന്ന പറമ്പ് | 281 |
| ചിറയിൽ മുക്ക് – ലക്ഷം വീട് | 0.200 |
| നടുകാല്ലംചാലിൽ – പടിക്കലെക്കണ്ടി | 0.200 |

പിലാച്ചേരി റോഡ്-കൊന്നയുള്ള പറമ്പ് വരെ

പഞ്ചായത്തിലെ ഗതാഗത പ്രശ്നങ്ങൾക്ക് വാർഡുകളിലെ ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന മുഴുവൻ നിർദ്ദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും ചുവടെ സൂചിപ്പിക്കുന്നു. പല റോഡുകളും നിർമ്മിക്കുന്നതിനും റിപ്പയർ ചെയ്യുന്നതിനും എല്ലാ വാർഡുകളിൽ നിന്നും ശ്രമദാനം വാഗ്ദാനം ചെയ്തിട്ടുണ്ട്.

**താർ ചെയ്യേണ്ടവ**

| ക്രമനമ്പർ | വാർഡ് | |
|---|---|---|
| 1 | I | ബാലന്റെ പീടിക, വായന ശാല, കൈവേലി റോഡ് |
| 4 | | മീത്തവയൽ–കൈതപൊയിൽ റോഡ് |
| 2 | I | പിലാച്ചേരി-വട്ടോളി എൽ.പി.സ്കൂൾ റോഡ് |
| 3 | I | നെല്ലോംകുഴി-വെങ്കല്ലുള്ളതറ റോഡ് |
| 4 | II | വടയക്കണ്ടി-നാലുസെന്റ് കോളനി റോഡ് |
| | | കാപ്പുചാൽ–കാപ്പ് റോഡ് |
| 5 | III | പന്നിക്കുഴി ലക്ഷം വീട് റോഡ് 500 മീറ്റർ വരെയുള്ള ദൂരം |
| 6 | IV | എൽ.പി യു.പി.സ്കൂൾ തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനവുമായി ബന്ധപ്പെടുന്ന മുഴുവൻ റോഡുകളും |
| 7 | | മിനി-ഒറ്റത്തെങ്ങുള്ളതിൽ മുക്ക് റോഡ് |
| 8 | | അമ്പലക്കുളങ്ങര പനേന്റകീഴിൽ റോഡ് |
| 9 | | വട്ടോളിമുതൽ അരൂർ വരെയുള്ള കനാൽ റോഡ് |
| 10 | V | അമ്പലക്കുളങ്ങര-നെട്ടൂർ റോഡ് |
| 11 | | പാറോള്ളതിൽ മുതൽ മീത്തലെപറമ്പത്ത് വരെയുള്ള റോഡ് |
| 12 | | അമ്പലക്കുളങ്ങര-ഒന്തമ്മൽ റോഡ് |
| 13 | VI | ദുർഗ്ഗാ ഹോസ്പിറ്റൽ-മതുകുന്ന് റോഡ് |
| 14 | | കക്കട്ടിൽറൂറൽ ബാങ്ക്- അരൂർ റോഡ് |
| 15 | VII | ബാലവാടി-നരിക്കാട്ടേരി റോഡ് |
| 16 | | കാഞ്ഞിരത്താംപൊയിൽ-പുളിയഞ്ചേരി റോഡ് |
| 17 | VIII | കക്കട്ട്-കൈതച്ചാലിൽ റോഡ് (റീ ടാർ ചെയ്യണം) |
| 18 | IX | എരഞ്ഞിയുള്ളതിൽ താഴമുതൽ വട്ടോളി എൽ.പി.സ്കൂൾ വരെയുള്ള റോഡ് |

**റിപ്പയർ ചെയ്യേണ്ടവ**

| ക്രമനമ്പർ | വാർഡ് | റോഡിന്റെ പേര് |
|---|---|---|
| 1 | I | മീത്തലെ വയൽ വായനശാല-കൈതപ്പൊയിൽ റോഡ് |
| 2 | I | കാപ്പുംചാൽലക്ഷംവീട് കോളനി റോഡ് |
| 3 | II | പിലാച്ചേരി-പെരുവാണി-മൊകേരി കോളേജ് റോഡ് |

| | | |
|---|---|---|
| 4 | III | കലാനഗർ-തെങ്ങും തറ റോഡ് |
| 5 | " | അപ്പത്താം മാവുള്ളതിൽ -ലക്ഷം വീട് റോഡ് |
| 6 | " | മത്സ്യമാർക്കറ്റ് കൊളത്താം കണ്ടി റോഡ് |
| 7 | " | പറാട്ടി-ചെക്യാട് കനാൽ റോഡ് |
| 8 | " | ആനോറ-പറാട്ടി റോഡ് |
| 9 | " | കുറുന്തോത്താഴ -താഴെ തറമ്മൽ റോഡ് |
| 10 | " | അയനിക്കുന്നുമ്മൽ റോഡ് |
| 11 | " | കലാനഗർ-കുടകപ്പറമ്പ് റോഡ് |
| 12 | IV | കാഞ്ഞിരമുള്ള പറമ്പത്ത്-തെക്കെയിൽ മുക്ക് റോഡ് |
| 13 | " | കരുവൻകണ്ടിമുക്ക് റോഡ് |
| 14 | " | നെടുനൻ കണ്ടി മുക്ക് റോഡ് |
| 15 | " | വാഴയിൽ മുക്ക്-വട്ടോളി എൽ.പി സ്കൂൾ റോഡ് |
| 16 | " | ബ്ലോക്ക് ഓഫീസ്-വട്ടപ്പാറച്ചാലിൽ റോഡ് |
| 17 | " | ഗവ: യു.പി.സ്കൂൾ-കിണറുള്ളതിൽ മുക്ക് റോഡ് |
| 18 | V | കനാൽ റോഡ് |
| 19 | " | പാറോള്ളതിൽ താഴെ-എകരത്ത് പറമ്പ് റോഡ് |
| 20 | " | പൂളയുള്ള പറമ്പത്ത്-വടക്കൻചാലിൽ മുക്ക് റോഡ് |
| 21 | " | മതുക്കുന്നുമ്മൽ മുക്ക്-അരിപ്പൂൽ റോഡ് |
| 22 | " | തയ്യുള്ളതിൽമുക്ക്-എറോക്കണ്ടി റോഡ് |
| 23 | VI | അരൂർ റോഡ് മുതൽ പാറയിൽഎൽ.പി സ്കൂൾ വരെ പുതിയ റോഡ് |
| 24 | " | ആനവാതുക്കൽ-കുറുങ്ങോട്ടുതാഴ |
| 25 | VII | കൊരട്ടോടിത്താഴെ-കനന്നാടി ബാലവാടിവരെ പുതിയ റോഡ് |
| 26 | VIII | നാലും എട്ടും വാർഡുകളെ പരസ്പരം ബന്ധിപ്പിക്കുന്ന തരത്തിൽ കേളന്തറ ബാബുവിന്റെ പീടികയ്ക്കടുത്തുകൂടി ഒരു പുതിയ റോഡ് |
| 27 | IX | വലിയപറമ്പത്ത് മുക്ക് നല്ലോം കുഴി ഫുട്ട്പാത്ത് റോഡാക്കി മാറ്റുക. |

**പൂർത്തിയാക്കേണ്ടവ**

| | | |
|---|---|---|
| 1 | VI | അരൂർ റോഡ് ബാങ്ക് റോഡുമായി ബന്ധിപ്പിക്കുക |
| 2 | VIII | തരിപ്പക്കുന്നിൽ പുതുതായി നിർമ്മിക്കുന്ന റോഡിന്റെ പണി പൂർത്തീകരിക്കുക.-- |

**നടപ്പാത**

| | | |
|---|---|---|
| 1 | I | തയ്യിൽ മുക്ക്-നിരളത്തിൽ പ്രദേശം |
| 2 | III | ആനോറ ഇടവഴിമുതൽ മൊകേരി കോളേജ് |
| 3 | " | മൊകേരി ടൗൺ-ലക്ഷം വീട് ഇടവഴി |
| 4 | " | കച്ചേരിപൊയിൽ -പന്നിക്കുഴി നടവഴി |

| | | |
|---|---|---|
| 5 | IV | നെട്ടൂർ റോഡ് മുതൽപമ്പ് ഹൗസ് വരെ |
| 6 | " | കിളിയുള്ളതിൽ മുതൽ പിലാച്ചേരി പുത്തരിക്കണ്ടത്തിൽ താഴെ വരെ |
| 7 | V | കാഞ്ഞിരപ്പാറേന്റെ മീത്തൽ മുക്ക്-കാറ്റ്മുടിച്ച പറമ്പത്ത് ഇടവഴി. ബേങ്ക് റോഡിൽനിന്ന് കുനിയിൽ മുക്ക് വരെ |
| 8 | VI | മുറിച്ചാണ്ടി ഹാർഡ്‌വെയറിനടുത്തുള്ള റോഡ് |
| 9 | " | കക്കട്ടിൽ റൂറൽ ബാങ്ക് റോഡ് |
| 10 | VII | കല്ലുമ്പുറം ലക്ഷം വീട് റോഡ് (ചട്ടിപ്പറമ്പത്ത് റോഡ്) |
| 11 | " | കക്കട്ട് മേൽ വള്ള്യാട്ട് വരെയുള്ള റോഡ് |
| 12 | VIII | മാപ്പിള എൽ.പി.സ്കൂൾ മുതൽ കുറ്റിയിൽ മുക്ക് വരെ റോഡ് |
| 13 | " | അമ്പലക്കുളങ്ങര-പനയന്റെ കീഴിൽ റോഡ് |
| 14 | " | കൈവേലി റോഡ് തയ്യുള്ളതിൽമുക്ക് |
| 15 | IX | മണ്ണിയൂർ താഴ-സംസ്കൃതം ഹൈസ്കൂൾ റോഡ് |
| 16 | " | കൊന്നയുള്ള പറമ്പത്ത്-പിലാച്ചേരി-മൊകേരി കോളേജ്-- |

**പുതുതായി നിർമ്മിക്കേണ്ടവ**

| | | |
|---|---|---|
| 1 | III | മൊകേരി കോളേജ് ലക്ഷം വീട് റോഡ്-കായക്കൊടി റോഡുമായി ബന്ധിപ്പിക്കണം |
| 2 | IV | കാഞ്ഞിരമുള്ള പറമ്പത്ത് മുക്കിലേക്കും കൊന്നയുള്ള പറമ്പ് മുക്കിലേക്കും പുതിയ റോഡ് |
| 3 | " | നെല്ലിയുള്ള പറമ്പത്ത് മുക്ക്-കോമത്ത് മുക്ക് |
| 4 | " | പുളിയംകൂൽ മുക്കിൽനിന്ന് കുറ്റിയിൽ മുക്കിലേക്ക് പുതിയ റോഡ് |
| 5 | " | പിലാത്തോട്ടത്തിൽ മുക്കു മുതൽ മണലിൽ താഴ വരെ |
| 6 | V | മൊട്ടേമ്മൽ ഭാഗത്ത് പുതിയ റോഡ് |
| 7 | " | കനാൽ മുതൽ മതുകുന്നുമ്മൽ ആൾതാമസമുള്ള സ്ഥലം വരെ |
| 8 | " | കനാൽ പാലം - അരൂർ റോഡ് |
| 9 | " | കനാൽ പാലം - മൊട്ടേമ്മൽ മുക്ക് |
| 10 | VI | ചുണ്ടക്കാത്ത് ഇടവഴി മുതൽ കുനിയിൽ ഇടവഴിവരെ നടപ്പാത നിർമ്മിക്കുക. |
| 11 | " | ചാത്തോത്ത് താഴെ കുറുങ്ങോട്ട് റോഡിനെ ബന്ധിപ്പിക്കുന്ന നടപ്പാത |
| 12 | " | ലീലാ ടാക്കീസ് മുതൽ കണ്ണാടീന്റവിടെ വരെ |
| 13 | " | കണ്ണാടിന്റവിട മുതൽപുതിയോട്ടിൽ താഴെ വരെ നടപ്പാത |
| 14 | VII | അരൂർ റോഡിൽ നിന്ന് അത്തിലാം വീട്ടിൽ വയൽ വഴി കോട്ടയിൽ താഴെ റോഡിന് നടപ്പാത പണിയുക. |
| 15 | " | വണ്ണത്താം വീട്ടിൽ പറമ്പിന് മുമ്പിലുള്ള തോടിന് സമീപം നടപ്പാത നിർമ്മിക്കുക. |
| 16 | " | കുന്നത്തു പറമ്പ് കിഴക്കയിൽ പറമ്പ് നടപ്പാത റിപ്പയർ ചെയ്യുക. |
| 17 | " | മഠത്തിലെ റോഡുമുതൽ കാളിയത്ത് റോഡുമായി ബന്ധിപ്പിക്കുന്ന നടപ്പാത സഞ്ചാര യോഗ്യമാക്കുക. |

ഓവുചാൽ

| | | |
|---|---|---|
| 1 | III | കടത്തനാടൻ കല്ല്- പറാട്ടി റോഡിൽ ഓവുചാൽ നിർമ്മിക്കുക. |
| 2 | IV | വട്ടോളി - പാതിരിപ്പറ്റ റോഡിന്റെ ഇരുഭാഗത്തും ഓവുചാൽ |
| 3 | VII | കുളങ്ങരത്ത്-നരിക്കാട്ടേരി റോഡിന്റെ ഇരുവശത്തും ഓവുചാൽ നിർമ്മിക്കുക. |
| 4 | VIII | പനേന്റെകീഴിൽ തവിടോറകുന്ന് ഭാഗത്തേക്കുള്ള റോഡിൽ ഓവുചാൽ |
| 5 | " | എലിയാറത്താഴെ നടപ്പാതയിൽ സ്ലാബിടുക |

ഓവുപാലം

| | | |
|---|---|---|
| 1 | III | കലാനഗർ-വടയം റോഡിൽ ഓവുപാലം നിർമ്മിക്കണം |
| 2 | " | കലാനഗർ-തെങ്ങുംതറ റോഡിൽ ഓവുപാലം |
| 3 | " | കടത്തനാടൻ കല്ല്-പറാട്ടിറോഡിൽഓവുപാലം നിർമ്മിക്കുക |
| 4 | V | കരിമ്പാച്ചേരി ഭാഗത്ത് പൊയ്കയിൽ തോടിനു കുറുകെ ഓവുപാലം നിർമ്മിക്കുക. |
| 5 | VII | ബാലവാടി-നരിക്കാട്ടേരി റോഡിലുള്ള ഓവുപാലം പുതുക്കി പണിയുക. |
| 6 | " | കുന്നുമ്മൽ സ്രാമ്പി - നരിക്കാട്ടേരി റോഡിൽ ഒരു ഓവുപാലം പണിയുക. |
| 7 | VI | കേളോത്ത് താഴെ ഓവുപാലം നിർമ്മിക്കണം |

മറ്റിനങ്ങൾ

| | | |
|---|---|---|
| വാർഡ് | I | പാതിരിപ്പറ്റയിൽനിന്ന് തലശ്ശേരിയിലേക്ക് ഒരു K.S.R.T.C ബസ് സർവ്വീസ് ആരംഭിക്കണം. |
| വാർഡ് | II | മുറുവശ്ശേരി -ചങ്ങരംകുളം റോഡിൽ വാഹനം കഴുകുന്നത് നിരോധിക്കണം |
| വാർഡ് | III | മൊകേരി ടാക്സി സ്റ്റാന്റ് മാറ്റി സ്ഥാപിക്കണം. കച്ചേരിത്തറ കൃഷ്ണന്റെ പീടികയ്ക്കടുത്ത് സ്ലാബിട്ടാൽ ടാക്സി സ്റ്റാന്റ് ഉണ്ടാക്കാൻ ആവശ്യമായ സ്ഥലം കിട്ടും. |

## ഫൂട്ട് പാത്ത്

| | |
|---|---|
| വെളുത്ത പറമ്പത്ത് കറുങ്ങോട് താഴ ഫൂട്ട് പാത്ത് | 0.77 |
| പാറയിൽ L.P. സ്കൂൾ നീലക്കണ്ടി പുതിയോട്ടിൽ ഫുട്ടപാത്ത് 90.91 | 0.100 |
| നെല്ലിയുള്ള പറമ്പ് നല്ലോകുഴി ഫുട്ടപാത്ത് 90-91 | 0.92 |
| പട്ടർമഠം മണലിൽതാഴ ഫുട്ടപാത്ത് 90-91 | 0.102 |
| നടേമ്മൽ താഴ പീടിക-വാരിക്കുഴി പറമ്പ്മുക്ക് ഫുട്ടപാത്ത് 90-91 | 0.190 |
| കമ്പനി മുക്ക്-കിളി പറ്റ റോഡ് 90-91 | 0.250 |
| ചെട്ട്യാൻ കണ്ടി-കുന്നുമ്മൽ അമ്പലം ഫുട്ട്പാത്ത് 90-91 | 0.208 |
| ചന്ദ്രോത്ത് മലേനങ്ങ് മുക്ക്ഫുട്ട്പാത്ത് 90-91 | 0.120 |
| തെക്കെ കറിമ്പാച്ചേറി മുക്ക് കുഞ്ഞിപ്പാമ്പ് മുക്ക് ഫുട്ട്പാത്ത് 90–91 | 0.113 |
| കൊന്നയുഴ്ഴ കുഴിക്കിലിടം വരെ ഫുട്ടപാത്ത് | 0.110 |
| ചാത്തോത്ത് മുക്ക് ഉണ്ടംചാലിൽ ഫുട്ടപാത്ത് | 0.350 |
| പുത്തൻപുരയിൽ മുക്ക്-പടിഞ്ഞാറെപറമ്പ് 90–91 | 0.110 |
| നെല്ലിയുള്ള പറമ്പത്ത് നല്ലോകുഴി ഫുട്ടപാത്ത് 90-91 | 0.120 |
| ചെട്ടാൻ കണ്ടി കുന്നുമ്മൽ അമ്പലം ഫുട്ടപാത്ത് | 0.208 |
| ചന്ദ്രോത്ത് മലേന്നണ്ടി മുക്ക് ഫുട്ട്പാത്ത് 90-91 | 0.120 |
| തെക്കേ കരിച്ചാച്ചേരി മുക്ക് കഞ്ഞിപറമ്പത്ത് മുക്ക് ഫുട്ടപാത്ത് 90-91 | 111 |
| കൊന്നയുള്ള പറമ്പ് ശ്മശാനം റോഡ് ഫുട്ട്പാത്ത് 90-91 | 250മീ |
| കക്കട്ട് കുഴിക്കലിടം വരെ ഫൂട്ടപാത്ത് 90-91 | 0.60 മീ |
| പുത്തിൻ പുരയിൽ മുക്ക് പടിഞ്ഞാറെ പറമ്പത്ത് മുക്ക് ഫുട്ട്പാത്ത് 90.91 0. | 110 മീ |
| തുണ്ടിയിൽ മുക്ക് ഒതയോത്ത് മുക്ക് 90-91 | 0.185 |
| ചാത്തോത്ത് മുക്ക് ഉണ്ടൻചാലിൽ മുക്ക് ഫുട്ട്പാത്ത് | 0.350 |
| തെക്കയിൽ മുക്ക് പുന്നപ്പറമ്പത്ത് 90-91 | 0.150 |
| തെക്കയിൽ-പുത്തൻ പറമ്പ് 90-91 | 0.150 |

## മൺ റോഡ്

| | |
|---|---|
| പുത്തൻ പുര മുക്ക്-പീടികകണ്ടി മുക്ക് 69-70 | 1.200 |
| കുന്നുമ്മൽപള്ളി-നരിക്കാ 64-65 | 1.330 |
| കക്കട്ടിൽ റൂറൽ ബാങ്ക്-മരതിയാട്ട് താഴ -65-66 | 0.600 |
| വട്ടോളി ദേശീയ വായനശാല പിലാത്തോട്ടത്തിൽ പീടിക 67-68 | 2.060 |
| കുന്നുമ്മൽ വയൽ-കറുങ്ങാട്താഴ 67-68 | 0.100 |
| പിലാവുള്ളതിൽമുക്ക്-മണലിൽ മുക്ക് 67-68 | 0.350 |
| സംസ്കൃതം സ്കൂൾ-പിലാത്തോട്ടത്തിൽ മുക്ക് 68-69 | 1.600 |
| കടത്താനാടൻ കല്ല് പാറാട്ടിതാഴ 69-70 | 0.700 |
| ചിറയിൽ മുക്ക്-പീടിക കണ്ടി 64.65 | 0.500 |
| പുത്തൻ പുരയിൽ മുക്ക്-ചിറയിൽമുക്ക് 64-65 | 1.200 |
| ചാത്തോത്ത് താഴ-കുനിയിൽ 64-65 | 1.800 |
| പിലാഞ്ചേരിത്താള-വട്ടോളി LP 64-65 | 0.300 |
| കക്കട്ടിൽ SR അമ്പലക്കുളങ്ങര 64-65 | 1.000 |
| കുന്നുമ്മൽ ബ്ലോക്ക് ഓഫീസ്-പട്ടോളി 65-66 | 0.400 |
| സംസ്കൃതം സ്കൂൾ-കുന്നിയിൽ താഴം 68-69 | 0.400 |
| ഗവ.യു.പി.സ്കൂൾ വട്ടാപൊയിൽ 66-67 | 0.622 |
| ചാത്തോത്ത് താഴ-ഉണ്ടൻ ചാലിൽ കടവ് 68-70 | 0.600 |
| മണിക്കണ്ടിതാഴ-കുറുഞ്ഞൊട്ടു താഴ 69-70 0 | .810 |
| വട്ടോളി അമ്പലം മണ്ണൂർ പാറ 69-70 | 0.58 |
| കുറുങ്ങോട് താഴ-കുന്നുമ്മൽ പള്ളി 63-64 | 0.800 |
| വട്ടോളി നേഷണൽ ഹൈസ്കൂൾവാട്ടർ ടാങ്ക് 70-71 | 0.140 |
| മാദ്യക്കണ്ടിമുക്ക്-പിലാവുള്ളതിൽ മുക്ക് 71-72 | 400 മീറ്റർ |
| കക്കട്ടിൽ മെയിൻ റോഡ്-പാറയിൽ എൽ.പി. 71-72 | 0.200 |
| വട്ടോളി മുളീക്കരതാഴ-കിഴക്കയിൽ താഴ 71-72 | 0.300 |
| വാര്യംകണ്ടിമുക്ക്-പള്ളിമുക്ക് 71-72 | 1.130 |
| ബ്ലോക്ക് ഓഫീസ്-വട്ടപ്പാറ ചാലിൽ റോഡ് 72-73 | 0.500 |
| ഗുരിക്കൾ പറമ്പ് ലക്ഷ വീട് സൈറ്റ് 72-73 | 1.540 |
| കുള്ളങ്ങത്ത് നടുവിലക്കണ്ടി 72-73 | 0.600 |
| അമ്പലക്കുളങ്ങര അത്യോട് ചെറുവ | 0.750 |
| വട്ടോളി പാറാട്ടി 73-74 | 1500 |
| മലയിൽ പീടിക കത്യാണപ്പാലിക്കിൽ ശ്മശാനം റോഡ് | 0.620 |

## ടാർ

| | |
|---|---|
| അമ്പലകുളങ്ങര-നിട്ടൂർ 65-66 | 1.400 |
| മൊകേരി-കോവുക്കുന്ന് 66-67 | 2.000 |
| മൊകേരി-ചങ്ങരക്കുളം 67-68 | 1.600 |
| മൊകേരി-പടയം 67-68 | 0.260 |
| മൊകേരി മാവിലക്കുന്ന് 64-65 | 1.400 |
| കക്കട്ടിൽ കൈതപ്പോയിൽ 65-66 | 2.800 |
| എട്ട്യാംവാര്യംകണ്ടി മുക്ക് 67-68 | 0.700 |
| കുളങ്ങരത്ത് ബസാർ തറിക്കോട്ടേറി 71-72 | 0.600 |
| മെയിൻ റോഡ് റൂറൽ ഡിസ്പൻസറി 83-84 | 0.200 |
| കുളങ്ങരത്ത് ബസാർ | 0.600 |
| മീത്തൽ വയൽ-കോളേഡ് റോഡ് | 0.500 |

# വാർത്താവിനിമയം

ദൂരത്തിന്റെയും സമയത്തിന്റെയും തടസ്സങ്ങളെ അതിജീവിക്കാനുള്ള മനുഷ്യന്റെ ചിന്തയുടെ ഫലങ്ങ ളാണ് നാളിതു വരെയുള്ള എല്ലാ വാർത്താ വിനിമയ മാധ്യമങ്ങളും. പ്രാചീന കാലത്തെ വിളംബരങ്ങളും മധ്യ കാലഘട്ടത്തിലെ കുതിരത്തപ്പാൽ പോലുള്ള സമ്പ്രദാ യങ്ങളും, അഞ്ചൽ കാരനും ബ്രിട്ടീഷുകാർആവിഷ്ക്ക രിച്ച തപാൽ സമ്പ്രദായങ്ങളും എല്ലാം ജനജീവിത ത്തിന്റെ പുരോഗതിയുടെ ചരിത്രത്തിലെ നാഴികക്കല്ലു കളാണ്. എന്നും രാവിലെയും വൈകുന്നേരവും മെയിൻ റോഡിലൂടെ കയ്യിൽ `കുന്തവും മണിയും' തലയിൽ അഞ്ചൽ കെട്ടുമായി പോകുന്ന അഞ്ചൽ കാരൻ പഴയ കാലത്ത് കുന്നുമ്മൽ പഞ്ചായത്തിലെയും കൗതുകക രമായ ഒരു കാഴ്ചയായിരുന്നു. കൃത്യ സമയത്ത് കട ന്നുപോകുന്നതിനാൽ ജനങ്ങൾ സമയമറിയാനും അഞ്ചൽക്കാരന്റെ വരവ് പ്രയോജനപ്പെടുത്തിയിരുന്നു. കുറ്റ്യാടി-വടകര റൂട്ടിൽ ബസ്സുകൾആരംഭിച്ചതോടെ യാണ് അഞ്ചൽക്കാരൻ അപ്രത്യക്ഷനായത്. അന്ന് കാള വണ്ടികളും വാർത്താവിനിമയത്തിന് ഉപയോഗിച്ചിരുന്നു. കുന്നുമ്മൽ പഞ്ചായത്തിൽ ആകെ ഉണ്ടായിരുന്ന പോസ്റ്റോഫീസ് കക്കട്ടിൽ ആയിരുന്നു. പിന്നീട് വട്ടോളി, മൊകേരി, പാതിരിപ്പറ്റ തുടങ്ങിയ സ്ഥലങ്ങളിലും പോസ്റ്റോഫീസുകൾ ആരംഭിച്ചു. അതോടൊപ്പംകമ്പി ഓഫീസുകൾകൂടി ഉണ്ടായിരുന്നതിനാൽ വാർത്തകൾ വേഗത്തിൽതന്നെ എത്തിക്കാനും കഴിഞ്ഞു. പത്രങ്ങൾ, റേഡിയോ എന്നിവയുടെ ആഗമനം വാർത്താ രംഗത്ത് അത്ഭുതങ്ങൾ സൃഷ്ടിച്ചിരുന്നു. ദേശീയ പ്രസ്ഥാന കാല ത്തായിരുന്നു ആദ്യത്തെ പത്രം ഈ പ്രദേശത്ത് എത്തി യത്. പിന്നീട് വളപ്പിൽ ഗോപി വാങ്ങിയ റേഡിയോ കേൾക്കാൻ ഏറെയാളുകൾ തടിച്ചുകൂടിയിരുന്നു. ടി.വി.യുടെ പ്രചുരപ്രചാരം ഇന്ന് പഞ്ചായത്തിലുണ്ട്. അതുപോലെ ആധുനിക വാർത്താവിനിമയ രംഗത്ത് ഏറ്റവും പ്രയോജനപ്പെടുന്നതാണ് ടെലഫോൺ. കുന്നു മ്മൽ പഞ്ചായത്തിൽഇന്ന് 108 ടെലഫോണുകൾ ഉണ്ട്. വിദേശത്തും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലും, സംസ്ഥാനത്തിന്റെ ദൂരദേശങ്ങളിലും ജോലി ചെയ്യുന്ന, ഈ പഞ്ചായത്തിലെ ജനങ്ങൾ ഇന്ന് മുഖ്യമായും ആശ്ര യിക്കുന്നത് ടെലിഫോണുകളാണ്. എന്നാൽ നമ്മുടെ ആവശ്യങ്ങൾക്ക് അനുസരിച്ചുള്ള ടെലഫോൺ കണ ക്ഷനുകൾ ഇനിയും ലഭിച്ചിട്ടില്ല.

പഞ്ചായത്തിലെ ചില ഓഫീസുകളിൽടെലഫോണു കൾ ഉണ്ട് എങ്കിലും മിക്ക ഓഫീസുകളിലും ഇല്ല. അതു പോലെ വ്യവസായ ശാലകൾ, കച്ചവടകേന്ദ്രങ്ങൾ എന്നി വയിൽ പലതിലും ടെലഫോണില്ല. ഗ്രാമസഭയിലെ എല്ലാ വാർഡുകളിൽ നിന്നും അപേക്ഷകർക്ക് മുഴുവൻ ടെല ഫോണുകൾ അനുവദിക്കണമെന്ന ആവശ്യമാണ് ഉയർന്നുവന്നത്. അതുപോലെ പൊതു സ്ഥലങ്ങളിൽ ടെലിവിഷൻ വേണമെന്ന ആവശ്യവും ഉയർന്നു വരി കയുണ്ടായി. കാപ്പും ചാൽയുവപ്രതിഭ വായനശാല, വട്ടോളി ബ്ലോക്കോഫീസിനു മുൻവശം, നാലാം വാർഡിൽ ഒരു പൊതുസ്ഥലത്ത്, കുന്നുമ്മൽ പള്ളിക്കു സമീപം, കല്ലുപുര ലക്ഷം വീടിനു സമീപം, കുളങ്ങരത്ത് സൂര്യ ഗ്രന്ഥശാല, മൂയ്യോട്ടുചാലിൽ കണാരന്റെ പീടിക, വട്ടോളി തവിടോറ ലക്ഷം വീട് എന്നിവിടങ്ങളിലാണ് ടി.വി സ്ഥാപിക്കാൻ ആവശ്യമുയർന്നത്. അതുപോലെ കുന്നുമ്മൽ പള്ളി, കുളങ്ങരത്ത് എന്നിവിടങ്ങളിൽ

തപാൽ പെട്ടി സ്ഥാപിക്കാനുള്ള നടപടികൾസ്വീകരിക്കണമെന്നും ആവശ്യമുണ്ടായി. വളരെയധികം തിരക്കുള്ള മൊകേരി പോസ്റ്റോഫീസ് സബ്ബ് പോസ്റ്റോഫീസായി ഉയർത്തണമെന്നും ആവശ്യമുണ്ടായി. മീത്തൽ വയൽ പി.സി.ഒ സ്ഥാപിക്കണം എന്ന പ്രത്യേക നിർദ്ദേശവും ഉയർന്നുവന്നു. പൊതുവെ പഞ്ചായത്തിലെ അപേക്ഷകർക്ക് ഉടൻ തന്നെ ടെലഫോൺ കണക്ഷനുകൾ കൊടുക്കണമെന്നനിർദ്ദേശമാണ് വാർത്താവിനിമയ രംഗത്ത് പ്രധാനമായും ഉയർന്നുവന്നത്.

### മാർക്കറ്റ്

കക്കട്ടിൽ, മൊകേരി എന്നിവയാണ് കുന്നുമ്മൽ ഗ്രാമപഞ്ചായത്തിലെ പ്രധാനപ്പെട്ട വാണിജ്യകേന്ദ്രങ്ങൾ. ഈ കേന്ദ്രങ്ങളിൽ കാർഷിക ഉൽപന്നങ്ങളുടെ ക്രയവിക്രയത്തിനും മത്സ്യ-മാംസാദി വസ്തുക്കൾ വിതരണത്തിന് സൗകര്യങ്ങൾ അപര്യാപ്തമാണ്. ആദ്യകാലങ്ങളിൽ കക്കട്ടിൽ തിങ്കളാഴ്ച ദിവസങ്ങളിൽ ആഴ്ച ചന്ത ഉണ്ടായിരുന്നു. അസൗകര്യംകൊണ്ടും പ്രോത്സാനമില്ലാത്തതുകൊണ്ടും പിന്നീട് അത് നിലച്ചുപോയി. വർഷംതോറും കടകളുടെ എണ്ണം വർധിച്ചുകൊണ്ടിരിക്കുകയാണ്. ഉപഭോക്താക്കൾക്കാവശ്യമായ ഏതാണ്ട് എല്ലാ വസ്തുക്കളും ഈ മാർക്കറ്റുകളിൽ ലഭ്യമാണ്.

മൊകേരിയിൽ മത്സ്യമാർക്കറ്റ് സൗകര്യപ്രദമാണെങ്കിലും മാർക്കറ്റിലേക്കുള്ള റോഡിന് വീതിയില്ല. കക്കട്ടിൽ മത്സ്യമാർക്കറ്റ് ദയനീയ അവസ്ഥയിലാണ്. ഇവിടെ എപ്പോഴും അസഹനീയമായ ദുർഗന്ധം ഉണ്ടാവാറുണ്ട്. അവശിഷ്ടങ്ങൾ കുഴിച്ചുമൂടുവാനുള്ള സൗകര്യങ്ങൾ ഇല്ല. മാർക്കറ്റ് ഉയർന്ന സ്ഥലത്തായതിനാൽ മലിനജലം മെയിൻ റോഡിലേക്കാണ് ഒഴുകുന്നത്. കടകളിൽ നിന്നും ഹോട്ടലുകളിൽ നിന്നും മലിനവസ്തുക്കളും പാഴ്വസ്തുക്കളും യാതോരു നിയന്ത്രണവുമില്ലാതെ ഓടകളിൽ തള്ളുകയാണ് ചെയ്യുന്നത്.

മൊകേരി മത്സ്യമാർക്കറ്റ് റോഡ് വീതി കൂട്ടണം. കക്കട്ടിൽ മത്സ്യമാർക്കറ്റ് ആധുനിക സൗകര്യത്തോടുകൂടി പുതുക്കി തീർക്കണം. മലിനവസ്തുക്കളും പാഴ്വസ്തുക്കളും നീക്കം ചെയ്യാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം.



# പാർപ്പിടം

മനുഷ്യന്റെ എക്കാലത്തെയും സ്വപ്നമായ സ്വന്തമായൊരു വീട് എന്നത് പൂർണമായ അർത്ഥത്തിൽ സാക്ഷാൽക്കരിക്കാൻ കുന്നമ്മൽ ഗ്രാമപഞ്ചായത്തിന് ഇതേവരെ കഴിഞ്ഞിട്ടില്ല. എങ്കിലും സംസ്ഥാനത്തെ പൊതുപാർപ്പിട സ്ഥിതിയുമായി തട്ടിച്ചുനോക്കുമ്പോൾ ഈ രംഗത്ത് പഞ്ചായത്തിന്റെ ഇന്നത്തെ നില ഒരു പരിധി വരെ മെച്ചപ്പെട്ടതായി കാണാം. സർക്കാറിന്റെയോ മറ്റ് ഏജൻസികളുടെയോ വിപുലമായ സഹായം ലഭിച്ചാൽ മാത്രമേ ദുർബല വിഭാഗങ്ങൾക്ക് വീടു നിർമിക്കാൻ കഴിയുകയുള്ളൂ. തൊഴിൽസാധ്യതകളേറെയില്ലാത്ത കൂലിപ്പണിക്കാരാണ് കൂടുതൽ ആളുകളും എന്നതിനാൽ അത്യാവശ്യസൗകര്യങ്ങൾ വളരെ കുറഞ്ഞ വീടുകളാണ് ഏറിയ പങ്കും. കെട്ടിട നിർമാണ വസ്തുക്കളുടെ വിലക്കയറ്റവും പണിക്കൂലിയിലുള്ള വർദ്ധനവും സാധാരണക്കാരന് താങ്ങാൻ പറ്റാത്ത അവസ്ഥയിലാണിന്ന്. കഴിഞ്ഞ പത്തു വർഷത്തെ നിർമാണവസ്തുക്കളുടെ വിലനിലവാരത്തിലും പണിക്കൂലിയിലും താരതമ്യേന ഉണ്ടായിട്ടുള്ള വ്യതിയാനം വളരെ വലുതാണ്. വീടു നിർമാണ രംഗത്ത് പ്രവേശിക്കുന്ന വൻകിടക്കാരുടെയും പുത്തൻ പണക്കാരുടേയും ധൂർത്തും ദുർവ്യയ സ്വഭാവവും ഒരളവോളം നിർമാണ വസ്തുക്കളുടെ വിലക്കയറ്റത്തിന് ആക്കം കൂട്ടിയിട്ടുണ്ട്. തൊഴിൽവൈദഗ്ദ്ധ്യമുള്ളവരുടെ അഭാവവും നല്ല രീതിയിൽ പരിശീലനം ലഭിക്കാത്ത കുട്ടികളെയും മറ്റും വെച്ച് ജോലി ചെയ്യിക്കുന്നതിനാലും നിർമാണ വസ്തുക്കൾ പാഴായി പോവുന്നുണ്ട്. ഈ രംഗത്ത് കുറ്റമറ്റ പരിശീലന സൗകര്യം സൃഷ്ടിക്കേണ്ടതാണ്. വിവിധ ലോണുകൾക്കപേക്ഷിച്ചിട്ടു ലഭിക്കാത്ത വീടിന്റെ നിർമാണഘട്ടം പൂർത്തിയാകാതെ കാത്തിരിക്കുന്ന കുടുംബങ്ങളുണ്ട്. ഈ ലോണുകൾ താമസംവിനാ ലഭിക്കേണ്ടതാണ്.

ചില പ്രത്യേക സീസണുകളിൽ അന്യസംസ്ഥാനങ്ങളിൽ നിന്നും വന്ന് പീടികത്തിണ്ണകളിലും വെളിമ്പ്രദേശങ്ങളിലും മാസങ്ങളോളം താമസിച്ചു പോകുന്ന നാട്ടുക്കൂട്ടങ്ങളുണ്ട്. വേനൽക്കാലത്തും മഞ്ഞുകാലത്തുമാണ് ഇവർ കൂടുതലായെത്തുന്നത്. ഇവരിൽ വീടുകൾതോറും കച്ചവടം നടത്തുന്നവരും കൈനോട്ടക്കാരും ഭിക്ഷക്കാരുമുണ്ട്. പ്രയാസപൂർണമായ ഇവരുടെ ജീവിതത്തിന് പഞ്ചായത്ത് ദൃക്ഷ്സാക്ഷിയാവുന്നു!

പഞ്ചായത്തിലെ മൊത്തം വീടുകളെ നാലായി തരംതിരിച്ചാൽ ഓടിട്ട വീടുകളാണ് എണ്ണത്തിൽ കൂടുതൽ. മറ്റുള്ള യഥാക്രമം ഓലമേഞ്ഞതും, കോൺക്രീറ്റ് വീടുകളും, ഒന്നിൽക്കൂടുതൽ നിലകളുള്ള വീടുകളുമാണ്. ഇതിലൊന്നും പെടാത്ത ചെറ്റ

പ്പുരകൾ ഉൾപ്പടെയുള്ള നൂറിൽത്താഴെ വീടുകളുമുണ്ട്. ഗൾഫ് നാടുകളുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്ന കുറച്ചു പേരുടെ മെച്ചപ്പെട്ട സാമ്പത്തിക നില ഗൃഹനിർമ്മാണ രംഗത്തെ ചെറിയ തോതിൽ പുഷ്ടിപ്പെടുത്തിയതായി കാണാം. വീടുനിർമാണരംഗത്തെ പുത്തൻ പ്രവണതയായ കോൺട്രാക്റ്റ് സിസ്റ്റം ഗുണത്തേക്കാളേറെ ലാഭം ലാക്കാക്കിയാണ് നടത്തുന്നത്. വീടുകൾക്ക് ചുറ്റും മതിലുകൾ കെട്ടുന്ന പ്രവണത ഏറിവരുന്നുണ്ട്. ഇത്തരം കോൺക്രീറ്റ് മതിലുകളുടെ നിർമാണം പരിസ്ഥിതി പ്രശ്നം സൃഷ്ടിക്കാതിരിക്കാൻ ജൈവവേലികൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്. വാസ്തുശില്പമാതൃകയിലുള്ള വീടുകൾ പഞ്ചായത്തിൽ വിരളമാണ്.

വർഷങ്ങൾക്കു മുമ്പ് തമിഴ്നാട്ടിൽ നിന്നും വന്ന അമ്പതോളം കുടുംബങ്ങൾ പഞ്ചായത്തിൽ രണ്ടു സ്ഥലങ്ങളിലായി കുടിൽ കെട്ടി താമസിച്ചുവരുന്നുണ്ട്. കരിങ്കൽ ക്വാറികളുമായി ബന്ധപ്പെട്ട ജോലിയുമായി കഴിയുന്ന ഈ കുടുംബങ്ങളുടെ ജീവിതരീതി ഏറെക്കുറെ ഗ്രാമീണമാണ്. റേഷൻ കാർഡ് ലഭിച്ച സ്ഥിരതാമസക്കാരായ കുടുംബങ്ങൾ സമ്മതിദാനം നിർവഹിക്കുന്നതും ഇവിടത്തെന്നെയാണ്.

പഞ്ചായത്തിലെ മൊത്തം വീടുകളുടെ എണ്ണം ചുവടെ കൊടുക്കുന്നു.

മൊത്തം വീടുകൾ

| ഒന്നിൽകൂടുതൽ നിലകളുള്ളവ | കോൺക്രീറ്റ് വീടുകൾ | ഓടിട്ട വീടുകൾ | ഓലമേഞ്ഞവ | ചെറ്റക്കുടിലുകൾ | വിവിധ നിർമ്മാതാക്കൾ |
|---|---|---|---|---|---|
| 1041 | 1064 | 1908 | 1303 | 52 | 162 |

ആകെ വീടുകൾ 5530

സർക്കാറിന്റെയും പഞ്ചായത്തിന്റെയും ലക്ഷംവീടുകൾ (OLHS). നാല് സെന്റ് കോളനി പദ്ധതിപ്രകാരം നിർമിച്ച വീടുകളുടെ വാർഡ് തിരിച്ചുള്ള വിവരം ചുവടെ കൊടുക്കുന്നു.

a. ലക്ഷം വീടുകൾ

| വാർഡ് | സ്ഥലം | വീടുകൾ എണ്ണം | |
|---|---|---|---|
| 1 | കാപ്പുംചാലിൽ | 22 | |
| 2 | കല്ലുമ്പുറം | 18 | |
| 3 | കടത്തനാടൻ കല്ല് | 10 | |
| 7 | നടുവിലക്കണ്ടി<br>കല്ലുനിര | 12 | |
| 8 | കണിയാന്റെ പറമ്പ്<br>തവിടോറ | 2 | 2 |

b. നാലുസെന്റ് കോളനിവീടുകൾ സ്ഥലം - എണ്ണം



വീടുനിർമാണ തൊഴിലാളികളുടെ 15 വർഷത്തെ കൂലിനിരക്കിലുള്ള വ്യത്യാസം

| തൊഴിൽ | 1980 സ്ത്രീ | 1980 പുരുഷൻ | 1996 സ്ത്രീ | 1996 പുരുഷൻ |
|---|---|---|---|---|
| മരപ്പണി | | 25 ക. | | 125ക. |
| തേപ്പ് | | 25ക. | | 125ക. |
| ചെത്തിക്കെട്ട് | | 25ക. | | 125ക. |
| കൈപ്പണി | 10ക. | 12ക. | 60ക. | 75ക. |

കുട്ടികൾ ഇവിടുത്തെ വിദ്യാലയങ്ങളിൽ പഠിക്കുന്നു. മഴക്കാലത്ത് ചോർന്നൊലിക്കുന്ന ആവാസയോഗ്യമല്ലാത്ത, കെട്ടുറപ്പില്ലാത്ത കൂരകളിൽ താമസിക്കുന്ന ഈ കുടുംബങ്ങളുടെ ആരോഗ്യ ശുചിത്വ പ്രശ്നങ്ങൾ ഗൗരവമേറിയതാണ്.

വീടു നിർമാണത്തിനാവശ്യമായ കടം വായ്പക്കുവേണ്ടി ജനങ്ങൾ കൂടുതൽ ആശ്രയിക്കുന്ന കക്കട്ടിൽ കോ-ഓപ്പറേറ്റീവ് ഹൗസിംഗ് സൊസൈറ്റി, കാർഷിക വികസന ബേങ്ക്, LIC, കേരളാ സ്റ്റേറ്റ് ഭവനനിർമ്മാണ ബോർഡ്, കാൻഫിൻ ഹോം എന്നീ സ്ഥാപനങ്ങളെയാണ്. ഈ സ്ഥാപനങ്ങളിലെ പലിശനിരക്ക് സാധാരണക്കാരന് താങ്ങാൻ പ്രയാസമുള്ളതാണെന്ന് പൊതുവെ അഭിപ്രായമുണ്ട്. 1962-ൽ സ്ഥാപിച്ച കക്കട്ടിൽ കോ-ഓപ്പറേറ്റീവ് ഹൗസിംഗ് സൊസൈറ്റിയിൽ 704 മെമ്പർമാരാണുള്ളത്. ഇതിൽ 360 പേർ കടമെടുത്തിട്ടുണ്ട്. 110 പേർ കുടിശ്ശിക വരുത്തിയിട്ടുണ്ട്. സൊസൈറ്റിയുടെ മൂലധനം വർദ്ധിപ്പിച്ചുകൊണ്ട് കൂടുതൽ ആളുകൾക്ക് ലോൺ സൗകര്യം ലഭ്യമാക്കേണ്ടതാണ്. സാമ്പത്തികമായി പ്രയാസം അനുഭവിക്കുന്ന കുടുംബങ്ങളെ രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഈ പാർപ്പിടപ്രശ്നത്തിൽ നിന്നും മോചിപ്പിക്കാൻ വിപ്ലവകരമായ സമയബന്ധിത പരിപാടികൾ ബൃഹത്തായ രീതിയിൽ സാമൂഹ്യതലത്തിൽ ആവിഷ്കരിക്കേണ്ടതാണ്.

## പ്രശ്നങ്ങൾ

കെട്ടിട നിർമാണ സാമഗ്രികളുടെയും ഭൂമിയുടെയും ദൗർലഭ്യവും വിലക്കയറ്റവും ഓലയുടെ അമിതമായ വിലവർദ്ധനവും.

നിർമാണതൊഴിലാളികളുടെ ദൗർലഭ്യം.

വായ്പ ലഭ്യമാക്കാനുള്ള ബുദ്ധിമുട്ട്.

ഭൂരഹിതരുടെ പ്രശ്നങ്ങൾ.

കോളനികളിൽ പശ്ചാത്തലസൗകര്യമില്ലാത്ത അവസ്ഥ.

ദുർവ്യയമില്ലാത്ത വീടുകൾ നിർമിക്കുന്നതിനുള്ള വിദഗ്ദ്ധരുടെ അഭാവം.

ഹൗസിംഗ് സൊസൈറ്റിയുടെ പ്രശ്നങ്ങൾ.

മതിലുകളുടെ ആധിക്യം, പരിസ്ഥിതിപ്രശ്നങ്ങൾ.

നിലവിലുള്ള ബിൽഡിംഗ് ആക്ടിൽ മുഴുവൻ പഞ്ചായത്തുകളെയും ഉൾപ്പെടുത്തുക.

കെട്ടിടനിർമാണത്തിലുള്ള ദൂരനിർണയ നിയമം സ്ഥലം കുറഞ്ഞ ആളുകൾക്ക് പ്രശ്നമാവുന്നു.

ലക്ഷം വീടുകളുടെ ഇന്നത്തെ ഭൗതികസാഹചര്യങ്ങൾ അശാസ്ത്രീയമാണ്.

ഹൗസിംഗ് ലോൺ തിരിച്ചടക്കാൻ പ്രയാസപ്പെടുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നു.

## സാധ്യതകൾ

1. ഹൗസിംഗ് സൊസൈറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്താനുള്ള പരിപാടി.
2. കെട്ടിടനിർമാണ സാമഗ്രികളുടെ വിലകുറക്കാനുള്ള പരിപാടി.
3. ചെലവു കുറഞ്ഞ നിർമാണ രീതികളുടെ പരിശീലനപ്രചരണങ്ങൾ
4. തൊഴിലാളികളുടെ വൈദഗ്ദ്ധ്യം ഉയർത്താനുള്ള പരിശീലനം

5. ലൈസൻസിംഗ് സുതാര്യമാക്കൽ.

6. ഭൂരഹിതർക്കും നിർദ്ധനർക്കുമുള്ള പ്രത്യേക ഭവനനിർമ്മാണ പദ്ധതി.

7. ദുർവ്യയഭവനനിർമാണം നിരുത്സാഹപ്പെടുത്താനുള്ള ബോധവൽക്കരണം.

8. പരമ്പരാഗത വാസ്തുശില്പ മാതൃകകളുടെ സംരക്ഷണം.

9. കെട്ടിടം മെയിന്റനൻസിനുവേണ്ടിയുള്ള സർവീസ് സംഘടനകൾക്ക് രൂപം കൊടുക്കൽ.

10. നൂതന ആസൂത്രിത കോളനികൾക്കായുള്ള സാധ്യതകൾ.

11. ജൈവവേലി പ്രചരിപ്പിക്കൽ.

12. വിവിധ സർക്കാർ ഏജൻസികളെ ഏകോകിപ്പിച്ചുകൊണ്ട് ചെലവുകുറഞ്ഞ നിർമാണം. (നിർമിതി കേന്ദ്രം, ലാറിബേക്കർ)

13. വീടു മേയാനുള്ള ഓല പ്രത്യേക രീതിയിൽ സംസ്കരിച്ചാൽ രണ്ടോ മൂന്നോ വർഷം വീടു നിൽക്കും.

14. ലക്ഷം വീടിന്റെ കക്കൂസുകൾക്ക് ഒന്നോ രണ്ടോ പൊതുസേഫ്റ്റി ടാങ്ക് നിർമിക്കുക. ഇതിന്റെ ദൂരപരിധിക്കനുസരിച്ച് കിണർ കുഴിക്കുക.

15. ലക്ഷം വീടുകൾ ചെലവുകുറഞ്ഞ കെട്ടിട നിർമാണ സങ്കേതം ഉപയോഗപ്പെടുത്തി കാറ്റും വെളിച്ചവും കിട്ടത്തക്കവിധം രൂപകൽപന ചെയ്യുക.

16. ഹൗസിംഗ് സൊസൈറ്റിയുടം മൂലധന വർദ്ധനവിലൂടെ കൂടുതൽ ആളുകൾക്ക് ധനസഹായം ലഭ്യമാക്കുക.

17. ഹൗസിംഗ ലോൺ ഉൽപാദനക്ഷമമല്ലാത്ത മേഖലകളിലാണ് വിനിയോഗിക്കുന്നതെന്നതുകൊണ്ട് സ്കീമുകളിൽ കാലാനുസൃതമായ മാറ്റം വരുത്തുകയും, സംഖ്യാനുപാതികമായ പലിശനിരക്ക് വർദ്ധിപ്പിക്കാതിരിക്കുകയും ചെയ്യുക. ഇങ്ങനെ ചെയ്താൽ കടക്കെണിയിൽ പെടുന്ന വലിയൊരു വിഭാഗത്തെ ഒരു പരിധി വരെ രക്ഷിക്കാവുന്നതാണ്.

18. വീടുകളിലും പരിസരങ്ങളിലും പരമാവധി ശുചിത്വം പാലിച്ചുകൊണ്ട് ആരോഗ്യപൂർണവും സമാധാനപരവുമായ കുടുംബാന്തരീക്ഷത്തിന് കളമൊരുക്കേണ്ടതുണ്ട്. ●

# കുടിവെള്ളം

ഇന്ത്യയിലെ മറ്റു പല സംസ്ഥാനങ്ങളേയും പോലെ കേരളവും രൂക്ഷമായ കുടിവെള്ള പ്രതിസന്ധി നേരിടുകയാണെന്ന് കഴിഞ്ഞ ഏതാനും വർഷങ്ങളിൽ കണക്കുകൾ സൂചിപ്പിക്കുന്നു.

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും കുടിവെള്ളം പ്രശ്നമുണ്ട്. മഴക്കാലത്തു പോലും ശുദ്ധജല ലഭിക്കാത്ത പ്രദേശമുണ്ട്. മിക്കവാറും കുടുംബങ്ങളും ആശ്രയിക്കുന്നത് കിണറുകളെയാണ്. പഞ്ചായത്തിൽ 400- ഓളം വീടുകൾക്ക് സ്വന്തമായി കിണറുകളില്ല. ഉയർന്ന പ്രദേശങ്ങളുള്ള കിണറുകളിൽ അടിഭാഗം പാറയായതിനാൽ ഭാഗികമായി മാത്രമേ വെള്ളം ലഭിക്കാറുള്ളൂ.

പഞ്ചായത്തിലാകെ ജലഅതോറിറ്റിയുടെ നിയന്ത്രണത്തിലുള്ള ടാപ്പുകളിലൂടെ ശുദ്ധജലം വിതരണം ചെയ്യുന്നുണ്ട്. കൂടാതെ പാതിരിപ്പറ്റയിൽ ഒരു മിനി വാട്ടർ സപ്ലൈ സ്കീം പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിനു കീഴിൽ 14-ഓളം പൊതു ടാപ്പുകൾ നിലവിലുണ്ട്. വാട്ടർ അതോറിറ്റിവക 21 ടാപ്പുകൾ ഉണ്ടെങ്കിലും അതിൽ ഏഴ് എണ്ണം പ്രവർത്തനരഹിതമാണ്. ജലഅതോറിറ്റി നൽകിയിട്ടുള്ള ഹൗസ് കണക്ഷനുകൾ മറ്റ് പഞ്ചായത്തുകളെ അപേക്ഷിച്ച് നമ്മുടെ പഞ്ചായത്തിൽ തുലോം കുറവാണ്.

പഞ്ചായത്തിലെ ശുദ്ധജല സ്രോതസുകൾ.

| പൊതു കിണർ | KWA ടാപ്പുകൾ | സ്വകാര്യ കിണറുകൾ | പഞ്ചായത്ത് ടാപ്പുകൾ | കുളം |
|---|---|---|---|---|
| 20 | 21 | 3000 | 14 | 37 |

## പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ എല്ലാ വാർഡുകളിലും ഫലപ്രദമായ രീതിയിൽ കുടിവെള്ളം എത്തിക്കാനുള്ള പദ്ധതികളില്ല.

2. പഞ്ചായത്തിൽ ഉള്ള ടാപ്പുകൾ പലതും ഉപയോഗശൂന്യമാണ്.

3. പൊതു കിണറുകൾ ശുദ്ധീകരിക്കാറില്ല.

4. കുഴൽക്കിണറുകൾ ചിലത് ഉപയോഗശൂന്യമാണ്. കുഴൽക്കിണറുകളിൽ നിന്ന് കുടിവെള്ളം മെടുക്കാൻ ജനങ്ങൾ വൈമനസ്യം പ്രകടിപ്പിക്കുന്നു.

5. ശുദ്ധജലം വാഹനങ്ങൾ കഴുകാനും മറ്റും ദുരുപയോഗപ്പെടുത്തുന്നു.

6. പഞ്ചായത്തിൽ സുലഭമായി വെള്ളം ലഭിക്കുന്ന പ്രദേശങ്ങളെ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.

7. വരൾച്ചാ സമയത്ത് വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നില്ല.

8. പാതിരിപ്പറ്റി മിനിവാട്ടർ സപ്ലൈ സ്കീമിന്റെ പ്രവർത്തനത്തിന് വോൾട്ടേജ് ക്ഷാമം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

9. മിക്കവാറും കിണറുകൾക്ക് ആൾമറയില്ല.

10. ഭൂരിഭാഗം കിണറുകളും വേനൽക്കാലത്ത് വറ്റിപ്പോകുന്നു.

11. പിലാച്ചേരിയിലെ പൊതു കിണറിലെ വെള്ളത്തിന് നിറ വ്യത്യാസം അനുഭവപ്പെടുന്നു.

12. വരൾച്ച അനുഭവപ്പെടുന്ന വാർഡുകളിൽ

പൈപ്പ് ലൈൻ ഇല്ല.

13. സ്കൂളുകളിലെ കിണറുകൾ മലിനപ്പെടുന്നത് ശ്രദ്ധിക്കപ്പെടുന്നില്ല.

14. മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ, ഹോമിയോ ഡിസ്പൻസറി പാതിരിപ്പറ്റ, തുടങ്ങിയ സ്ഥാപനങ്ങളിൽ ശുദ്ധജല പൈപ്പുകളില്ല.

## സാധ്യതകൾ

1. വരൾച്ച അനുഭവപ്പെടുന്ന മുഴുവൻ പ്രദേശങ്ങളെയും ഉൾപ്പെടുത്തി സമഗ്രമായ ശുദ്ധജല വിതരണ പദ്ധതി നടപ്പിൽ വരുത്തണം. ഇതിനുവേണ്ടി ഒരു കുടിവെള്ള സഹകരണസംഘം രൂപീകരിക്കണം.

2. നിലവിലുള്ള പൊതുടാപ്പുകളുടെ അറ്റകുറ്റപ്പണി നടത്തുകയും ഉപയോഗശൂന്യമായവ മാറ്റി സ്ഥാപിക്കുകയും വേണം.

3. പഞ്ചായത്തിലെ നിലവിലുള്ള ജലവിതരണ പദ്ധതികളെപ്പറ്റിയും, അവയുടെ നടത്തിപ്പിനെക്കുറിച്ച് പഠിക്കുവാനും കാര്യക്ഷമമായ രീതിയിൽ നടപ്പിൽ വരുത്തുന്നതിനു വേണ്ടിയും സാങ്കേതിക വിദഗ്ധന്മാർ ഉൾപ്പെടുന്ന ഒരു സേന `വാട്ടർസെൽ' രൂപീകരിക്കണം.

4. പൊതു കിണറുൾ ശുദ്ധമാക്കി കൂടുതൽ ഉപയുക്തമാക്കണം.

5. ശുദ്ധജലം ദുരുപയോഗം ചെയ്യുന്നതിനെതിരെ വ്യാപകമായ ബോധവൽക്കരണം നടത്തണം.

6. കിണറുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുവേണ്ടി ധനസഹായം നൽകുവാൻ പ്രത്യേക ഫണ്ട് സ്വീരൂപിക്കണം.

7. കുടിവെള്ളം അണുവിമുക്തമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കണം.

8. വാർഡ് അടിസ്ഥാനത്തിൽ മിനിവാട്ടർ സ്കീമുകൾ നടപ്പിൽ വരുത്തണം.

9. കിണർ ഇല്ലാത്ത വീടുകൾക്ക് പുതിയ കിണർ കുഴിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കണം.

10. സ്കൂളുകളിലും ബാലവാടികളും ജലലഭ്യത ഉറപ്പുവരുത്തുന്നതിനുവേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കണം.

11. പഞ്ചായത്തിലെ പ്രശ്നങ്ങളും സാധ്യതകളും ചുവടെ പട്ടികപ്പെടുത്തിയിരിക്കുന്നു.

വാർഡ് കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങൾ പ്രശ്നപരിഹാര സാധ്യതകൾ

1 വെങ്കല്ലു തറ, മീമുടിക്കൽ, കാപ്പുംചാൽ, താനിയുള്ള കുന്ന്, നാരോള്ള തറേമ്മൽ, കുഞ്ഞിപ്പറമ്പ്, കാപ്പുംചാൽ ലക്ഷം വീട്

കുഞ്ഞിപറമ്പത്ത് കിണർ ഒഴിച്ച് മീമുട്ടിക്കൽ പ്രദേശത്ത് ടാങ്ക് കെട്ടിയാൽ ജലക്ഷാമം പരിഹരിക്കാം. നിലവിലുള്ള പൈപ്പ് ലൈൻ നീട്ടിയാൽ ശുദ്ധജല ക്ഷാമം പരിഹരിക്കാം. ജലവിതരണം പൈപ്പ് ലൈൻ ലക്ഷം വീട്ടിലേക്ക് നീട്ടുക.

2 കാപ്പകുന്ന്, ആയനിക്കുന്ന്, 4 സെന്റ് കോളനി

നിലവിലുള്ള വാട്ടർ സപ്ലൈ സ്കീം ഫലപ്രദമാക്കുകയും മറ്റ് സ്ഥലത്തേക്ക് നീട്ടുകയും ചെയ്യുക.

3 കോട്ടക്കുന്ന്, പനച്ചിങ്ങത്തറ, അമ്പലക്കണ്ടി, വലിയ പറമ്പ് പള്ളിഭാഗം, നെല്ലിയുള്ള പറമ്പ്, അയനിക്കുന്ന്, തെങ്ങുംതറ കേളംതറം, നമ്പൂട്ടിവയൽ, പറാടിക്കുന്ന് ഭാഗം കുളമുള്ള പറമ്പ്, കുഞ്ഞിപറമ്പ്, ആനോറ, കായലുള്ള പറമ്പ്

പനച്ചിങ്ങത്തറ ഉയർന്ന പ്രദേശത്ത് ടാങ്ക് കെട്ടി വയലിൽ കിണർ കുഴിച്ച് വെള്ളം പമ്പ് ചെയ്താൽ മതി. രണ്ടും മൂന്നും വാർഡിലെ പദ്ധതികൾ യോജിപ്പിക്കാം. മറ്റ് പ്രദേശങ്ങളെ പുതിയ പദ്ധതിയിൽ ഉൾപ്പെടുത്തണം.

4 കൊന്നയുള്ള പറമ്പ്, ഒതയോത്ത്, ചുഴികപ്പള്ളി ഭാഗം

നിലവിലുള്ള കിണറിലെ വെള്ളം ടാങ്ക് കെട്ടി പമ്പ് ചെയ്താൽ കൊന്നയുള്ള പറമ്പത്ത് ജലക്ഷാം പരിഹരിക്കാം. ചാത്തോത്ത്, ഇല്ലത്ത്പൊയിൽ, ഒതയോത്ത്, കിളിയത്തുള്ളതിൽ കുളങ്ങൾ റിപ്പയർ ചെയ്യുക.

5 കല്ലുപുര, പാറോള്ളതിൽ, കരയുള്ളഭാഗം, കാരത്തറ, നാരോള്ളപറമ്പ്, ആലോള്ളപറമ്പ്, ഒറവ്കുണ്ട് ഭാഗം, മൊട്ടേമ്മൽ ഭാഗം, തയ്യിൽഭാഗം, വട്ടച്ചിറച്ചാലിൽ, പൂളയുള്ള പറമ്പത്ത് മീത്തൽ, തയ്യുള്ള പറമ്പ്, വാരിക്കുഴിഭാഗം.

നിലവിലുള്ള KWA പദ്ധതിയിൽ ഉൾപ്പെടുത്തിയാൽ അഞ്ചാം വാർഡിലെ ശുദ്ധജലപ്രശ്നം പരിഹരിക്കാം. കനാലിനടുത്ത് കിണർ കുഴിച്ച് മതുകുന്നിൽ ടാങ്ക് കെട്ടിയാൽ വെള്ളം പമ്പ് ചെയ്താൽ മതി. കൃഷിവകുപ്പിന്റെ കീഴിലുള്ള ജലസേചന പദ്ധതി

യുടെ മോട്ടോർ റിപ്പയർ ചെയ്താൽ വാരിക്കുഴി ഭാഗത്തെ പ്രശ്നം പരിഹരിക്കാം.

6 കക്കട്ടിൽ ദുർഗാ ക്ലിനിക്ക് ഭാഗം, ബേങ്ക് പരിസരം, അരൂർ റോഡ് ഭാഗം, മുറിച്ചാണ്ടി, മുറിച്ചാണ്ടി-കണ്ണയ്ക്കാട്ട് ഭാഗം, ഒതയോത്ത് മീത്തൽ

നിലവിലുള്ള പൈപ്പ് ലൈൻ നീട്ടിയും കുഴിക്കൽ കുളം റിപ്പയർ ചെയ്തും പരിഹാരം കാണാം. കുന്നുമ്മൽ തോട്ടിനു സമീപം കിണർ കുഴിച്ച് ടാങ്ക് കെട്ടിയോ, കുന്നുമ്മൽ ഗുളികപ്പുഴ പദ്ധതികളിൽ പെടുത്തിയോ ചെയ്താൽ ജലക്ഷാമം പരിഹരിക്കാം.

7 കേയക്കണ്ടി ഭാഗം, പാറപ്പൊയിൽ മുക്ക്ക, നടുവിലക്കണ്ടി, ആയനിക്കുന്ന്, കല്ലുപുര ലക്ഷം വീട്, കുളങ്ങരത്ത് പാറ ഭാഗം

കുന്നുമ്മൽ തോട്ടിനുസമീപം കിണർ കുഴിച്ച് ടാങ്ക് കെട്ടി പാറപ്പൊയിൽ കുന്നുമ്മൽ ജലവിതരണം പദ്ധതികളിൽ ഉൾപ്പെടുത്തി മറ്റു പ്രശ്നം പരിഹരിക്കാം.

8 മീത്തലെ പറമ്പ്, തവിടോറക്കുന്ന്, കക്കട്ട് മാർക്കറ്റ് മുകൾഭാഗം, പൂളക്കണ്ടി, ലക്ഷംവീട്

എട്ടാം വാർഡിലെ തവിടോറക്കുന്ന്, ലക്ഷംവീട് പ്രദേശത്ത് വെള്ളമെത്തിക്കാൻ കൃഷിവകുപ്പിന്റെ കീഴിലെ അമ്പലക്കുളങ്ങര ജലസേചന പദ്ധതി വിദഗ്ദ്ധരുടെ പരിശോധനയോടെ വിപുലീകരിക്കുകയോ, കുളങ്ങരത്ത് താഴ വയലിൽ കിണർ കുഴിച്ച് ഉയരത്തിൽ ടാങ്ക് കെട്ടി പമ്പ് ചെയ്യുകയോ ചെയ്യുക. കക്കട്ട് മാർക്റ്റ് മുകൾഭാഗം പൂളക്കണ്ടി എന്നീ ഭാഗങ്ങളെ നിലവിൽ വരാനിരിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തുക. മീത്തലെപറമ്പിനെയും ഇതിൽ ഉൾപ്പെടുത്തുക.

9 കിളിപ്പറ്റക്കുന്ന്, തറവട്ടം കുന്ന്, താനിയുള്ള കുന്ന്, കുണ്ടുകടവ്

കിളിപ്പറ്റ് കുന്നിൽ താഴെ കിണർ കുഴിച്ച് ടാങ്ക് കെട്ടി വെള്ളം പമ്പ് ചെയ്യുക. പി.കെ. ഗോപാലൻമാസ്റ്ററുടെ വകയായുള്ള കുളം പഞ്ചായത്ത് ഏറ്റെടുത്ത് നന്നാക്കിയാൽ തറവട്ടം കുന്ന് പ്രദേശത്ത് കുടിവെള്ളക്ഷാമം പരിഹരിക്കുക. കണ്ടുകടവിലിനെ നിലവിലുള്ള പദ്ധതിയിൽ ഉൾപ്പെടുത്തുക.

●

# വിഭവ സമാഹരണം

കുന്നുമ്മൽ ഗ്രാമപഞ്ചായത്ത് വിസ്തൃതി കൊണ്ടും ജനസംഖ്യകൊണ്ടും ചെറുതാണെങ്കിലും മോശമല്ലാത്ത വരുമാനമാണുള്ളത്. പഞ്ചായത്ത് ഒന്നാം ഗ്രേഡ് വിഭാഗത്തിൽ പെടുന്നു. നികുതി വിവിധ മേഖലകളിൽ നിന്നും ശേഖരിക്കപ്പെടുന്നുണ്ട്. എന്നാൽ ഇത് ചിട്ടയായിട്ടല്ല ശേഖരിക്കപ്പെടുന്നത്. 4826 കെട്ടിടങ്ങളിൽ 3 സിനിമാ പ്രദർശനശാലകളും 4327 വീടുകളും 497 സ്ഥാപനങ്ങളുമാണുള്ളത്. ഇവയിൽ നിന്ന് നികുതി പുറമെ 412 ജീവനക്കാരിൽ നിന്ന് നികുതിയായി വരുമാനമുണ്ട്. കെട്ടിടങ്ങളുടെ സർചാർജ്ജിന്റെ 10% നിനികുതി ഈടാക്കാനാണ് സർക്കാർ നിർദ്ദേശമെങ്കിലും നമ്മുടെ പഞ്ചായത്തിൽ ഇത് 8% ആണ്. പഞ്ചായത്തിന്റെ വരവ് ചെലവ് താഴെ ചേർത്തിട്ടുണ്ട.

(പട്ടിക കാണുക)

പഞ്ചായത്തിന്റെ മുഖ്യ വരുമാന മാർഗ്ഗമായ കെട്ടിട നികുതി പിരിച്ചെടുക്കുന്ന കാര്യത്തിൽ അലംഭാവമാണുണ്ടായിരിക്കുന്നത്. ഇത് പഞ്ചായത്തിന്റെ മൊത്തം വരുമാന ബാധ്യതയെ ബാധിച്ചിട്ടുണ്ട്. മാത്രമല്ല ഇത് നഷ്ടത്തിനു കാരണമായിട്ടുണ്ട്. ആവശ്യമായ ജീവനക്കാരെ നിയമിക്കാത്തതാണ് ഈ പ്രശ്നം ഉണ്ടായത്. വിനോദ തൊഴിൽ നികുതികളിൽ കാര്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. ചെലവിന്റെ കാര്യത്തിലാണെങ്കിൽ ഭരണ ഇനത്തിൽ ഗണ്യമായ വർദ്ധന ഉണ്ടായിട്ടുണ്ട്. എന്നാൽ പൊതുമരാമത്ത് പ്രവർത്തനങ്ങൾക്ക് ഉള്ള ചെലവിൽ കാര്യമായ വർദ്ധനവുണ്ടായിട്ടില്ല. കാരണം ഈ ഇനത്തിൽ ചെലവഴിക്കാനുള്ള തുകയുടെ പരിധി, ചെലവുകൾക്ക് അനുസരിച്ച് ഉയർത്തിയിട്ടില്ല. തെരുവു വിളക്കുകൾ അനുവദിക്കാത്തതിനാൽ ആ ഇനത്തിലും ചെലവഴിക്കാൻ കഴിയുന്നില്ല. വരുമാനത്തിനനുസരിച്ച് പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ സർക്കാർ വകുപ്പുകളിൽ കാലതാമസം നേരിടുന്നതിനാൽ ശരിയായ രീതിയിൽ വിനിയോഗിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് തന്നെ ഇതിന്റെ ആവശ്യങ്ങൾക്കായുള്ള സംഖ്യ ഡെപ്പോസിറ്റ് ചെയ്തിരിക്കുകയാണ്. പ്രത്യേക മാനദണ്ഡങ്ങളില്ലാതെയാണ് ഉപാധിരഹിത ഫണ്ട് ലഭിക്കുന്നത്. ഇത് വളരെ പരിമിതമായ തോതിലേ ഉണ്ടാവുന്നുള്ളൂ. ഇത്തരം ഫണ്ടുകൾ ഉപയോഗിക്കുന്നത് പഞ്ചായത്ത് നേരിട്ടാണ്. കർശനമായ ഉപാധികളോടെ ലഭിക്കുന്ന ജെ.ആർ.വൈ ഫണ്ട് വിനിയോഗിക്കുന്നതിൽ നിരവധി ബുദ്ധിമുട്ടുകൾ ഇന്ന് നില

വരവ് സംബന്ധിച്ചുള്ള വിവരങ്ങൾ (1995-96)

Ref: C.B

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| 1 | 2 | 3 | 4 |
| കെട്ടിടനികുതി | 351728.76 | 280835.06 | 69725.90 |
| സർവ്വീസ് ചാർജ് | NIL | | |
| തൊഴിൽ നികുതി | 273951 | 201804 | 71817 |
| വാഹന നികുതി | NIL | | |
| വിനോദ നികുതി | 241055.65 | 241055.65 - - | |
| അഡീഷണൽ വിനോദ നികുതി | 144953.30 | 144953.30 - - | |
| പ്രദർശന നികുതി | 8448.00 | 8230.00 | 218.00 |
| പ്രദർശന നികുതിയിൻമേലുള്ള സർചാർജ്ജ് | 2112.00 | 2057.50 | 54.50 |
| ചന്തവരവ് | 22375.00 | 13000.00 | 9375.00 |
| ലാസ്റ്റ് സെസ്സ് | NIL | | |
| ലൈസൻസ് ഫീസ് | 28548.50 | 20242.00 | 8306.50 |
| കെട്ടിട നികുതി സർചാർജ് | NIL | | |
| വസ്തു കൈമാറ്റ നികുതി | 75% | 70558.00 | 70558.00 - |
| വസ്തുകൈമാറ്റ നികുതി | 25% | 50,000.00 | 50,000.00 - - |
| സർക്കാർ ഗ്രാന്റുകളും മറ്റും ഒഴികെയുള്ള മറ്റ് വരവ് | 117051.01 | 95038.54 | 22012.47 |
| സംഭാവന | NIL | | |
| ഡെപ്പോസിറ്റ് | 31369.75 | 31369.75 | 3159.22+ |
| മറ്റുള്ളവ | 1032255.35 | 103225.35 - | |
| ആകെ | 2374406.32 | 2191399.15 | 184668.58 |

+ Remissionce & write off. 1550.00

ചെലവ് സംബന്ധിച്ച വിവരങ്ങൾ

Ref: L.B (1995-96)

| ഇനം | തുക |
|---|---|
| 1 | 2 |
| ഭരണം | 427357.10 |
| പൊതുമരാമത്ത് | 214123.00 |
| വിദ്യാഭ്യാസം | 41654.50 |
| ജലവിതരണം, ഓടകൾ പൊതുജനാരോഗ്യം | 14260.80 |
| തെരുവു വിളക്കുകൾ കത്തിക്കുന്നതിന് | 60026 |
| മറ്റുള്ളവ | 973220.50 |
| ആകെ | 1730641.90 |

പട്ടിക-3

വരവ് സംബന്ധിച്ച വിവരങ്ങളുടെ താരതമ്യം

| | 90-91 | 91-92 | 92-93 | 93-94 | 94-95 |
|---|---|---|---|---|---|
| കെട്ടിടനികുതി | 181299.62 | 124079.09 | 292955.23 | 264283.39 | 209141.51 |
| തൊഴിൽ നികുതി | 94106.00 | 106422.00 | 105062.00 | 112718.00 | 130645.00 |
| വിനോദ നികുതി | 128197.73 | 164147.69 | 165423.74 | 171698.10 | 179458.69 |
| അസി: വിനോദനികുതി | 77383.12 | 99318.26 | 100061.15 | 103835.35 | 144953.30 |
| പ്രദർശന നികുതി | 3108.00 | 3513.00 | 3534.00 | 5462.00 | 7808.00 |
| പ്രദർശന നികുതി സർചാർജ് | 777.00 | 878.25 | 883.53 | 1366.00 | 1955.50 |
| ചന്തവരവ് | 16250.00 | 3500.00 | 6500.00 | 17125.00 | 23350.00 |
| ലൈസൻസ് ഫീസ് | 14677.00 | 14486.00 | 13732.00 | 19921.00 | 14200.00 |
| വസ്തുകൈമാറ്റ നികുതി 75% | 123933 | 96241.00 | 91685.00 | 162152.00 | 119531 |
| വസ്തു കൈമാറ്റ നികുതി 75% | 123933 | 96241.00 | 91685.00 | 162152.00 | 119531 |
| വസ്തുകൈമാറ്റ നികുതി | 25% | 25000.00 | 43724.00 | 50000 | - |
| സർക്കാർ ഗ്രാന്റു വെച്ച് മറ്റും ഒഴികെ മറ്റ് വിവരങ്ങൾ | 57835.50 | 640993.40 | 575568.33 | 850133.32 | 741059.09 |
| ഡെപ്പോസിറ്റ് | 36896.00 | 18129.95 | 11445.50 | 77485.15 | 59937.30 |
| മറ്റുള്ളവ (ഗ്രാന്റുകൾ) | 63532+1200 PSF | 170747.00 | 182106.00 | 195355.00 | 317111.00 |
| ആകെ | 1217996.97 | 1449325.69 | 1592680.45 | 2031834.37 | 1912728.5 |

ചെലവു സംബന്ധിച്ച വിവരങ്ങളുടെ താരതമ്യം

| ഇനം | 90-91 | 91-92 | 92-93 | 93-94 | 94-95 |
|---|---|---|---|---|---|
| ഭരണം | 2,976685.65 | 397201.75 | 381949.10 | 463515.90 | 452680.95 |
| പൊതുമരാമത്ത് | 5,53190.35 | 3,25948.60 | 869115.30 | 8,58401.40+ 7737.00 | 3,85443.80 |
| വിദ്യാഭ്യാസം | 12380.85 | 15707.50 | 83373.15 | 69,265.35 | 2,56011.55 |
| ജലവിതരണം ഓടകൾ, പൊതുജനാരോഗ്യം | 16719.50+ 24150.00 | 224607.60 | 85753.00 | 27,970.80 6139.85 | 96433.20 |
| തെരുവ് വിളക്കുകൾ | 29425.00 | 25860.00 | 25860.00 | 53180.00 | 28740.00 |
| മറ്റുള്ളവ | 5,52423.05 | 264589.15 | 531527.58 | 547727.57 | 11,19309.50 |
| ആകെ | 14359574.40 | 1253914.60 | 19,08936.48 | 2033937.87 | 1776400.00 |

നിൽക്കുന്നു. നമ്മുടെ സാഹചര്യങ്ങൾക്കനുസരിച്ചുള്ള പദ്ധതികളെല്ലാം മേലെ നിന്ന് നിർദ്ദേശിക്കപ്പെടുന്നത്. അതുകൊണ്ട് തന്നെ രൂക്ഷമായ പ്രതിസന്ധി നേരിടുന്ന മേഖലകളിൽ ഈ ഫണ്ട് ഉപയോഗപ്പെടുത്താൻ കഴിയുന്നുമില്ല. പ്രത്യേക ആവശ്യത്തിനുള്ള ഫണ്ടുകൾ അപര്യാപ്തമാണ്. പഞ്ചായത്തിന്റെ ഗ്രാൻറ് അനുവദിക്കുന്ന രീതി അശാസ്ത്രീയമായതിനാലും അവഗണനക്ക് വിധേയമായതിനാലും നിരവധി പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. നിലവിലുള്ള നിയമങ്ങൾക്കനുസരിച്ച് പദ്ധതികൾ എളുപ്പത്തിൽ നടപ്പിലാക്കാൻ കഴിയുന്നത് കരാർ വ്യവസ്ഥകളിലാണ്. കമ്മറ്റി മുഖേനയൊ നോമിനി മുഖേനയോ പണം ചെലവഴിക്കാൻ പ്രയാസങ്ങൾ ഉണ്ട്. പുതിയ പഞ്ചായത്തീരാജ് സംവിധാനത്തോടെ ഉപാധിരഹിത ഫണ്ടുകൾ കൂടുതൽ അനുവദിക്കുന്നതിനും വിനിയോഗിക്കുന്ന കാര്യത്തിൽ കർശനമായ നിബന്ധനകൾ നിർദ്ദേശിക്കപ്പെടാത്തതും നിലവിലുള്ള ബുദ്ധിമുട്ടുകൾക്ക് ഒരു പരിധി

| | | |
|---|---|---|
| വിതരണം ചെയ്ത വായ്പകൾ | 1995-96 | |
| ഹ്രസ്വകാല വായ്പകൾ | എണ്ണം | രൂപ |
| കാർഷിക വിളകൾക്ക് | 1284 | 69,26,000 |
| വ്യാവസായിക ആവശ്യങ്ങൾക്ക് | 11 | 1,63,000 |
| കച്ചവടം | 694 | 64,64,295 |
| മറ്റു കാർഷികേതര സംരംഭങ്ങൾക്ക് | 9 | 1,50,000 |
| ആകെ | 1998 | 13703295 |
| ദീർഘകാല വായ്പകൾ IRDP അല്ലാത്ത ഗവ: പദ്ധതികൾ | | |
| | എണ്ണം | രൂപ |
| കാർഷികം | 6 | 50200 |
| വ്യാവസായിക | 8 | 1,63,600 |
| ചെറുകിട വാഹനങ്ങൾക്ക് | 1 | 1,90,000 |
| മറ്റു കാർഷികേതര സംരംഭങ്ങൾക്ക് | 7 | 75900 |
| I.R.D.P പദ്ധതിപ്രകാരം - | | 24223 |
| സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് D R I (4% നിരക്കിൽ) | | |
| പട്ടികജാതിക്കാർ | 1 | 6500 |
| മറ്റുള്ളവർ | 8 | 14650 |
| ആകെ | | 5,25,073 |
| മൊത്തം മുൻഗണനാ മേഖലയിൽ | 2029 | 1,42,28,178 |

വരെ പരിഹാരമുണ്ടാക്കാമെന്ന് പ്രതീക്ഷിക്കുന്നു. പഞ്ചായത്ത് നിയമപ്രകാരം മറ്റ് വകുപ്പുകളിൽ നിന്നും 214320 രൂപ അനുവദിച്ചു കിട്ടിയിട്ടുണ്ട്. ഇതിൽ 25880 രൂപ പദ്ധതി വിഹിതമായും 8440 രൂപ പദ്ധതിയേതര വിഹിതമായിട്ടുമാണ് ലഭിച്ചത്. പഞ്ചായത്തിൽ വിഭവസമാഹരണത്തിന് ഉതകുന്ന തരത്തിലുള്ള ധനകാര്യ സ്ഥാപനങ്ങളുണ്ട്. കനറാബാങ്കിന്റെ വട്ടോളി ശാഖ സൗത്ത് മലബാർ ഗ്രാമീണ ബേങ്കിന്റെ കക്കട്ടിൽ ശാഖ എന്നിവ വാണിജ്യബേങ്കുകളാണ്. കക്കട്ടിൽ കോ-ഓപ്പറേറ്റീവ് റൂറൽ ബേങ്ക്, വടകര താലൂക്ക കാർഷിക ഗ്രാമവികസന ഭൂപണയ ബേങ്ക്, വടകര താലൂക്ക് മാർക്കറ്റിംഗ് സൊസൈറ്റി കക്കട്ടിൽ സഹകരണ ഹൗസിംഗ് സൊസൈറ്റി എന്നിവ സഹകരണമേഖലയിലെ ധനകാര്യ സ്ഥാപനമാണ്. കക്കട്ടിലും മൊകേരിയിലും സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുണ്ട്. വാണിജ്യ ബേങ്കുകളിൽ കാർഷിക വായ്പയ്ക്ക് പ്രാധാന്യം കൊടുക്കുന്നു. കിണറിനും പമ്പ് സെറ്റിനും വിവിധ കാർഷിക വിളകൾ കൃഷി ചെയ്യുന്നതിനും ഉള്ള വായ്പാ പദ്ധതികളും ഉണ്ട്. പ്ലാന്റേഷനുവേണ്ടി ദീർഘകാല വായ്പാ പദ്ധതി നിലവിലുണ്ട്. മൃഗസംരക്ഷണത്തിനും ബയോഗ്യാസ് പ്ലാന്റിനും ആവശ്യമായ പദ്ധതികളും ലഭ്യമാണ്. കൂടാതെ വാഹനം, ഹൗസിംഗ്, വ്യാപാരം ചെറുകിട വ്യവസായങ്ങൾ എന്നിവയ്ക്കും വായ്പകൾ കൊടുക്കുന്നുണ്ട്. കനറാ ബേങ്കിൽ നിന്നും വിദ്യാഭ്യാസത്തിന് ആവശ്യമായ വായ്പയും ലഭിക്കുന്നുണ്ട്. കക്കട്ടിൽ ഗ്രാമീണ ബേങ്കിൽ നിന്നും ലഭിക്കുന്ന വായ്പ താഴെ കൊടുക്കുന്നു.

സഹകരണ ബേങ്കുകളിൽ വാണിജ്യബേങ്കുകളിൽ ഉള്ളതുപോലെ കാർഷിക, കാർഷികേതര വായ്പാ പദ്ധതികൾ ഉണ്ട്. ഇതിനെക്കുറിച്ചുള്ള വിശദമായ വിവരം സഹകരണ മേഖലയിൽ ചേർത്തിട്ടുണ്ട്. നമ്മുടെ പ്രദേശത്ത് അനൗപചാരിക പണമിടപാടുകൾ നടക്കുന്നുണ്ട്. ഉയർന്ന പലിശക്ക് പണം കടം കൊടുക്കുന്ന രീതി പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. കുന്നുമ്മൽ പഞ്ചായത്തിലെ ജനസംഖ്യയിൽ ഏതാണ്ട് 8% പേർ ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്നുണ്ട്. ഇവരിൽ 75% പേരും ബേങ്കിൽ പണം നിക്ഷേപിക്കുന്നുണ്ട്. എന്നാൽ നമ്മുടെ പ്രദേശത്തുള്ള ബേങ്കുകളിൽ നിക്ഷേപിക്കുന്നതിൽ താൽപര്യ കുറവുണ്ട് 16538 ജനങ്ങൾ അധിവസിക്കുന്ന പഞ്ചായത്തിൽ സന്നദ്ധ പ്രവർത്തനം കൊണ്ട് മെച്ചപ്പെട്ട വിഭവസമാഹരണം നടത്തേണ്ടതാണ്. ശുദ്ധജല വിതരണത്തിനായുള്ള നിർമ്മാണ പ്രവൃത്തികൾ തുടങ്ങിയ സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കാൻ കഴിയുന്ന നിരവധി സാധ്യതകൾക്ക് മൂലധനം കണ്ടെത്തുന്നതിന് ഇവിടെയുള്ള സമ്പന്നരും ഇടത്തരക്കാരുമായ ജനവിഭാഗങ്ങളിൽ നിന്നും വിഭവ സമാഹരണം നടത്തേണ്ടതാണ്. ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ അതിന്റെ തറ വിസ്തീർണ്ണത്തിന് പരിധി നിശ്ചയിക്കണം. കൂടാതെ വിസ്തീർണ്ണം കൂട്ടുന്നതിനനുസരിച്ച് വർദ്ധിച്ച നികുതി ഏർപ്പെടുത്തണം. ഇത് വലിയ വീട് നിർമ്മിക്കുന്നതിനെ നിരുത്സാഹപ്പെടുത്തുകയും വിഭവങ്ങളെ ഉൽപാദനമേഖലകളിലേക്ക് തിരിച്ച് വിടുകയും ചെയ്യും.

2. ഒന്നിൽ കൂടുതൽ സ്വകാര്യ വാഹനങ്ങൾ ഉപയോഗിക്കുന്ന വ്യക്തികളിൽ നിന്നും അഡീഷണൽ നികുതി ചുമത്തണം.

3. സർക്കാർ വകുപ്പുകൾ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ശേഷം ഉപയോഗിച്ച യന്ത്രങ്ങൾ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറണം.

4. സർക്കാർ വകുപ്പുകളുടെ നിർമ്മാണ പ്രവർത്തനം മുൻകൂട്ടി പഞ്ചായത്തിനെ അറിയിച്ചുകൊണ്ട് നടപ്പിലാക്കുകയാണെങ്കിൽ വിഭവം ദുർവ്യയം ചെയ്യുന്നത് ഒരു പരിധിവരെ തടയാൻ കഴിയും.

5. നിർമ്മാണ പ്രവർത്തനങ്ങൾ സാമ്പത്തിക വർഷാവസാനം തിരക്കു പിടിച്ചു നടത്തുന്നത് ഒഴിവാക്കിയാൽ സാമ്പത്തിക ദുർവ്യയം ഇല്ലാതാക്കാം.

6. പഞ്ചായത്തിൽ ആസൂത്രണം ചെയ്യാൻപോകുന്ന

പദ്ധതികൾക്ക് ആവശ്യമായ ധനത്തിനുവേണ്ടിയുള്ള സാധ്യതകൾ പദ്ധതികൾ പരമാവധി കണ്ടെത്തി ധനം ചിട്ടയായ രീതിയിൽ വിനിയോഗിക്കുകയും സാമ്പത്തിക വരവ് ചിലവ് കണക്കുകൾ ജനകീയ ഓഡിറ്റിനെ വിധേയമാക്കുകയും വേണം.



# സാമൂഹ്യക്ഷേമം

ദേശീയ വികസനത്തിന്റെ ഭാഗമായി 1952-ൽ പ്രാദേശിക തലത്തിൽ അങ്ങിങ്ങായി തുടങ്ങിയ കമ്യൂണിറ്റി ഡവലപ്പ്മെൻറ് പ്രോഗ്രാം 1963 ആയപ്പോഴേക്കും ഇന്ത്യയൊട്ടുക്ക് വ്യാപിക്കുകയുണ്ടായി. ഒരു പ്രദേശത്ത് ഭൗതികവും മാനുഷികവുമായ വിഭവങ്ങളുടെ സമ്പൂർണ്ണമായ വികസനം ഭദ്രമാക്കുകയും തദ്വാരാം ഗ്രാമസമൂഹത്തെ ഉന്നതജീവിത നിലവാരത്തിലേക്ക് ഉയർത്തുകയുമായിരുന്നു സാമൂഹ്യ വികസനത്തിന്റെ ലക്ഷ്യം. ഈ ലക്ഷ്യത്തോടെ ഇന്ത്യയൊട്ടുക്ക് ആരംഭിച്ച ബ്ലോക്ക് ഡവലപ്പ്മെൻറ് ഓഫീസുകളുടെ ഭാഗമായി 1953-ൽ സ്ഥാപിച്ച കുന്നുമ്മൽ ബ്ലോക്ക് ഡവലപ്പ്മെൻറ് ഓഫീസ് നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

1992-ലെ IRDP സർവ്വെ പ്രകാരം 1346 കുടുംബങ്ങളാണ് നമ്മുടെ പഞ്ചായത്തിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളത്. എന്ന് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതിൽ പതിനൊന്ന് പട്ടികജാതി കുടുംബങ്ങളും ഉൾപ്പെടുന്നു. 1980 മുതൽ രാജ്യത്ത് നട

IRDP സർവ്വെ പ്രകാരം ദരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ വിവരം 1992 സർവ്വെ.

| വാർഡ് നമ്പർ | സർവ്വെ പ്രകാരരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC കുടുബങ്ങൾ | നാളിതുവരെ സാമ്പ സാമ്പത്തിക സഹാ ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC കുടുബങ്ങൾ | സഹായം ലഭിച്ചതു വഴി ദാരിദ്ര്യ രേഖയ്ക്കു മുകളിൽ എത്തിയ കുടുംബങ്ങൾ | ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള സഹായം ലഭിക്കാത്ത ആകെ കുടുംബങ്ങൾ |
|---|---|---|---|---|---|---|
| I | 123 | 4 | 16 | 4 | 2 | 107 |
| II | 151 | - | 8 | - | - | 143 |
| III | 192 | 6 | 24 | 6 | 4 | 168 |
| IV | 144 | 3 | 17 | 3 | 3 | 127 |
| V | 171 | 4 | 8 | 4 | 1 | 163 |
| VI | 193 | 1 | 7 | 1 | 1 | 186 |
| VII | 122 | - | 10 | - | 2 | 112 |
| VIII | 110 | - | 8 | - | | 102 |
| IX | 140 | 1 | 13 | 1 | | 127 |
| | **1346** | **19** | **111** | **19** | **13** | **1235** |

പ്പിലാക്കി വരുന്നതും ദാരിദ്ര്യ നിർമാർജന പദ്ധതികളിൽ ബൃഹത്തുമായ IRDP മഖേന ഒരു പ്രാവശ്യം സഹായം ലഭിച്ചിട്ടും ദാരിദ്രത്തിൽ നിന്നും മോചനം നേടാൻ കഴിയാത്ത കുടുംബങ്ങളും സർവ്വെയുടെ കാര്യക്ഷമത കുറവുകൊണ്ടും ലിസ്റ്റിൽ ഉൾപ്പെടാത്ത കുടുംബങ്ങളും പുതുതായി നിലവിൽ വന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളും ഇതിനു പുറമെയുണ്ട്.

ദരിദ്ര വിഭാഗങ്ങങ്ങളിൽ കൂടുതലും കർഷക തൊഴിലാളികളാമ്. കൃഷിഭൂമി ചുരുങ്ങുന്നതും നെൽകൃഷി നിലച്ചതും കാർഷിക വിളകളുടെ വിലക്കുറവും പൊതുവെ തൊഴിൽ ദിനങ്ങൾ കുറഞ്ഞ ഈ മേഖലയിൽ സ്ത്രീകളുൾപ്പെടെ തൊഴിലാളി കുടുംബങ്ങളെ ദാരിദ്ര്യത്തിലേക്ക് തള്ളുകയാണ്. ഇതിനു പുറമേ കാർഷികേതര മേഖലകളിൽ പെട്ട ഹോട്ടൽ തൊഴിലാളികൾ, മറ്റു കച്ചവട സ്ഥാപനങ്ങളിൽ തൊഴിലെടുക്കുന്നവർ, പാറത്തൊഴിലാളികൾ, പരമ്പരാഗത തൊഴിലാളികൾ ചുമട്ടു തൊഴിലാളികൾ (കയറ്റിറക്ക്) എന്നിവരും ദരിദ്ര ജനവിഭാഗങ്ങളിൽ പെടുന്നു.

1992-93 മുതൽ 111 കുടുംബങ്ങൾക്ക് ഐ.ആർ.ഡി.പി. പ്രകാരം തൊഴിൽ സംരംഭങ്ങൾക്ക് സഹായം ലഭിച്ചിട്ടുണ്ട്. ഇത് ആകെ കുടുംബങ്ങളുടെ 8.2 ശതമാനം മാത്രമേ വരുന്നുള്ളൂ എന്നത് പദ്ധതിയുടെ സൂക്ഷ്മാവസ്ഥയിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഇതിൽ 19 പട്ടികജാതി കുടുംബങ്ങൾ ഉൾപ്പെടുന്നു. സഹായം ലഭിച്ചത് വഴി ദാരിദ്ര്യരേഖയ്ക്ക് മുകളിൽ എത്തിയത് 13 കുടുംബങ്ങൾ മാത്രമാണ്. 3,89,086 രൂപ സബ്സിഡിയും. 12,60299 രൂപ ലോണും വിവിധ പദ്ധതികൾ ആരംഭിക്കുന്നതിനുവേണ്ടി അനുവദിച്ചിട്ടുണ്ട്. ഇനിയും 1235 കുടുംബങ്ങൾക്ക് സഹായം ലഭിക്കേണ്ടതുണ്ട്. പശുവളർത്തലും പെട്ടിക്കടയുമായി പലപ്പോഴു IRDP സ്ഥിരം പരിപാടിളിൽ ഒതുങ്ങിപ്പോകുന്നുണ്ട്. ഈ രംഗത്ത് പുതിയ സ്കീമുകൾ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. 4000 രൂപ മാത്രമേ കുടുംബത്തിന് സബ്സിഡി അനുവദിക്കുന്നുള്ളൂ.

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള വിവിധ വിഭാഗം.

| കാർഷികേതര തൊഴിലാളികൾ | ചെറുകിട കൃഷിക്കാർ | നാമമാത്ര കർഷകർ | കർഷക തൊഴിലാളികൾ | ആകെ |
|---|---|---|---|---|
| 413 | 5 | 217 | 600 | 1235 |

1991-92 മുതൽ ആരംഭിച്ച ഗ്രാമീണ വനിതാ ശിശുവികസന പരിപാടി (DWCRA) മുഖേന 10 വനിതകൾ വീതമടങ്ങുന്ന `3' ഗ്രൂപ്പുകളെ നമ്മുടെ പഞ്ചായത്തിൽ തിരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 2 എണ്ണം പ്രവർത്തനം തുടങ്ങിയിരുന്നവെങ്കിലും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഒരു യൂനിറ്റ് ഈ വർഷം പ്രവർത്തനം ആരംഭിക്കാൻ ഇരിക്കുന്നതേയുള്ളൂ. മൊകേരിയിൽ ആരംഭിച്ച വസ്ത്രനിർമ്മാണയൂനിറ്റും കക്കട്ടിൽ ആരംഭിച്ച നോട്ട്ബുക്ക് നിർമ്മാണ യൂനിറ്റും ആരംഭിച്ച് കുറച്ച് കാലം കഴിയുംമുമ്പേ പൂട്ടിയിരിക്കുകയാണ്. ഈ യൂനിറ്റുകളിൽ പ്രവർത്തിച്ചിരുന്ന സ്ത്രീകളും അവരുടെ കുടുംബവും വലിയ സംഖ്യ കടബാദ്ധ്യസ്ഥരായിരിക്കുകയാണ്.

DWCRA അവലോകനം

| വാർഡ് നമ്പർ | തൊഴിൽ സംരംഭം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | ലോൺ രൂ | സബ്സിഡ് രൂ. | തിരിച്ചടയ്ക്കാനുള്ള സംഖ്യ | പ്രവർത്തന ക്ഷമത സംബന്ധിച്ച കുറിപ്പ് |
|---|---|---|---|---|---|---|---|
| 3. | റെഡീമെയ്ഡ് വസ്ത്ര നിർമ്മാണം | 1991-90 | 10 | 30000 | 12,000 | 14428 | പ്രവർത്തിക്കുന്നില്ല. |
| 8. | നോട്ടുബുക്ക് നിർമ്മാണം | 1991-92 | 10 | 70000 | 30000 | 82500 | പ്രവർത്തിക്കുന്നില്ല. |
| 9. | അവിൽ നിർമ്മാണം | 1995-96 | 10 | 110000 | 40000 | - | പ്രവർത്തനം ആരംഭിച്ചില്ല. |

9-ാം വാർഡിൽ ഒരു അവിൽ നിർമ്മാണ യൂനിറ്റി ഈ വർഷം പ്രവർത്തനം ആരംഭിക്കുന്നുണ്ട്.

ഗ്രാമീണ യുവതീയുവാക്കൾ സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള പരിശീലന പരിപാടിയെ ട്രൈസം മുഖേന 1992 മുതൽ നമ്മുടെ പഞ്ചായയത്തിൽ 27 പേർക്ക് വിവിധ തൊഴിലുകളിൽ പരിശീലനം ലഭിച്ചിട്ടുണ്ട്. ഇതിൽ 3 പേർ ഒഴികെ ആരും തന്നെ പരിശീലിച്ച തൊഴിലുകൾ ചെയ്യുന്നില്ല എന്നാണ് കണക്കുകകൾ സൂചിപ്പിക്കുന്നത്. ഇവർ തന്നെ ദിവസക്കൂലിക്ക് തൊഴിൽ ചെയ്യുന്നവരാണ്.

ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം.

ജെ.ആർ.വൈ പദ്ധതി പ്രകാരം ഗ്രാമീണ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കാനും അതുവഴി ദാരിദ്ര്യ നിർമാർജ്ജനവും സാമൂഹ്യ ആസ്തി നിർമ്മിക്കുന്നതിനുള്ള വിവിധ പ്രവൃത്തികൾ നമ്മുടെ പഞ്ചായത്തിൽ നടത്തിയിട്ടുണ്ട്. കുടിവെള്ളത്തിനായി 15 പൊതു കിണറുകൾ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ നിർമ്മിച്ചിട്ടുണ്ട്.

പട്ടികജാതികൾക്കും മറ്റ് പാവപ്പെട്ട കൃഷിക്കാർക്കും കൃഷി മെച്ചപ്പെടുത്തുന്നതിന് ജലസേചന കിണർ കുഴിക്കാൻ സഹായം നൽകുന്ന ദശലക്ഷം കിണർ (Million well scheme) പദ്ധതി പ്രകാരം നമ്മുടെ പഞ്ചായത്തിൽ കിണറുകൾ അനുവദിച്ചിട്ടുണ്ട്. ദുർബ്ബല വിഭാഗങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് സഹായം നൽകുന്ന പദ്ധതികൾ മഖേന 1992 മുതൽ 14 കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനും 39 കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിക്കുന്നതിനും സഹായം ലഭിച്ചിട്ടുണ്ട്.

ദുർബ്ബല വാഗ്ദാനങ്ങൾ വിട്ട് നിൽക്കുന്നതിന് സഹായം നൽകുന്ന പദ്ധതികൾ മുഖേന 1992 മുതൽ 14 കുടുംബങ്ങൾക്ക് വീട് നില്ക്കുന്നതിന് 31 കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിക്കുന്നതിനും സഹായം ലഭിച്ചിട്ടുണ്ട്.

ഗ്രാമീണ പഞ്ചായത്ത് തൊഴിലുകൾക്ക് ആധുനിക തൊഴിലുപകരണങ്ങൾ നൽകുന്ന പദ്ധതി പ്രകാരം നമ്മുടെ പഞ്ചായത്തിൽ 37 പേർക്ക്

| വാർഡ് നമ്പർ | പരിശീലനത്തിന്റെ വിഷയം | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതര തൊഴിൽ ഏർപ്പെട്ടിരിക്കുന്നവർ | അവകശേഷിക്കുന്നവർ | |
|---|---|---|---|---|---|---|
| 1. | വയറിംഗ് | +2 | - | 1 | - | |
| 2. | വെൽഡിംഗ് | -1 | | | | |
| 3. | വയറിംഗ് | 2 | | | | |
| | കമ്പോസിംഗ് | 1 | | | | |
| 4. | വയറിംഗ് | 2 | | | | |
| | പ്രിന്റിംഗ്, | 1 | | | | |
| | ഇലക്ടോണിക്സ് | 2 | | | | |
| | റേഡിയോ റിപ്പയർ | 1 | | | | |
| | അപ്ഹോൾസ്റ്ററി | 2 | | | | |
| | | | | 2 | | |
| 6. | ഇലക്ട്രോണിക്സ് പ്ലംബിങ്ങ് | 1 | | | | |
| | | 1 | | | | |
| 8. | ബുക്ക് ബൈന്റിംഗ് | 10 | 10 | | | |
| 9. | അപ്ഹോൾസ്റ്ററി | 2 | | | | |
| | **ആകെ** | | **27** | **11** | **5** | **13** |

| വാർഡ് | ആകെ അനുവദിച്ച വീടുകൾ | | പൂർത്തിയാക്കിയ വീടുകൾ | പണിതുകൊണ്ടിരിക്കുന്ന വീടുകൾ | ബാക്കി |
|---|---|---|---|---|---|
| 2. | 4 | | 3 | 1 | |
| 3. | 5 | | 3 | 2 | |
| 4 | 2 | | 2 | | |
| | - | | | | |
| | - | | | | |
| 7 | 1 | | 1 | | |
| | - | | | | |
| 9. | 2 | | 2 | | |
| ആകെ | 14 | 11 | 3 | - | |

സഹായം ലഭിച്ചിട്ടുണ്ട്.

| ആകെ കുടുംബങ്ങൾ | പണിയായുധം ലഭിച്ച കുടുംബങ്ങൾ | ബാക്കി |
|---|---|---|
| 46 | 37 | 9 |

പ്രയുക്ത പോഷകാഹാര പരിപാടി പ്രകാരം ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും അഞ്ച് വയസ്സിന് താഴെയുള്ള കുട്ടികൾക്കും ഒരു നേരം ആഹാരം നൽകുന്ന അഞ്ച് കേന്ദ്രങ്ങൾ നമ്മുടെ പഞ്ചായത്തിൽ മഹിളാ സമാജങ്ങൾക്ക് കീഴിൽ സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ നാലെണ്ണം ബാലവാടികളാണ്.

| വർഡ് | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | യുവപ്രതിഭ മഹിളാസമാജം ഫീഡിംഗ് സെന്റർ പാതിരിപ്പറ്റ് |
| 3. | മൊകേരി മഹാളാസമാജം ഫീഡിംഗ് സെന്റർ |
| 4. | കസ്തൂർബ മഹിളാ സമാജം ബാലവാടി വട്ടോളി |
| | ദുർഗാമഹിളാ സമാജം ബാലവാടി കുന്നുമ്മൽ |
| 9. | ദേശീയ ഗ്രന്ഥശാലാ മഹിളാസമാജം ബാലവാടി വട്ടോളി |
| 1. | സാമൂഹ്യവിഹാര കേന്ദ്രം മഹിളാ സമാജം ബാലവാടി പാതിരിപ്പറ്റ. |

ചെറുകിട നാമമാത്ര കർഷകർക്ക് കൃഷിവിസനത്തിന് ജലസേചനം നടത്തുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം നാല് കിണറുകളും ഒരു കുളവും 4 വാട്ടർടാങ്കും 1 പമ്പ് ഹൗസും 12 പമ്പ് സെറ്റുകളും നൽകിയിട്ടുണ്ട്. ഈ പദ്ധതി മൂന്ന് വർഷം മുമ്പ് കേന്ദ്ര സർക്കാർ നിർത്തലാക്കിയിരിക്കയാണ്.

ദുർബല വിഭാഗത്തെ സഹായിക്കുന്നതിന് നൽകുന്ന പെൻഷനുകളായ കർഷകത്തൊഴിലാളി പെൻഷൻ, വാദ്ധക്യകാല പെൻഷൻ, ക്ഷയരോഗ പെൻഷൻ, വികലാംഗ പെൻഷൻ എന്നിവ പഞ്ചായത്തിൽ വിതരണം ചെയ്യുന്നുണ്ട്.

| ഇനം | കിട്ടിയ അപേക്ഷ | പാസാക്കിയത് |
|---|---|---|
| 1 കർഷകത്തൊഴിലാളി പെൻഷൻ | 845 | 605 |
| 2. വിധവാ പെൻഷൻ | 84 | 53 |
| 3. വികലാംഗ പെൻഷൻ | 86 | 65 |
| 4 വാർദ്ധക്യകാല പെൻഷൻ | 20 | - |

## പ്രശ്നങ്ങൾ

1. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനങ്ങളെ കണ്ടെത്തുന്നതിനുള്ള IRDP സർവ്വെ കാര്യക്ഷമമായി നടക്കുന്നില്ല.

2. ട്രൈസം പരിശീലനത്തിന് തെരഞ്ഞെടുക്കുന്നവർക്ക് മതിയായ പരിശീലനം ലഭിക്കുന്നില്ല. അതുകൊണ്ട് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ കഴിയുന്നില്ല.

3. DWCRA പ്രകാരം പദ്ധതികൾ ആരംഭിക്കാൻ

വനിതകൾക്ക് മതിയായ പരിശീലനം ലഭിക്കുന്നില്ല. അതുകൊണ്ട് തുടങ്ങിയ യൂനിറ്റുകൾ പെട്ടെന്ന് പൂട്ടിപ്പോകുന്നു.

4. ജെ. ആർ വൈ. പോലുള്ള തൊഴിൽദാന പദ്ധതികൾ ആരംഭിക്കുമ്പോൾ യഥാർത്ഥ ഗുണഭോക്താക്കൾക്ക് പരിഗണന ലഭിക്കുന്നില്ല.

5. പാവപ്പെട്ടവർക്ക് കക്കൂസ്, കിണർ, വീട് എന്നിവയ്ക്ക് നൽകുന്ന സഹായം പദ്ധതിയുടെ ചെലവിന്റെ മൂന്നിലൊന്ന് പോലും ആവുന്നില്ല.

6 സാമൂഹ്യ ആസ്തികൾ നിർമ്മിക്കുമ്പോൾ പാവപ്പെട്ടവർക്ക് നേരിട്ടുപയോഗപ്പെടുന്ന സാമൂഹ്യാസ്തികൾക്ക് വേണ്ട രൂപപരിഗണന ലഭിക്കുന്നില്ല.

7. IRDP വായ്പ ലഭിക്കാൻ ബാങ്കുകളിൽ നേരിടുന്ന തസ്സങ്ങൾ ശ്രദ്ധിക്കപ്പെടുന്നില്ല. സഹകരണ ബാങ്കുകളിൽ ജാമ്യം ആവശ്യമാണ്.

8. സാമൂഹ്യക്ഷേമ വകുപ്പിന്റെ ഓഫീസോ ഉദ്യോഗസ്ഥരോ പഞ്ചായത്തിൽ പ്രവർത്തിക്കാത്തതുകാരണം പ്രസ്തുത വകുപ്പു വഴി പാവപ്പെട്ടവർക്ക് ലഭിക്കേണ്ട പല ആനുകൂല്യങ്ങളും ലഭിക്കുന്നില്ല.

9. വിവിധ പെൻഷനുകൾ ലഭിക്കാൻ എന്തു ചെയ്യണമെന്ന് പാവപ്പെട്ടവർക്ക് അറിഞ്ഞുകൂടാത്തതിനാൽ അർഹതപ്പെട്ടവർക്ക് ലഭിക്കുന്നില്ല.

10. ജനസംഖ്യാനുപാതികമായി ഗ്രാമതല ദാരിദ്ര്യ നിർമ്മാർജ്ജന ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നില്ല.

11. ബോധവൽക്കരണത്തിന്റെ അഭാവം മൂലം പദ്ധതികൾ വേണ്ട രീതിയിൽ വിജയിപ്പിക്കാനും വായ്പ ബാങ്കിൽ തിരിച്ചടക്കാനും ഗുണഭോക്താക്കൾക്ക് കഴിയുന്നില്ല.

## സാധ്യതകൾ

1. ഐ.ആർ.ഡി.പി. സർവ്വെ നടത്തുമ്പോൾ പഞ്ചായത്തിലെ രാഷ്ട്രീയ- സന്നദ്ധ സംഘടനകളുമായി ആലോചിച്ച് ലിസ്റ്റ് ഉണ്ടാക്കുകയും ഓരോ വാർഡിലുമുള്ള ഗ്രാമസഭകളിൽ വെച്ച് അംഗീകരിക്കുകയും ചെയ്യുക.

2. ട്രൈസം പരിപാടിയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പരിശീലന കാലാവധി വർധിപ്പിക്കുക. പരിശീലനം പൂർത്തിയാക്കിയവരെ സംഘടിപ്പിച്ച് ഗ്രൂപ്പടിസ്ഥാനത്തിൽ സംരംഭങ്ങൾ ആരംഭിക്കാനാവശ്യമായ സഹായം പഞ്ചായത്ത് തലത്തിൽ ലഭ്യമാക്കുക.

3. DWCRA പദ്ധതിപ്രകാരം ഗ്രൂപ്പുകൾ സംഘടിപ്പിക്കുന്നത് സർക്കാർ പരിപാടി എന്ന നിലക്ക് ടാർജറ്റ് തികയ്ക്കാൻ മാത്രമാകുന്നു. അതിനുപകരമായി തെരഞ്ഞെടുക്കപ്പെടുന്ന ഗ്രൂപ്പുകൾക്ക് സംഘാടനത്തിനും നടത്തിപ്പിനും പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും ആവശ്യമായ പരിശീലനം വിദഗ്ധരെ ഉപയോഗിച്ച് ചെയ്യുക. നിശ്ചിത ഇടവേളയിൽ ഇവർ യൂനിറ്റുകൾ സന്ദർശിച്ച് വേണ്ട നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകുക.

4. ജെ.ആർ.വൈ. പോലുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ അതതു പ്രദേശത്തുള്ള ഗുണഭോക്താക്കൾ കൂട്ടമായി ഏറ്റെടുത്ത് നടത്താൻ കഴിയുന്ന രീതിയിൽ സാമ്പത്തികവും സാങ്കേതികവുമായ സഹായം വേണ്ട സമയത്ത് ലഭ്യമാക്കുക. കൂലിയും സാധനങ്ങളുടെ വിലയും പ്രാദേശിക അടിസ്ഥാനത്തിൽ നൽകുക.

5. പാവപ്പെട്ടവർക്ക് വീട്, കക്കൂസ്, കിണറ് എന്നിവ നിർമ്മിക്കുന്നതിനുവേണ്ടി വരുന്ന ചിലവ് പ്രാദേശിക അടിസ്ഥാനത്തിൽ കണക്കാക്കി സർക്കാർ വിഹിതം അനുവദിക്കുക.

6. സാമൂഹ്യ ആസ്തി നിർമ്മിക്കുമ്പോൾ റോഡുകൾക്ക് കൂടുതൽ പണം നീക്കി വെയ്ക്കുന്നത് പരമാവധി ഒഴിവാക്കുക. പകരം പാവപ്പെട്ടവർക്ക് നേരിട്ട് ഉപയോഗപ്പെടുന്ന സാമൂഹ്യാസ്തികളായ കക്കൂസ്, കിണറ്, ആശുപത്രി, സ്കൂൾ എന്നിവയ്ക്ക് മുൻഗണന നൽകുക.

7. ഐ.ആർ.ഡി. വായ്പ ലഭക്കാൻ പാവപ്പെട്ടവർ ബാങ്കുകളിലും മറ്റും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പ്രാദേശികമായി പരഹരിക്കുക. ലോണുകൾ മധ്യവർത്തിയെ ഏൽപ്പിക്കുന്നതിന് പകരം ഗുണഭോക്താവിന് നേരിട്ട് നൽകുക. സഹകരണ ബാങ്കുകളും മറ്റു ബാങ്കുകളെ പോലെ ജാമ്യം ഒഴിവാക്കുക.

8. സാമൂഹ്യക്ഷേമ വകുപ്പിന് കീഴിൽ നമ്മുടെ പഞ്ചായത്തും ഉൾപ്പെടുത്തി വകുപ്പു വഴി നടപ്പിലാ

ക്കുന്ന വിവിധ പദ്ധതികൾ പഞ്ചായത്തിലെ പാവപ്പെട്ടവർക്കും ലഭ്യമാക്കുക.

9. പഞ്ചായത്തിൽ വിവിധ സാമൂഹ്യക്ഷേമ പെൻഷനുകൾ ലഭിക്കാൻ അർഹതപ്പെട്ടവരെ വാർഡ് തിരിച്ച് റജിസ്ട്രർ ചെയ്യുക. പെൻഷൻ വിതരണം എളുപ്പമാക്കുകയും അതത് മാസങ്ങളിൽ തന്നെ ലഭ്യമാക്കുകയും ചെയ്യുക.

10. ക്ഷേമപ്രവർത്തനങ്ങൾ നടത്താൻ ആവശ്യമായത്ര ഉദ്യോഗസ്ഥരുടെ സേവനം പഞ്ചായത്തിൽ ഉറപ്പ് വരുത്തുക

11. ഓരോ വർഷവും കുറഞ്ഞത് നൂറ് പേർക്കെങ്കിലും IRDP സഹായം പഞ്ചായത്തിൽ ലഭ്യമാക്കുക.

12. പ്രാദേശികമായി ലഭിക്കുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് ഉൽപന്നങ്ങൾ നിർമ്മിക്കാൻ DWCRA മുഖേന ഗ്രൂപ്പുകളെ സജ്ജരാക്കുക.

# പൊതുവിതരണം

പഞ്ചായത്തിൽ ആറ് റേഷൻ ഷാപ്പുകളും ഒരു മാവേലി സ്റ്റോറും നിലവിൽ ഉണ്ട്. പ്രസ്തുത സ്ഥാപനം വഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ വില സാധാരണക്കാർക്ക് അൽപം ആശ്വാസം നൽകുന്നതാണെങ്കിലും സാധനങ്ങളുടെ ഗുണനിലവാരം മെച്ചമല്ല. മെച്ചപ്പെട്ട സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യുവാനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തണം. റേഷൻ കടകളുടെ പ്രവർത്തനം പൊതുവെ തൃപ്തികരമല്ലെന്ന് ജനങ്ങൾക്ക് അഭിപ്രായമുണ്ട്. സൂപ്പർഫൈൻ അരിയെന്ന് പേരുണ്ടെങ്കിലും ഫലത്തിൽ വളരെ ഗുണം കുറഞ്ഞ അരിയാണ് ലഭിക്കുന്നത്. പുതിയ റേഷൻ കാർഡ് ലഭിക്കുന്നതിന് നിരവധി ബുദ്ധിമുട്ടുകളും കാലതാമസവും നേരിടുന്നുണ്ട്. എല്ലാ വിധ നിത്യോപയോഗ സാധനങ്ങളും പൊതുവിതരണ സ്ഥാപനങ്ങളിലൂടെ വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം. റേഷൻ കടകൾ സ്ഥാപിക്കുന്നത് ജനസംഖ്യാനപാതികമായിരിക്കണം. വട്ടോളിയിൽ ഒരു റേഷൻ കടയും കക്കട്ടിൽ ഒരു മാവേലി സ്റ്റോറും ആരംഭിക്കുവാനുള്ള നിർദ്ദേശമുണ്ട്. പഞ്ചായത്തിന്റെ പ്രധാനപ്പെട്ട എല്ലാ കച്ചവട കേന്ദ്രങ്ങളിലും സഹകരണാടിസ്ഥാനത്തിൽ കൺസ്യൂമർ സ്റ്റോറുകൾ സ്ഥാപിക്കണം. കുതിച്ച് കയറുന്ന നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുവാൻ കഴിയുന്ന പൊതുവിതരണ സമ്പ്രദായം ഗ്രാമപഞ്ചായത്തിന്റെ കീഴിലായിരിക്കണം.

INSTITUTE OF LOCAL ADMINISTRATION



4316

# വനിത

നാമിപ്പോൾ കടന്നുപോവുന്ന ഈ പരിഷ്കൃത കാലഘട്ടത്തിലും വനിതകളുടെ പ്രശ്നങ്ങൾ ഒരു ദുരന്ത യാഥാർത്ഥ്യമായി നമ്മുടെ മുന്നിലുണ്ട്. മനുഷ്യസമൂഹം ഇന്നോളം ആർജ്ജിച്ചിട്ടുള്ള മഹത്തായ നേട്ടങ്ങളുടെയെല്ലാം പിന്നിൽ സ്ത്രീകളുടെ അനിഷേധ്യമായ പങ്കാളിത്തമുണ്ട്. ഇന്ന് അധികാരത്തിന്റെ ഉന്നത സോപാനങ്ങളിൽ സ്ത്രീ എത്തിയിരിക്കുന്നു . എന്നാൽ സ്ത്രീ സൂഹം അവസര നിഷേധങ്ങൾക്ക് അറിയാതെ ബലിയാടാവുകയാണ്. പഞ്ചായത്തിന്റെ ആദ്യകാല ചരിത്രത്തിൽ പുരുഷാധിപത്യത്തിൻകീഴിൽ സ്ത്രീകൾക്ക് നേരിടേണ്ടിവന്ന ഒട്ടനവധി ദുഃഖയാഥാർത്ഥ്യങ്ങളുടെ ഏടുകളുണ്ട്. പുരുഷ മേധാവിത്വത്തിന്റെ ആസ്വാദന മോഹങ്ങളുടെ ക്രൂരമായ നിയമസംഹിതകളിൽ സ്ത്രീക്ക് മാറു മറയെ വസ്ത്രധാരണം പോലും പാടില്ലായിരുന്നു എന്ന് കാണാം. `ദൂരത്താവുന്ന' സ്ത്രീകളെയും, പ്രസവിച്ച് സ്ത്രീകളെയും ആരോഗ്യ ശുചിത്വകാര്യങ്ങളുടെ പേരിൽ `വാലായ്മ' കല്പിച്ച് മാറ്റി പാർപ്പിച്ചിരുന്നു. മതപരവും അനുഷ്ഠാനപരവുമായ സമൂഹത്തിന്റെ അന്ധമായ അനാചാര കെട്ടുപാടുകളിൽ സ്ത്രീവർഗ്ഗം തളച്ചിടപ്പെട്ടിട്ടുണ്ട്. എന്നാൽ യാഥാർത്ഥ്യങ്ങൾ ചികയുമ്പോൾ സമൂഹത്തിന്റെ ഒന്നത്യങ്ങളിലേക്കുള്ള പടയോട്ടത്തിന് നേതൃത്വം കൊടുക്കുക മാത്രമല്ല പടക്കളത്തിൽ സൂര്യ തേജസ്സായി തിളങ്ങി നിന്നതിലും സ്ത്രീയുണ്ടെന്ന് ചരിത്രത്തിന്റെ സുവർണ്ണലിപികളിൽ രേഖപ്പെടുത്തിയിരിക്കുന്നു. അമ്മയായി സഹോദരിയായി ഭാര്യയായി ഈ മണ്ണിന്റെ ഉപ്പായി എന്നും സ്ത്രീയുണ്ട്.

കുന്നുമ്മൽ ഗ്രാമപഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ പകുതിയിൽ കൂടുതൽ സ്ത്രീകളാണ്. പിന്നോക്ക് വിഭാഗക്കാരിലും എണ്ണത്തിൽ കൂടുതൽ സ്ത്രീകളാണ്. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ പുരുഷന്മാരാണ് മുന്നിട്ടു നിൽക്കുന്നതെങ്കിലും, സ്ത്രീകളുടെ നിലവാരം മെച്ചപ്പെട്ടുവരുന്നതായി കാണുന്നു. കോളേജ് വിദ്യാഭ്യാസം നേടിക്കൊണ്ടിരിക്കുന്ന ഇരുനൂറിൽപ്പരം വിദ്യാർത്ഥിനികളുണ്ട് പഞ്ചായത്തിൽ.

**ജനസംഖ്യയിൽ സ്ത്രീകളുടെ നില**

| | |
|---|---|
| മൊത്തം ജനസംഖ്യ | 16538 |
| സ്ത്രീകൾ | 8340 |
| പുരുഷന്മാർ | 8198 |
| *പിന്നോക്ക വിഭാഗം* | |
| സ്ത്രീകൾ | 276 |
| പുരുഷൻ | 229 |
| മൊത്തം | 505 |

സത്രീകളുടെ പങ്കാളിത്തത്തിലും ഉത്തരവാദിത്തത്തിലും നടത്തിവരുന്ന ഒട്ടേറെ സ്ഥാപനങ്ങൾ പഞ്ചായത്തിലുണ്ട് ഇതിന്റെ പട്ടികതിരിച്ചുള്ള വിവരങ്ങൾ ചുവടെകൊടുക്കുന്നു.

## മഹിളാ സമാജങ്ങൾ

| എണ്ണം | പേര് | സ്ഥലം | അംഗങ്ങൾ |
|---|---|---|---|
| 1 | യുവപ്രതിഭ | പാതിരിപ്പറ്റ | 15 |
| 2 | സാമൂഹ്യവിഹാരകേന്ദ്രം | പാതിരിപ്പറ്റ | 13 |
| 3 | ദേശീയ ഗ്രന്ഥശാല | വട്ടോളി | 15 |
| 4 | കസ്തൂർബാ ഗാന്ധി മെമ്മോറിയൽ | വട്ടോളി | 15 |
| 5 | മൊകേരി മഹിളാ സമാജം | മൊകേരി | 15 |
| 6 | ദുർഗ്ഗാ മഹിളാ സമാജം | കുന്നുമ്മൽ | 11 |

## ബാലവാടി & നഴ്സറി

| പേര് | ടീച്ചർ | ആയ | കുട്ടികൾ |
|---|---|---|---|
| സാമൂഹ്യവിഹാരകേന്ദ്രം | 1 | 1 | 30 |
| ദേശീയ ഗ്രന്ഥശാല & ബാലവാടി | 4 | 1 | 32 |
| കസ്തൂർബാ ഗാന്ധി മെമ്മോറിയൽ ബാലവാടി | 1 | 1 | 27 |
| ദുർഗ്ഗാ ബാലവാടി | 1 | 1 | 18 |

തൊഴിൽ രഹിതരായ സ്ത്രീകളുടെ ഒരു നിര തന്നെ പഞ്ചായത്തിലുണ്ട്. സ്ത്രീകളുടെ പങ്കാളിത്തം എല്ലാ മേഖലകളിലേക്കും വ്യാപിപ്പിക്കേണ്ട ആവശ്യതയിലേക്ക് ഈ പ്രശ്നം വിരൽ ചൂണ്ടുന്നു.

## *തൊഴിൽ രഹിതരുടെ വിവരം*

| സ്ത്രീകൾ | പുരുഷന്മാർ | വർഷത്തിൽ പൂർണദിവസം ജോലിയുള്ളവർ | വർഷത്തിൽ ഭാഗികമായി ജോലിയുള്ളവർ |
|---|---|---|---|
| | | *സ്ത്രീകൾ* | |
| 7343 | 4511 | 620 | 377 |

## വിവിധ തുറകളിൽ ജോലി ചെയ്യുന്ന വനിതകളുടെ പങ്കാളിത്ത പട്ടിക

| തൊഴിൽ മേഖല | സ്ത്രീകൾ എണ്ണം |
|---|---|
| വിദ്യാഭ്യാസ സ്ഥാപനങ്ങൾ | |
| സർക്കാർ ഉദ്യോഗം | |
| കാർഷിക മേഖല | |
| കരിങ്കൽ ക്വാറി | 72 |
| ലൈവ്സ്റ്റോക്ക്, ഫോറസ്റ്റ്രി, ഫിഷിംഗ്, പ്ലാന്റേഷൻ വിഭാഗങ്ങൾ | 41 |
| കെട്ടിടങ്ങളുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനം (ഉല്പാദനപരം) | 24 |
| വാണിജ്യവ്യാപാര മേഖല | 44 |
| കൺസ്ട്രക്ഷൻ ജോലി | 10 |
| ഉല്പന്നപരമായ നിർമ്മാണ ജോലി | 11 |
| വീട്ടുപകരണനിർമ്മിതിയിലേർപ്പെട്ടവർ | 35 |
| ചെറുകിട വ്യവസായം, കുടിൽ വ്യവസായം | 50 |
| തയ്യൽ | 50 |
| ആകെ | |

സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും; സ്ത്രീകളെ സാമൂഹ്യ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങലിലെല്ലാം, സ്വയം ഇറങ്ങിവരാൻ സന്നദ്ധതയുള്ളവരാകുന്നതിനു മുതകുന്നു. സാഹചര്യങ്ങൾ സൃഷ്ടിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ജാതി മത വർഗ്ഗ വർണ്ണ വ്യത്യാസം മറന്ന് പ്രവർത്തിക്കാൻ എല്ലാ വിഭാഗം ജനങ്ങളും മുന്നോട്ടു വരേണ്ടതുണ്ട്. അടുക്കളയുടെ തടവുകാരായി ജീവിതകാലം മുഴുവൻ കഴിഞ്ഞു കൂടാൻ വിധിക്കപ്പെട്ട വിഭാഗമാണ് എന്ന ചിന്തയിൽ നിന്നും വനിതകളെ ഉയർത്തി, സാമൂഹ്യ ജീവിതത്തിന്റെ സമസ്തമേഖലകളിലെയും നേതൃത്വത്തിലേക്ക് ഉയർത്തേണ്ടതാണ്.

## സ്ത്രീവിഭാഗം നേരിടുന്ന പ്രശ്നങ്ങൾ

1. തൊഴിൽ മേഖലകളിൽ സ്ത്രീകൾക്കുള്ള അവസരങ്ങളുടെ അപര്യാപ്തത

2. സമൂഹത്തിന്റെ മൊത്തം പ്രശ്നങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം അവഗണിക്കപ്പെടുന്നു.

3. സർക്കാർ സഹായപദ്ധതികൾ ഏതൊക്കെയാണെന്ന് അറിയാത്ത അവസ്ഥ.

4. തൊഴിൽ രംഗത്ത് ആവശ്യമായ പരിജ്ഞാനലഭ്യതക്കുറവ്, ബോധവൽക്കരണത്തിന്റെ അഭാവം.

5. സാമൂഹ്യപ്രതിബദ്ധത സൃഷ്ടിക്കുന്ന ബോധന മാധ്യമങ്ങലുടെ കുറവ്.

6. ഒഴിവുസമയങ്ങൾ ഗുണപരവും നിർമാണപരവുമായി ഉപയോഗിക്കാൻ കഴിയാവുന്ന വേദികളുടെ അഭാവം.

7. സ്ത്രീപീഡന പ്രശ്നങ്ങളിൽ അർഹമായ നീതി ലഭിക്കായ്ക.

8. ലഹരിവസ്തുക്കളുടെ ഉപയോഗം മൂലം പീഡനത്തിനു വിധേയമാക്കപ്പെടുന്ന അവസ്ഥ.

9. സ്ത്രീധന സമ്പ്രദായത്തിന്റെ സാമൂഹ്യാംഗീകാരം.

10. ജാതി, ജാതകം, സൗന്ദര്യം.

12. സ്ത്രീ സമൂഹത്തെവികലമായി ചിത്രീകരിക്കുന്ന രീതിയിലുള്ള അവസ്ഥാ വിശേഷം ന്യായീകരിക്കപ്പെടുന്നു.

13. സ്ത്രീകളെ ഉപഭോഗവസ്തുവായി കണക്കാക്കപ്പെടുന്ന നിലപാടുകൾ.

13. ജനിച്ചതു മുതൽ കുടുംബജീവിതത്തിലും സാമൂഹിക ജീവിതത്തിലും നേരിടുന്ന വുന്ന അവഗണന.

14. അടുക്കളയിൽ ഉപയോഗിക്കുന്ന വിറകടപ്പുകൾ ഉണ്ടാക്കുന്ന പ്രശ്നങ്ങൾ ആരോഗ്യപരമായി ബാധിക്കുന്നുണ്ട്. സ്ത്രീകൾ പുകവലിക്കുന്നില്ലെങ്കിലും അടുപ്പിൽ നിന്നും ഉണ്ടാകുന്ന പുക ശല്യം കൂടുതൽ പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്.

15. നവീകരണ രീതിയിലുള്ള അടുപ്പും മറ്റ് അടുക്കള ഉപകരണങ്ങളും ഇല്ലാത്തതുകൊണ്ടുള്ള സമയ ദുർവ്യയം, സ്ത്രീകളെ പ്രധാനമായും ഗാർഹിക ജോലികളിൽ തളച്ചിടപ്പെടുന്നു.

സാദ്ധ്യതകൾ

1. ദക്ഷത കൂടിയ പുകയില്ലാത്ത അടുപ്പുകളുടെ പ്രചരണം വർദ്ധിപ്പിക്കൽ, ജലലഭ്യത അനായാസമാക്കൽ.

2. ചെറുകിട വ്യവസായ മേഖലകളിൽസ്ത്രീകൾക്ക് കൂടുതലായി പങ്കാളിത്തം ഉറപ്പാക്കൽ.

3. സമൂഹവിവാഹം സംഘടിപ്പിക്കൽ.

4. വിവാഹധൂർത്തും ദുർവ്യയങ്ങളും അവസാനിപ്പിക്കാനുള്ള പരിപാടികൾ നടപ്പാക്കൽ.

5. സാമൂഹ്യപ്രശ്നങ്ങളിൽ നിരന്തരമായി ബന്ധപ്പെടാനുള്ള അവസരങ്ങൾ സൃഷ്ടിക്കുക.

6. വനിതാ സഹകരണസംഘങ്ങൾ സ്ഥാപിക്കുക.

7. മഹിളാ സമാജങ്ങൾ വാർഡുതലത്തിൽ സംഘടിപ്പിക്കു.

8. സാമൂഹ്യപ്രതിബദ്ധതക്ക് ആക്കം കൂട്ടുന്ന ബോധവൽക്കരണ ക്ലാസ്സുകൾക്ക് രൂപം നൽകൽ.

9. ഗ്രാമസഭകളിൽ വനിതാ പങ്കാളിത്തം നിർബന്ധമാക്കുക.

10. മദ്യപാനത്തിനും മയക്കുമരുന്നിനും പുകവലിക്കും എതിരെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

11. പരസ്യങ്ങളിലും മറ്റും കണ്ടുവരുന്ന വനിതകളെ അപകീർത്തിപ്പെടുത്തുന്ന തരത്തിലുള്ള ചിത്രീകരണങ്ങൾ തടയുന്നതിനുള്ള പ്രവർത്തനം ശക്തിപ്പെടത്തുക.

12. അയൽക്കൂട്ടങ്ങൾ സംഘടിപ്പിച്ചുകൊണ്ട്, വിദ്യാഭ്യാസം, സംസ്കാരം, ആരോഗ്യം, സ്ത്രീപ്രശ്നങ്ങൾ, പരിസ്ഥിതിപ്രശ്നങ്ങൾ എന്നീ വിഷയങ്ങളിൽ പഠനക്ലാസുകളും ഓഡിയോ വീഡിയോ ക്ലാസ്സുകൾ നടത്തുക.

# പട്ടികജാതി പട്ടികവർഗ്ഗം അവലോകനം

സ്വാതന്ത്ര്യ പ്രസ്ഥാനത്തോടനുബന്ധിച്ച് പട്ടികജാതിക്കാരുടെ ഉന്നമനത്തിനായി സാമൂഹിക-സാംസ്കാരിക പ്രവർത്തകരുടെ ഏറിയ ശ്രമങ്ങൾ നടന്നിട്ടുണ്ട്. പട്ടികജാതി സമൂഹത്തിലുള്ളവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ ദേശീയ പ്രസ്ഥാനങ്ങളുടെ ഇത്തരം ശ്രമങ്ങൾ നടന്നിട്ടുണ്ടെങ്കിലും അടിച്ചമർത്തപ്പെട്ട വിഭാഗമായി തന്നെ തുടരുകയായിരുന്നു. പിന്നീട് ഈ വിഭാഗത്തിന്റെ ഉന്നമനത്തിനായി സർക്കാർ തലത്തിൽ നിരവധി പഠനങ്ങളും അതനുസരിച്ചുള്ള പദ്ധതികളും ദാരിദ്ര്യ നിർമാർജനത്തിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിന്റെ അപാകതകൾ കൊണ്ടോ ബോധവൽക്കരണത്തിന്റെ അഭാവം കൊണ്ടോ പ്രതീക്ഷിച്ച നേട്ടം ഈ വിഭാഗത്തിന്റെ ഉന്നമനത്തിൽ ഉണ്ടായിട്ടില്ല എന്നതാണ് സത്യം. നമ്മുടെ പഞ്ചായത്തിലെ സ്ഥിതിയും ഇതിൽ നിന്ന് വ്യത്യസ്തമല്ല.

കുന്നുമ്മൽ ഗ്രാമപഞ്ചായത്തിൽ പട്ടികജാതിയിൽ പെട്ട 505 ആളുകൾ ഉണ്ട്. ഇത് മൊത്തം ജനസംഖ്യയുടെ മൂന്ന് ശതമാനം ആണ്. ഇതിൽ 229 പുരുഷന്മാരും 276 സ്ത്രീകളുമാണ്. ഒന്നാം വാർഡിൽ പട്ടികജാതിയിൽ പെട്ടതായ പതിനഞ്ചോളം കുടുംബങ്ങളുണ്ട്. ഇവരിൽ സ്വന്തമായി വീടില്ലാത്തവരാണ് ഭൂരിഭാഗം പേരും. കൈത്തൊഴിൽ അറിയാവുന്ന നിരവധി പേർ നാലാം വാർഡിൽ ഉണ്ട്. കൈതോലപ്പായ നിർമ്മാണം, കൂട്ട, മുറം നിർമ്മാണം എന്നിവയാണ് മേൽപ്പറഞ്ഞ കൈത്തൊഴിലിൽ മുഖ്യ ഇനങ്ങൾ. ഇത്തരം തൊഴിലുകൾ തുടർന്ന് കൊണ്ടുപോകാനുള്ള അംസ്കൃത വസ്തുക്കൾ ലഭ്യമല്ല. അസംസ്കൃത വസ്തുക്കൾ സുലഭമായി കിട്ടുകയാണെങ്കിൽ ഈ രംഗത്ത് ഉൽപാദനം കാര്യക്ഷമമാക്കാം. അഞ്ചാം വാർഡിൽ ഹരിജൻ കോളനി ഇല്ലെങ്കിലും വിവിധ സ്ഥലങ്ങളിലായി ഇരുപത്തഞ്ചോളം കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ഏഴാം വാർഡിൽ കല്ലുപുര ലക്ഷ്യം വീട് കോളനിയിലും രണ്ടാം വാർഡിലെ വടയകണ്ടി കോളനിയിലും മൺപാത്ര നിർമ്മാണവുമായി ബന്ധപ്പെട്ട ജോലികൾ ചെയ്യുന്നു. ആദി-ആന്ധ്ര വിഭാഗമാണെന്ന് അവകാശപ്പെടുന്ന കുടുംബങ്ങൾ താമസിച്ചുവരുന്നുണ്ട്. ഇവരെ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുത്താനുള്ള നിർദ്ദേശവും വന്നിട്ടുണ്ട്. സംവരണ വിഭാഗങ്ങളെ കണ്ടെത്തി അവരുടെ തൊഴിൽ മേഖലകൾ സംരക്ഷിക്കാനും പഞ്ചായത്തിലെ ഇതര വിഭാഗങ്ങൾക്കൊപ്പം എല്ലാ മേഖലകളിലും അവരുടെ ഉന്നതി ഉറപ്പ് വരുത്താനും ആവശ്യമായ പുതിയ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. ഇവരുടെ ഇടയിൽ വിദ്യാഭ്യാസ നിലവാരം താരതമ്യേന മെച്ചമാണ്. പട്ടികജാതിയിൽ പെട്ട വിദ്യാർത്ഥികളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ലഭിക്കുന്ന | സ്കൂളിന്റെ | പട്ടികജാതി കുടികളുടെ എണ്ണം, പഠന നടത്തിയതവർ | | | | | |
|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| ലംസംഗ്രാനന്റ് | പേര് | | | | | | |
| ലംബം | എൻ.എച്ച്.എസ്.വട്ടോളി | 21 | 42 | 63 | 9 | 3 | 12 |
| 430 | സംസ്കൃതം HS | 2 | 1 | 3 | - | - | |
| 900 | GUPS വട്ടോളി | 4 | 2 | 6 | - | - | - |
| 180 | പാതിരിപ്പറ്റ യുപി | 2 | - | 2 | - | | |
| 250 | ചിക്കോന്ന് എൽ.പി. | - | 4 | 4 | - | - | - |
| | MLPS കുന്നുമ്മൽ | | | | | | |
| | കണ്ടോത്ത് കുനി | - | - | | - | | - |
| 265 | വട്ടോളി എൽ.പി. | 1 | 4 | 5 | - | - | - |
| 360 | LVLP കുളങ്ങരത്ത് | 2 | 1 | 3 | - | - | - |
| 180 | പായൽ യു.പി. | 1 | 1 | 2 | | | |
| **350** | **മൊകേരി എൽ.പി.** | **4** | **3** | **7** | - | - | - |
| **9812** | **ആകെ** | **36** | **58** | **95** | **9** | **3** | **12** |

അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരും ഇവരുടെ ഇടയിലുണ്ട്. ഈ വിഭാഗത്തിൽ സ്വന്തമായി വീടില്ലാത്തവരും ഉണ്ട്. ഉള്ള വീടുകളിൽ തന്നെ കക്കൂസ് കിണർ വൈദ്യുത എന്നിവ ലഭ്യമല്ലാത്ത പ്രശ്നങ്ങളും ഉണ്ട്. ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള വിരലിലെണ്ണാവുന്ന കുടുംബങ്ങൾ മാത്രമേ ഈ വിഭാഗങ്ങളിൽ പെട്ടതായി നമ്മുടെ പഞ്ചായത്തിലുള്ളൂ. ഈ പഞ്ചായത്തിലെ ബഹുജനസന്നദ്ധാ സംഘടനാ രംഗങ്ങളിൽ പ്രവർത്തിക്കുന്ന അപൂർവ്വം ചിലരുണ്ട്. ഇതൊക്കെ ആണെങ്കിലും സാമൂഹ്യ രംഗത്ത് പൊതുവെ ഇവരുടെ നില മെച്ചപ്പെട്ടതല്ല. സാമൂഹ്യമായ ഉച്ചനീചത്വം നിലവിൽ ഇല്ലെങ്കിൽ ഇതര ജനവിഭാഗവുമായി ഇടപഴകുന്നതിന് വിമുഖത കാണിക്കുന്ന വളരെ കുറച്ച് പേരെങ്കിലും ഈ വിഭാഗത്തിൽ ഉണ്ട്.

### നടപ്പുപദ്ധതികളുടെ അവലോകനം

വിവിധ വികസന വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ഈ വിഭാഗത്തിന്റെ ഉന്നമനത്തിനുവേണ്ടി നിരവധി സഹായങ്ങൾ ഇന്ന് നടപ്പിലാക്കി വരുന്നുണ്ട്. ഭവനരഹിതരും സ്വന്തമായി ഭൂമി കൈവശമുള്ളവരുമായ എണ്ണായിരം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള പട്ടികജാതിയിൽപ്പെട്ട കുടുംബത്തിനു ഭവനനിർമാണത്തിനു സൗജന്യമായി 1500 രൂപാവരെയുള്ള ധനസഹായം ബ്ലോക്ക് പഞ്ചായത്തിലൂടെ ലഭ്യമാണ്. ഭൂരഹിതരും ഭവനരഹിതരുമായവർക്ക് പുനരധിവാസ പദ്ധതിയെന്ന നിലയിൽ നാല് സെൻറ് സ്ഥലത്തിന് 10000 രൂപയും ഭവനനിർമ്മാണത്തിന് 15000 രൂപയുടെ ധനസഹായവും നൽകിവരുന്നുണ്ട്. കുളിമുറി, കക്കൂസ്, അഴുക്ക് ചാല് എന്നിവ നിർമ്മിക്കുന്നതിനും വൈദ്യുതീകരണത്തിനുമുള്ള പദ്ധതികൾ ഇന്ന് നിലവിലുണ്ട്. നിർദ്ധനർക്ക് ചികിത്സ, വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം, കിണറുകൾ, ശുദ്ധജല വിതരണം തുടങ്ങിയവയ്ക്കുള്ള ധനസഹായം എന്നിവരും നിലവിലുണ്ട്. എന്നിരുന്നാലും ഇന്ന് ലഭിച്ച് വരുന്ന ധനസഹായങ്ങൾ തികച്ചും അപര്യാപ്തമാണ്.

### പ്രശ്നങ്ങൾ:

1. നമ്മുടെ പഞ്ചായത്തിൽ പട്ടികജാതിയിൽ പെട്ട സ്വന്തമായി വീടില്ലാത്ത നിരവധി വീടുകളുണ്ട്.

2. കുടികിടപ്പ് കിട്ടിയ ഭൂമി പിന്നീട് വീതം വെച്ചതിന്റെ ഫലമായി വീട് വെയ്ക്കാനാവശ്യമായ ഭൂമി കൈവശമില്ലാത്ത നിരവധി കുടുംബങ്ങൾ ഇന്ന് നമ്മുടെ പഞ്ചായത്തിലുണ്ട്.

3. കുടിവെള്ളം, കക്കൂസ്, കുളിമുറി, തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ നിലവിലില്ലാത്ത പല വീടുകളുമുണ്ട്.

4. ഭൂരിഭാഗം കുടുംബങ്ങളിലും തൊഴിലില്ലായ്മ നിലവിലുണ്ട്.

5. പരമ്പരാഗതമായ തൊഴിലുകൾ തുടർന്ന് കൊണ്ടുപോകുന്നതിൽ അസംസ്കൃത വസ്തുക്കളുടെ ദൗർഭല്യമുണ്ട്.

6. ഉൽപന്നങ്ങളുടെ വിപണനത്തിലുള്ള സാധ്യതകൾ ഇല്ലായ്മ.

7. വ്യവസായ വകുപ്പുകൾ തുടങ്ങി നിരവധി വകുപ്പുകൾ മുഖേന വായ്പകളും മറ്റും ലഭിക്കുന്നുണ്ടെങ്കിലും അതിന് നൽകേണ്ടുന്ന ജാമ്യം മുതലായ സങ്കീർണതകൾ നിലവിലുണ്ട്.

8. ഇവർക്ക് ലഭിക്കേണ്ടുന്ന ആനുകൂല്യങ്ങൾ പലതും ഇടത്തട്ടുകാർ തട്ടിയെടുക്കുന്നു.

### സാധ്യതകൾ

1. പഞ്ചായത്തിൽ ഈ വിഭാഗത്തിൽ പെടുന്ന ഭവനരഹിതരെ കണ്ടെത്തി അവർക്ക് വീട് നിർമ്മാക്കാനാവശ്യമായ മതിയായ ധനസഹായം നൽകണം. ഇന്ന് ലഭിച്ചുവരുന്ന ധനസഹായങ്ങൾ ഇരട്ടിയെങ്കിലുമായി വർധിപ്പിച്ചേ മതിയാവൂ. സാങ്കേതിക പ്രശ്നങ്ങൾ നിയമത്തിന്റെ നൂലാമാലകൾ എന്നിവയിൽ നിന്ന് സംരക്ഷണം കൊടുക്കണം.

2. ഭൂരഹിതരും ഭവനരഹിതരുമായ കുടുംബങ്ങളെ കണ്ടെത്തി ആവശ്യമായ ധനസഹായങ്ങൾ നൽകണം.

3. നിലവിൽ കക്കൂസുകൾ, കുളിമുറികൾ, കിണറുകൾ ഇവയില്ലാത്ത വീടുകൾക്ക് അടിയന്തിരമായി ഇവ നിർമ്മിക്കുന്നതിനു വേണ്ടിയുള്ള ധനസഹായം നൽകണം.

4. തയ്യൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾക്ക് മെഷീൻ മുതലായ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതോടൊപ്പം സഹകരണാടിസ്ഥാനത്തിൽ റെഡിമെയ്ഡ് വസ്ത്രനിർമാണത്തിനുള്ള പരിശീലനം നൽകണം.

5. പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളെ കണ്ടെത്തി പഞ്ചായത്ത് തലത്തിൽ സംഘടിപ്പിച്ച് ബാംമ്പു കോർപ്പറേഷന്റെ സഹായത്തോടെ ഈറ്റ, കൈതോല എന്നിവ സംഘടിപ്പിച്ചുകൊടുക്കുകയും സഹകരണാടിസ്ഥാനത്തിലുള്ള വിപണന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും വേണം. ഇതിനുവേണ്ടി ധനസഹായവും പരിശീലനവും ഈ രംഗത്ത് അത്യാവശ്യമാണ്.

6. ഈ വിഭാഗത്തിൽ പെട്ട ആളുകൾക്ക് ലഭിച്ചുവരുന്ന വായ്പകൾ ഉദാരവൽക്കരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

7. ഈ വിഭാഗങ്ങൾക്ക് ലഭിച്ചുവരുന്ന ആനുകൂല്യങ്ങൾ ഇടത്തട്ടുകാർ തട്ടിയെടുക്കുന്നത് തടയാൻ നിയമപരമായ പരിരക്ഷ നൽകുന്നതോടൊപ്പം ആനുകൂല്യങ്ങളും ധനസഹായവും, ഗുണഭോക്താവിന് നേരിട്ട് ലഭിക്കാനുള്ള സൗകര്യവും നൽകണം.

വിദ്യാഭസ്മായും സാമൂഹ്യപരമായും സാമ്പത്തികമായും സമൂഹത്തിലെ ഇതര ജനവിഭാഗങ്ങൾക്കൊപ്പം ഇവരെ ഉയർത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണം. നടപ്പിലാക്കുന്ന പദ്ധതികളും ധനസഹായങ്ങളും കൃത്യമായി ശരിയായ വിധത്തിലും ഉപയോഗിക്കുന്നുണ്ട് എന്ന് വിലയിരുത്തുകയും ചെയ്യണം. ഈ വിഭാഗത്തിൽ പെട്ടവർക്ക് ഇതര മേഖലകളിൽ ജോലി എടുക്കാൻ വേണ്ട പ്രോത്സാഹനം നൽകുകയും ബോധവൽക്കരണം പദ്ധതികൾ സംഘടിപ്പിക്കുകയും വേണ്ടതാണ്.

# മൃഗസംരക്ഷണവും മത്സ്യം വളർത്തലും

പശു, കാള, ആട് എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ. വളർത്തുപക്ഷികളിൽ പ്രധാനം കോഴിയാണ്. കുറഞ്ഞ തോതിൽ താറാവുമുണ്ട്.

പട്ടിക 17-ൽ നാടൻ കാളകളുടെ ഇനത്തിൽ 21 എണ്ണം വംശവർദ്ധനവിന് വേണ്ടി ഉപയോഗിക്കുന്നതാണ്. ഇതിൽ 12 എണ്ണം സങ്കര ഇനത്തിൽ പെടുന്നതാണ്. പശു നാടൻ ഇടത്തിൽ 877 എണ്ണവും സങ്കര ഇനത്തിൽ 269 എണ്ണവും കറവ ഇല്ലാത്തതാണ്.

പഞ്ചായത്തിലെ ഏറ്റവും കൂടുതൽ കന്നുകാലികളിൽ കണ്ടുവരുന്ന രോഗം ധാതുലവണങ്ങളുടെ അഭാവം മൂലം ഉണ്ടാവുന്ന രോഗമാണ്. പോഷകാഹാരക്കുറവാണ് ഇതിന് കാരണം. മറ്റു പ്രധാനകാരണങ്ങൾ ശ്വാസകോശസംബന്ധമായതും പരാദരോഗങ്ങളും ദഹന സംബന്ധമായവയുമാണ്.

## പ്രധാന പ്രശ്നങ്ങൾ

1. ഗുണമേന്മയുള്ള കാലിത്തീറ്റ ന്യായമായ വിലക്ക് ലഭിക്കുന്നില്ല.

2. കന്നുകാലികളുടെ രോഗപ്രതിരോധത്തിനും ചികിത്സക്കും ആവശ്യമായ സൗകര്യങ്ങളില്ല.

3. സങ്കരയിനം കന്നുകാലികളുടെ പരിചരണത്തിന് വേണ്ടത്ര ബോധമില്ലായ്മ.

4. ഇറച്ചിക്കോഴി വളർത്തൽ സാധ്യത വേണ്ടത്ര ഉപയോഗപ്പെടുത്തുന്നില്ല.

5. അഭ്യസ്തവിദ്യരായ തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് ഈ മേഖലയോട് താല്പര്യമില്ല

6. മൃഗാശുപത്രികളിലൂടെ നടത്തുന്ന പ്രധാന പദ്ധതികൾ മൃഗചികിത്സയും മൃഗരോഗവും. ബീജസങ്കലന സൗകര്യങ്ങൾ വർധിപ്പിക്കൽ. കാലിരോഗ വിമുക്ത മേഖ

*പട്ടിക 17* **1996-ലെ സർവ്വേ പ്രകാരം പഞ്ചായത്തിലെ വളർത്തുമൃഗങ്ങളും പക്ഷികളും**

| കാള നാടൻ | കാള സങ്കരം | പശു നാടൻ | പശു സങ്കരം | എരുമ | പോത്ത് | ആട് | പൂവൻ കോഴി | പിട കോഴി | താറാവ് |
|---|---|---|---|---|---|---|---|---|---|
| 293 | 183 | 2549 | 756 | 2 | 2 | 648 | 1296 | 5416 | 40 |

### രോഗങ്ങളുടെ പട്ടിക 18 1996

| ദഹനസംബന്ധമായവ | ശ്വാസകോശ സംബന്ധം | ഉപാപച സംബന്ധം | ധാതുലവണങ്ങളുടെ അഭാവം | ത്വക്ക് രോഗങ്ങൾ | പരാദ രോഗങ്ങൾ | പ്രത്യുല്പാദന സംബന്ധമായവ | വന്ധ്യത | അകിടുവീക്കം | മുടന്തൻ പനി |
|---|---|---|---|---|---|---|---|---|---|
| 850 | 1343 | 325 | 1636 | 364 | 940 | 765 | 470 | 285 | 450 |

ലാപദ്ധതി, പേവിഷ നിർമാർജ്ജന പദ്ധതി എന്നിവയാണ്. ഈ പദ്ധതികൾ എല്ലാംതന്നെ പൂർണരൂപത്തിൽ ജനങ്ങളിൽ എത്തിക്കാൻ കഴിയാത്തത് മൃഗാശുപത്രിയുടെ Extension Work ന്റെ കുറവാണ്.

## സാധ്യതകൾ

1. ശാസ്ത്രീയരീതിയിൽ കന്നുകാലികളുടെ വളർത്തലിനെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുക. ഇതു വഴി ഈ രംഗത്തുള്ള പല മിഥ്യാധാരണകളും മാറ്റാൻ കഴിയും. രോഗചികിത്സ നടത്തിയാൽ പാൽ കുറയുമെന്ന മിഥ്യാധാരണ ഒരു ഉദാഹരണമാണ്.

2. മൃഗാശുപത്രിയിൽ Extension work ന് ആവശ്യമായ സംവിധാനം ഉണ്ടാകേണ്ടതാണ്. ഇതിന് ആവശ്യമായ സഹായം നൽകാൻ വാർഡ് അടിസ്ഥാനത്തിൽ സമിതികളും രൂപീകരിക്കാവുന്നതാണ്.

## ഉൽപ്പാദന മേഖല

**1. പാലുല്പാദനം**

ഇന്ന് കർഷകരുടെ ഇടയിൽ കന്നുകാലികളെ വളർത്തുന്നതിലുള്ള പ്രധാന പ്രതിസന്ധി കാലിത്തീറ്റകളുടെ അമിതമായ വിലയും ദൗർലഭ്യവുമാണ്. ഇതിന് പരിഹാരം നല്ലയിനം തീറ്റപ്പുൽകൃഷിയെ പ്രോത്സാഹിപ്പിക്കുക എന്നതാണ്. ഇതിനായി 25%സബ്സിഡി നൽകിക്കൊണ്ട് ഓരോ വാർഡിലും ചുരുങ്ങിയത് 10 പേർക്കെങ്കിലും ഈ ആനുകൂല്യം നൽകേണ്ടതാണ്. സബ്സിഡി തുക 250-500 രൂപ വരെ കൊടുക്കുന്നതായിരിക്കും ഉചിതം. ഇത് കൂടാതെ ഇതിന് വേണ്ടുന്ന വളവും സൗജന്യമായി കർഷകർക്ക് നൽകേണ്ടതാണ്.

**2. ഡയറി യൂണിറ്റുകൾ**

മൂന്നോ അതിൽ കൂടുതലോ കാലികളുള്ള കർഷകർക്ക് ക്ഷീരോല്പാദനം ലാഭകരമാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. അതിനാൽ ആവശ്യമായ ധനസഹായം നൽകി കറവപ്പശുക്കളെ പോറ്റുന്നത് പ്രോത്സാഹിപ്പിക്കണം. ഇതിനായി ഒരു പശുവിന് 3000 രൂപ സബ്സിഡി എന്ന നിരക്കിൽ 3 പശുക്കൾക്ക് 9000 രൂപയും 2500 രൂപ തൊഴുത്തുണ്ടാക്കാനുള്ള സബ്സിഡിയും നൽകേണ്ടതാണ്. ഒരു പശുവിനെ നൽകി 6 മാസത്തിനുശേഷം മാത്രമെ രണ്ടാമത്തെ പശുവിനുള്ള സബ്സിഡി നൽകാൻ പാടുള്ളൂ. ഓരോ വാർഡിലും 10 പേർക്കെങ്കിലും ഇതിന്റെ ആനുകൂല്യം നൽകേണ്ടതാണ്. പശുക്കളെയും മറ്റും സ്ഥലത്തെ വാർഡ് മെമ്പറും പഞ്ചായത്ത് പ്രസിഡണ്ടും വെറ്റിനറി സർജനും മൂന്നുമാസത്തിലൊരിക്കലെങ്കിലും നിരീക്ഷിക്കേണ്ടതാണ്. ശാസ്ത്രീയ കന്നുകാലി പരിപാലനത്തെപ്പറ്റിയുള്ള ക്ലാസുകൾ ഈ കർഷകർക്ക് നിർബന്ധമായും നൽകേണ്ടതാണ്.

**3 കാലിത്തീറ്റ നിർമാണം (ഖരാഹാരം)**

കന്നുകാലി പരിപാലനത്തിന്റെ മറ്റൊരു പ്രധാനഘടകം കാലിത്തീറ്റയാണ്. ഒരു കിലോഗ്രാം ഖരാഹാരം 20 കിലോ തീറ്റപ്പുല്ലിനോട് താരതമ്യം ചെയ്യാം. ഇന്ന് ഖരാഹാരത്തിന്റെ അമിതമായ വില കാരണം കർഷകർക്ക് കൃത്യമായ അളവിൽ കാലിത്തീറ്റ നൽകാൻ സാധിക്കുന്നില്ല. കുത്തക കമ്പനികളുടെ ചൂഷണത്തിൽനിന്ന് കർഷകരെ രക്ഷിക്കാൻ ശാസ്ത്രീയമായി തീറ്റ നിർമിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ഒരു തീറ്റ മിശ്രിത യൂണിറ്റ് ആരംഭിക്കേണ്ടത് അത്യാവശ്യമാണ്. ഇതിനാവശ്യമായ തേങ്ങാപ്പിണ്ണാക്ക്, ഉണക്ക കപ്പ, തവിട്, എന്നീ അത്യാവശ്യ അസംസ്കൃത വസ്തുക്കളുടെ ഉൽപാദനം കൃഷിയുടെ ഉൽപാദനമേഖലയിൽ ഉൾപ്പെടുത്താൻ ശ്രമിക്കണം.

**4. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി**

ഇന്നത്തെ അവസ്ഥയിൽ 48 മുതൽ 84 മാസത്തിലാണ് കിടാരികളിൽ ആദ്യപ്രസവം നടക്കുന്നത്. ഇത് 36 മാസത്തിലേക്ക് കൊണ്ടുവന്നാൽ ഒരുവർഷം മുമ്പുതന്നെ കർഷകർക്ക് ആദായം ലഭിച്ചുതുടങ്ങുകയും അതുവഴി ലാഭകരമാക്കുകയും ചെയ്യാം. ഇതിനായി കന്നുകാലികൾക്ക് കുറഞ്ഞനിരക്കിൽ നല്ലയിനം തീറ്റ നൽകി ആദ്യത്തെ ഒന്നരവർഷക്കാലം വളർത്തേണ്ടത് അത്യാവശ്യമാണ്. ഇതിനായി ഈ പഞ്ചായത്തിലെ മൃഗാശുപത്രിയിൽനിന്ന് കുത്തിവെച്ചുണ്ടായതും അവിടെ പേർ റജിസ്റ്റർ ചെയ്തതുമായ 150 പേർക്കെങ്കിലും 50% സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകേണ്ടതാണ്. ഈ ആനുകൂല്യം ആ കന്നുകുട്ടികൾക്ക് തന്നെ ലഭിക്കുന്നുണ്ടോ എന്നും ഉറപ്പുവരുത്തണം.

**5. കറവപ്പശു പരിപാലന പദ്ധതി**

ദരിദ്രകർഷകർ നല്ലയിനം കന്നുകാലികളെ വളർത്തുമ്പോൾ ആ കന്നുകാലികൾക്ക് വരുന്ന പല അസുഖങ്ങളുടെയും പ്രധാനകാരണം കാലിത്തീറ്റയുടെ കുറവാണ്. ഇവർ ശാസ്ത്രീയമായ രീതിയിൽ കന്നുകാലികളെ വളർത്തണമെങ്കിൽ 50% സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകേണ്ടത് ഏറ്റവും അത്യാവശ്യമാണ്. ഒരു പശുവിൽനിന്ന് 3 പശു എന്ന നിലയിൽ എത്തുന്നതുവരെയെങ്കിലും ഈ ആനുകൂല്യം നൽകേണ്ടതാണ്. എങ്കിൽ മാത്രമെ ഇവർ മുഖ്യധാരയിലേക്ക് എത്തുകയുള്ളു.

**6,. ആടുവളർത്തൽ**

6 മാസം മുതൽ 12 മാസം വരെ പ്രായമുള്ള 2 ആട്ടിൻകുട്ടികളെ വീതം ഒരു വാർഡിൽ ചുരുങ്ങിയത് 10 പേർക്കെങ്കിലും വർഷത്തിൽ ആട് ഒന്നിന് 500 രൂപ സബ്സിഡി നിരക്കിൽ വിതരണം ചെയ്യണം. ഡയറി യൂണിറ്റിൽ പറഞ്ഞതുപോലെ 3 മാസത്തിലൊരിക്കലെങ്കിലും ഇവയെ നിരീക്ഷിക്കേണ്ടത് അത്യാവശ്യമാണ്.

## 4. മാംസോല്പാദനം

**1. കശാപ്പുശാല**

ഇന്ന് ആടുമാടുകളെ മാംസത്തിനായി അറവ് നടത്തുന്നത് ഏറ്റവും വൃത്തിഹീനമായ അന്തരീക്ഷത്തിലാണ്. രോഗം ബാധിച്ച കന്നുകാലികളെ കശാപ്പുചെയ്യുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടത് അത്യാവശ്യമാണ്. ഇതിനായി ആധുനിക രീതിയിലുള്ള ചെറുകിട കശാപ്പുശാല തുടങ്ങുകയും മാംസ പരിശോധന (Antimortem, Postmortem പരിശോധനകൾ ) നിർബന്ധമായും ചെയ്യേണ്ടതാണ്. പഞ്ചായത്തിന്റെ പല ഭാഗങ്ങളിലായിട്ടാണ്, ഇപ്പോൾ അറവു നടക്കുന്നത് എന്നതിനാൽ ഇതിന്റെ അവശിഷ്ടങ്ങൾ ശരിയാംവണ്ണം നശിപ്പിക്കാത്തതിനാൽ തെരുവുപട്ടികളുടെ ശല്യം വർധിച്ചുവരുന്നു. ഇത് മനുഷ്യർക്കും വളർത്തുമൃഗങ്ങൾക്കും ഒരുപോലെ ഭീഷണിയായി തീർന്നിരിക്കുകയാണ്. ഒരു കേന്ദ്രീകൃത അറവുശാല ആരംഭിക്കുകയാണെങ്കിൽ ഇതിന്റെ അവശിഷ്ടങ്ങൾ ഉപയോഗിച്ച് മറ്റു പല ഉല്പന്നങ്ങൾ ഉണ്ടാക്കാൻ സാധിക്കുകയും അതുവഴി മറ്റൊരു വരുമാനം കൂടി ഇതോടൊപ്പം ലഭിക്കുകയും ചെയ്യും.

**2. മാംസോല്പാദനത്തിന് കന്നുകുട്ടി പരിപാലന പദ്ധതി**

ഇന്ന് നമ്മുടെ നാട്ടിലുണ്ടാകുന്ന കാളക്കുട്ടികളെ ശ്രദ്ധയില്ലാതെയാണ് വളർത്തുന്നത്. ഇങ്ങിനെയുണ്ടാകുന്ന മൂരിക്കുട്ടികളെ കണ്ടെത്തി തുടക്കത്തിൽതന്നെ നല്ലരീതിയിൽ വളർത്തുകയാണെങ്കിൽ ഒന്നര രണ്ടര വയസ്സാകുമ്പോഴേക്കും ഇരുന്നൂറ് മുതൽ ഇരുന്നൂറ്റമ്പത് കിലോ വരുന്ന കാളക്കുട്ടികളെ ലഭിക്കും. ഇതിനായി പഞ്ചായത്തിലെ ഓരോ വാർഡിലും മൂരിക്കുട്ടികളെ മാത്രം വളർത്തുന്ന 10 എണ്ണം അടങ്ങിയ 5 യൂണിറ്റുകൾ വീതം സ്ഥാപിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

ഇതേപോലെ തന്നെ ആടുകളെയും വളർത്താനുള്ള പദ്ധതിയും രൂപീകരിക്കാവുന്നതാണ്. ഇതിനാവശ്യമായ പണം ലോണായി നൽകുകയും അത് ഈ മൃഗങ്ങളെ വിൽക്കുമ്പോൾ തിരിച്ചുപിടിക്കുകയും ചെയ്യാവുന്നതാണ്.

**3. പന്നിവളർത്തൽ**

പഞ്ചായത്തിൽ പന്നിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി താല്പര്യമുള്ള കുടുംബങ്ങൾക്ക് 5 പെണ്ണും 1 ആണും അടങ്ങുന്ന യൂണിറ്റ് തുടങ്ങാനുള്ള ധനസഹായം നൽകാവുന്നതാണ്. ഹോട്ടലുകളിലെ അവശിഷ്ടങ്ങൾ ലഭ്യമാക്കുന്ന കുടുംബങ്ങളെ ഇതിനായി തെരഞ്ഞെടുക്കുന്നതായിരിക്കും ഉത്തമം.

**4.ഇറച്ചിക്കോഴി വളർത്തൽ**

വനിതകൾക്കും തൊഴിലില്ലാത്തവർക്കും ഒരുപോലെ ഉപയുക്തമാകുന്ന രീതിയിൽ ഇറച്ചിക്കോഴി വളർത്തൽ

പ്രോത്സാഹിപ്പിക്കുന്നതാണ്. ഇതിനായി ഒരു വാർഡിൽ രണ്ട് മാസം കൊണ്ട് 250 കോഴികളെ ഉല്പാദിപ്പിക്കാവുന്ന ഓരോ യൂണിറ്റെങ്കിലും തുടങ്ങാവുന്നതാണ്. ഇതിനായി ഒരു യൂണിറ്റിന് 10,000 രൂപ സബ്സിഡി നൽകാവുന്നതാണ്.

## 5. മുട്ടയുല്പാദനം

**1. അടുക്കളമുറ്റത്തെ കോഴി വളർത്തൽ**

45 ദിവസം പ്രായമായ കോഴികളെ 50% സബ്സിഡി നിരക്കിൽ ഒരു കുടുംബത്തിന് 4 പിടയും ഒരു പൂവനും വീതം നൽകേണ്ടതാണ്. പഞ്ചായത്തിൽ ആയിരം കുടുംബത്തിനെങ്കിലും ഇവ നൽകേണ്ടതാണ്. രോഗപ്രതിരോധ കുത്തിവെപ്പുകളെപ്പറ്റി ഈ കുടുംബങ്ങളെ ബോധവൽക്കരിക്കണം. ഇന്നത്തെ മുഖ്യപ്രശ്നം ഇതാണ്.

**2. എഗ്ഗർ നഴ്സറി**

മേൽപ്പറഞ്ഞ പദ്ധതി (അടുക്കളമുറ്റത്തെ കോഴിവളർത്തൽ )ക്കാവശ്യമായ കോഴികളെ എഗ്ഗർ നഴ്സറി വഴി ലഭ്യമാക്കകയാണ് ഈ പദ്ധതിയുടെ ഉദ്ദേശം. ഒരു ബ്ലോക്ക് പഞ്ചായത്തിൽ ഇതിനാവശ്യമായ എഗ്ഗർ നഴ്സറികൾ ആരംഭിക്കാൻ ഗ്രാമപഞ്ചായത്ത് നിർദ്ദേശിക്കണം. ഒരു പഞ്ചായത്തിൽ രണ്ട് യൂണിറ്റ് എങ്കിലും സ്ഥാപിക്കണം.

## 6. സേവനമേഖല

**1. ഇൻഷുറൻസ് പദ്ധതി**

കന്നുകാലികളിൽ അവിചാരിതമായി ഉണ്ടാകുന്ന മരണം കർഷകർക്കിടയിൽ പ്രധാന പ്രശ്നമാണ്. ഇതിന് പരിഹരിക്കുന്നതിനായി നമ്മുടെ പഞ്ചായത്തിലെ എല്ലാ നല്ലയിനം കന്നുകാലികളെയും സബ്സിഡി നിരക്കിൽ ഇൻഷുറൻസ് ചെയ്യാൻ പദ്ധതി രൂപീകരിക്കണം. ഇന്ന് 7% പ്രീമിയം അടയ്ക്കുന്നത് 3.5% എങ്കിലും ആക്കി ചുരുക്കണം.

**2. പരിശീലന കേന്ദ്രങ്ങൾ**

നമ്മുടെ പദ്ധതികൾ വിജയത്തിലെത്തണമെങ്കിൽ കർഷകർക്ക് പരിശീലനക്ലാസുകൾ നൽകേണ്ടത് നിർബന്ധമാണ്. ഇതിനായി ബ്ലോക്ക് തലത്തിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുകയും ഓരോ വാർഡുകളിലും ആറുമാസത്തിലൊരിക്കലെങ്കിലും പരിശീലനക്ലാസുകളും സെമിനാറുകളും സംഘടിപ്പിക്കേണ്ടതാണ്. ഇതിനായി വർഷത്തിൽ 15,000 രൂപയെങ്കിലും കണ്ടെത്തേണ്ടതാണ്.

**3. കർഷക സമ്പർക്ക പരിപാടികൾ**

മൃഗാശുപത്രിയുടെ പ്രവർത്തനത്തിൽ ഇന്നനുഭവപ്പെടുന്ന ഏറ്റവും വലിയ പ്രശ്നം കർഷകരുമായി ബന്ധപ്പെടാനും extension work നടത്താനുമുള്ള ബുദ്ധിമുട്ടാണ്. കർഷകരിന്ന് അനുഭവിക്കുന്ന പല പ്രശ്നങ്ങൾക്കുമുള്ള പരിഹാരനിർദ്ദേശങ്ങൾ അവരിലെത്തിക്കാൻ അതുമൂലം സാധിക്കുന്നില്ല. അതിനാൽ ഓരോ വാർഡിലും കർഷകസമിതികൾ രൂപീകരിക്കുകയും ഈ സമിതികൾ വഴി മൃഗാശുപത്രികളുടെ പ്രവർത്തനങ്ങൾ വ്യാപകമാക്കുകയും അതുവഴി ഒരു ക്രിയാത്മകമായ പുതിയ കർഷക സംസ്കാരം തന്നെ രൂപപ്പെടുത്തുകയും ചെയ്യുന്നു.

**4. ഗോരക്ഷാ ക്യാമ്പ്**

ഇന്ന് പഞ്ചായത്തിന്റെ കീഴിൽ രണ്ട് രോഗരക്ഷാ ക്യാമ്പുകളാണ് സംഘടിപ്പിക്കുന്നത്. പഞ്ചായത്തിലെ എല്ലാ കർഷകർക്കും ഈ ക്യാമ്പിന്റെ ഗുണം ലഭിക്കണമെങ്കിൽ ഓരോ വാർഡിലും ഓരോ രോഗരക്ഷാ ക്യാമ്പെങ്കിലും സംഘടിപ്പിക്കണം. ഓരോ ക്യാമ്പിനും ആവശ്യമായ ചെലവുകൾക്ക് (മരുന്നും പ്രചരണവും) 500 രൂപാ വീതം കണ്ടെത്തേണ്ടതാണ്. വർഷത്തിൽ ഒരിക്കലെങ്കിലും ക്യാമ്പ് സംഘടിപ്പിക്കണം.

**5. പേവിഷബാധ നിർമ്മാർജ്ജനം**

പഞ്ചായത്തിലെ എല്ലാ നായകളെയും പേവിഷബാധക്കെതിരെ കുത്തിവെപ്പിക്കാനും അലഞ്ഞുതിരിയുന്ന നായകളെ നിർമ്മാർജ്ജനം ചെയ്യാനും മുൻകൈയെടുക്കണം. ഇന്ന് 22 രൂപ വിലയുള്ള വാക്സിൻ 11 രൂപ വിലയിൽ മൃഗാശുപത്രിയിൽനിന്നും ചെയ്തുകൊടുക്കും. ഭാവിയിൽ പ്രതിരോധകുത്തിവെപ്പിനുള്ള 50% സബ്സിഡിയും അതുപോലെ അലഞ്ഞുതിരിയുന്ന നായകളെ ഉന്മൂലനം ചെയ്യാനുള്ള തുകയും പഞ്ചായത്ത് വകകൊള്ളിക്കണം.

**6. മെച്ചപ്പെട്ട മൃഗാശുപത്രി സൗകര്യങ്ങൾ**

കുന്നുമ്മൽ സർക്കാർ മൃഗാശുപത്രിപ്രവർത്തിക്കുന്നത് ഒരു സർക്കാർ കെട്ടിടത്തിലാണ്. കെട്ടിടത്തിന്റെ സ്ഥിതി വളരെ പരിതാപകരമാണ്.

ചോർന്നൊലിക്കുന്നതും വൈദ്യുതകണക്ഷൻ ഇല്ലാത്തതുമായ ഈ കെട്ടിടത്തിന്റെ പിൻഭാഗത്ത് ഉണ്ടായി

രുന്ന കാസ്റ്റിംഗ് ഷെഡ് ഇന്ന് തീരെ പൊളിഞ്ഞുവീണ് ഉപയോഗശൂന്യമായി കിടക്കുകയാണ്. അതുപോലെ കന്നുകാലികളെ കയറ്റിനിർത്തി പരിശോധിക്കുന്ന കൂടും (Trevice) ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥയിലാണ്. മൃഗാശുപത്രിയിൽ ഒരു റഫ്രിജറേറ്ററും ചെറിയ മൃഗങ്ങളെ ഓപ്പറേഷൻ നടത്തുവാനുള്ള ഓപ്പറേഷൻ മേശയും സ്റ്ററിലൈസർ, സ്റ്റപ് ഉം വളരെ അത്യാവശ്യമാണ്. ഇതില്ലാത്തതിനാൽ വാക്സിനുകളും മരുന്നുകളും സൂക്ഷിക്കുവാൻ വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്നു. ആശുപത്രിയുടെ അറ്റകുറ്റപ്പണിയും വൈറ്റ് വാഷും ഉടനെ നടത്തേണ്ടതാണ്. ✡

# ഊർജ്ജം

ഏതൊരു പ്രവൃത്തിയുടെയും അടിസ്ഥാനഘടകമാണ് ഊർജ്ജം. അതിന്റെ കുറവ് എല്ലാ പ്രവർത്തനങ്ങളെയും ബാധിക്കുന്നു. പഞ്ചായത്തിന്റെ കാർഷിക വ്യാവസായിക ഗാർഹികാവശ്യങ്ങൾക്കാവശ്യമായ ഊർജ്ജം വേണ്ടത്ര അളവിൽ ലഭിക്കുന്നില്ല. വൈദ്യുതി, വിറക്, മണ്ണെണ്ണ, ഗ്യാസ് എന്നീ ഊർജ്ജസ്രോതസ്സുകളെയാണ് പഞ്ചായത്ത് ആശ്രയിച്ചുവരുന്നത്. കാർഷിക വാണിജ്യ മേഖലകളിൽ ചെറിയ തോതിലുള്ള വൈദ്യുതിയേ ഇപ്പോൾ ആവശ്യമായുള്ളൂവെങ്കിലും, വ്യാവസായിക ഗാർഹികാവശ്യങ്ങൾക്ക് മതിയായ തോതിൽ വൈദ്യുതി ലഭിക്കാത്ത കാരണത്താലുള്ള പ്രശ്നങ്ങൾ അളവറ്റതാണ്. 1958 ലാണ് ആദ്യമായി പഞ്ചായത്തിൽ വൈദ്യുതി ലഭിച്ചത് പഞ്ചായത്തിൽ മൂന്നിലൊന്ന് വീടുകൾക്കും മുനിഞ്ഞുകത്തുന്ന മണ്ണെണ്ണവിളക്കുകളാണാശ്രയം. പഞ്ചായത്തിൽ അധികം ഉപഭോക്താക്കൾ ഉണ്ടായിട്ടും വൈദ്യുതിബോർഡിന്റെ ഓഫീസുകൾ ഒന്നും തന്നെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. സമീപ പഞ്ചായത്തായ കുറ്റ്യാടിയിലാണ് സെക്ഷൻ ഓഫീസ് സ്ഥിതി ചെയ്യുന്നത്. കുറ്റ്യാടി 110 K.V സബ്ബ് സ്റ്റേഷനിൽ നിന്നുമാണ്. പഞ്ചായത്തിലേക്ക് വൈദ്യുതി ലഭിക്കുന്നത്. പഞ്ചായത്തിലെ രണ്ടായിരത്തോളം വൈദ്യുതി ഉപഭോക്താക്കളിൽ ആയിരത്തിഅഞ്ഞൂറിൽ പരം ഗാർഹിക ഉപഭോക്താക്കളും ഇരുപത്തിരണ്ട് കാർഷിക ഉപഭോക്താക്കളും മുപ്പത്തഞ്ച് വ്യാവസായിക ഉപഭോക്താക്കളും മൂന്നൂറ്റി അമ്പത്തിയാറ് വ്യാപാര ഉപഭോക്താക്കളുമാണ്.

ഗാർഹിക ഉപഭോക്താക്കളിൽ ബഹുഭൂരിഭാഗവും വോൾട്ടേജ് കുറവിനക്കുറിച്ചുള്ള പരാതിക്കാരാണ്. ഗ്രാമസഭകളിലെല്ലാം ഈ പ്രശ്നം നിരന്തരമായി ഉയർന്നു വന്നിട്ടുണ്ട്. വ്യാവസായിക മേഖലകളിൽ ആവശ്യത്തിന് വൈദ്യുതി ലഭിക്കാത്തതിനാൽ നഷ്ടപ്പെടുന്ന പ്രവൃത്തി ദിനങ്ങൾ നാൾക്കുനാൾ വർദ്ധിച്ചുവരികയാണ്.

കുന്നുമ്മൽ ഗ്രാമ പഞ്ചായത്തിലെ തെരുവു വിളക്കുകൾ സംബന്ധിച്ച വിവരങ്ങൾ

വിളക്കുകളുടെ എണ്ണം

| വാർഡ് | സോഡിയം വേപ്പർ ലാമ്പ് | ഫ്ളൂട്യൂബ് | ബൾബ് | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|
| I | - | - | 18 | | 18 |
| II | - | - | 16 | | 16 |
| III | 3 | - | 26 | | 29 |
| IV | 1 | - | 18 | | 19 |
| V | - | - | 12 | | 12 |
| VI | 6 | 3 | 20 | | 29 |
| VII | 1 | - | 17 | | 18 |
| VIII | 1 | - | 20 | | 21 |
| IX | - | - | 14 | | 14 |
| **ആകെ** | **12** | **3** | **161** | | **176** |

പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ തെരുവ് വിളക്കുകൾ ഉണ്ടെങ്കിലും ഇതിൽ പകുതിയിലധികവും പ്രവർത്തനക്ഷമമല്ല എന്നതാണ് സത്യം. പഞ്ചായത്ത് അതിർത്തിയിൽ 11KV ലൈൻ 12 കിലോമീറ്റർ ദൈർഘ്യത്തിൽ കടന്നുപോകുന്നുണ്ട്. പഞ്ചായത്തിലെ

ട്രാൻസ്ഫോർമറുകളുടെ എണ്ണം 8 ആണ്. മിക്കതിനും കപ്പാസിറ്റിയിൽ കൂടുതൽകണക്ഷൻ ഇപ്പോൾ തന്നെ ഉണ്ട്. ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കണമെന്ന ആവശ്യം ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുണ്ട്. പഞ്ചായത്തിലെ ട്രാൻസ്ഫോർമറുകളും അവയുടെ കപ്പാസിറ്റിയും ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പേര് | കപ്പാസിറ്റി | എണ്ണം |
|---|---|---|---|
| 1 | കൈവേലി റോഡ് | 250 KVA | 1 |
| 2 | കുളങ്ങരത്ത്, വട്ടോളി, വട്ടോളി മിനി ഇൻഡസ്ട്രീസ് | 160 KVA | 3 |
| 3 | കുന്നുമ്മൽ പള്ളി, കക്കട്ടിൽ ടാക്കീസ് അമ്പലക്കുളങ്ങര മൊകേരി മുറുവശ്ശേരി, പാതിരിപ്പറ്റ, കോളേജ് റോഡ് ചെക്യാട് | 100 KVA | 8 |

ആകെ 12

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ വൈദ്യുതി ലഭിക്കാത്ത പ്രദേശങ്ങൾ ഉണ്ട്. ഇതിൽ കാപ്പുമ്മൽ, പെരുവാണി, കത്യണപ്പൻ ചാൽ ഭാഗം, വട്ടപ്പാറ, കൊട്ടക്കുന്ന്, കൊളത്താം കുഴി, വടക്കയിൽ മുക്ക്, അരിപ്പൂവിൽ, പൂതം കുഴി, പറാട്ടി, കലാ നഗർ, കല്ലുള്ള പറമ്പത്ത്കുന്ന്, തറവട്ടം കുന്ന്, തരിപ്പക്കുന്ന് നെല്ലോംകുഴി കുന്ന്, കൊന്നയുള്ള പറമ്പ്, തവിടോറക്കുന്ന് , മതുകുന്ന് എന്നീ പ്രദേശങ്ങളിൽ വൈദ്യുത ലൈൻ എത്തിയിട്ടില്ല. ഇതിനു പുറമെ പാവപ്പെട്ട ജനങ്ങൾ താമസിക്കുന്ന കോളനികളിലും വൈദ്യുതി എത്താത്ത പ്രശ്നം നിലനില്ക്കുകയാണ്. കത്ത്യണപ്പൻ ചാൽ, നാലുസെന്റ് കോളനി, വട്ടോളി നാലുസെന്റ് കോളനി, കൈതപ്പൊയിൽ നാലുസെന്റ് കോളനി എന്നിവിടങ്ങളിൽ വൈദ്യുതി ലഭിച്ചിട്ടില്ല. ഇതിനു പുറമെ ചില സർക്കാർസ്ഥാപനങ്ങൾക്കും വൈദ്യുതി ലഭിച്ചിട്ടില്ല. പ്രധാനമായും കക്കട്ടിൽ പ്രവർത്തിക്കുന്ന പഞ്ചായത്ത് സാംസ്ക്കാരിക നിലയം, പാതിരിപ്പറ്റയിലെ ഹോമിയോ ഡിസ്പൻസറി, മെറ്റേർണിറ്റി സബ് സെന്റർ, മൊകേരി ഹെൽത്ത് സെന്റർ എന്നിവയാണവ.

പഞ്ചായത്തിലെ ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കണം. പാതിരിപ്പറ്റയിലെ 100KVA ട്രാൻസ്ഫോർമർ 160 KVA ആക്കി ഉയർത്തണം. എന്നാൽമാത്രമേ പാതിരിപ്പറ്റ മിനി വാട്ടർസപ്ലൈസ്കീം അനുഭവിക്കുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ പറ്റൂ. പിന്നോക്ക വിഭാഗങ്ങളിൽ പെട്ടവർക്ക് സൗജന്യമായി വൈദ്യുതി ലഭ്യമാക്കണം. മൊകേരി മത്സ്യ മാർക്കറ്റ് വൈദ്യുതീകരിക്കണം.

വിറക് ഉപയോഗത്തിൽ വരുന്ന ഇന്ധനനഷ്ടം സൂചിപ്പിക്കുന്ന വിവരങ്ങൾ

1 കി.ഗ്രാം വിറകിൽ നിന്നും കിട്ടുന്ന ഊർജ്ജം- 4000കി. കലോറി ഇതിൽ

356 കിലോ കലോറി ഊർജ്ജമേ ഉപയോഗിക്കപ്പെടുന്നുള്ളൂ. ബാക്കി മുഴുവൻ നഷ്ടമാവുന്നു.

ഒരു കുടുംബം ശരാശരി രു ദിവസം രണ്ട് കി.ഗ്രാം വിറക് കത്തിച്ചാൽ ഒരു കൊല്ലം 150 ലക്ഷം ടൺ വിറക് കേരളത്തിൽ ഉപയോഗിക്കും.

ഇതിന് 1000 കോടി രൂപ മുതൽ മുടക്കണം. ദുർവ്യയം സംഭവിക്കുന്നത് ഒഴിവാക്കിയാൽ 800 കൂടി രൂപ ലാഭിക്കാം.

ഭക്ഷത കൂടിയ പുകയില്ലാത്ത അടുപ്പുകളുടെ പ്രചാരത്തിനുവേണ്ടി വീട്ടമ്മമാർക്കും മറ്റും ബോധവൽക്കരണ പരിപാടികൾ നടത്തുകയും അടുപ്പുകൾ സ്ഥാപിക്കുന്നതിനു വേണ്ടി പഞ്ചായത്തിൽ `അടുപ്പു ക്യാമ്പു'കൾ സംഘടിപ്പിക്കുകയും വേണം.

### പഞ്ചായത്തിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

കൈവേലിപ്പീടിക - കൈതപ്പൊയിൽ റോഡ്

മൊകേരി മുറുവശ്ശേരി - ചങ്ങരം കുളം ഭാഗം

ഫുട്ട്പാത്തുകളിലും റോഡുകളിലും (വാർഡ് 3)

മൊകേരി ടെലിഫോൺ എക്സ്ചേഞ്ചിന് സമീപം

കലാനഗർ-വടയം റോഡ്, കോളേജ് റോഡ്

അയനിക്കുന്ന് റോഡ്

മിനി എസ്റ്റേറ്റ് - ഒതയോത്ത് താഴ

അമ്പലക്കുളങ്ങര - നിട്ടൂർ റോഡ് - പഞ്ചായത്ത് അതിർത്തി

അരൂര് - തീക്കുനി റോഡ്, ബാങ്ക് റോഡ്, മുറിച്ചാണ്ടി ഹാർഡുവേഴ്സ് റോഡ്

കനാൽ റോഡ്, ദുർഗ്ഗാ ക്ലിനിക് റോഡ്

അരൂര് റോഡ് - കുളങ്ങരത്തു പള്ളി

നരിപ്പറ്റ റോഡ് - നടവിലക്കണ്ടി ലക്ഷം വീട്

കക്കട്ട് - കൈതപ്പൊയിൽ റോഡ് - ചിരികണ്ടോത്ത് റോഡ്

സ്റ്റേഡിയം മുതൽ ചകിരിക്കമ്പനി വരെ

പാതിരിപ്പറ്റ - വട്ടോളി റോഡ് മീത്തൽ വയൽ വരെ

മീത്തൽ വയൽ - കൈതപ്പൊയിൽ റോഡ്

**സോഡിയം വേപ്പർ ലേമ്പ് സ്ഥാപിക്കേണ്ട സ്ഥലങ്ങൾ**

* കക്കട്ടിൽ സാംസ്ക്കാരിക നിലയം
* മൊകേരി ടെലഫോൺ എക്സ്ചേഞ്ചിനു സമീപം
* കലാനഗർ മൊകേരി
* വടയം റോഡ്
* മൊകേരി കോളോജ് റോഡ് അയനിക്കുന്ന്
* കുളങ്ങരത്ത് ടൗൺ നരിക്കാട്ടേരി റോഡ് തോടിനു സമീപം
* കുന്നുമ്മൽ പള്ളിക്കു സമീപം, കുളങ്ങരത്ത് പാറക്ക് സമീപം

സൗരോർജ്ജ വിളക്ക് സ്ഥാപിക്കേണ്ട സ്ഥലം

* മീത്തൽ വയൽ അങ്ങാടി

## പ്രശ്നങ്ങൾ

1 വൈദ്യുത വോൾട്ടേജ് കമ്മി

2 ഊർജ്ജ നഷ്ടം

3 ഇല്ക്ട്രിസിറ്റി ഓഫീസ് ജിവനക്കാരുടെ കൃത്യ നിഷ്ഠതയില്ലായ്മ

4 വൈദ്യുതി സംബന്ധിച്ച് ജോലി പുറമെയുള്ളവരെകൊണ്ട് ജീവനക്കാരുടെ ഒത്താശയോടുകൂടി ചെയ്യിച്ച് ഉപഭോക്താക്കളിൽനിന്നും പണം വാങ്ങൽ

5 വൈദ്യുത പോസ്റ്റുകൾഉപഭോക്താവ് സ്വന്തം ചെലവിൽ വാഹനം പിടിച്ച് കൊണ്ടുവരേണ്ട സ്ഥിതി.

6 കിട്ടാത്ത വെളിച്ചത്തിന് കൃത്യമായ മിനിമം ചാർജ്ജ് ഈടാക്കൽ

7 മീറ്റർറീഡിംഗ് കൃത്യമായി നടത്താത്തുതുകൊണ്ട് ഉണ്ടാകുന്ന പ്രശ്നങ്ങൾ

8 കാലപ്പഴക്കം ചെന്ന വൈദ്യുത പോസ്റ്റുകൾ, കമ്പികൾ, മറ്റുപകരണങ്ങൾ എന്നിവ യഥാസമയംമാറ്റി സ്ഥാപിക്കാതിരിക്കൽ

9 വിറകിന്റെ വില കൂടുന്നു. ലഭ്യത പരിമിതപ്പെട്ടുവരുന്നു. ക്ഷാമം നേരിടുന്നു.

10 വിറകിന്റെ ഉപയോഗം കുറയ്ക്കാനുതകുന്ന ദക്ഷത കൂടിയ അടുപ്പിന്റെ പ്രചരണ അഭാവം.

11 മണ്ണെണ്ണ ആവശ്യത്തിന് ലഭിക്കായ്ക

12 ലോഡ്ഷെഡ്ഡിങ്ങുകൾ, കട്ടുകൾ, അപ്രഖ്യാപിത കട്ടുകൾ

13 വൈദ്യുത ചാർജ്ജ് അടയ്ക്കാൻ ഉപഭോക്താക്കൾ പൊരിവെയിലത്ത് ക്യൂനിൽക്കേണ്ട അവസ്ഥയുണ്ട്.

## സാധ്യതകൾ

1 പ്രസരണ നഷ്ടം ഒഴിവാക്കാൻ യഥാസമയം വൈദ്യുത ലൈനിൽ തട്ടുന്ന വൃക്ഷ ശിഖരങ്ങൾ വെട്ടി മാറ്റുക

2 വൈദ്യുതി ഉപയോഗം സംബന്ധിച്ച ബോധവൽക്കരണ ക്ലാസുകൾ ഉപഭോക്താക്കളെ വിളിച്ചു ചേർത്ത് സംഘടിപ്പിക്കുക.

3 `ഓൺ-ഓഫ്' സിസ്റ്റത്തിൽ കൃത്യ നിഷ്ഠ പാലിക്കുക.

4 ദക്ഷത കൂടിയ CFL വിളക്കുകളും ട്യൂബ് ലൈറ്റുകളും സബ്സിഡി നൽകിക്കൊണ്ട് ഉപയോഗം വർധിപ്പിക്കുക.

5 സമഗ്രമായ ഊർജ്ജാസൂത്രണം

6 വിറകും അടുപ്പും ഉപയോഗിക്കുന്നതിനുള്ള പരിജ്ഞാനത്തിനായി `യൂസേഴ്സ് കാമ്പ് സംഘടിപ്പിക്കുക.

7 പാചക-വാതക അടുപ്പുകളുടെ പ്രോത്സാഹനം

8 പ്രഷർ കുക്കറുകളുടെ വ്യാപനം

9 വാണിജ്യ സഹകരണ ബാങ്കുകളുടെ ലോണുകൾ ഉപയോഗപ്പെടുത്തി ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കുക, കച്ചിപ്പെട്ടി പ്രചാരത്തിൽ വരുത്തുക, ഊർജ്ജ നഷ്ടം കുറയ്ക്കാൻ ട്യൂബ് ലൈറ്റുകൾ ഉപയോഗിക്കുക, ഇലക്ട്രോണിക് ചോക്കുകൾ ഉപയോഗിക്കുക.

10 സൗരോർജ്ജ വിളക്കുകളുടെ സമഗ്ര പദ്ധതി കുറ്റമറ്റ രീതിയിൽനടപ്പിലാക്കുക.

12 വൈദ്യുത ബോർഡിന്റെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുക.

13 അനർട്ടിന്റെ കീഴിൽനടക്കുന്ന സംയോജിത ഗ്രാമ ഊർജ്ജ വികസന പദ്ധതിയുടെ പരിപാടികൾ പഞ്ചായത്തിൽ നടപ്പിലാക്കുക

14 വൈദ്യുത ബില്ല് അടയ്ക്കാനുള്ള കൗണ്ടർ കക്കട്ടിൽ ആരംഭിക്കണം.

# വ്യവസായം

**കു**ന്നുമ്മൽ ഗ്രാമപഞ്ചായത്ത് ഒട്ടേറെ ചെറുകിട വ്യവസായങ്ങൾക്ക് അനുയോജ്യവും പരമാവധി അസംസ്കൃതപദാർത്ഥങ്ങൾ ലഭ്യവുമായ പ്രദേശങ്ങൾ ഉൾപ്പെട്ടതാണ്. ഏതാനും ചെറുകിട വ്യവസായ യൂണിറ്റുകൾ ഇപ്പോൾ പ്രവർത്തിച്ചു വരുന്നുണ്ടങ്കിലും സാധ്യതകൾ പരമാവധി ഉപയോഗ്യമാക്കത്തക്ക രീതിയിലുള്ള വ്യവസായങ്ങൾകൊണ്ട് സംപുഷ്ടമാക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ചെറിയൊരു ജനവിഭാഗത്തിനേ വ്യാവസായിക മേഖലയുമായി ബന്ധപ്പെട്ട് തൊഴിൽ ലഭിക്കുന്നുള്ളൂ. പതിനാറോളം വ്യത്യസ്ഥ ഇനങ്ങളിലുള്ള മുപ്പതു ചെറുകിട യൂണിറ്റുകലാണ് ഇപ്പോൾ പ്രവർത്തിച്ചു വരുന്നത്. മൊത്തം യൂനിറ്റുകളിലായി 243 തൊഴിലാളികൾ ജോലിചെയ്യുന്നുണ്ട്.

വൻകിട വ്യവസായ സ്ഥാപനങ്ങൾ ഒന്നും തന്നെ പഞ്ചായത്തിലില്ല.

ആദ്യകാലങ്ങളിൽ വീടുകളിൽ ചകിരിപിരിച്ച് ചൂടി ഉണ്ടാക്കിയിരുന്നു. ചില വീടുകളിൽ കൊപ്ര, എള്ള് മുതലായ ചക്കിൽ ആട്ടി എണ്ണ ഉല്പാദിപ്പിച്ചിരുന്നു. കൈതോല ഉപയോഗിച്ച് പായയും ഓട ഉപയോഗിച്ച് മുറവും ഉണ്ടാക്കുന്ന ജോലി ഇന്നുമുണ്ട്.

നിലവിലുള്ള വിവിധ വ്യവസായ യൂണിറ്റുകൾ സംബന്ധിച്ച വിവരങ്ങൾ പട്ടിക 20 ലും തൊഴില്ഡ മേഖലകളുടെ ഇനം തിരിച്ചുള്ള കണക്കുകൾ പട്ടിക 21 ലും വ്യവസായേതര യൂനിറ്റുകൾ സംബന്ധിച്ച വിവരങ്ങൾ പട്ടിക 22 ലും കൊടുത്തിരിക്കുന്നു.

നിലവിലുള്ള വിവിധ യൂനിറ്റുകൾ സംബന്ധിച്ച വിവരങ്ങൾ.

"സ്വാതി പഴ സംസ്കരണ" യൂനിറ്റ് എന്ന പേരിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനത്തിന് ഇതേവരെ യായി ഫ്രൂട്ട് പ്രൊഡക്ഷൻ (FPO) ഓർഡർ ലഭിച്ചിട്ടില്ല. NWD PRA പദ്ധതി പ്രകാരം പ്രവർത്തിച്ചുവരുന്ന ഈ യൂനിറ്റിൽ മികച്ച പരിശീലനം ലഭിച്ചവരുണ്ട്. കെട്ടിടവും മറ്റു സൗകര്യങ്ങളും വിപുലപ്പെടുത്തിയാൽ FPO ലഭിക്കുന്നതും, FPO ലഭിച്ചു കഴിഞ്ഞാൽ വർഷം തോറും പത്തായിരം ബോട്ടിൽ സ്കാഷും, മുപ്പതിനായിരം ബോട്ടിൽ അച്ചാറുകളും, എണ്ണായിരം ബോട്ടിൽ ജാമും മറ്റു ഉല്പന്നങ്ങളും ഉല്പാദിപ്പിക്കാവുന്നതാണ്. മുപ്പതോളം ആളുകൾക്ക് തൊഴിൽ ലഭിക്കുന്നതാണ്.

പഴം, പച്ചക്കറി ഉല്പന്നങ്ങൾ ഉപയോഗിച്ച് ഈ യൂനിറ്റിൽ ഇപ്പോൾ സ്ക്വാഷ്, ജാം, പിക്കിൾസ് എന്നിവ ഉണ്ടാക്കുന്നുണ്ട്. പതിനഞ്ച് സ്ത്രീകൾ ഇവിടെ ഇപ്പോൾ പ്രവർത്തിച്ചുവരുന്നു.

ഹവായ് ചെരിപ്പു നിർമ്മാണ യൂനിറ്റിന് ഈടുറ്റ നല്ലയിനം ചെരിപ്പുകൾ വളരെ വിലകുറച്ച് വിൽക്കാൻ കഴിയുന്നുണ്ട്. എന്നാൽ ചെരിപ്പ് നിർമ്മാണം വിപുലപ്പെടുത്താനാവശ്യമായ ഷീറ്റു നിർമ്മാണ യൂനിറ്റുകൂടി തുടങ്ങാനാവശ്യമായ സൗകര്യങ്ങൾ ലഭിക്കേണ്ടതാണ്. ഈ സൗകര്യങ്ങൾ ലഭിച്ചാൽ കൂടുതൽ പേർക്ക് തൊഴിൽ ലഭിക്കുന്നതാണ്.

| വ്യവസായത്തിന്റെ തരം | ഓരോ യൂണിറ്റുലുമുള്ള തൊഴിലാളികളുടെ എണ്ണം യൂനിറ്റുകൾ/തൊഴിലാളികൾ | | | | സ്ത്രീ | പു | മൊത്തം യൂനിറ്റുകൾ | മൊത്തം തൊഴിലാളികൾ |
|---|---|---|---|---|---|---|---|---|
| പഴസംസ്ക്കരണം | 15 | | | | 15 | | 1 | 15 |
| ഹവായ് ചെരിപ്പ് | 2 | | | | | 3 | 1 | 3 |
| മെഴുതുതിരി | 3 | | | | | 3 | 1 | 3 |
| മൺപാത്രനിർമ്മാണം | 50 | 30 | | | 35 | 45 | 2 | 80 |
| ഓയൽ (നാളികേരം) | 4 | 5 | 2 | | 1 | 10 | 3 | 11 |
| ബേക്കറി | 6 | 3 | 4 | 3 | | 16 | 4 | 16 |
| ഫർണീച്ചർ (ഫൈബർ) | 10 | | | | | 10 | 1 | 10 |
| ആര്യ വൈദ്യശാല (മരുന്നുനിർമ്മാണം) | 3 | | | | | 3 | 1 | 3 |
| ഹോളോബ്രിക്സ് | 7 | 3 | | | | 10 | 2 | 8 |
| അമ്മിനിർമ്മാണം | 6 | 2 | | | | 8 | 2 | 8 |
| അവില് | 10 | | | | 10 | | 1 | 10 |
| അച്ചാർ | 10 | | | | 10 | | 1 | 10 |
| ആകെ | | | | | 74 | 105 | 20 | 179 |

പട്ടിക 20

നിലവിലുള്ള വിവധ വ്യവസായ മേഖലകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ

| വിഭാഗം | സ്ത്രീ | പുരുഷൻ | മൊത്തം തൊഴിലാളികൾ |
|---|---|---|---|
| നാളികേരം | 35 | 15 | 50 |
| മൺപാത്രം | 35 | 45 | 80 |
| ചെറുകിട വ്യവസായം | 20 | 30 | 50 |
| മിനി ഇൻസ്ട്രിയൽ എസ്റ്റേറ്റ് | 1 | 16 | 17 |
| കുടിൽ വ്യവസായങ്ങൾ | 70 | 5 | 75 |
| ഈർച്ചമിൽ | | 19 | 19 |
| മറ്റിനം | 22 | 70 | 92 |
| **ആകെ** | **183** | **200** | **383** |

പട്ടിക 21

**വ്യവസായേതര യൂനിറ്റുകൾ**

| തരം | ഓരോ യൂനിറ്റിലുമുള്ള തൊഴിലാളികളുടെ എണ്ണം | | | | സ്ത്രീ | പുരുഷൻ | മൊത്തം യൂനിറ്റുകൾ | മൊത്തം തൊഴിലാളികൾ |
|---|---|---|---|---|---|---|---|---|
| ഈർച്ച മിൽ | 8 | 5 | 3 | 3 | | 19 | 4 | 19 |
| മെറ്റൽ വർക്സ് | 15 | 15 | 5 | 5 | 25 | 15 | 4 | 40 |
| സർവ്വീസ് സ്റ്റേഷൻ | | | | | 4 | 4 | 1 | 4 |
| കയൽ കേന്ദ്രം | 1 | | | | | 1 | 1 | 1 |

*പ്രിന്റിംഗ് പ്രസ്സ്, ഇലക്ട്രിക്കൽസ്, ഓട്ടോ മൊബൈൽസ്, ഫർണിച്ചർ, ഫ്ളോർമിൽ, ഓട്ടോഗ്യാരേജ് മുതലായവ

മാർക്കറ്റിൽ നിർബ്ബാധം വിറ്റഴിക്കാവുന്ന മെഴുകുതിരി ആവശ്യാനുസരണം ഉല്പാദിപ്പിക്കാനാവശ്യമായ മെഴുക് ലഭിക്കായ്കയാൽ ഈ യൂനിറ്റിന് വിപുലമായ പ്രവർത്തനം നടത്താനാവുന്നില്ല. മാസത്തിൽ പന്ത്രണ്ടു ദിവസം പ്രവർത്തിക്കാനാവശ്യമായ അസംസ്കൃത വസ്തു മാത്രമേ ഇപ്പോൾ ലഭിക്കുന്നുള്ളൂ.

പരമ്പരാഗത വ്യവസായമായ മൺപാത്രനിർമ്മാണത്തിലേർപ്പെട്ടിരിക്കുന്ന നിരവധി കുടുംബങ്ങളുണ്ട്. അവരുടെ കുലത്തൊഴിലായ മൺപാത്രനിർമ്മാണത്തിനാവശ്യമായ കളിമണ്ണ് ലഭിക്കാനുള്ള പ്രയാസം നേരിട്ടുകൊണ്ടിരിക്കുകയാണ്. മാത്രമല്ല ഇടത്തട്ടുകാരിൽ നിന്നും വാങ്ങുന്ന കളിമണ്ണിന് അമിത വില കൊടുക്കേണ്ടിവരുന്നു. നിർമ്മാണരംഗത്ത് അല്പമൊരു നോട്ടപ്പിശകു സംഭവിച്ചാൽ ആയിരക്കണക്കിനു രൂപയുടെ നഷ്ടം സംഭവിക്കുന്നു.

പിന്നോക്ക വിഭാഗത്തിൽ നിന്നും ഒഴിവാക്കപ്പെട്ട മൺപാത്രനിർമ്മാണ കുലത്തൊഴിലുകാർക്ക്, അവരുടെ അവശത പരിഹരിക്കാനുതകുന്ന യാതൊരുവിധ സാമ്പത്തിക സഹായങ്ങളും അധികൃതകേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്നില്ല.

ഖാദിബോർഡുമായി ബന്ധപ്പെട്ടും,മൺപാത്രത്തിൽ പാചകം ചെയ്യുന്ന ഭക്ഷണത്തിന്റെ ഗുണനിലവാരത്തെപ്പറ്റി ബോധവൽക്കരണം നടത്തുകയും ചെയ്താൽ വിപണന മേഖല വികസിക്കുന്നതാണ്. പൂച്ചട്ടി, മറ്റു പാത്രങ്ങൾ എന്നിവ നിർമ്മിച്ച് ഉല്പാദന രംഗം ത്വരിതപ്പെടുത്താവുന്നതാണ്. ഈ രംഗത്ത് ഇപ്പോൾ അറുപതോളം കുടുംബങ്ങൾ ജോലി ചെയ്യുന്നുണ്ട്.

പഞ്ചായത്തിൽ സമൃദ്ധമായി ലഭിച്ചുകൊണ്ടിരിക്കുന്ന നാളികേരങ്ങൾ ശേഖരിച്ചുകൊണ്ട് പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലായി നാളികേര സംഭരണ കേന്ദ്രങ്ങളും സ്ഥാപിക്കാവുന്നതാണ്. ഓയിൽ മില്ലുകളുടെ മൂന്നു യൂനിറ്റുകൾ ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ട്. കക്കട്ട്, മൊകേരി തുടങ്ങിയ അങ്ങാടികളിൽ വിറ്റഴിക്കാവുന്ന എണ്ണ മതിയായ തോതിൽ ഇപ്പോഴും ഉല്പാദിപ്പിക്കുന്നില്ല. നാളികേരവുമായി ബന്ധപ്പെട്ട് നിരവധി പേർക്ക് തൊഴിൽ ലഭിക്കുന്നതാണ്. NWDPRA സ്കീം പ്രകാരം പത്ത് സ്ത്രീകൾ ജോലി ചെയ്യുന്ന അച്ചാർ നിർമ്മാണയൂനിറ്റ് ഈ വർഷം തുടങ്ങിയിട്ടുണ്ട്. DWCRA സ്കീമിൽ പത്ത് സ്ത്രീകൾ ചേർന്നുള്ള അവിൽ നിർമ്മാണയൂനിറ്റിന് തുടക്കം കുറിച്ചിട്ടുണ്ട്.

മിനി ഇന്റസ്ട്രിയൽ എസ്റ്റെയിറ്റിലെ ബേക്കറി യൂനിറ്റിൽ നിന്നും വിപലുമായ തോതിൽ ബേക്കറി സാധനങ്ങൾ ഉല്പാദിപ്പിച്ച് പഞ്ചായത്തിലും പുറം സ്ഥലങ്ങളിലും വിറ്റുവരുന്നു. ബേക്കറി വസ്തുക്കൾ ഉല്പാദിപ്പിക്കുന്ന മറ്റു സ്ഥാപനങ്ങളുണ്ട്. ഈ യൂനിറ്റുകളിൽ ഇരുപത്തഞ്ചോളം പേർ തൊഴിൽ ചെയ്യുന്നുണ്ട്.

പത്ത് തൊഴിലാളികൾ ജോലി ചെയ്യുന് ഫൈബർ ഫർണിച്ചർ നിർമ്മാണശാലയും, മിനിഇന്റസ്ട്രിയൽ എസ്റ്റേറ്റിൽ ഒരു ആര്യവൈദ്യ (മരുന്ന് നിർമ്മാണ) ശാലയുടെ പ്രവർത്തിക്കുന്നുണ്ട്. ഏഴോളം പേർ ജോലി ചെയ്യുന്ന കടത്തനാട് ഹോളോബ്രിക്സ് കണ്ടോത്ത് കുനിയിൽ മൂന്നുപേർ ജോലി ചെയ്യുന്ന ഒരു ചെറുകിട ഹോളോബ്രിക്സ് യൂനിറ്റുമുണ്ട്.

അമ്മി നിർമ്മിക്കുന്ന രണ്ട് യൂനിറ്റുകൾ കക്കട്ട് കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഈ രണ്ടു യൂനിറ്റുകളിലായി എട്ടുപേർ സ്ഥിരമായി ജോലി ചെയ്തുവരുന്നു.

ഉല്പാദനേതരയൂനിറ്റുകളായ മൂന്ന ഈർച്ചമിൽ, നാല് മെറ്റൽ വർക്സ് യൂനിറ്റ്, ഒരു സർവ്വീസ് സ്റേഷൻ, ഒരു കടൽ കേന്ദ്രം എന്നിവ പ്രവർത്തിച്ചുവരുന്നു.

മെറ്റൽ വർക്സുമായി ബന്ധപ്പെട്ട് മുപ്പതുപേർ ജോലി ചെയ്തുവരുന്നു. മൂന്ന് ഈർച്ചമില്ലുകളിലുമായി നാല്പതോളം ആളുകൾ ജോലി ചെയ്തുവരുന്നു. മലിനീകരണ സാധ്യത വിരളമായ യൂനിറ്റുകളാണ് മുഴുവനും.

കേരകർഷകർക്കാവശ്യമായ കരിക്ക് കുലച്ചൂടിയും മറ്റ് കയറുൽപ്പന്നങ്ങളും നിർമ്മിക്കാനാവശ്യമായ ``യന്ത്രവൽക്കൃതകയൽ ഉല്പന്ന നിർമ്മാണ യൂനിറ്റ്'' ആരംഭിക്കേണ്ടതാണ്. രയർ വികസനകോർപ്പറേഷന്റെ സാങ്കേതിക സഹായത്തോടെ സഹകരണ മേഖലയിൽ, ഏകദേശം ഇരുപത്തഞ്ച് ലക്ഷത്തോളം രൂപാ മുടക്കുമുതൽ പ്രതീക്ഷിക്കുന്ന ഈ സ്ഥാപനം തുടങ്ങിയാൽ നൂറ് തൊഴിലാളികൾക്ക് നേരിട്ട് തൊഴിൽ നൽകാൻ കഴിയുന്നതാണ്.

ചകിരിക്ഷാമം നേരിടുമ്പോൾ സമീപപഞ്ചായത്തുകളിൽ സ്ഥിതിചെയ്യുന്ന ചീക്കോന്ന് ഫൈബർ, കാവി

ലുംപാറ Weston India Fibre എന്നിവിടങ്ങളിൽ നിന്നും ചകിരി വാങ്ങാവുന്നതാണ്.

സോപ്പു നിർമ്മാണ രംഗത്ത് സാങ്കേതിക വൈദഗ്ദ്ധ്യം ലഭിച്ച് പഞ്ചായത്തിൽ തന്നെയുള്ള രണ്ടു വിദഗ്ദ്ധരുടെ സഹായത്തോടെ സോപ്പു നിർമ്മാണയൂനിറ്റ് ആരംഭിക്കാവുന്നതാണ്.

ഹോളോബ്രിക്സിന്റെ വിപണനസാദ്ധ്യത ഇന്ന് ഏറിവരുന്നുണ്ട്. പാറപ്പൊടി, മണൽ എന്നീ അസംസ്കൃത വസ്തുക്കൾ പ്രാദേശികമായി ലഭിക്കാൻ എളുപ്പമുണ്ടെന്നതിനാൽ ഇവ വിപുലമായി നിർമ്മിക്കാനുള്ള യൂനിറ്റിന് രൂപം കൊടുത്താൽ ഇരുപത്തഞ്ച് പേർക്ക് സ്ഥിരം തൊഴിൽ ലഭിക്കുന്നതാണ്.

വസ്ത്രനിർമ്മാണരംഗത്തെ നൂതന ഫാഷനുകളെ വെല്ലാൻ തക്ക വൈദഗ്ദ്ധ്യമുള്ള സ്ത്രീപുരുഷനിര തന്നെ ഗ്രാമത്തിലുണ്ടെന്നതിനാൽ ആവശ്യമായ മെഷിനറികളും കെട്ടിടങ്ങളും, സാമ്പത്തികവും മറ്റു സഹായങ്ങലും ലഭ്യമാക്കേണ്ടതാണ്. വിപണി വിശാലമാണ്.

സിമന്റ്, പൂഴി, സ്റ്റോൺമിൽ, പാറപ്പൊടി, MS വയൽ ഇവയുടെ ലഭ്യത സാദ്ധ്യമാകയാൽ ഇവ ഉപയോഗിച്ചുകൊണ്ടുള്ള കട്ടില, ജാലകം മുതലായവ നിർമ്മിക്കാനുള്ള യൂനിറ്റ് തുടങ്ങാവുന്നതാണ്. ഗൃഹനിർമ്മാണത്തിലെ വമ്പിച്ച സാമ്പത്തിക ബാദ്ധ്യത ഒഴിവാക്കാൻ ഒരു പരിധിവരെ ഈ യൂനിറ്റിന്റെ പ്രവർത്തനം ഗുണകരമായിരിക്കും.

കയർ വികസന കോർപ്പറേഷന്റെ സഹായത്തോടെ ഫൈബർ നിർമ്മാണയൂനിറ്റ് ആരംഭിക്കാവുന്നതാണ്. ഇതിൽ നിന്നുല്പാദിപ്പിക്കുന്ന ഫൈബർ കയറുല്പന്ന നിർമ്മാണ യൂനിറ്റിന് ഉപയോഗിക്കാൻ കഴിയും. അമ്പത്തഞ്ച് പേർക്ക് തൊഴിൽ ലഭിക്കാവുന്ന ഈ യൂനിറ്റിനുള്ള തൊഴിൽ പരിശീലനം കയർ വികസനകോർപ്പറേഷൻ വഴി ലഭിക്കുന്നതുമാണ്. ഫൈബർ ഗ്ലാസ്സ് കൊണ്ട് ഫർണിച്ചർ സാധനങ്ങളും ഇതേ യൂനിറ്റിൽ വെൽഡിംഗ് സംബന്ധമായ ഗെയ്റ്റ്, ഗ്രിൽസ് തുടങ്ങിയവയും നിർമ്മിക്കുന്ന യൂനിറ്റ് തുടങ്ങാവുന്നതാണ്. ഈ മേഖലയിൽ പ്രഗത്ഭരായ ജോലിക്കാരുണ്ട്.

വാഴനാരുപയോഗിച്ചുകൊണ്ടുള്ള ബാഗ് മുതലായ വസ്തുക്കൾ നിർമ്മിക്കാനുള്ള പരിശീലനം കുറെപ്പേർക്ക് നൽകേണ്ടതാണ്. വാഴനാര് സുലഭമാണ്.

പഞ്ചായത്തിൽ ലഭ്യമാകുന്ന പാൽ സംഭരിച്ചുകൊണ്ട് വിവിധ ഭക്ഷ്യവസ്തുക്കൾ ഉല്പാദിപ്പിക്കാനുള് പാൽ സംസ്കരണയൂനിറ്റ് തുടങ്ങാവുന്നതാണ്. പാൽ ഉല്പന്നങ്ങളായ ചോക്ക്‌ലെറ്റ്, മിൽക്ക് ബാർ, ഹൽവ ഇവ ഉണ്ടാക്കാൻ കഴിവുള്ളവർ പഞ്ചായത്തിലുണ്ട്. ക്ഷീരവികസന വകുപ്പുമായി സഹകരിച്ച് ഇത് നടപ്പാക്കാവുന്നതാണ്.

ഒന്നാം വാർഡ് കേന്ദ്രീകരിച്ച് തുടങ്ങാനിരിക്കുന്ന പവ്വർ ബേക്കറിയുടെ പ്രാരംഭപ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. വിപുലമായ തോതിൽ ബേക്കറി ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന ഈ സ്ഥാപനം, പ്രവർത്തിപഥത്തിലെത്തുമ്പോൾ ഇരുപതോളം ആളുകൾക്ക് തൊഴിൽ ലഭിക്കുന്നതാണ്. ഒമ്പതാം വാർഡിൽ നിന്നും ഇതേ രീതിയിലുള്ള ബേക്കറി നിർമ്മാണ യൂനിറ്റിന്റെ ആവശ്യകത ഉന്നയിക്കുന്നുണ്ട്. ബേക്കറിയിൽ നിന്നും വരുന്ന പാഴ് വസ്തുക്കൾ ഉപയോഗിച്ച് കോഴിത്തീറ്റ, കാലിത്തീറ്റ ഇവ നിർമ്മിക്കുന്ന യൂനിറ്റിനും സാദ്ധ്യത ഏറെ കാണുന്നു.

ഉമിക്കരി, കുരുമുളക്, മാവില മുതലായവ ചേർത്തുള്ള പാർശ്വഫലം തീരെ ഇല്ലാത്ത ദന്താരാഗ്യപ്രദമായ പൽപ്പൊടി നിർമ്മാണയൂനിറ്റ് തുടങ്ങാൻ ആവശ്യമായ അസംസ്കൃതവസ്തുക്കൾ ലഭ്യമാണ്.

കോഴിയിറച്ചി വിപുലമായി ഉപയോഗിച്ചുവരുന്നതിനാൽ കോഴിക്കുഞ്ഞുങ്ങളെ വിരിയിച്ച് വളർത്തി വില്ക്കാനുള്ള ഒരു ഹാച്ചറി യൂനിറ്റ് തുടങ്ങാവുന്നതാണ്. വിപണന മേഖല വളരെ വിപുലമായ ഈ രംഗത്ത്, നാല് ലക്ഷത്തോളം രൂപ മുടക്കുമുതൽ പ്രതീക്ഷിക്കുന്ന ഈ വ്യവസായ യൂനിറ്റിൽ ഒട്ടേറെ പേർക്ക് തൊഴിൽ ലഭിക്കുന്നതാണ്. ഇത് ഒറ്റക്കോ കൂട്ടായോ തുടങ്ങാവുന്നതാണ്.

ചിരട്ട് വളരെയേറെ ലഭ്യമായതിനാൽ, ഇത് ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കളും കാർബ്ബണും നിർമ്മിക്കാനുള്ള യൂനിറ്റിന് സാദ്ധ്യത കാണുന്നു. കരസൗശല നിർമ്മാണവിദഗ്ദ്ധരുണ്ട്. കാർബ്ബൺ നിർമ്മാണ പരിശീലനം ലഭിക്കേണ്ടതുണ്ട്.

ഫർണിച്ചർ നിർമ്മാണ യൂനിറ്റുകൾ നടത്താൻ വൈദഗ്ദ്ധ്യമുള്ളവർ ഏറെയുള്ളതിനാലും മരം കിട്ടാൻ പ്രയാസമില്ലെന്നതിനാലും ഫർണ്ണിച്ചർ നിർമ്മാണ യൂനിറ്റ് തുടങ്ങാവുന്നതാണ്.

നിർമ്മാണ പ്രവർത്തന ജോലിക്കാർക്ക് ക്ഷാമം നേരിട്ടുകൊണ്ടിരിക്കുന്ന ഇക്കാലത്ത് മരസംബന്ധ

മായ ജോലി പരിശീലിപ്പിക്കാനുള്ള ഒരു പരിശീലന കേന്ദ്രം ആരംഭിക്കാവുന്നതാണ്. നൂറു പേർക്ക് അഞ്ചു വർഷം കൊണ്ട് കുറ്റമറ്റ രീതിയിൽ പരിശീലനം നൽകാൻ പറ്റിയ വിദഗ്ദ്ധർ പഞ്ചായത്തിലുണ്ട്. പരിശീലകർക്ക് പരിശീലന കാലയളവിൽ സ്റ്റൈപ്പെന്റ് നൽകേണ്ടതാണ്.

ചൂരൽ ഉപയോഗിച്ച് കസേര, ടീപ്പോയ്, സ്റ്റൂൾ ഇവ ആകർഷകമായി നിർമ്മിക്കാൻ കഴിവുള്ള വിദഗ്ധരുണ്ട്. ആവശ്യമായ സഹായങ്ങൾ ലഭിച്ചാൽ പ്രവർത്തനം തുടങ്ങാവുന്നതാണ്. ഈ ജോലി പരമ്പരാഗതമായി ചെയ്തുവരുന്നവും രംഗത്തുണ്ട്. ആവശ്യത്തിന് ചൂരൽ ലഭ്യമാണ്. ഇതേപോലെ പ്ലാസ്റ്റിക്ക് കണ്ണി ഉപയോഗിച്ച് കസേര്, ടീപ്പോയി മുതലായവ നിർമ്മിക്കാൻ കഴിവുള്ളവരുമുണ്ട്. ഇതിന് തുച്ഛമായ നിർമ്മാണച്ചെലവേ വേണ്ടതുള്ളൂ.

തേങ്ങ് സുലഭമായതിനാൽ ഇരുപത്തയ്യായിരം രൂപ മുതൽ മുടക്കിയാൽ തേങ്ങാപ്പാൽ വെന്ത് നെയ്യ് നിർമ്മിച്ച് വിപണനം നടത്താനുള്ള യൂനിറ്റ് തുടങ്ങാവുന്നതാണ്. മെഷീനറികൾ ആവശ്യമില്ലാത്ത ഈ യൂനിറ്റ് തുടങ്ങാൻ വൈദഗ്ദ്ധ്യമുള്ളവരെ ലഭ്യമാണ്. ഈ യൂനിറ്റിൽ മൂന്ന് പേർക്ക് സ്ഥിരമായി ജോലി ലഭിക്കുന്നതാണ്.

സർക്കാർ ക്വാട്ടയിൽ പേപ്പർ സബ്സിഡിനിരക്കിൽ ലഭിച്ചാൽ ലാഭകരമായി നോട്ടുബുക്ക് നിർമ്മാണ യൂനിറ്റ് നടത്താവുന്നതാണ്. വിപണനസാദ്ധ്യത വളരെ കൂടുതലാണ്. നീറ്റുകക്ക നിർമ്മാണത്തിനും സാദ്ധ്യത ഏറെയുണ്ട്.

ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമായാൽ പപ്പട നിർമ്മാണയൂനിറ്റ്, ബനാന ചിപ്പ്സ്, കപ്പ് ചിപ്പസ് നിർമ്മാണ യൂനിറ്റ്, കാർഷികോപകരണനിർമ്മാണ യൂനിറ്റ്, അവിൽ നിർമ്മാണ യൂനിറ്റ് ഇവ തുടങ്ങാവുന്നതാണ്. പരിചയസമ്പന്നർ സുലഭമാണ്.

മുതുകുന്ന് കേന്ദ്രീകരിച്ച് ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ സ്ഥലം കിട്ടിയാൽ അമ്പതു പേർക്ക് തൊഴിൽ നൽകാൻ പറ്റുന്ന ക്രഷർ യൂനിറ്റ് തുടങ്ങാവുന്നതാണ്.

ചുരുങ്ങിയ മുതൽ മുടക്കിൽ ഇരുമ്പാണി നിർമ്മാണയൂനിറ്റ് തുടങ്ങാവുന്നതാണ്. വളരെ കുറഞ്ഞ പൊടിതട്ടി, ചൂൽ ഇവ നിർമ്മാണ ചെറുകിട യൂനിറ്റാരംഭിക്കാവുന്നതാണ്.

ചെണ്ട നിർമ്മിക്കാൻ കഴിവുള്ള ആളെ ഉപയോഗപ്പെടുത്തിക്കൊണ്ട് ചെണ്ട നിർമ്മിച്ച് വില്പന നടത്താവുന്നതാണ്. കുടിൽ വ്യവസായമായി തുടങ്ങാൻ കഴിവുള്ള ആൾ പഞ്ചായത്തിലുണ്ട്.

വലിയ മെഷീനറികൾ ആവശ്യമില്ലാത്ത ഒരു ഐസ് ഫാക്ടറി ആരംഭിച്ചാൽ പുറം സ്ഥലങ്ങളിൽ നിന്നും ഐസ് കൊണ്ടുവരുന്ന ഇപ്പോഴത്തെ അവസ്ഥ ഒഴിവാക്കാവുന്നതും, പഞ്ചായത്തിൽ ഉള്ള ആൾക്ക് ജോലി ലഭിക്കുന്നതുമാണ്. മുതൽമുടക്കാനുള്ള സാമ്പത്തിക പ്രയാസം മൂലം ബേഗ്, സോഫ ഇവ നിർമ്മിക്കാൻ കഴിവുള്ള വ്യക്തികൾ തൊഴിൽരഹിതരായുണ്ട്.

കക്കട്ടങ്ങാടി, മൊകേരി അങ്ങാടി എന്നിവിടങ്ങളിലെ പാഴ് വസ്തുക്കൾ സംസ്കരിച്ച് കമ്പോസ്റ്റ് വളമാക്കിയാൽ അങ്ങാടി ശുചീകരിക്കുന്നതോടൊപ്പം ജോലി സാദ്ധ്യതയും ഉണ്ടാവുന്നതാണ്.

ഇരുപത്തഞ്ചോളം കഴിവുറ്റ സ്വർണ്ണത്തൊഴിലാളികൾ കൂട്ടായി വിപുലമായ രീതിയിൽ സ്വർണ്ണാഭരണങ്ങൾ നിർമിക്കാനുള്ള യൂനിറ്റിന് രൂപം കൊടുക്കാൻ തയ്യാറാണ്. ഇതിനുള്ള സാമ്പത്തിക സഹായം ലഭിക്കേണ്ടതാണ്. കക്കട്ടങ്ങാടി കേന്ദ്രീകരിച്ച് ഇത്തരമൊരു യൂനിറ്റ് തുടങ്ങാവുന്നതാണ്.

കശുവണ്ടിയുടെ പുറം തോടുപയോഗിച്ച് വാർണിഷ നിർമ്മാണയൂനിറ്റിന് പരിപ്പുപയോഗിച്ച് പരിപ്പ് ഉല്പാദന സംസ്കരണ യൂനിറ്റും തുടങ്ങാൻ താല്പര്യമുള്ളവർ രംഗത്തുണ്ട്. ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കേണ്ടതാണ്.

പഞ്ചായത്തിലെ പാതിരിപ്പറ്റ എന്ന സ്ഥലത്ത് റബ്ബർ പാൽ അസംസ്കൃത വസ്തുവായി ഉപയോഗിച്ച് റബ്ബർ പ്ലാന്റ്, ബലൂൺ മുതലായ ഉല്പന്നങ്ങൾ നിർമ്മിക്കാനുള്ള ഒരു യൂനിറ്റ് തുടങ്ങാൻ താല്പര്യമുള്ളവരുണ്ട്.

കക്കട്ടങ്ങാടി കേന്ദ്രീകരിച്ച് നൂറുപേരിൽ നിന്നും അംഗത്വമെടുത്തുകൊണ്ട് സഹകരണമേഖലയിൽ ഒരു കൺസ്യൂമർ സ്റ്റോർ ആരംഭിക്കാവുന്നതാണ്.

ചെമ്മീൻ, മറ്റു മത്സ്യങ്ങൾ എന്നിവ വളർത്താൻ സൗകര്യപ്രദമായ കുളം പഞ്ചായത്തിലുണ്ട്. വിപുലമായ തോതിൽ ഇവ വളർത്തി വിപണനം ചെയ്യാവുന്നതാണ്.

പൊതുവായ ജോലികൾ ഏറ്റെടുത്ത് നടത്താ

നുള്ള സന്നദ്ധതയും സാങ്കേതികതയും ഒത്തു ചേർന്ന ഒരു ലേബർ കോൺട്രാക്റ്റ് സൊസൈറ്റിക്ക് പഞ്ചായത്തിൽ രൂപം കൊടുക്കാവുന്നതാണ്.

പഞ്ചായത്തിലെ ബഹുഭൂരിഭാഗം കുടുംബങ്ങളും കൂലിപ്പണിയെ ആശ്രയിച്ചുകഴിയുന്നവരാകയാൽ മാസത്തിൽ പകുതി ദിവസങ്ങളെ പ്രവൃത്തി ദിനങ്ങളായി ലഭിക്കുന്നുള്ളു. സ്ഥിരവരുമാനമില്ലാത്ത ഈ വിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കാനുതകും വിധം പഞ്ചായത്തിൽ ചെറുകിട വ്യവസായ തൊഴിൽ സാദ്ധ്യതാ സംരംഭങ്ങൾ ആരംഭിക്കേണ്ടതാണ്.

**പരിഹാരം തേടുന്ന പ്രശ്നങ്ങളും സാദ്ധ്യതകളും**

1. മിനി ഇന്റസ്റ്റ്രിയൽ എസ്റ്റേറ്റിൽ പൂട്ടിക്കിടക്കുന്ന യൂനിറ്റുകൾ പുനരുജ്ജീവിപ്പിക്കുകയൊ, പുതിയവ തുടങ്ങുകയൊ ചെയ്യുക.

2. DWCRA സ്കീമിൽ പത്തോളം സ്ത്രീകൾ നടത്തിവന്നിരുന്ന ``പ്രിയദർശിനി നോട്ട് ബുക്ക്'' നിർമ്മാണ യൂനിറ്റ് പ്രവർത്തന നിരതമാക്കുക. പ്രശ്നങ്ങൾ പഠനവിധേയമാക്കുക.

3. മൊകേരി കേന്ദ്രീകരിച്ച് DWCRA സ്കീമിനു കീഴിൽ ആരംഭിച്ച് ഇപ്പോൾ മുടങ്ങിക്കിടക്കുന്ന പത്തോളം സ്ത്രീകൾ പ്രവർത്തിച്ചിരുന്ന റെഡി മെയ്ഡ് വസ്ത്ര നിർമ്മാണയൂനിറ്റിന് ആവശ്യമായ സഹായങ്ങളും, മാനേജിംഗ് വൈദഗ്ദ്ധ്യവും നൽകുക.

4. കക്കട്ടിൽ സ്ഥിതി ചെയ്യുന്ന കുമ്മായ നിർമ്മാണ യൂനിറ്റ്, ടൂ വീലർ റിപ്പയർ യൂനിറ്റ് ഇവ പുനരുദ്ധരിക്കുക. കുമ്മായ ചൂളക്ക് വേണ്ട കക്ക ലഭ്യമാക്കുക, ടൂ വീലർ യൂനിറ്റിന് വേണ്ട സ്ഥലവും, സാമ്പത്തികവും നൽകുക.

5. വടകര താലൂക്ക് മാർക്കറ്റിംഗ് സൊസൈറ്റിയിലെ നിലച്ചുപോയ യൂനിറ്റുകൾ പുനഃസ്ഥാപിക്കുക.

6. ഏഴാംവാർഡിലെ ബാലവാടി തയ്യൽ പരിശീലന കേന്ദ്രം പുനരാരംഭിക്കാൻ വേണ്ട സാഹചര്യം സൃഷ്ടിക്കുക.

7. പരമ്പരാഗത തൊഴിലാളികളായ മൺപാത്ര നിർമ്മാണത്തൊഴിലാളികൾക്കു വേണ്ട സാങ്കേതിക പരിജ്ഞാനം നൽകുക. ചെരിപ്പുകുത്തികൾക്കു വേണ്ട സഹായങ്ങൾ ലഭ്യമാക്കുക.

8. വനിതാ യൂനിറ്റ് ഭാരവാഹികൾക്ക് മാനേജിംഗ് വൈദഗ്ദ്ധ്യം നൽകുക. മൺപാത്ര പാചക ഭക്ഷണ ഗുണനിലവാര സംബന്ധിച്ച ബോധവൽക്കരണം നൽകുക.

9. സാങ്കേതിക തൊഴിൽ പരിശീലനം സിദ്ധിച്ചവക്ക് തൊഴിൽ നൽകാനുള്ള സംവിധാനമില്ല.

10. സാങ്കേതിക തൊഴിൽ പരിശീലനം ലഭിക്കാനുള്ള പരിശീലന സൗകര്യങ്ങൾ ഉണ്ടാക്കുക.

11. വനിതകൾക്ക് കൂടുതൽ തൊഴിൽ സൗകര്യങ്ങൾ ഉറപ്പാക്കുക.

12. പ്രധാന കാർഷികോല്പന്നമായ തേങ്ങ പരമാവധി ഉപയോഗപ്പെടുത്തത്തക്ക വ്യവസായങ്ങൾക്ക് സാധ്യത കൂട്ടുക. ഇളനീർ പാലറുകൾ തുടങ്ങാനുള്ള സാദ്ധ്യത ആരായേണ്ടതാണ്.

13. പാഴായിപ്പോവുന്ന മനുഷ്യ പ്രയത്നങ്ങൾ പരമാവധി ഉപയോഗപ്പെടുത്താനുള്ള പരിപാടികൾ ആവിഷ്കരിക്കുക.

14. പ്രാദേശികമായ ഉല്പന്നങ്ങളുടെ ഗുണവും മൂല്യനിലവാരവും പ്രചരിപ്പിക്കുക.

15. പ്രതിവർഷം പതിനൊന്ന് ലക്ഷത്തി നാല്പതിനായിരം തോങ്ങകുന്നുമ്മൽ ഗ്രാമ പഞ്ചായത്തിൽ ഉല്പാദിപ്പിക്കപ്പെടുന്നുണ്ട്. ജലസേചന സൗകര്യം ഏർപ്പെടുത്തിയാൽ ഉല്പാദനം മൂന്നിരട്ടിയാവും. ഈ സാദ്ധ്യത ഉപയോഗപ്പെടുത്തി നാളികേര സംസ്കരണ യൂനിറ്റ് ആരംഭിക്കുക.

16 അടക്ക ധാരാളം ലഭ്യമായതിനാൽ പഞ്ചായത്തിൽ തന്നെ അടക്ക സംസ്കരണ യൂനിറ്റ് തുടങ്ങുക.

17. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ കടബാദ്ധ്യതകൾ ഒഴിവാക്കിക്കൊണ്ട് മുടങ്ങിക്കിടക്കുന്നവ പുനരുജ്ജീവിപ്പിക്കുക, പ്രവർത്തനത്തിലുള്ളവ വിപുലപ്പെടുത്തുക.

18. ഉല്പന്നങ്ങൾ വിപുലമായ തോതിൽ വിറ്റഴിക്കാനുള്ള വിപണന മേഖലകൾ പൊതുചന്തകൾ വഴിയും മറ്റും ആവിഷ്കരിക്കുക.

19. തീപ്പെട്ടി നിർമ്മാണ ചെറുകിട യൂനിറ്റ് തുടങ്ങാനുള്ള സാദ്ധ്യത ആരായുക.

20. കശുമാങ്ങ ഉപയോഗിച്ചുള്ള ശീതളപാനീയവും ഔഷധവും നിർമ്മിക്കാവുന്നതാണ്.

# കൃഷിയും ജലസേചനവും

കാർഷികരാജ്യമായ ഇന്ത്യയിലെ ഏതൊരു ഗ്രാമസംസ്കൃതിയിലുമെന്ന പോലെ കുന്നുമ്മൽ ഗ്രാമപഞ്ചായത്തിലേയും ജനങ്ങളുടെ പഴയകാലത്തെ മുഖ്യജീവിതോപായം കൃഷിയായിരുന്നു. പ്രധാനമായും രണ്ട് രീതിയിലുള്ള ഭൂമിയിലായിരുന്ന ഇവിടെ കൃഷി ചെയ്തു വന്നത്. നാട്ടിൻപുറങ്ങളിലെ കൃഷിയും, മലയോരങ്ങളിലെ കാട് വെട്ടിത്തെളിയിച്ചുകൊണ്ടുള്ള പുനംകൃഷിയുമായിരുന്നു അത്. പ്രകൃതിയോടും, വന്യമൃഗങ്ങളോടും മല്ലടിച്ചുകൊണ്ടാണ് പണ്ടത്തെ കർഷകർ ഭൂമിയിൽ വിളകൾ ഉണ്ടാക്കിയത്. സ്വന്തം മക്കളോടെന്ന പോലെ കൃഷിയേയും, കൃഷിഭൂമിയേയും സ്നേഹിക്കാനുള്ള ഉദാരത അവർക്ക് വേണ്ടുവോളം ഉണ്ടായിരുന്നു. ഭൂരിപക്ഷം വരുന്ന ദരിദ്രകർഷകർ ജന്മിമാരുടെ നിരന്തരമായ ചൂഷണങ്ങൾക്കും, മർദ്ദനങ്ങൾക്കും, ഒഴിപ്പിക്കൽ ഭീഷണികൾക്കും വിധേയാരായിരുന്നു. മൊത്തം ഭൂമി നാടുവാഴികളിൽ നിന്നും ചാർത്തിവാങ്ങിയ ഏതാനും ജന്മികളുടെ കൈവശമായിരുന്നു. നാമമാത്രമായ ഭൂമിക്ഷേത്രങ്ങളുടെ കീഴിലുമുണ്ടായിരുന്നു. പിൽക്കാലത്ത് രൂപീകരിക്കപ്പെട്ട കർഷകസംഘത്തിന്റെ പ്രവർത്തനങ്ങളും, ധീരോദാത്തമായി സമരങ്ങളും, കുടിയാൻ ബിൽ, കാർഷികബന്ധബിൽ അടക്കമുള്ള നിയമങ്ങളും കൃഷിഭൂമിയിൽ കൃഷിക്കാരന് സ്ഥിരാവകാശം നേടിക്കൊടുത്തു.

വയലുകളിൽ നെല്ലും, പറമ്പുകളിൽ വ്യാപകമായി തെങ്ങ്, കുരുമുളക്, കവുങ്ങ്, ഇഞ്ചി, മഞ്ഞൾ, ചേമ്പ്, കാച്ചിൽ, ചെറുകിഴങ്ങ്, പയർ, മുത്താറി, ചാമ, മരച്ചീനി, കപ്പക്കിഴങ്ങ്, കുമ്പളം, വെള്ളരി, കക്കിരി, അവര, വാഴ തുടങ്ങിയവയെല്ലാം കൃഷിചെയ്തു. ഇവ പ്രധാനമായും വീട്ടാവശ്യങ്ങൾക്ക് വേണ്ടിയായിരുന്നു. ഇടപ്രദേശങ്ങളിൽ 1970കൾക്ക് മുമ്പ് പച്ചക്കറിക്കടകൾ ഉണ്ടായിരുന്നില്ല. മിക്കവീടുകളിലും പച്ചക്കറിയുടെ കാര്യത്തിൽ ഏറെക്കുറെ സ്വയം പര്യാപ്തമായിരുന്നു. കപ്പക്കിഴങ്ങ്, മരച്ചീനി എന്നിവ മാർക്കറ്റിൽ ലഭിച്ചിരുന്നു. ഇത്തരത്തിലുള്ള കൃഷികൾ ഇന്ന് പഞ്ചായത്തിൽ നാമമാത്രമാണ്. ആവശ്യാധിഷ്ഠിതമായ കൃഷിരീതി മാറി ലാഭാധിഷ്ഠിതമായ കൃഷിരീതിയിലേക്ക് കാർഷികമേഖല മാറിയതാണ് ഇതിനുള്ള കാരണങ്ങളിൽ പ്രധാനം.

മലയോരങ്ങളിൽ നേന്ത്രവാഴ കൃഷി ധാരാളം ഉണ്ടായിരുന്നു. കാട് വെട്ടിവെളിപ്പിച്ച് നടത്തിയ പുനംകൃഷിയിൽ അതിരുകളിൽ `തൊവര' കൃഷി ചെയ്തു പോന്നു. `തൊവര' കൃഷി നടത്തിയാൽ അതിന്റെ വേരുകൾ എലിശല്യം കുറക്കും എന്ന ധാരണയാണ് ഇതിന് കർഷകരെ പ്രേരിപ്പിച്ചത്. ഏതൊരു കർഷകനും അന്ന് കൃഷിയോടുണ്ടായിരുന്ന ആത്മബന്ധം അളവറ്റതായിരുന്നു. പ്രാരംഭകാലത്ത് കൃഷിക്കാരും കർഷകതൊഴിലാളികളും പരസ്പര സഹകരണത്തിന്റേയും, വിട്ടുവീഴ്ചകളുടെയും മനോഭാവമാണ് പുലർത്തിയിരുന്നത്. എന്നാൽ ചില ധനികകർഷകരുടെ ചൂഷണത്തിന് കർഷകതൊഴിലാളികൾ വിധേയരായിരുന്നു. എങ്കിലും പൊതുവെ കാർഷിക സംസ്കാരത്തിന്റെ ഭാഗമായി കൃഷിയിലും, സാമൂഹ്യജീവിതത്തിലും കൂട്ടായ്മകളുടേതായ അന്തരീക്ഷം നിലനിന്നു. എന്നാൽ പിൽക്കാലത്ത് കർഷക-കർഷകതൊഴിലാളി ബന്ധങ്ങൾക്ക് ശൈഥില്യം സംഭവിക്കുകയും ഇത് കാർഷിക അഭിവൃദ്ധിയെ സാരമായി ബാധിക്കുകയും ചെയ്തു. തൊഴിലിന്റെ മാന്യത പഠിപ്പിക്കാത്ത മെക്കാളെയുടെ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ സാർവ്വത്രികതയും, അമിതമായ നഗരവല്ക്കരണവും, പാശ്ചാത്യസൗന്ദര്യബോധത്തിന്റെ വികലമായ

അനുകരണവും പുതിയ തലമുറയുടെ ഇടയിൽ ഉപഭോഗസംസ്കാരം വളർത്തുകയും, കൃഷിയോടുള്ള മനോഭാവത്തിൽ വിമുഖതയുണ്ടാക്കുകയും ചെയ്തു. തെങ്ങ് കയറ്റം തൊഴിലാളി മേഖല മാത്രം പരിശോധിച്ചാൽ ഇത് മനസ്സിലാകും.

ജനകീയാസൂത്രണത്തിന്റെ ഭാഗമായി വളർന്നു വരുന്ന കൂട്ടായ്മയുടെ സാഹചര്യത്തിൽ കാർഷികമേഖലയിലെ കാതലായ ഇത്തരം പ്രശ്നങ്ങൾ പരിഹരിച്ച് കൃഷിയെ അഭിവൃദ്ധിപ്പെടുത്താൻ കഴിയേണ്ടതാണ്.

അര നൂറ്റാണ്ടിനു ശേഷം ഈ ഉപയോഗത്തിൽ ഗണ്യമായ മാറ്റം വന്നിട്ടുണ്ടെന്നതാണ് 1985-ലെ സെറ്റിൽമെന്റ് രജിസ്റ്റർ സൂചിപ്പിക്കുന്നത്. വിശദാംശം പട്ടിക 2-ൽ

1932 മുതൽ 1985 വരെയുള്ള ഭൂവിസ്തൃതിയുടെ കണക്ക് പരിശോധിച്ചാൽ നെൽവയലുകളുടെ വിസ്തൃതിയിൽ 62.16% കുറവ് വന്നിട്ടുണ്ട്. പുരയിടത്തിന്റെ വിസ്തൃതി 4.4% വർദ്ധിച്ചിട്ടുണ്ട്. പഞ്ചായത്തിൽ നിലവിൽ 125.14 ഏക്കർ വയൽ കണക്കുകൾ പ്രകാരം ഉണ്ടെങ്കിലും യഥാർത്ഥത്തിൽ ഇന്നുള്ള വയൽ 40 ഏക്കർ ആണ്. ഇതിൽ തന്നെ കാര്യക്ഷമമായി നെൽകൃഷി ചെയ്യുന്നത് 18 ഏക്കർ സ്ഥലത്താണ്.

മുകളിൽകൊടുത്ത പട്ടിക സൂചിപ്പിക്കുന്നത് കുന്നുമ്മൽ ഗ്രാമപഞ്ചായത്തിലെ കൈവശഭൂമി സംബന്ധിച്ച വിവരങ്ങളാണ്. ഇത്പ്രകാരം പഞ്ചായത്തിൽ 44% പേരും 25 സെന്റിന് ചുവടെ ഭൂമി കൈവശം വെക്കുന്നവരാണ്.

**1932-ലെ സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം**
**ഭൂമിയുടെ ഉപയോഗം സംബന്ധിച്ച പട്ടിക (ഏക്കറിൽ)**
**പട്ടിക 1 (വില്ലേജ് ഓഫീസ് രേഖ)**

| പുരയിടം | നിലം | പുറമ്പോക്ക് | ആകെ |
|---|---|---|---|
| 2247.69 | 332.53 | 49.54 | 2629.77 |

**പട്ടിക 2**

| പുരയിടം | നിലം | കനാൽ | പ്രധാന റോഡുകൾ | ചെറിയ ഊടുവഴികൾ | തോട് | മൊത്തം |
|---|---|---|---|---|---|---|
| 2346.95 | 125.14 | 55.84 | 39.45 | 42.68 | 9.88 | 2619.94 |

**വിളചേരുവ (ഹെക്ടറിൽ) (കൃഷിഭവൻ രേഖ)**
**പട്ടിക 3**

| തെങ്ങ് | നെല്ല് | | വാഴ | കവുങ്ങ് | കുരുമുളക് | പച്ചക്കറി | കശുമാവ് | ആകെ |
|---|---|---|---|---|---|---|---|---|
| | ഒന്നാംവിള | രണ്ടാംവിള | | | | | | |
| 853 | 5 | 27 | 5 | 1 | 40 | 1 | 5 | 937 |

**ഭൂഉടമസ്ഥരുടെ എണ്ണം (കൃഷിഭവൻ രേഖ)**

**പട്ടിക 4**

| 1 മുതൽ 10 സെന്റ് വരെയുള്ളവർ | 10 മുതൽ 25 സെന്റ് വരെയുള്ളവർ | 25 മുതൽ 50 സെന്റ് വരെയുള്ളവർ | 50 മുതൽ 100 സെന്റ് വരെയുള്ളറവർ | 1 ഏക്കർ 2 ഏക്കർ വരെയുള്ളവർ | 2 ഏക്കർ 5 ഏക്കർ വരെയുള്ളവർ | 5 ഏക്കറിന് മുകളിൽ | ആകെ |
|---|---|---|---|---|---|---|---|
| 627<br>16.29 | 1017<br>28.1 | 905<br>24.4 | 646<br>17.5 | 367<br>9.9 | 132<br>3.5 | 9<br>6 .24 | 3703<br>100 |

25 സെന്റിന് മുകളിലും ഒരേക്കറിൽ കുറവും ഭൂമി കൈവശം വെക്കുന്നവർ 39% 2 ഏക്കറിനും 5 ഏക്കറിനും ഇടയിൽ 3.5% വും 5 ഏക്കറിന് മുകളിൽ .24%ഉം ആണ്.

ഭൂവിസ്തൃതിയുടെ ഭൂരിഭാഗവും തുണ്ട് കൃഷിയിടങ്ങളാണ്. ഇത് കൃഷിച്ചെലവിൽ വർദ്ധനവും, ആധുനികകൃഷിരീതികൾ നടപ്പിലാക്കുന്നതിൽ പ്രയാസവും ഉണ്ടാക്കിയിട്ടുണ്ട്. കാർഷികമേഖലയിലെ കൂട്ടായ്മയുടെ ആവശ്യകത ഇത് വിരൽ ചൂണ്ടുന്നു.

**കർഷകതൊഴിലാളികളുടെ കൂലിനിരക്ക് (രൂപ)**

**(നാട്ടറിവ്)**

| വർഷം | ആൺ | പെൺ | തെങ്ങ് കയറ്റം |
|---|---|---|---|
| 1971 | 1.50 | .75 പൈസ | |
| 1971 | 6 | 3 | 5 രൂപയും 5 തേങ്ങയും |
| 1980 | 10 | 5 | 7 രൂപയും 5 തേങ്ങയും |
| 1991 | 28 | 20 | 60 രൂപയും 5 തേങ്ങയും |
| 1996 | 55 | 50 | 90 രൂപയും 6 തേങ്ങയും |

**നാളികേരത്തിന്റെ വില (1000 എണ്ണത്തിന്)**

| | |
|---|---|
| 1971 | 775 രൂപ |
| 1971 | 1280 രൂപ |
| 1980 | 1300 രൂപ |
| 1986 | 1760 രൂപ |
| 1991 | 5600 രൂപ |
| 1996 | 5120 രൂപ |

നാളികേരത്തിന്റെ വില നിശ്ചയിച്ചത് കൊപ്രക്ക് ലഭിക്കുന്ന വിലയുടെ അടിസ്ഥാനത്തിലാണ്.

## മഴ കലൺർ 1991 മുതൽ 1996 വരെ

(സെന്റിമീറ്റർ) (അവലംബം: പെരുവണ്ണാമൂഴി വികസനകേന്ദ്രം)

| വർഷം | ജനുവരി | ഫിബ്രവരി | മാർച്ച | ഏപ്രിൽ | മെയ് | ജൂൺ | ജൂലായ് | ആഗസ്റ്റ് | സെപ്തംബർ | ഒക്ടോബർ | നവംബർ | ഡിസംബർ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1991 | ഇല്ല | ഇല്ല | ഇല്ല | 20.15 | 14.2 | 121.8 | 143.3 | 63.9 | 6.4 | 57.9 | 8.8 | ഇല്ല |
| 1992 | ഇല്ല | ഇല്ല | ഇല്ല | 12.72 | 25.75 | 152.2 | 99.5 | 104.4 | 49.7 | 20.9 | 25 | ഇല്ല |
| 1993 | ഇല്ല | ഇല്ല | 52.9 | 7.41 | 37.67 | 86.51 | 118.4 | 38.7 | 17 | 57.6 | 27.1 | ഇല്ല |
| 1994 | ഇല്ല | ഇല്ല | ഇല്ല | 28.99 | 14.56 | 161.3 | 121.8 | 78.1 | 34.9 | 55.4 | 8.66 | ഇല്ല |
| 1995 | ഇല്ല | ഇല്ല | 0.32 | 30.5 | 45.1 | 76.6 | 111.3 | 71.6 | 34.6 | 20.8 | 24.2 | ഇല്ല |
| 1996 | ഇല്ല | ഇല്ല | ഇല്ല | 6.76 | 14.88 | 72.9 | 109.5 | 75.6 | 28 | 19.2 | - | - |

1991 മുതൽ 1996 വരെയുള്ള മഴകലണ്ടർ സൂചിപ്പിക്കുന്നത് സംസ്ഥാന ശരാശരിയേക്കാൾ കൂടുതൽ മഴ ഇവിടെ ലഭിക്കുന്നു എന്നതാണ്. 1991-ൽ 4.36.45ഉം, 1992ൽ 190.17ഉം 1993ലസ് 443.25ഉം 1994 503.71ഉം 1995ൽ 415.02ഉം 1996 ഒക്ടോബർ മാസം വരെ 326.84 സെ.മീറ്ററും മഴ ലഭിച്ചിട്ടുണ്ട് എന്നാണ്.

### ഉല്പന്നവും ഉത്പാദനക്ഷമതയും

പട്ടിക 5

| ഉല്പന്നത്തിന്റെ പേര് | ഉല്പാദനക്ഷമത ഹെക്ടറിൽ |
|---|---|
| തെങ്ങ് | 3,500 തേങ്ങ |
| നെല്ല് | 1,950 കിലോഗ്രാം |
| വാഴ | 12,000 കിലോഗ്രാം |
| കശുമാവ് | 1,500 കിലോഗ്രാം |
| കവുങ്ങ് (പച്ച അടക്ക) | 8,000 കിലോഗ്രാം |

### മണ്ണ്

മണ്ണിന്റെ Ph മൂല്യം 4.5നും 6 നും ഇടയിൽ ആണ്. ഭൂരിഭാഗം സ്ഥലത്തും വെട്ടുകൽ (ലാറ്ററൈറ്റ്) മണ്ണാണ്. കൂടാതെ ചെളിമണ്ണും, ചരൽമണ്ണും ഉമ്ട്. മണ്ണ് പരിശോധന നടത്തി ശാസ്ത്രീയകൃഷിരീതി പ്രോത്സാഹിപ്പിക്കണം.

### രാസവളം ഉപയോഗം 1995-ല്

പട്ടിക 6

| വളത്തിന്റെ പേര് | ടൺ |
|---|---|
| ഫാക്ടംഫോസ് | 30 |
| മിക്ചർ (NPK) | 25 |
| പൊട്ടാഷ് | 25 |

### കുമിൾ - കീടനാശിനി ഉപയോഗം

പട്ടിക 7

| കീടനാശിനിയുടെ പേര് | കിലോഗ്രാം |
|---|---|
| മാലത്തിയോൾ | 2 |
| എക്കാലെക്സ് | .5 |
| ബാവിസ്റ്റിൻ | 3 |

### പാടശേഖരകമ്മിറ്റി

കൃഷിഭവന്റെ നേതൃത്വത്തിൽ കൃഷിക്കാരെ കൂടി യോചിപ്പിച്ചുകൊണ്ട് ഒരു പാടശേഖര കമ്മിറ്റി പ്രവൃത്തിക്കുന്നുണ്ട്. നെൽകൃഷിയും, പയർ കൃഷിയുമാണ് പ്രധാനമായും നടത്തിവരുന്നത്. പാടശേഖരസമിതി കൂട്ടുകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം നെൽകൃഷിയിലും, പയർകൃഷിയിലും ഉത്പാദനക്ഷമത വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

### കാർഷികോപകരണങ്ങൾ

കൃഷിഭവൻ രേഖയനുസരിച്ച് പഞ്ചായത്തിൽ നാടൻ കലപ്പ 12ഉം, റോക്ക് സ്പ്രെയർ 16ഉം, മരുന്നു തളി ഉപകരണം 5ഉം പോർട്ടബൾ പമ്പ്സെറ്റ് 12ഉം ഉണ്ട്.

## നടീൽ വസ്തുക്കളുടെ വിതരണം
(കൃഷിഭവൻ രേഖ)

പട്ടിക 8

| ഇനം | 1993-94 | 1994-95 | 1995-96 |
|---|---|---|---|
| തെങ്ങ് | Wct-750, DXT-30, TXD-65 | WCt-150, DXT-, TXD-60 | WCT- 300, DXT-40, TXD-90 |
| കശുമാവ് | 160 | - | - |
| കുരുമുളക് | 5000 | 6,600 | 7,500 |
| കവുങ്ങ് | 400 | 100 | 400 |
| പച്ചക്കറിവിത്ത് | 1493 കിറ്റ് സ്കൂളുകളിൽ | - | - |
| മാവിൻ തൈ | - | 20 | - |
| സപ്പോട്ട | - | 20 | - |

## നെൽകൃഷി

പഞ്ചായത്തിൽ നിലവിൽ 18 ഏക്കർ സ്ഥലത്താണ് ഫലപ്രദമായി നെൽകൃഷി ചെയ്തുവരുന്നത്. ഒരു പൂകൃഷി മാത്രമാണ് ഇപ്പോൾ നടത്തുന്നത്. ആവശ്യമായ ജലസേചനസൗകര്യം ഏർപ്പെടുത്തിയാൽ ഇത് ഇരുപ്പൂകിലും മപ്പൂകിലും ആക്കി മാറ്റുവാനും അതുവഴി ഉൽപാദനം വർദ്ധിപ്പിക്കുവാനും കഴിയും. തരിശുപാടങ്ങൾ കൃഷിയോഗ്യമാക്കുകയും വേണം. മുൻകാലങ്ങളിൽ വയലിലും, കരഭൂമിയിലും വ്യാപകമായി നെൽകൃഷി ചെയ്തിരുന്നു. മകരകൃഷിയും, കന്നകൃഷിയുമായിരുന്നു അന്നുണ്ടായിരുന്നത്. മഴയെ ആശ്രയിച്ചുള്ള കൃഷിയായിരുന്നു നിലവിലുണ്ടായിരുന്നത്. തോടുകൾക്ക് താൽക്കാലിക ബണ്ടുകൾ നിർമ്മിച്ച് ജലവിതരണവും ചെയ്തിരുന്നു. നീർക്കെട്ടുള്ള (ആയിക്കണ്ടം) പ്രദേശത്ത് `കുട്ടാടൻ' എന്ന നെൽവിത്ത് കൃഷി ചെയ്തിരുന്നു.

### പഴയകാല പ്രധാന വിത്തുകൾ (നാട്ടറിവ്)
പട്ടിക 9

| കൃഷി | വിത്തിന്റെ പേര് |
|---|---|
| | മകരം മുണ്ടകൻ, കവുങ്ങുംത്താല, മുത്തപേട്ട<br>കന്നി മലംകുറുവ, തവളകണ്ണൻ, രാജകയമ, മസൂരി അരികിനായി, പുള്ളിയാരൽ, ചെന്നെല്ല്. |
| കരഭൂമിയിലെ വിത്തുകൾ | ചക്കരകയമ, അരിക്കിനായി, കൊയ്യാള, ചോമാല, പൊന്നാര്യൻ |

### നെൽകൃഷി വിസ്തീർണവും ഉൽപാദനക്ഷമതയും (കൃഷിഭവൻ രേഖ)
പട്ടിക 10

| വിള | ഹെക്ടർ | ഒരു ഹെക്ടറിൽ | |
|---|---|---|---|
| | | ജയ | നാടൻവിത്ത് |
| ഒന്നാംവിള | 5 | 2,250 കിലോഗ്രാം | 1,550 കിലോഗ്രാം |
| രണ്ടാംവിള | 13 | 1,750 കിലോഗ്രാം | 1,650 കിലോഗ്രാം |

### പ്രശ്നങ്ങൾ

1. കീടങ്ങൾ കൊണ്ടുള്ള ഉപദ്രവം

2. വേണ്ടത്ര തൊഴിലാളികൾ ഇല്ലാത്തത്.

3. കൃഷിച്ചലെവിലുള്ള അമിതമായ വർദ്ധനവ്.

4. ചില പ്രദേശങ്ങളിൽ കനാൽ ജലം നിയന്ത്രണമില്ലാതെ ഒഴുകുന്നത്കൊണ്ട് കൃഷി നടത്തുവാനുള്ള ബുദ്ധിമുട്ട്.

5. പാടങ്ങൾ ചെറിയ തുണ്ടുകളായതുകൊണ്ട് യന്ത്രങ്ങൾ ഉപയോഗിച്ചുള്ള കൃഷിരീതി അപ്രായോഗികമാണ്.

6. ജലസേചനസൗകര്യമില്ലായ്മ.

### സാധ്യതകൾ

1. ഈ മേഖലയിലെ കൃഷിച്ചെലവ് കുറയ്ക്കാൻ ``ഗ്രൂപ്പ് ഫാമിംഗ്'' ഫലപ്രദമായി നടത്താവുന്നതാണ്.

2. കീടനിയന്ത്രണത്തിന് പരമ്പരാഗതമായ ജൈവകീടനിയന്ത്രണ മാർഗ്ഗങ്ങൾക്ക് മുൻതൂക്കം നൽകാവുന്നതാണ്. വാർഡ് തലത്തിലുള്ള കർഷകസമിതികൾ മുഖേന കൃഷിഭവന്റെ സഹായത്തോടെ ഇത് നടത്താവുന്നതാണ്.

3. ആധുനിക രീതിയിലുള്ള ഉപകരണങ്ങൾ ഉപയോഗിച്ചുള്ള കൃഷിസമ്പ്രദായം പ്രചരിപ്പിക്കേണ്ടതാണ്.

4. ഈ മേഖലയിൽ ഗവേഷണ സ്ഥാപനങ്ങൾ നടത്തിവരുന്ന പ്രവർത്തനങ്ങൾ ഫലമായി ഉണ്ടാകുന്ന നൂതനസങ്കേതങ്ങളും സാധ്യതകളും കൃഷിക്കാർക്ക് പരിചയപ്പെടുത്തേണ്ടതാണ്. ഇതിനായി CWRDM, കാർഷിക സർവ്വകലാശാല എന്നീ സ്ഥാപനങ്ങളുടെ സഹായം തേടാവുന്നതാണ്.

5. നെൽവയലുകളുടെ വിസ്തൃതി ഇനി കൂട്ടാൻ പറ്റാത്ത അവസ്ഥയിൽ ജലസേചന സൗകര്യം ഏർപ്പെടുത്തി ഇന്നുള്ള ഒരു പൂനിലങ്ങൾ ഇരുപ്പൂനിലങ്ങളും, മുപ്പൂനിലങ്ങളും ആക്കി മാറ്റേണ്ടതാണ്. അതോടൊപ്പം കരഭൂമിയിൽ നെൽകൃഷി വ്യാപകമായി നടത്തുവാൻ കൃഷിക്കാരെ പ്രേരിപ്പിക്കുകയും ഇതിന് ആവശ്യമായ വിത്തുകൾ നൽകി പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്.

6. നെൽപാടങ്ങളിൽ നെൽകൃഷി ചെയ്യാത്ത കാലയളവിൽ പയറുവർഗ്ഗങ്ങൾ, പച്ചക്കറികൾ, പച്ചിലച്ചെടികൾ മുതലായ കൃഷികൾ നടത്തി മണ്ണിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുവാനും, കൃഷിക്കാർക്ക് അധിക വരുമാനമുണ്ടാക്കുവാനും കഴിയും. ഇതിന് ആവശ്യമായ പ്രോത്സാഹനങ്ങൾ ചെയ്യേണ്ടതാണ്.

### തെങ്ങ് കൃഷി

പഞ്ചായത്തിൽ നിലവിൽ 853 ഹെക്ടർ സ്ഥലത്താണ് തെങ്ങ് കൃഷിയുള്ളത്. ആകെ 48,000 തെങ്ങ് ആണ് ഉള്ളത്. ഇതിൽ 38,000 തെങ്ങിൽ നിന്നാണ് ഉത്പാദനം കിട്ടുന്നത്. തെങ്ങിന് കണ്ടു വരുന്ന പ്രധാനരോഗങ്ങൾ ചെന്നീരൊലിപ്പ്, കൂമ്പ് ചീയൽ, വേര് ചീയൽ എന്നിവയാണ്.

### പ്രശ്നങ്ങൾ

1. കാര്യക്ഷമമായ പരിചരണമില്ലായ്മ.

2. ഗുണമേന്മയുള്ള തൈകൾ തെരഞ്ഞെടുക്കുന്നതിലുള്ള അലംഭാവം.

3. നാളികേരകൃഷിക്ക് യോജിക്കാത്ത സ്ഥലത്തും കൃഷി ചെയ്തുവരുന്നത് ഉത്പാദനക്ഷമത കുറക്കുന്നു.

### വിളവിസ്തീർണവം ഉത്പാദനക്ഷമതയും

### പട്ടിക 11

| വിളവിസ്തീർണം (ഹെക്ടറിൽ | കായ്ഫലമുള്ള തെങ്ങുകളുടെ എണ്ണം | കായ്ഫലമില്ലാത്ത തെങ്ങുകളുടെ എണ്ണം | ആകെ | ഉത്പാദനക്ഷമത (ഹെക്ടറിൽ) |
|---|---|---|---|---|
| 853 | 38,000 | 10,000 | 48,000 | 35സ000 തേങ്ങ |

4. ഉത്പാദനക്ഷമമല്ലാത്ത തെങ്ങ് വെട്ടിമാറ്റി പകരം തൈകൾ വെച്ച് പിടിപ്പിക്കുന്നതിൽ കാണിക്കുന്ന വിമുഖത.

5. തെങ്ങ് കൃഷിക്കുവേണ്ടിയുള്ള ജലസേചനപദ്ധതികൾ ഗുണഭോക്താക്കൾ ജലസേചനത്തിനല്ല പലപ്പോഴും ഉപയോഗിക്കുന്നത്. ഭൂരിഭാഗവും കുടിവെള്ളത്തിനുവേണ്ടിയാണ് ഉപയോഗിക്കുന്നത്.

6. നാളികേരത്തിന് ലഭിക്കുന്ന വിലതന്നെ വളരെ കുറവാണ്.

7. കൃഷിച്ചെലവും നിലവിലുള്ള ഉത്പാദനക്ഷമതയും വെച്ച് നോക്കുമ്പോൾ, തെങ്ങ് കൃഷി ആദായകരമല്ല.

8. മെച്ചപ്പെട്ട വിപണന സൗകര്യം പഞ്ചായത്തിനകത്തില്ല.

9. കാലവർഷാരംഭത്തിൽ തെങ്ങിൻ തോപ്പുകളിൽ ആവരണവിളയാക്കി പയർ വർഗ്ഗങ്ങൾ കൃഷി ചെയ്യുവാനാവശ്യമായ വിത്തുകൾ സബ്സിഡി നിരക്കിൽ നൽകാവുന്നതാണ്.

10. തെങ്ങ് കയറ്റം തൊഴിലാളികളുടെ എണ്ണത്തിൽ കുറവു വരുന്ന പശ്ചാത്തലത്തിൽ ഈ രംഗത്ത് കൂടുതൽ പേരെ പരിശീലിപ്പിക്കണം.

### സാധ്യതകൾ

1. തെങ്ങ് കൃഷിക്ക് ജലസേചന സൗകര്യം ഏർപ്പെടുത്തണം. ഇന്ന് സറാശരി ഒരു വർഷം 13,30,000 തേങ്ങയാണ് പഞ്ചായത്തിൽ ലഭിക്കുന്നത്. ഇത് ജലസേചനം വഴി മൂന്ന് ഇരട്ടിയാക്കി വർദ്ധിപ്പിക്കുവാൻ കഴിയുന്നതാണ്.

2. പ്രകൃതിക്ഷോഭം കൊണ്ടും, രോഗംകൊണ്ടും നശിച്ച് പോകുന്ന തെങ്ങുകൾക്ക് വിള ഇൻഷൂറൻസും, ആനുകൂല്യങ്ങളും നൽകാവുന്നതാണ്.

3. ശാസ്ത്രീയ തെങ്ങ് കൃഷിരീതികളെക്കുറിച്ച് കേര കർഷകരെ ബോധവാന്മാരാക്കേണ്ടതാണ്. കൃഷിഭവന്റെ സഹായത്തോടെ ഇത് വാർഡ് കൃഷി സമിതികൾക്ക് ചെയ്യാൻ കഴിയുന്നതാണ്.

4. കേരളത്തിലെ മുഴുവൻ മാവേലി സ്റ്റോറുകളിലും, റേഷൻകടകളിലും കൂടി വെളിച്ചെണ്ണ ഭക്ഷ്യഎണ്ണയായി വിതരണം ചെയ്യാവുന്നതാണ്.

5. ഗുണമേന്മയുള്ള ജനുസ്സുകളിൽപ്പെട്ട തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യാനുള്ള സംവിധാനം കൃഷിഭവന്റെ മേൽനോട്ടത്തിൽ കർഷകസമിതികൾക്ക് ചെയ്യാവുന്നതാണ്.

6. ചക്കരചെത്ത് കുടിൽ വ്യവസായമായി അംഗീകരിക്കുകയും ഇതിനാവശ്യമായ നിയമനിർമ്മാണം നടത്താൻ ആവശ്യപ്പെടുകയും ചെയ്യാവുന്നതാണ്.

7. തെങ്ങിൽ നിന്ന് ലഭിക്കുന്ന വസ്തുക്കൾ അസംസ്കൃത വസ്തുവായുള്ള വ്യവസായങ്ങൾക്ക് പ്രോത്സാഹനം നൽകേണ്ടതാണ്.

8. കാലവർഷാരംഭത്തിൽ തെങ്ങിൻതോപ്പുകളിൽ ആവരണവിളയായി പയർവർഗ്ഗങ്ങൾ കൃഷി ചെയ്യാനാവശ്യമായ വിത്തുകൾ സബ്സിഡി നിരക്കിൽ നൽകാവുന്നതാണ്.

9. തെങ്ങ് കയറ്റം തൊഴിലാളികളുടെ എണ്ണത്തിൽ കുറവുവരുന്ന പശ്ചാത്തലത്തിൽ ഈ രംഗത്ത് കൂടുതൽ പേരെ പരിശീലിപ്പിക്കാവുന്നതാണ്.

10. നാളികേരസംസ്കരണം ഇപ്പോൾ പഞ്ചായത്തില നടക്കുന്നത് വെയിലിനെ ആശ്രയിച്ച് മാത്രമാണ്. വർഷകാലത്ത് ഇത് പ്രയാസകരമാണ്. വർഷം മുഴുവൻ നാളികേരം സംസ്കരണം നടത്താൻ കഴിയും വിധം ആധുനിക രീതിയിലുള്ള സംസ്കരണ കേന്ദ്രം ആരംഭിക്കാവുന്നതാണ്. ഇതുവഴി കൊപ്രയുടെ ഗുണമേന്മ വർദ്ധിപ്പിക്കാൻ കഴിയും.

## കവുങ്ങ് കൃഷി

തെങ്ങിൻതോപ്പിൽ ഇടവിളയായും, താഴ്ന്ന പ്രദേശങ്ങളിൽ തനിവിളയായും നടത്തിയാൽ ഏറ്റവും ആദായകരമായ കൃഷിയാണ് കവുങ്ങ് കൃഷി. പഞ്ചായത്തിൽ നിലവിൽ ഒരു ഹെക്ടർ സ്ഥലത്തുമാത്രമാണ് കവുങ്ങ് തനിവിളയായ കൃഷി ചെയ്യുന്നത്. കൃത്യമായ കണക്ക് ലഭ്യമല്ലെങ്കിലും കവുങ്ങ് ഇടവിളയായി വ്യാപകമായി കൃഷി ചെയ്ത് വരുന്നുണ്ട്.

### പ്രശ്നങ്ങൾ

1. കൃഷിക്കാരുടെ ഇടയിൽ വേണ്ടത്ര പ്രചാരമില്ല.

2. അടയ്ക്കക്ക് സ്ഥിരമായ വില ലഭിക്കുന്നില്ല.

3. സർക്കാർ തലത്തിൽ കവുങ്ങ് കൃഷിക്ക് യാതൊരു വിധ പ്രോത്സാഹനവും ലഭിക്കുന്നില്ല.

### സാധ്യതകൾ

1. ആവശ്യമായ ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തി ഉത്പാദനം വർദ്ധിപ്പിക്കാവുന്നതാണ്.

2. നല്ല ജനുസ്സുകളിൽ പെട്ട കവുങ്ങിൻതൈകൾ കൃഷിഭവന്റെ മേൽനോട്ടത്തിൽ ഉത്പാദിപ്പിച്ച് വിതരണം ചെയ്യാവുന്നതാണ്.

3. അടയ്ക്ക അസംസ്കൃത വസ്തുവായി ഉപയോഗിച്ചുള്ള ചെറുകിട കുടിൽ വ്യവസായങ്ങൾക്ക് പ്രോത്സാഹനം നൽകാവുന്നതാണ്.

4. പ്രായാധിക്യം കൊണ്ടും രോഗം കൊണ്ടും ഉത്പാദനം നശിച്ച കവുങ്ങുകൾ വെട്ടിമാറ്റി അത്യുൽപാദന ശേഷിയുള്ള കവുങ്ങിൻ തൈകൾ വെച്ചു പിടിപ്പിക്കാൻ സഹായം നൽകാവുന്നതാണ്.

### കുരുമുളക കൃഷി പുനരുദ്ധാരണം

പഞ്ചായത്തിലെ പ്രധാന വരുമാന മാർഗ്ഗങ്ങളിലൊന്നായ ഒരു ഇടവിളകൃഷിയായിരുന്നു കുരുമുളക് കൃഷി. 40 ഹെക്ടർ സ്ഥലത്ത് ഇത് കൃഷി ചെയ്തിരുന്നു. ഭൂരിഭാഗവും ദ്രുതവാട്ടരോഗം വന്ന് നശിച്ച് പോയിട്ടുണ്ട്.

### പ്രശ്നങ്ങൾ

രോഗപ്രതിരോധത്തിനാവശ്യമായ നടപടികൾ തക്കസമയത്ത് സ്വീകരിക്കുന്നില്ല.

2. വിളവെടുപ്പ് സമയത്ത് കുരുമുളകിന് ന്യായമായ വില ലഭിക്കുന്നില്ല.

3. ശാസ്ത്രീയകൃഷിരീതിയെക്കുറിച്ചും, സംസ്കരണരീതിയെക്കുറിച്ചും ഉള്ള അറിവില്ലായ്മ.

### സാധ്യതകൾ

1. തക്കസമയത്ത് തന്നെ രോഗ പ്രതിരോധ നടപടികൾ സ്വീകരിക്കാൻ സംവിധാനം ഉണ്ടാക്കേണ്ടതാണ്. സമാന്തരമായി മുഴുവൻ കൃഷിക്കാരും ഇത് സ്വീകരിക്കണം.

2. നല്ലയിനം കുരുമുളക് തൈകൾ കൃഷിഭവന്റെ നേതൃത്വത്തിൽ ഉത്പാദിപ്പിച്ച് വിതരണം ചെയ്യാവുന്നതാണ്.

3. കുരുമുളക് കൃഷിയുടെ പുനരുദ്ധാരണത്തിന് കർഷകർക്ക് സാമ്പത്തികസഹായം നൽകാവുന്നതാണ്.

4. കുരുമുളകിന് കുത്തക സംഭരണം ഏർപ്പെടുത്തുകയും, ശാസ്ത്രീയമായ സംസ്കരണരീതികൾ വികസിപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കാവുന്നതാണ്.

5. ബഹുനില കൃഷിരീതിയുടെ ഭാഗമായി തെങ്ങ് താങ്ങുകാലായി ഉപയോഗിച്ചുള്ള കുരുമുളക് കൃഷി പ്രോത്സാഹിപ്പിക്കാവുന്നതാണ്.

### ഇടവിളകൃഷികൾ

കവുങ്ങ്, വാഴ, മഞ്ഞൾ, ഇഞ്ചി, പച്ചക്കറികൾ തുടങ്ങിയവയാണ് പ്രധാനഇടവിളകൾ, മണ്ണ്, ജലം, സൂര്യപ്രകാശം എന്നിവയുടെ ശാസ്ത്രീയമായ ഉപയോഗത്തിന് ബഹുനില കൃഷിസമ്പ്രദായം അത്യന്താപേക്ഷിതമാണ്. ഇതിൽ ഇടവിളയ്ക്കുള്ള സ്ഥാനം ഗണ്യമാണ്. ഇടവിള കൃഷിയിലൂടെ കൃഷിക്കാരൻ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കുവാനും കഴിയും.

### വാഴ

പഞ്ചായത്തിൽ നിലവിൽ 8 ഹെക്ടർ സ്ഥലത്ത് നേന്ത്രവാഴ തനിവിളയായി കൃഷി ചെയ്തുവരുന്നുണ്ട്. ഇടവഴികളിൽ മുഖ്യസ്ഥാനം വാഴകൃഷിക്ക് നൽകിയാൽ പഞ്ചായത്തിൽ വീട്ടാവശ്യങ്ങൾക്ക് പുറമെ വ്യാവസായികാടിസ്ഥാനത്തിലും ഉപയോഗിക്കാൻ കഴിയും.

പഞ്ചായത്തിൽ 1996-ലെ വാഴക്കുലയുടെ ആവശ്യവും ഉല്പാദനവും

മുകളിൽ കൊടുത്ത പട്ടിക കക്കട്ടങ്ങാടിയിൽ മാത്രം ചിലവാകുന്ന വാഴക്കുല അടിസ്ഥാനമാക്കിയാണ്. ഈ

പട്ടിക 12

| വിള വിസ്തീർണം (ഹെക്ടറിൽ) | ഉത്പാദനക്ഷമത (ഹെക്ടറിൽ) | ആകെ ഉത്പാദനം | 1996-ലെ ആവശ്യം |
|---|---|---|---|
| 8 | 12000 കിലോഗ്രാം | 96000 കിലോഗ്രാം | 360000 കിലോഗ്രാം |

ആവശ്യം തന്നെ പരിഗണിച്ചാൽ വീട്ടാവശ്യത്തിനുള്ളതിന്റെ 26.7 ശതമാനം മാത്രമേ നേന്ത്രാഴ തനിവിളയായി ഉത്പാദിപ്പിക്കപ്പെടുന്നുള്ളൂ.

### പ്രശ്നങ്ങൾ

1. കാലാവസ്ഥയെ ആശ്രയിച്ചുള്ള വാഴകൃഷിയാണ് നിലവിലുള്ളത്.

2. ഇതിന്റെ വിളവെടുപ്പ് ഒരേ സമയത്ത് ആയതുകൊണ്ട് വിളവെടുപ്പു സമയത്ത് വാഴക്കുലയുടെ വില കുറയുകയും, മറ്റു സമയങ്ങളിൽ അനിയന്ത്രിതമായി വർദ്ധിക്കുകയും ചെയ്യുന്നു.

### സാധ്യതകൾ

1. ജലസേചനസൗകര്യം ഏർപ്പെടുത്തി വാഴകൃഷി ഇടവിളയായും തനിവിളയായും വർഷം മുഴുവൻ നടത്താനുള്ള സൗകര്യം ഏർപ്പെടുത്താവുന്നതാണ്.

2. പ്രകൃതിക്ഷോഭം മൂലം കൃഷി നശിച്ചവർക്ക് വിള ഇൻഷൂറൻസ് ഏർപ്പെടുത്താവുന്നതാണ്.

3. രോഗപ്രതിരോധ ശേഷിയുള്ളതും നല്ലയിനത്തിൽപ്പെട്ടതുമായ വാഴക്കന്നുകൾ യഥാസമയത്ത് കൃഷിക്കാർക്ക് എത്തിച്ചുകൊടുക്കാവുന്നതാണ്.,

4. പടുവാഴക്കൃഷി ഇടവിളയായി വ്യാവസായികാടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കുവാനുള്ള പ്രോത്സാഹനം നൽകാവുന്നതാണ്.

### കിഴങ്ങുവർഗകൃഷി

മുൻകാലങ്ങളിൽ വ്യാപകമായി പഞ്ചായത്തിൽ ചേന, ചേമ്പ്, കണ്ടിക്കിഴങ്ങ്, കപ്പക്കിഴങ്ങ്, നനക്കിഴങ്ങ്, ചെറുകിഴങ്ങ്, മരച്ചീനി തുടങ്ങിയവ വീട്ടാവശ്യത്തിനുൽപാദിപ്പിച്ചിരുന്നു. എന്നാൽ നിലവിൽ മേൽപ്പറഞ്ഞ് കൃഷികൾ നാമമാത്രമാണ്. ഇതിന്റെ കാരണം പരിശോധിക്കപ്പെടേണ്ടതാണ്. ഇടവിളകളായി പഞ്ചായത്തിൽ വീട്ടാവശ്യത്തിനും വില്പനക്കും വേണ്ടി ഈ കൃഷി കാലാവസ്ഥയെ ആശ്രയിച്ചുതന്നെ നടത്താവുന്നതാണ്. ആവശ്യമായ നടീൽവസ്തുക്കൾ പഞ്ചായത്ത് തലത്തിൽ ശേഖരിച്ച് കൃഷിക്കാർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് ഈ കൃഷി പ്രോത്സാഹിപ്പിക്കാവുന്നതാണ്.

### സുഗന്ധവിളകൃഷി

കുറഞ്ഞ അദ്ധ്വാനത്തിലൂടെ കൂടുതൽ സാമ്പത്തികനേട്ടവും അതുപോലെ തന്നെ സ്വന്തമാവശ്യത്തിനുള്ള വിളകൾ ഉത്പാദിപ്പിക്കാനും കഴിയുന്ന കൃഷിയാണിത്. നിലവിലുള്ള സ്ഥിതി പരിശോധിക്കുമ്പോൾ ഈ കൃഷികക്ക് കൂടുതൽ സാധ്യതകളുണ്ട്. നടീൽ വസ്തുക്കൾ ലഭ്യമാക്കുകയും കൃഷക്കാരന് ആവശ്യമായ ധനസഹായം നൽകുകയും ചെയ്യാവുന്നതാണ്. ഇഞ്ചി, മഞ്ഞൾ, രാമച്ചം തുടങ്ങിയ കൃഷിക്ക് പ്രത്യേകം പരിഗണന നൽകാവുന്നതാണ്.

### പഴവർഗ്ഗകൃഷി

ചക്ക, മാങ്ങ, കൈതച്ചക്ക എന്നീ പഴവർഗ്ഗങ്ങളുടെ കൃഷിക്ക് വളരെ സാധ്യതയുള്ള പ്രദേശമാണിത്. ഈ ഉൽപന്നങ്ങളുടെ വിളവെടുപ്പുകാലത്ത് ആവശ്യമായ വിപണി ഇതിനി ലഭിക്കാതെ വന്നാൽ പഴവർഗ്ഗങ്ങൾ സൂക്ഷിച്ചുവെക്കാൻ കഴിയില്ല. നല്ല വിപണി ലഭിച്ചില്ലെങ്കിൽ പഴവർഗ്ഗങ്ങൾ ചീത്തയായി പോകുന്നു.

പഴങ്ങൾ കേടുകൂടാതെ സൂക്ഷിക്കുവാനാവശ്യമായ പഴസംസ്കരണ യൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്തിൽ ആരംഭിക്കാവുന്നതാണ്. പഴവർഗ്ഗകൃഷിക്ക് ആവശ്യമായ സാമ്പത്തികസഹായവും ലഭ്യമാക്കണം.

പേരക്ക, പപ്പായ, സപ്പോട്ട എന്നിവയുടെ തൈകൾ സ്കൂൾ കാർഷിക ക്ലബ്ബ് മുഖേന വിദ്യാർത്ഥികളിൽക്കൂടിയും മറ്റും വിതരണം ചെയ്യുകയും അവയുടെ സംരക്ഷണം ക്ലബ്ബുകളിലൂടെ നിർവ്വഹിക്കാൻ ആവശ്യമായ സംവിധാനം ഉണ്ടാക്കാവുന്നതുമാണ്.

### പച്ചക്കറി കൃഷി

പഞ്ചായത്തിൽ നിലവിൽ ഒരു ഹെക്ടർ സ്ഥലത്താണ് പച്ചക്കറി പ്രധാനമായും കൃഷി ചെയ്തുവരുന്നത്. വീട്ടാവശ്യത്തിന് കുറഞ്ഞ തോതിൽ വീടുകളിൽ പച്ചക്കറി കൃഷി ചെയ്തുവരുന്നുണ്ട്. പഞ്ചായത്തിൽ പച്ചക്കറി വ്യാപാരം നടത്തുന്ന 9 കടകളുണ്ട്.

പഞ്ചായത്തിൽ ഒക്ടോബർ മാസം ചിലവായ പച്ചക്കറികളുടെ വിവരം

പച്ചക്കറിയിൽ 4 ഇനങ്ങളിൽ മാത്രം ഉള്ള കണക്ക് പരിശോധിച്ചാൽ ഒരു വർഷം 92,52,000 രൂപയുടെ പച്ചക്കറി ചിലവാകുന്നുണ്ട്. നമ്മുടെ പ്രദേശത്തെ കൃഷിയിൽ നിന്നും ഇതിന്റെ 2% മാത്രമാണ് ഉൽപാദിപ്പിക്കാൻ

കഴിയുന്നത്. സമഗ്ര പച്ചക്കറിവികസനത്തിന്റെ പ്രാധാന്യം ഈ കണക്കുകൾ സൂചിപ്പിക്കുന്നു.

പ്രശ്നങ്ങൾ

1. നല്ലയിനം വിത്തുകളുടെ ലഭ്യതക്കുറവ്.

2. വെള്ളത്തിന്റെ ദൗർലഭ്യം.

3. ശാസ്ത്രീയ കൃഷിരീതിയെക്കുറിച്ചുള്ള അറിവില്ലായ്മ.

4. പൊതുവിൽ കൃഷിയോടുള്ള താല്പര്യക്കുറവ്.

5. അദ്ധ്വാനം മുഖ്യഘടകമായി കാണുന്നില്ല.

6. ജൈവവളങ്ങളുടെ അഭാവം.

സാധ്യതകൾ

1. പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങളെയും ലക്ഷ്യമിട്ട് പച്ചക്കറികൃഷി ആരംഭിക്കാവുന്നതാണ്.

2. ആവശ്യമായ വിത്ത്, വളം എന്നിവ യഥാസമയത്ത് പഞ്ചായത്ത് ശേഖരിച്ച് കൃഷിക്കാർക്ക് നൽകുന്ന രീതി അവലംബിക്കാവുന്നതാണ്.

3. സാധ്യതയുള്ള സ്ഥലങ്ങളിൽ ഗ്രൂപ്പടിസ്ഥാനത്തിലുള്ള കൃഷി പ്രോത്സാഹിപ്പിക്കാവുന്നതാണ്.

4. സ്കൂൾ കാർഷിക ക്ലബ്ബുകളിലൂടെ ഗ്രൂപ്പടിസ്ഥാനത്തിൽ സ്കൂളുകളിൽ കൃഷി നടത്താവുന്നതാണ്.

5. കൂടുതലായി ഉല്പാദിപ്പിക്കപ്പെടുന്ന പച്ചക്കറികൾക്ക് വിപണി കണ്ടെത്തേണ്ടതാണ്.

ഔഷധസസ്യകൃഷി

അപൂർവ്വമായ പല ഔഷധച്ചെടികളും ഇന്ന് വംശനാശം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇവയുടെ സംരക്ഷണത്തിന് വ്യാപകമായ ഔഷധസസ്യകൃഷി നടത്താവുന്നതാണ്. വിപണന സാധ്യതയുള്ളതും എളുപ്പം കൃഷി ചെയ്യാൻ കഴിയുന്നതുമായ ഔഷധസസ്യങ്ങൾ ഇതിനായി തെരഞ്ഞെടുക്കാം. കൊടുവേരി, ആടലോടകം, അമൽപൊരി, ശതാവലി, അടപതിയൻ, പതുമുഖം, കച്ചോലം, തഴുതാമ തുടങ്ങിയ ഔഷധസസ്യങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കണം. ഇത്തരം ഔഷധസസ്യങ്ങളുടെ നടീൽ വസ്തുക്കൾ കൃഷിക്കാർക്ക് എത്തിച്ചുകൊടുക്കാനുള്ള സൗകര്യം ഏർപ്പെടുത്താവുന്നതാണ്. ഇതിനായി വാർഡടിസ്ഥാനത്തിൽ താല്പര്യമുള്ള കൃഷിക്കാരെ തെരഞ്ഞെടുക്കണം.

നൂതനകൃഷി

കുറഞ്ഞ സ്ഥലമുള്ളവർക്ക് ചെയ്യാൻ കഴിയുന്ന യോജിച്ച കൃഷിയാണിത്. കൂൺകൃഷി, തേനീച്ച വളർത്തൽ, പുഷ്പകൃഷി എന്നിവയുടെ വിജയസാധ്യതകൾക്കനുസരിച്ച് പ്രോത്സാഹനം നൽകാവുന്നതാണ്. തേനീച്ചവളർത്തൽ ഖാദി ബോർഡിന്റെ സഹായത്തോടെ നടത്താവുന്നതാണ്.

കശുമാവ് കൃഷി

നിലവിൽ പഞ്ചായത്തിൽ 5 ഹെക്ടർ സ്ഥലത്താണ് കശുമാവ് കൃഷി ചെയ്തുവരുന്നത്. മുതുകുന്ന്, കണ്ണൻകുന്ന് തുടങ്ങിയ ഉയർന്ന പ്രദേശങ്ങളിലാണ് ഇത് കൃഷിചെയ്തുവരുന്നത്. ഗുണമേന്മയുള്ള തൈകൾ കൃഷിക്കാർക്ക് നൽകിയും മറ്റ് പ്രോത്സാഹനങ്ങൾ ഏർപ്പെടുത്തിയും ഈ കൃഷി അഭിവൃദ്ധിപ്പെടുത്തവുന്നതാണ്.

വിപണനം

കാർഷികോല്പന്നങ്ങൾ വാങ്ങാൻ ഒരു മാർക്കറ്റിംഗ് സൊസൈറ്റിയും 5 സ്വകാര്യവ്യക്തികളുമാണ് പഞ്ചായത്തിലുള്ളത്. മാർക്കറ്റിംഗ് സൊസൈറ്റിയുടെ പ്രവർത്തനം തീരെ തൃപ്തികരമല്ല. മാത്രവുമല്ല, നാളികേരമം മാത്രമാണ് സൊസൈറ്റി വാങ്ങുന്നത്. വിപണനവുമായി ബന്ധപ്പെട്ട് താഴെകൊടുത്ത പ്രശ്നങ്ങളാണ് കൃഷിക്കാർ അഭിമുഖീകരിക്കുന്നത്.

1. പഞ്ചായത്തിൽ കാർഷികോൽപന്നങ്ങളുടെ സംഭരണമില്ലാത്തതുകൊണ്ട് വിളവെടുപ്പ് സമയത്ത് ഉൽപന്നങ്ങളുടെ വില വിപണിയിൽ കുറയുന്നു.

2. പഞ്ചായത്തിൽ നിലവിലുള്ള വിപണന സൗകര്യം അപര്യാപ്തമാണ്.

3.ഉൽപന്നങ്ങൾ വിൽക്കുന്ന സമയത്ത് ഉൽപന്നത്തിന്റെ വില ലഭിക്കുന്നില്ല. ദിവസങ്ങളോളം കാത്തിരിക്കേണ്ടിവരുന്നു.

4. നാളികേരവിപണനത്തിനുവേണ്ടി കോഴിക്കോട്, വടകര തുടങ്ങിയ മാർക്കറ്റുകളെയാണ് ആശ്രയിക്കേണ്ടിവരുന്നത്.

**സാധ്യതകൾ**

1. മാർക്കറ്റിംഗ് സൊസൈറ്റിയുടെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കേണ്ടതാണ്. (വിശദാംശം `സഹകരണം'

പട്ടിക 13

| ഇനം | തൂക്കം(കിലോഗ്രാം) | വില രൂപ/കിലോ | വില മൊത്തം |
|---|---|---|---|
| തക്കാളി | 18750 | 12 22 | 5000 |
| വെണ്ട | 45000 | 8 | 360000 |
| പയർ | 10500 | 10 | 105000 |
| മുളക് | 54000 | 150 | 81000 |
| ആകെ | | | 771000 |

എന്ന അധ്യായത്തിൽ)

2. പഞ്ചായത്തടിസ്ഥാനത്തിൽ കാർഷികോല്പന്നങ്ങൾ ശേഖരിക്കുകയും സംസ്കരിക്കുകയും വിപണനം നടത്തുകയും ചെയ്യാൻ സഹകരണസംഘം ആരംഭിക്കാവുന്നതാണ്.

### കൃഷിഭവൻ

1976 മുതൽ 5 പഞ്ചായത്തുകളുടെ പരിധിയായ ``ഏലവികസന ഓഫീസ്'' മൊകേരിയിൽ പ്രവർത്തിച്ചു വരുന്നു. 1987-ലാണ് പഞ്ചായത്ത് പരിധിയായി `കൃഷി ഭവൻ' നിലവിൽ വന്നത്. ഒരു കൃഷി ഓഫീസറും രണ്ട് കൃഷി അസിസ്റ്റന്റും ഒരു പാർട്ട് ടൈം സൂപ്പർവൈസറും ഉൾപ്പടെ മൂന്ന് ജീവനക്കാരാണ് കൃഷിഭവനിൽ നിലവിലുള്ളത്.

കൃഷിവികസനം ഉദ്ദേശിച്ചാണ് കൃഷിഭവൻ ആരംഭിച്ചതെങ്കിലും ഈ ലക്ഷ്യം പ്രാവർത്തികമാക്കാൻ കൃഷിഭവന് കഴിയുന്നില്ല. കാർഷികരംഗത്തെ ഗവേഷണപ്രവർത്തനങ്ങളുടെ ഫലമായുണ്ടാകുന്ന കൃഷിസങ്കേതങ്ങൾ കൃഷിക്കാരിൽ എത്തിക്കാൻ കഴിയുന്നില്ല. ഇതിനുള്ള കാരണങ്ങളിൽ പ്രധാനം സാങ്കേതിക പരിജ്ഞാനമുള്ളവർ തന്നെ ഓഫീസിലെ ക്ലാർക്കിന്റെ ഭാരിച്ച ജോലിയും ചെയ്യേണ്ടിവരുന്നു എന്നതാണ്. അവർക്ക് കൃഷിക്കാരുടെ അടുത്തേക്ക് പോകാൻ കിട്ടുന്ന സമയം പരിമിതമാണ്. കൃഷിഭവനിൽ ക്ലാർക്കിനെ നിയമിച്ച് ഇത് പരിഹരിക്കേണ്ടതാണ്. പല പദ്ധതികളുടെയും ഗുണഭോക്താക്കളെ കണ്ടെത്തുന്നതിൽ അനുവദിക്കപ്പെടുന്ന സമയം വളരെ പരിമിതമാണ് എന്നതാണ് മറ്റൊരു പ്രശ്നം. പദ്ധതികളുടെ കാലതാമസം ഉചിതമായ സമയത്ത് ആരംഭിക്കാൻ കഴിയാതിരിക്കുന്നത് തുടങ്ങിയ പ്രശ്നങ്ങളുമുണ്ട്. വാർഡ് കർഷക സമിതികളിലൂടെ കൃഷിഭവന്റെ പ്രവർത്തനം കാര്യക്ഷമമാക്കാവുന്നതാണ്. സാങ്കേതികപരിജ്ഞാനമുള്ള ഉദ്യോഗസ്ഥരുടെ സേവനം കർഷകർക്ക് തക്കസമയത്ത് ലഭ്യമാക്കേണ്ടതുമാണ്. കൃഷിഭവന്റെ പ്രവർത്തനം ഓഫീസ് തലപ്രവർത്തനം എന്നതിലുപരി കൃഷിവികസനം ലക്ഷ്യമാക്കി ജനപങ്കാളിത്തത്തോടെ നടത്തേണ്ടതാണ്.

### മണ്ണ് ജലസംരക്ഷണം

1. മണ്ണൊലിപ്പ് പ്രദേശങ്ങളിൽ വെള്ളം കെട്ടി നിർത്താൻ ആവശ്യമായ പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകാവുന്നതാണ്.

2. മണ്ണൊലിപ്പ് പ്രദേശങ്ങളിൽ രാമച്ചം, കൈതച്ചക്ക, കൈതോല തുടങ്ങിയ സസ്യങ്ങൾ നട്ടുപിടിപ്പിക്കാനാവശ്യമായ പ്രോത്സാഹനം നൽകാവുന്നതാണ്.

3. ചെരിവു കൂടുതലുള്ള പ്രദേശങ്ങളിൽ കൈയാലകൾ നിർമ്മിക്കുവാനും നിലവിലുള്ളവയുടെ അറ്റകുറ്റപ്പണികൾ നടത്താനും ധനസഹായം നൽകേണ്ടതാണ്.

4. മണ്ണ് സംരക്ഷണത്തിന്റെ ഭാഗമായി ആവരണവിളകളും തീറ്റപ്പുൽകൃഷിയും വ്യാപകമാക്കണം.

5. ചെരിവുകളിൽ ശാസ്ത്രീയമായ കൃഷിരീതികൾ പ്രചരിപ്പിക്കാനാവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.

6. ജലസംരക്ഷണത്തിന്റെ ഭാഗമായി മണ്ണിന്റെ ജലസംഭരണശേഷി ഉയർത്താൻ കാലവർഷാരംഭത്തിനു മുന്നോടിയായി പറമ്പുകളിൽ ``കുഴികൾ എടുക്കുന്നത്'' പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഇതുകൊണ്ട് മണ്ണിൽ ഊഴ്ന്നിറങ്ങുന്നിതന്റെ അളവ് കൂടുകയും ജലസംഭരണശേഷി വർദ്ധിപ്പിക്കാൻ കഴിയുന്നതുമാണ്.

7. മണ്ണിന്റെ ഈർപ്പം നിലനിർത്താൻ ``പൊതയിടു''ന്നത് പ്രോത്സാഹിപ്പിക്കാവുന്നതാണ്.

# ജലസേചനം

സമഗ്രനാളികേര വികസനപദ്ധതിയിലൂടെ 1995-ൽ പഞ്ചായത്തിലെ 37 കിണറുകൾ അനുവദിച്ചിട്ടുണ്ട്. 2 കമ്യൂണിറ്റി ഇറിഗേഷൻ പദ്ധതികളുമുണ്ട്. ഈ പദ്ധതികൾ ഒന്നുംതന്നെ ഫലപ്രദമായി ജലസേചനത്തിന് ഉപയോഗിക്കുന്നില്ല. കുടിവെള്ളത്തിനുവേണ്ടിയാണ് ഇത് ഉപയോഗിക്കുന്നത്.

കുറ്റ്യാടി ജലസേചനപദ്ധതിയുടെ ഭാഗമായുള്ള വലതുഭാഗം കനാൽ ആറു കിലോമീറ്റർ ദൂരത്തിൽക്കൂടി പഞ്ചായത്തിൽ ക്കൂടി കടന്നുപോവുകയും 55.84 ഹെക്ടർ സ്ഥലം ഇതിനുവേണ്ടി പഞ്ചായത്തിനുള്ളിൽ ഉപയോഗിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും പഞ്ചായത്തിൽ ജലസേചനം നൽകാൻ കൈകനാലുകൾ ഒന്നുപോലുമില്ല.

പ്രശ്നങ്ങൾ

1. സർക്കാർതലത്തിൽ ജലസേചനപദ്ധതികൾ പലതും നടപ്പിൽ വന്നെങ്കിലും പഞ്ചായത്തിലെ ജലസേചനത്തിനായി നിലവിൽ ഒരു പദ്ധതിയും ഉപയോഗിക്കപ്പെടുന്നില്ല. ആയതിനാൽ സർക്കാർതല പദ്ധതിയുടെ ഒരു നേട്ടവും പഞ്ചായത്തിനു ലഭിക്കുന്നില്ല.

2. കുറ്റ്യാടി ജലസേചനപദ്ധതിയുടെ പ്രയോജനം പഞ്ചായത്തിനു ലഭിക്കുന്നില്ല. ഒരു കൈകനാൽ പോലും പഞ്ചായത്തിനുവേണ്ടി നിർമ്മിച്ചിട്ടില്ല.

3. കുറ്റ്യാടി പദ്ധതിയുടെ പരിധിയിൽ നാളികേരകൃഷികൂടി ഉൾപ്പെടുത്താത്തുകൊണ്ട് കരപ്രദേശ ജലസേചനത്തിന് ഇത് ഉപയോഗിക്കാൻ കഴിയുന്നില്ല.

**ജലവുമായി ബന്ധപ്പെട്ട ആസ്തികൾ (വില്ലേജ് ഓഫീസ് രേഖ)**

**പഞ്ചായത്തിലെ തോട് പട്ടിക 14**

| ക്രമ നമ്പർ | തോടിന്റെ പേര് | ആകെ നീളം മീറ്ററിൽ | ശരാശരി വീതി മീറ്ററിൽ |
|---|---|---|---|
| 1 | പാതിരിപ്പറ്റ തോട് | 413 | 3 |
| 2 | മീത്തലെവയൽ-പാതിരിപ്പറ്റ തോട് | 1157 | 2 |
| 3 | കായകുളങ്ങര-മുയ്യോട്ട്ചാൽ തോട് | 3313 | 3 |
| 4 | മുയ്യോട്ട്ചാൽ-കുന്നുമ്മൽ തോട് | 2627 | 3 |
| 5 | കിഴക്കെതെങ്ങുതറമേൽ - മാവുള്ളപറമ്പത്ത് തോട് | 2391 | 3 |
| 6 | കല്ലുമ്പുറത്ത്-മുയ്യോട്ട്ചാൽ തോട് | 648 | 1.5 |
| 7 | തൈവച്ചപറമ്പത്ത്-തുവരയുള്ള പറമ്പത്ത് തോട് | 550 | 3 |

**കുളങ്ങൾ വാർഡടിസ്ഥാനത്തിൽ**

| I | II | III | IV | V | VI | VII | VIII | IX |
|---|---|---|---|---|---|---|---|---|
| 2 | 3 | 3 | 1 | 4 | 5 | 4 | 2 | 13 |

**കമ്യൂണിറ്റി ഇറിഗേഷൻ പദ്ധതി പട്ടിക 16**

| വാർഡ് | പദ്ധതിയുടെ പേര് |
|---|---|
| VIII | തവിടോറകുന്ന് |
| V | അമ്പലകുളങ്ങര (കാഞ്ഞിരപ്പാറ) |

## സാധ്യതകൾ

പഞ്ചായത്തിൽ 17 കുന്നുകളുണ്ട്. ഇവിടെയെല്ലാം രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. സഹകണാടിസ്ഥാനത്തിൽ ജലസേചനസൗകര്യം ഏർപ്പെടുത്താൻ കഴിയുന്ന സാധ്യതകൾ ഉപയോഗപ്പെടുത്താവുന്നതാണ്.

2. കുറ്റ്യാടി വലതുഭാഗം കനാൽ ഉപയോഗപ്പെടുത്തി കരപ്രദേശത്തും വയൽപ്രദേശത്തും ജലസേചനസൗകര്യം ഏർപ്പെടുത്താൻ കഴിയാവുന്ന സാധ്യതകൾ ഉപയോഗപ്പെടുത്താവുന്നതാണ്. ഇതിനായി കുറ്റ്യാടി പദ്ധതിയുടെ പരിധിയിൽ നാളികേരകൃഷികൂടി ഉൾപ്പെടുത്തുകയും സാധ്യമാവുന്ന പ്രദേശങ്ങളിൽ കൈകനാലുകൾ നിർമ്മിക്കാവുന്നതാണ്.

3. പഞ്ചായത്തിൽ കൂടി ഒഴുകുന്ന 7 തോടുകൾ ഉണ്ട്. ഇവയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി ചെറുകിട ജലസേചനപദ്ധതികൾ ആരംഭിക്കാവുന്നതാണ്. പാതിരിപ്പറ്റ തോടിന് യു.പി. സ്കൂളിന് സമീപവും, മുയ്യോട്ട്ചാൽ-കുന്നുമ്മൽ തോടിന് വണ്ണത്താൻ വീട്ടിൽ താഴെയും `വെൻഡഡ് ക്രോസ് ബാർ' (VCB) നിർമിക്കാനുള്ള നിർദ്ദേശം ഗ്രാമസഭയിൽ വന്നിട്ടുണ്ട്. സാധ്യത ഉപയോഗപ്പെടുത്താവുന്നതാണ്. കുട്ടൻവേലിക്കകത്ത് നിർമ്മിച്ച `ചീപ്പിന്റെ' അറ്റകുറ്റപ്പണി നടത്തണം.

4. പഞ്ചായത്തിൽ നിലവിൽ 37 കുളങ്ങളുണ്ട്. ഇവ സംരക്ഷിച്ച് ജലസേചനത്തിന് ഉപയോഗപ്പെടുത്താൻ കഴിയുന്നതാണ്.

5. തോടുകളിൽ തടയണകൾ നിർമമിച്ച് ജലത്തിന്റെ ഒഴുക്കിന്റെ വേഗത കുറയ്ക്കാവുന്ന സാധ്യതകൾ ഉപയോഗപ്പെടുത്താവുന്നതാണ്.

6. ജലസേചനതതിന് ബാങ്കുകൾ നല്കുന്ന വായ്പാനയം ഉദാരവൽക്കരിക്കേണ്ടതാണ്.

## ശുദ്ധജലമത്സ്യകൃഷി

പഞ്ചായത്തിൽ നിലവിൽ മത്സ്യകൃഷി ഇല്ല. തീരദേശമല്ലാത്തതുകൊണ്ട് മത്സ്യബന്ധനവുമില്ല. പഞ്ചായത്തിൽ ആവശ്യമായ മുഴുവൻ മത്സ്യവും വടകര, തലശ്ശേരി, മംഗലാപുരം തുടങ്ങിയ പ്രദേശങ്ങളിൽ നിന്ന് കൊണ്ടുവരുന്നതാണ്. കക്കട്ടിലും മൊകേരിയിലുമാണ് പ്രധാന മത്സ്യമാർക്കറ്റ്. ശരാശരി 15000 രൂപയുടെ മത്സ്യം ഈ രണ്ട് മാർക്കറ്റിൽ ഒരു ദിവസം ചെലവാകുന്നുണ്ട്. ശുദ്ധജലമത്സ്യകൃഷിയിലൂടെ വീട്ടാവശ്യത്തിനുള്ള മത്സ്യത്തിൽ നല്ലൊരു പങ്ക് പഞ്ചായത്തിൽ വളർത്താൻ സാധിക്കുന്നതാണ്.

## സാധ്യതകൾ

1. പഞ്ചായത്തിൽ 7 തോടുകളുണ്ട്. ഇതിൽ മത്സ്യക്കൂടുകൾ നിർമിച്ച് മത്സ്യകൃഷി നടത്താവുന്നതാണ്.

2. പഞ്ചായത്തിൽ നിലവിൽ 37 കുളങ്ങളുണ്ട്. ഇതിൽ മത്സ്യകൃഷി നടത്താനുള്ള സാധ്യത ഉപയോഗപ്പെടുത്താവുന്നതാണ്.

3.പഞ്ചായത്തിലെ 9-ാം വാർഡിൽ 13 കുളങ്ങളുണ്ട്. ഇവ ഉപയോഗപ്പെടുത്തി `മത്സ്യവളർത്തുഗ്രാമ' മായി മത്സ്യം വളർത്താനുള്ള സാധ്യതകൾ ഉപയോഗപ്പെടുത്താവുന്നതാണ്. പഞ്ചായത്തിലെ 6-ാം വാർഡിൽ ഇപ്പോൾ ശുദ്ധജലകൊഞ്ചുകൾ തോടിൽ വളരുന്നുണ്ട്. ഈ സാധ്യത കൊഞ്ചുകൃഷിക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. 7-ാം വാർഡിൽ ശുദ്ധജലകൊഞ്ചുകൃഷിക്കുള്ള ഭൗതികസാഹചര്യമുണ്ട്. ആവശ്യമായ സാങ്കേതികപരിജ്ഞാനവും മറ്റു സഹായങ്ങളും നല്കി കൊഞ്ചുകൃഷി ആരംഭിക്കാവുന്നതാണ്.

# സഹകരണം

## ആമുഖം

കുന്നുമ്മൽ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ ഒരു നിർണ്ണായകമായ മേഖലയാണ് സഹകരണം. ഉൽപാദന വിതരണ രംഗങ്ങളിൽ ഫലപ്രദമായ ഇടപെടലുകൾക്ക് സഹകരണമേഖലയിൽ ഉപയോഗപ്പെടുത്താവുന്നതാണ്. കാര്യക്ഷമമായ മാനേജ്മെന്റോടും ജനകീയ പിൻബലത്തോടും കൂടി മാത്രമേ സഹകരണമേഖലയ്ക്ക് ശക്തി പ്രാപിക്കുവാൻ കഴിയുകയുള്ളൂ. ഒട്ടേറെ തൊഴിൽ സാദ്ധ്യതയുള്ള ഈ രംഗത്ത് വൈവിധ്യപൂർണമായി വികസിപ്പിച്ചെടുക്കേണ്ടതാണ്.

## ചരിത്രം

1932-ൽ ആരംഭിച്ച ഐക്യനാണയ സംഘമാണ് നമ്മുടെ പ്രദേശത്തെ ആദ്യത്തെ സഹകരണ സംരംഭം കാർഷിക വായ്പകൾ നൽകുകയായിരുന്നു ഇതിന്റെ പ്രവർത്തനം. ഇത് വളരെക്കാലം കക്കട്ടിൽ കേന്ദ്രമായി പ്രവർത്തിച്ചിരുന്നു. ഭക്ഷ്യവിതരണം ഫലപ്രദമാക്കാനും ഭക്ഷ്യക്ഷാമത്തിന് ഒരു പരിഹാരമെന്ന നിലയിലും മറ്റൊരു സഹകരണ പ്രസ്ഥാനമായ പ്രഡ്യൂസർ കം കൺസ്യൂമർ സൊസൈറ്റി രൂപീകൃതമായി. സി. ശങ്കരൻ മാസ്റ്റർ, കൃഷ്ണൻ ഗുമസ്തൻ, പി.പി കൃഷ്ണൻ മാസ്റ്റർ, കണ്ണൻ കുന്നുമ്മൽ കോരൻ മാസ്റ്റർ, എ.പി. കൃഷ്ണൻ എന്നിവരാണ് ഇതിന്റെ പ്രമോട്ടർമാർ. പി.സി.സി. രൂപീകരിക്കപ്പെട്ട സാഹചര്യങ്ങൾക്ക് മാറ്റം വന്നപ്പോൾ ഈ സ്ഥാപനം 1956-ൽ കക്കട്ടിൽ കോ-ഓപ്പറേറ്റീവ് ബാങ്കായി രൂപാന്തരപ്പെട്ടു. കൃഷ്ണൻ ഗുമസ്തൻ, സി. ശങ്കരൻ മാസ്റ്റർ, കണ്ണൻ കുന്നുമ്മൽ കോരൻ മാസ്റ്റർ, ഡോ. പത്മനാഭൻ, ആയടത്തിൽ കരുണൻ, എ.പി. കൃഷ്ണൻ കെ.യം. കണാരൻ മാസ്റ്റർ, വി.പി. കുഞ്ഞികൃഷ്ണൻ, വി.കെ. ഗോപാലൻ മാസ്റ്റർ എന്നിവർ ഈ സ്ഥാപനത്തിന്റെ മുൻകാല പ്രസിഡണ്ട്മാരായിരുന്നു. കെ.പി. കുഞ്ഞമ്മത് കുട്ടി മാസ്റ്ററാണ് ഇപ്പോഴത്തെ പ്രസിഡണ്ട്.

1950-നു ശേഷം മൊകേരിയിൽ നാലോളം സഹകരണ സ്ഥാപനങ്ങൾ ഉയർന്നുവന്നു. കുന്നുമ്മൽ ബ്ലോക്ക് തലത്തിലാണ് ഇവ പ്രവർത്തിച്ചുവന്നത്. ഗ്രാമീമ എണ്ണയാട്ട് സഹകരണസംഘം, വനിതാ സഹകരണ സംഘം, ബീഡിനിർമ്മാണ സഹകരണസംഘം, ഫാമിംഗ് സൊസൈറ്റി എന്നിവയാണവ. പി. കേളപ്പൻ നായർ പാർവ്വതി ടീച്ചർ എൻ.വി. കൃഷ്ണൻ എഴുത്തോലക്കുനി കണ്ണൻ എന്നിവർ യഥാക്രമം ഈ സ്ഥാപനങ്ങളുടെ പ്രഥമ പ്രസിഡണ്ടുമാരായിരുന്നു. ഇവയുടെ പ്രവർത്തനം പല കാലങ്ങളായി നിലച്ചുപോവുകയാണുണ്ടായത്. സി.കെ. ശങ്കരൻ കുട്ടി പ്രസിഡണ്ടായ ലേബർ കോൺട്രാക്ട് സഹകരണ സംഘവും ഇക്കാലത്ത് കക്കട്ടിൽ പ്രവർത്തിച്ചു. പിന്നീട് മൊകേരിയിൽ തന്നെ രൂപീകൃതമായ കൺസ്യൂമർ സഹകരണ സംഘവും രണ്ട് കൊല്ലത്തോളം പ്രവർത്തിക്കുകയു

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | സ്ഥാപിച്ച വർഷം | ഇപ്പോഴത്തെ അംഗങ്ങളുടെ എണ്ണം | ജീവനക്കാരുടെ എണ്ണം | ഓഹരി മൂലധനം |
|---|---|---|---|---|---|
| 1. | കക്കട്ടിൽ സഹകരണ റൂറൽ ബാങ്ക് | 1956 | 54936 | 22 | 17,99,000 |
| 2. | വടകര സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്, കക്കട്ടിൽ | 1963 | 12731 | 34 | 83,67000 |
| 3. | വടകര സഹകരണ വിപണന സൊസൈറ്റി | 1960 | 3714 | 7 | 137515 |
| 4 | . കക്കട്ടിൽ ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 1962 | 104 | 2 | 957325 |
| 5. | കക്കട്ടിൽ സഹകരണ പ്രിന്റിംഗ് പ്രസ്സ് | 1994 | 104 | 4 | 30000 |
| 6 | . വട്ടോളി നാഷണൽ ഹൈസ്കൂൾ സ്റ്റുഡൻറ് കോപ്പറേറ്റീവ് സ്റ്റോർ | 1961 | 2651 | - | 10,000 |
| 7. | വട്ടോളി ഗവൺമെൻറ് യു.പി. സ്കൂൾ കോ-ഓപ്പറേറ്റീവ് സ്റ്റോർ | 1976 | 68 | - | 380 |
| 8. | സംസ്കൃതം ഹൈസ്കൂൾ കോ-ഓപ്പറേറ്റീവ് സ്റ്റോർ | 1076 | 555 | - | 444 |
| 9. | പാതിരിപ്പറ്റ യു.പി.സ്കൂൾ കോ-ഓപ്പറേറ്റീവ് സ്റ്റോർ | 1976 | - | - | - |

ണ്ടായി. പി. കുഞ്ഞിരാമൻ നമ്പ്യാരായിരുന്നു പ്രസിഡണ്ട്. 1960-ലാണ് വടകര കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് സൊസൈറ്റി ഉൽപ്പന്ന ക്രയവിക്രയ സംഘം എന്ന പേരിൽ പ്രവർത്തനം ആരംഭിച്ചത്. നാളീകേരം, കുരുമുളക് എന്നീ ഉൽപന്നങ്ങളുടെ വിപണനമായിരുന്നു ഈ സംഘത്തിന്റെ ആദ്യകാല പ്രവർത്തനം. ഇ.വി. കുമാരൻ, പി.വി. കൃഷ്ണൻ മാസ്റ്റർ, സി. ശങ്കരൻ മാസ്റ്റർ തുടങ്ങിയവരാണ് ഇതിന്റെ സ്ഥാപക പ്രമോട്ടർമാർ. സജീവമായി പ്രവർത്തിച്ചിരുന്ന ഈ സ്ഥാപനം 1989നു ശേഷം മന്ദീഭവിച്ചു. 1969-ൽ ആരംഭിച്ചതാണ് വടകര താലൂക്ക് ഭൂപണയ ബാങ്ക്. എം.എം. തോമസ് വി.പി. അന്ദ്രു ഹാജി, സി. ശങ്കരൻ മാസ്റ്റർ എം. കൃഷ്ണൻ എന്നിവരായിരുന്നു പ്രമോട്ടർമാർ. സഹകരണ മേഖലയിലെ മറ്റൊരു സ്ഥാപനം 1962-ൽ സ്ഥാപിച്ച കക്കട്ടിൽ ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ്. ഭവന നിർമ്മാണ വായ്പ നൽകുകയാണ് സംഘത്തിന്റെ ലക്ഷ്യം.

1994-ൽ ആരംഭിച്ച കക്കട്ടിൽ സഹകരണ പ്രിന്റിംഗ് പ്രസ്സ് നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു. മറ്റ് സഹകരണ സ്ഥാപനമായ വട്ടോളി നാഷണൽ ഹൈസ്കൂൾ സ്റ്റുഡൻറ് കോ-ഓപ്പറേറ്റീവ് സ്റ്റോർ, വട്ടോളി ഗവൺവമെൻറ് യു.പി. സ്കൂൾ സ്റ്റോർ, പാതിരിപ്പറ്റി യു.പി. സ്കൂൾ കോ-ഓപ്പറേറ്റീവ് സ്റ്റോർ എന്നിവ സ്കൂൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നു. മേൽപറഞ്ഞ സ്ഥാപനങ്ങളെ കുറിച്ചുള്ള വിശദവിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു.

പട്ടികയിലെ 1 2 സ്ഥാപനങ്ങൾ ക്രഡിറ്റ് വിഭാഗത്തിലും മറ്റുള്ളവ നോൺ ക്രഡിറ്റ് വിഭാഗത്തിലും പെടുന്നു.

കക്കട്ടിൽ സഹകരണ റൂറൽ ബേങ്ക് ഓഡിറ്റ് പ്രകാരം പ്രകാരം നഷ്ടത്തിലാണ് നിക്ഷേപം പൂർണമായി വായ്പയായി കൊടുക്കുന്നുണ്ട്. കാർഷിക കാർഷികേതര വായ്പയും ഹയർ പർച്ചേഴ്സ്, സ്വർണ പണയം, ആർ ജാമ്യം, ഹൗസിംഗ് I.R.D.P ദത്തെടുക്കൽ, വ്യവസായം എന്നീ ഇനങ്ങളിലുള്ള വായ്പകളും വിവിധ സ്കീമുകളിലായി വിതരണം ചെയ്യുന്നുണ്ട്. വായ്പാ സംഖ്യ ഉദ്ധിഷ്ടകാര്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കാത്തതും. കുടിശ്ശിക വരുത്തുന്നതും പ്രശ്നങ്ങൾ സൃഷ്ടി

ക്കുന്നുണ്ട്. ജില്ലാ ബേങ്കിന്റെ സഹായ സഹകരണവും ജനകീയ പിൻബലമുണ്ട്. എന്നാൽ മാനേജ്മെൻറ് ഇനിയും സജീവമാകേണ്ടതുണ്ട്. വടകര കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചർ ആൻറ് റൂറൽ ബാങ്ക് നഷ്ടത്തിലാണ്. ദീർഘകാല വായ്പകൾ ഗഡുക്കളായി കൊടുക്കുന്നതുകൊണ്ട് ബുദ്ധിമുട്ട് ഉണ്ടാകാറുണ്ട്. വായ്പാസംഖ്യ ഉദ്ദിഷ്ട കാര്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കാത്തതും തിരിച്ചടക്കാത്തതും പ്രശ്നങ്ങളാണ് കാർഷിക മേഖലയിൽ സാധാരണ വായ്പാ പദ്ധതി വായ്പ എന്നിവയും കാർഷികേതര വായ്പ, ഗ്രാമീണ ഭവന നിർമ്മാണ വായ്പ, വ്യവസായ വായ്പ, വാഹനവായ്പ എന്നിവയും ഈ ബാങ്കിന്റെ സ്കീമുകളാണ്.

വടകര സഹകരണ വിപണന സൊസൈറ്റിയുടെ മാനേജ്മെന്റിന്റെ പ്രവർത്തനം കാര്യക്ഷമത കുറഞ്ഞതുകൊണ്ടാണ് പ്രവർത്തനം മന്ദീഭവിക്കാൻ കാരണം. ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ ഉയർന്ന പലിശ ഈടാക്കുന്നതും തിരിച്ചടവ് വരാത്തതും പ്രശ്നങ്ങളാണ്. പൊതുജനങ്ങളിൽ നിന്ന് നിക്ഷേപം സ്വീകരിക്കാനുള്ള സൗകര്യമുണ്ടെങ്കിലും നിക്ഷേപം സ്വീകരിച്ചിട്ടില്ല.

9% പലിശ നിരക്കിൽ താഴ്ന്ന വരുമാനക്കാർക്ക് 19500 രൂപവരെ വായ്പക്കെടുക്കാനുള്ള സാധ്യതകൾ ഉണ്ടെങ്കിലും ഇത് വേണ്ട രീതിയിൽ ഉപയോഗപ്പെടുത്തുന്നില്ല.

മാനേജ്മെന്റിന്റെ കാര്യക്ഷമതയില്ലായ്മ ചിട്ടയായും, ശാസ്ത്രീയമായും ഉള്ള പരിപാടികളുടെ അഭാവം പുതിയ പ്രവർത്തന മേഖലയിലേക്ക് കടന്ന് കയറുവാനുള്ള വൈവിധ്യവൽക്കരണത്തിന്റെ കുറവ്, സാങ്കേതിക നവീകരണ അപര്യാപ്തത എന്നിവ സഹകരണ മേഖലയിൽ ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ്. ഗ്രാമസഭകളിൽ നിന്നും ഉയർന്ന് വന്ന പ്രശ്നങ്ങളും സാധ്യതകളും ചുവടെ ചേർക്കുന്നു. മുഖ്യമായും, നാളീകേരത്തെ ആശ്രയിക്കുന്ന ഒരു വിഭാഗമാണുള്ളത്. അവരുടെ ഉൽപന്നം, ന്യായമായ വിലക്ക് വിൽക്കാൻ കഴിയുന്ന ഒരു സാഹചര്യം ഇന്നില്ല. നിലവിലുള്ള സഹകരണ മാർക്കറ്റിംഗ് സൊസൈറ്റിയാകട്ടെ നിർജീവമാണ്. പഞ്ചായത്തിലെ മിക്ക വീടുകളിലും ഇന്നു പശുക്കളുണ്ട്. എന്നാൽ പാൽ വിപണനം ഒരു പ്രശ്നമായി നിൽക്കുകയാണ്. ഇത് സംഭരിക്കുന്നതിനും സംസ്കരിക്കുന്നതിലും വിതരണം ചെയ്യുന്നതിനും ആവശ്യമായ സംവിധാനങ്ങൾ ഇല്ലാത്തതിനാൽ പശു വളർത്തുന്നത് ലാഭകരമാക്കാൻ കഴിയുന്നില്ല.

നമ്മുടെ പഞ്ചായത്തിൽ ഒട്ടേറെ വ്യവസായ സ്ഥാപനങ്ങൾക്ക് സാധ്യതകളുണ്ട്. എന്നാൽ ഇത് തുടങ്ങാനാവശ്യമായ മൂലധനത്തിന്റെ അഭാവം ഉണ്ട്. കൃഷിഭൂമി തുണ്ടുകളായി മാറിയപ്പോൾ കാർഷിക മേഖലയിലെ കൂട്ടായ പ്രവർത്തനത്തിന്റെ അഭാവം കാർഷിക മേഖലയുടെ തളർച്ചയ്ക്ക് കാരണമായിട്ടുണ്ട്. തുണ്ടു ഭൂമികളിൽ കൃഷി ചെയ്യുന്നത് ലാഭകരമല്ല. കൃഷി ഉൽപന്നങ്ങളുടെ വിപണനവും പ്രശ്നമാണ്. ഒട്ടേറെ പരമ്പരാഗതമായ വ്യവസായങ്ങളുണ്ടെങ്കിലും ഇതിനൊരു കേന്ദ്രീകൃതി സ്വഭാവമില്ലാത്തതിനാൽ ഇത് കഷ്ട നഷ്ടങ്ങളെ അഭിമുഖീകരിക്കയാണ്. ഉൽപന്നങ്ങളുടെ വിപണനവും ഒരു പ്രശ്നമാണ്. പഞ്ചായത്തിലെ വിവിധ റോഡുകളുടെ നിർമ്മാണം സ്വകാര്യ കരാറുകാരുടെ നിയന്ത്രണത്തിലായതിനാൽ പൂർണമായ വിഭവ വിനിയോഗം നടക്കുന്നില്ല. പന്നി വളർത്തൽ, ആട് വളർത്തൽ, കോഴി വളർത്തൽ മേഖലയിൽ കൂട്ടായ്മയുടെ അഭാവം ഈ മേഖലയിൽ പദ്ധതികൾ വിഭാവനം ചെയ്യുന്നതിന് കഴിയുന്നില്ല. തുന്നൽ പരിശീലന കേന്ദ്രങ്ങൾ സ്വകാര്യ വ്യക്തികളുടെ ചൂഷണത്തിന് വിധേയമാണ്. കച്ചവട കേന്ദ്രങ്ങൾക്കും റസ്റ്റോറന്റുകൾക്കും ഇതേ അവസ്ഥയാണ്. ബുക്ക് ബൈന്റിംഗ് നടത്തുന്ന സഹകരണ സംഘം ഉണ്ടായിരുന്നെങ്കിലും നടപ്പിലുണ്ടായിട്ടുള്ള കാര്യക്ഷമതയില്ലായ്മ ഇതിന്റെ പ്രവർത്തനം നിലച്ചതിന് കാരണമായിട്ടുണ്ട്. നമ്മുടെ കൃഷിക്കാവശ്യമായ പണി ആയുധങ്ങൾ നിർമ്മിക്കുന്നതിനായിട്ടുള്ള ഒരു കേന്ദ്രം ഇവിടെ ഇല്ല. രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും സ്ത്രീകളുടെ പങ്കാളിത്തത്തോടുകൂടി തൊഴിൽ സംരംഭങ്ങൾ ഉണ്ടാകാത്തത് കൂട്ടായ്മയുടെ അഭാവം മൂലം തന്നെയാണ്. പഞ്ചായത്തിലെ പ്രധാന കച്ചവട കേന്ദ്രങ്ങളിലൊന്നായ മൊകേരിയിൽ പഴയ കാലത്ത് നിരവധി സഹകരണ സംഘങ്ങൾ ഉണ്ടായിരുന്നെങ്കിലും ഇന്ന് ഇവയൊക്കെ നാമാവശേഷമായിരിക്കുകയാണ്.

സാധ്യതകൾ

1. പ്രധാന ഉൽപന്നമായ നാളികേരം വിപണനം ചെയ്യുന്നതിനും സംസ്കരിക്കുന്നതിനും സഹകരണാടിസ്ഥാനത്തിൽ നാളീകേര സംസ്കരണ യൂനിറ്റും കൊപ്ര സംഭരണ കേന്ദ്രങ്ങളും ആരംഭിക്കണം. ഇതോ

ടൊപ്പം കക്കട്ടിൽ മാർക്കറ്റിംഗ് സൊസൈറ്റിയുടെ പ്രവർത്തനം സജീവമാക്കണം. ക്ഷീരോല്പന്നങ്ങൾ ശേഖരിക്കുന്നതിനും സംസ്ക്കരിക്കുന്നതിനും മിൽമ യുടെ സഹായത്തോടെ ക്ഷീരസഹായസഹകരണസം ഘങ്ങൾ രൂപീകരിക്കുന്നതിനും ഈ നിർദ്ദേശങ്ങൾ ഗ്രാമ സഭകളിൽ നിന്നും ഉയർന്ന് വന്നിട്ടുണ്ട്. പരമ്പരാഗത ആധുനിക വ്യവസായങ്ങളുടെ സഹകരാടിസ്ഥാന ത്തിൽകഴിയും. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പൂട്ടി യിട്ട സ്ഥാപനങ്ങൾ സഹകരണാടിസ്ഥാനത്തിൽ പുനഃ രുജ്ജീവിപ്പിക്കണം. മൺപാത്രനിർമ്മാണം തുടങ്ങിയ പരമ്പരാഗത വ്യവസായ സംരംഭങ്ങളുടെ സഹകരണാ ടിസ്ഥാനത്തിൽ സംഘടിപ്പിച്ച് ലാഭകരമാക്കുന്നതിനും പദ്ധതികളാവിഷ്ക്കരിക്കണം. കാർഷികമേഖലയിൽ സഹകരണസംഘങ്ങൾ രൂപീകരിച്ച് കാർഷികവൃത്തി ലാഭകരമാക്കണം. ഈ മേഖലയിൽ സഹകരണാടിസ്ഥാ നത്തിൽ പ്രവർത്തനം നടത്താൻ മുഴുവൻ വാർഡുക ളിൽ നിന്നും നിർദ്ദേശം വന്നിട്ടുണ്ട്. പഞ്ചായത്തിലെ വിവിധ റോഡുകളുടെ പ്രവർത്തനം ഏറ്റെടുക്കുന്നതിന് ഉതകുന്ന രീതിയിൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി രൂപീകരണമെന്ന ആവശ്യം ഗ്രാമസഭകളിൽ നിന്നും ശക്തമായും ഉയർന്നു വന്നുവെന്നത് പ്രത്യേകം ശ്രദ്ധേ യമാണ്. പന്നി,കോഴി, ആട് എന്നിവ വളർത്തുന്നതിനും വിപണനം നടത്തുന്നതിനും സഹകരണാടിസ്ഥാന ത്തിൽ സ്ഥാപിക്കണം. പണി ആയുധങ്ങളും മറ്റും നിർമ്മിക്കാനാവശ്യമായ ഇരുമ്പ് ഉരുക്ക് നിർമ്മാണയൂ ണിറ്റ് സ്ഥാപിക്കണം. കുടിവെള്ളക്ഷാമം പരിഹരിക്കു ന്നതിന് ഓരോ പ്രദേശങ്ങളിലെയും ഉപഭോക്താക്കളുടെ പങ്കാളിത്തത്തോടെ സഹകരണാടിസ്ഥാനത്തിലുള്ള ജലവിതരണപദ്ധതികൾ വേണം.

വനിതകളുടെ പങ്കാളിത്തത്തോടുകൂടി സഹകരണാ ടിസ്ഥാനത്തിലുള്ള സ്ഥാപനങ്ങൾ അനിവാര്യമാ ണെന്നും പല ഗ്രാമസഭകളിൽ നിന്നുള്ള ചർച്ചകളിൽ ഉയർന്നു വന്നിട്ടുണ്ട്. വനിതകൾക്ക് നിരവധി തൊഴിൽ സാധ്യത ഈ മേഖലയിലുണ്ട്. മുകളിൽ പ്രസ്താവിച്ചി ട്ടുള്ള സാധ്യതകൾ പരമാവധി പദ്ധതികളായി മാറ്റുന്ന തിനുള്ള ചർച്ച നടത്തനം. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും അയൽകൂട്ടങ്ങൾ രൂപീകരിച്ച് ഗുണഭോ ക്താക്കളെ സംഘടിപ്പിച്ചുകൊണ്ട് വേണം സഹകരണ സംരംഭങ്ങൾ ആരംഭിക്കാൻ. കൂടുതൽ മുതൽ മുടക്കു ന്നതും സ്ഥാപനങ്ങൾ പഞ്ചായത്ത് തലത്തിലും വരണം. ശാസ്ത്രീയമായ രീതിയിൽ നടത്തിപ്പ് ഉറപ്പ് വരുത്തുന്ന തരത്തിൽ മാനേജ്മെന്റ് അംഗങ്ങൾക്കും, തൊഴിൽ മേഖലയിൽ വൈവിധ്യവല്ക്കരണത്തിനായി തൊഴിലാ ളികൾക്കും പഠനക്ലാസുകളും പരിശീലന ക്ലാസുകളും നടത്തണം. ഇതുവഴി ഉല്പാദന ക്ഷമത വർദ്ധിപ്പിക്കു ന്നതിനുള്ള മോണിറ്ററിംഗ് തൊഴിൽ സാധ്യതയുള്ള ഈ മേഖലയുടെ പ്രവർത്തനങ്ങൾ സുതാര്യമാക്കുകയും സാമൂഹ്യപരിശോധനക്ക് വിധേയമാക്കാനുള്ള അവസ രങ്ങൾ സൃഷ്ടിക്കുകയും വേണം.

# കോർ ഗ്രൂപ്പ് അംഗങ്ങൾ:

**കൃഷി, ജലസേചനം**

| | |
|---|---|
| ജെ.പി. അബ്ദുറഹിമാൻ - | 1 |
| ശ്രീനിവാസൻ. വി.പി | 3 |
| ചന്ദ്രൻ. പി.എം | 5 |
| B കൃഷ്ണൻ നടമ്മൽ | 6 |
| വി.കെ. ഗോപാലൻ | 9 |
| കുനിയിൽ അനന്തൻ | 5 |
| ദിനേശൻ. കെ.കെ | 9 |
| ദിലീപൻ.കെ | |

**മൃഗപരിപാലനം, മത്സ്യബന്ധനം**

| | |
|---|---|
| A ജെ.പി.അബൂബക്കർ | 1 |
| കെ.ടി. ദിനേശൻ | 3 |
| B സി.വി.അഷ്റഫ് | 7 |
| ടി. നാണു | 9 |

**വിദ്യാഭ്യാസം**

| | |
|---|---|
| A ചന്ദ്രൻ. സി.പി | 1 |
| കൃഷ്ണൻ. സി.പി | 4 |
| മോഹൻകുമാർ വി.പി | 5 |
| B നാസറുദ്ദീൻ. എ.വി | 7 |
| ആനന്ദശീലൻ.ആർ.എൻ | 9 |
| കെ.എം. വാസു | |
| പി. സജീവൻ | |

**ആരോഗ്യം, കുടിവെള്ളം, പരിസര ശുചിത്വം**

| | |
|---|---|
| A ചന്ദ്രൻ തയ്യിൽ | 1 |
| എ.പി വിനോദൻ | 4 |
| രാജീവൻ. ടി | 5 |
| B പത്മനാഭൻ പി.കെ | 8 |
| കെ. കുഞ്ഞിരാമൻ | 9 |
| ടി. കൃഷ്ണൻ മാസ്റ്റർ | 4 |

**വ്യവസായം**

| | |
|---|---|
| A കെ.കണ്ണൻ | 4 |
| കെ. സി. കുമാരൻ | 5 |
| B വാസു. വി.പി | 8 |
| കെ. കെ. വിനോദൻ | 1 |
| വി.എം കുഞ്ഞിക്കണ്ണൻ മാസ്റ്റർ | 6 |

**റോഡുകൾ, ഊർജം**

| | |
|---|---|
| A ദിനേശൻ. കെ.പി | 2 |
| പി.പി മോഹനൻ | 4 |
| B പ്രഭാകരൻ വി.വി | 6 |
| സുരേന്ദ്രൻ. ടി.പി | 8 |

**ഭവനനിർമാണം**

| | |
|---|---|
| A കെ.സി. രാജീവൻ | 2 |
| സി. നാരായണൻ | 4 |
| B എ.കെ. പ്രകാശൻ | 8 |
| എ.പി. രാജീവൻ | 8 |

**സംസ്കാരം**

| | |
|---|---|
| A വിവേക് മുറുവശ്ശേരി | 2 |
| കെ.എ. സജീവൻ | 6 |
| B ഉഷ.ടി | 8 |
| ടി. കുഞ്ഞിക്കണ്ണൻ നമ്പ്യാർ | 9 |
| എം.വി ചന്ദ്രൻ | 4 |

**വനിത**

| | |
|---|---|
| A പി.എം. സുമംഗലി | 3 |
| നീലിയാട്ട് നാണു | 4 |
| B സുനില. വി.പി | 5 |
| എ.പി. കുഞ്ഞബ്ദുള്ള 8 | |
| കവിത എൻ.കെ. | 9 |

**സഹകരണ മേഖല**

| | |
|---|---|
| A പി. വാസു | 3 |
| പുളിയക്കൂൽ രാജീവൻ | 4 |
| B കാസിം വി.പി | 6 |
| എ.പി. രാജീവൻ | 9 |
| കെ.പി. ബാലൻ | 8 |

**വിഭവ സമാഹരണം**

| | |
|---|---|
| A മോഹനൻ .എൻ.കെ | 3 |
| ഷറഫുന്നീസ. കെ.കെ | 5 |
| B അജിത നടമ്മൽ | 6 |
| എം.ടി. നാണു | 8 |
| കെ. അച്ചുതൻ 9 | |



അധികാരം ജനങ്ങളിലേക്ക്

അച്ചടി: ദേശാഭിമാനി പ്രസ്, കോഴിക്കോട്.